©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി (2023-2026)

## നാലാമത് റിപ്പോർട്ട്

**(2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)**

(2024 ഒക്ടോബർ മാസം 14-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2023-2026)

## നാലാമത് റിപ്പോർട്ട്

**(2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)**

(2024 ഒക്ടോബർ മാസം 14-ാം തീയതി സമർപ്പിച്ചത്)

1271/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അധ്യായം : | | |
| 1. സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ/നിർദേശങ്ങൾ | .. | 5 |
| 2. സമിതിയുടെ ഇടപെടൽ മൂലം പരിഹരിച്ച ഹർജികളുടെ വിശദ വിവരം | .. | 16 |
| അനുബന്ധം : | | |
| I. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ/ നിർദേശങ്ങളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിശദാംശം. | .. | 137 |
| II. സമിതി ശിപാർശ / നിർദേശം നൽകി സമയ ബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതും എന്നാൽ നാളിതുവരെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ പത്ത് വർഷത്തിലധികം പഴക്കമുള്ള ഹർജികളുടെ വിശദാംശം. | .. | 141 |
| III. സമിതി ശിപാർശകൾ/നിർദേശങ്ങൾ നൽകിയിട്ടുള്ളതും സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള ഹർജികളുടെ വിശദാംശം. | .. | 150 |
| IV. സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെ പട്ടിക. | .. | 174 |
| V. സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ. | .. | 207 |

# സമിതിയുടെ ഘടന
# (2023-2026)

അദ്ധ്യക്ഷൻ :

ശ്രീ. ആന്റണി രാജു, എം. എൽ. എ. *

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. വി. ജോയി, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.

ശ്രീമതി കെ. കെ. രമ, എം.എൽ.എ.

ശ്രീ. എച്ച്. സലാം, എം.എൽ.എ.

ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃത്‌രാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

ശ്രീ. സ്വാമിനാഥൻ കെ., അണ്ടർ സെക്രട്ടറി.

---

* സമിതി അദ്ധ്യക്ഷനായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാർ സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെ തുടർന്ന് 2024 ജനവരി 11-ന് ശ്രീ. ആന്റണി രാജു, എം. എൽ. എ. സമിതി അദ്ധ്യക്ഷനായി ചുമതലയേറ്റു. (ബുള്ളറ്റിൻ നമ്പർ 457)

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ, സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

റിപ്പോർട്ട് കാലയളവിൽ സമിതി മുമ്പാകെ ലഭിച്ച ഹർജികൾ പരിഗണിക്കുകയും വിശദീകരണം ആവശ്യമെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും നിജസ്ഥിതി വിലയിരുത്തുന്നതിനും ഹർജിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുക്കുന്നതിനും സമിതി ശ്രമിച്ചിട്ടുണ്ട്.

സമിതിയ്ക്ക് ലഭിച്ച ഹർജികളും അവ സംബന്ധിച്ച് ഗവൺമെന്റിൽനിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2024 ഒക്ടോബർ മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**ആന്റണി രാജു,**
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ഒക്ടോബർ 10.

# 2022-ലെ ജനറൽ റിപ്പോർട്ട്

## (2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

കേരള നിയമസഭയിലെ ഏറെ പഴക്കവും പാരമ്പര്യവുമുള്ള സമിതിയായ ഹർജികൾ സംബന്ധിച്ച സമിതി 1957 ജൂൺ 12-ാം തീയതിയാണ് രൂപീകൃതമായത്. ബഹു. സ്പീക്കർ നാമനിർദേശം ചെയ്യുന്ന അധ്യക്ഷൻ ഉൾപ്പെടെ ഒൻപത് അംഗങ്ങൾ ഉൾപ്പെട്ടതാണ് സമിതിയുടെ ഘടന. സമിതിയുടെ ആരംഭ കാലത്ത് പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കാൻ ചട്ടപ്രകാരം അനുമതി ഇല്ലായിരുന്നെങ്കിലും 1970 മാർച്ച് 11-ാം തീയതി ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദേശപ്രകാരം സമിതിയുടെ പ്രവർത്തന പരിധി വിപുലീകരിക്കുകയും പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിച്ച് തുടങ്ങുകയും ചെയ്തു. അതിൻ പ്രകാരം പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായും ക്രിയാത്മകമായും ഇടപെടുന്നതിനും പ്രശ്ന പരിഹാരത്തിനുള്ള മാർഗനിർദേശങ്ങൾ നൽകുന്നതിനും സമിതിക്ക് അധികാരം കൈവരികയും പ്രസ്തുത അധികാരം കാലാകാലങ്ങളിൽ നിലവിൽ വരുന്ന സമിതികൾ വളരെ സ്തുത്യർഹമായ രീതിയിൽ വിനിയോഗിച്ചുവരികയും ചെയ്യുന്നു. ഹർജികൾ സംബന്ധിച്ച സമിതി പൊതുജനങ്ങൾക്ക് ഏറെ സുപരിചിതവുമാണ്. പൊതുജനങ്ങൾ അവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളുമായി സർക്കാരിന്റെ വിവിധ അധികാര സ്ഥാനങ്ങളെ സമീപിച്ചിട്ടും പരാതി പരിഹരിച്ച് കിട്ടാതെ വരുമ്പോഴും പരാതി പരിഹരിക്കുന്നതിൽ ദീർഘമായ കാലവിളംബം ഉണ്ടാകുമ്പോഴും അവസാന അത്താണിയെന്ന നിലയിലാണ് പരാതികളുമായി ഹർജികൾ സംബന്ധിച്ച സമിതിയെ സമീപിച്ച് വരുന്നത്.

2. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഹർജികൾ സംബന്ധിച്ച സമിതി (2001-2003) രൂപം നൽകിയ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾക്ക് ബഹു. സ്പീക്കർ 2002 ഏപ്രിൽ 11-ാം തീയതി അംഗീകാരം നൽകുകയുണ്ടായി. ഹർജികൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സുതാര്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും സമിതിയുടെ പ്രവർത്തനം പൊതുജനോപകാരപ്രദമാക്കുന്നതിനും ചട്ടങ്ങൾ നിലവിൽ വന്നത് ഏറെ സഹായകരമായിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് പ്രശ്നപരിഹാരത്തിന് ഉതകുന്ന ഏറ്റവും ഉന്നതവും സാമ്പത്തിക ചെലവില്ലാത്തതുമായ സംവിധാനമാണ് ഹർജികൾ സംബന്ധിച്ച സമിതി. സ്വാഭാവിക നീതി നിഷേധിക്കപ്പെട്ട അനേകർക്ക് ആശ്വാസവുമാണ് സമിതി. സർക്കാർ ഓഫീസുകളിൽ പരാതി പരിഹാരത്തിനായി അപേക്ഷ നൽകിയിട്ടും യാതൊരു

നടപടിയും സ്വീകരിക്കാത്തവ, സർക്കാർ വകുപ്പുകളുടെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയും മൂലമുള്ള നീതി നിഷേധം, പാർശ്വവൽക്കരിക്കപ്പെട്ടവരോട് കാട്ടുന്ന അനീതി, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടാകുന്ന ന്യായീകരിക്കാനാവാത്ത കാലതാമസം, ആശ്രിത നിയമനം സംബന്ധിച്ച് വിവിധ വകുപ്പുകൾ വരുത്തുന്ന വീഴ്ചകൾ, വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർഥികൾ നേരിടുന്ന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ സംബന്ധിച്ച് യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിലും കേസുകളുടെ അന്വേഷണത്തിലും പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ, പട്ടയം ലഭ്യമാകാത്തതും, അനധികൃത വസ്തു കൈയേറ്റവും സംബന്ധിച്ച പ്രശ്നങ്ങൾ, റീ-സർവേയിലെ അപാകത, നെൽവയലുകളും തണ്ണീർത്തടങ്ങളും നിയമവിരുദ്ധമായി നികത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങി പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരാറുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 107 മുതൽ 115 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് സഭയിൽ സമർപ്പിക്കുന്ന ഹർജികളും, 223, 224 എന്നീ ചട്ടങ്ങൾ അനുസരിച്ച് പൊതുഹർജികളും 180 മുതൽ 211 വരെയുള്ള പൊതുചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി പരിഗണിക്കുകയും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

4. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ സമിതി പരിഗണിക്കുകയും പ്രസ്തുത ഹർജികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും അവ പരിശോധിച്ച് പ്രശ്നപരിഹാരത്തിന് ഉതകുന്ന നിർദേശങ്ങളും/ ശിപാർശകളും സർക്കാരിന് നൽകുകയുമാണ് സമിതിയുടെ പ്രധാന ചുമതല. ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കുന്ന റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അതിന്മേൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടും, നിശ്ചിത സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിലും സമിതി ആവശ്യപ്പെട്ട വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിലും ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തിയുമാണ് സമിതി ഹർജികളിന്മേൽ തീർപ്പ് കല്പിക്കുന്നത്. പൊതു പ്രാധാന്യം അർഹിക്കുന്ന ഹർജികൾ, സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചും, ആവശ്യമെങ്കിൽ ഹർജിക്കാധാരമായ സ്ഥലം സന്ദർശിച്ചും, ജില്ലയിലെ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയും പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുന്നു. ആവശ്യമെങ്കിൽ പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് സമർപ്പണത്തിനുശേഷം ടി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി,

ബഹു.സ്പീക്കറുടെ അനുമതിയോടെ, പത്രസമ്മേളനം നടത്തി പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദേശങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു.

5. എക്സിക്യൂട്ടീവിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന നിസ്സംഗതയേയും നീതി നിഷേധത്തേയും നിസ്സഹകരണത്തേയും നിസ്സാരവത്ക്കരണത്തേയും ശക്തിയായി പ്രതിരോധിച്ചും അതിജീവിച്ചുമാണ് സമിതി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലേക്കെത്തിയിട്ടുള്ളത്.

6. വിവിധ ജില്ലകളിൽ നിന്ന് സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ കൂടുതൽ വിശദാംശം ആരായുന്നതിനും, നീതി ലഭ്യമാകാത്ത ഹർജിക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അവർക്ക് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും, പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിച്ച് അവ സംബന്ധിച്ച് അവരുമായി സംവദിക്കുന്നതിനുമായി സമിതി ജില്ലാ ആസ്ഥാനങ്ങളിൽ യോഗം ചേരുകയും, സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഇത്തരം ജില്ലാതല യോഗങ്ങൾ സഹായിക്കുന്നു. കൂടാതെ ജില്ലാ കളക്ടറുടെയും ജില്ലയിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് സമിതി മുമ്പാകെ ബോധിപ്പിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദിയൊരുക്കാൻ ജില്ലാതല യോഗങ്ങൾ സഹായകരമാകുന്നു. വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുമെന്നതിനാൽ പ്രസ്തുത യോഗങ്ങളിൽ വച്ച് തന്നെ പല പരാതികളും പരിഹരിക്കാൻ സാധിക്കുന്നുവെന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

7. ഒന്നാം കേരള നിയമസഭ മുതൽ നാളിതുവരെയുള്ള കാലയളവിൽ പൊതു പ്രാധാന്യവും കാലിക പ്രസക്തിയുള്ളതുമായ നിരവധി വിഷയങ്ങളിൽ സമിതി സ്വമേധയാ ഇടപെടുകയും പ്രശ്നപരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹർജികളിന്മേൽ കാലവിളംബമില്ലാതെയും പക്ഷപാത രഹിതമായും നീതിപൂർവവുമായി പരിഹാരമുണ്ടാകുന്നത് കൊണ്ടാണ് പൊതുജനങ്ങൾക്ക് സമിതിയിൽ വിശ്വാസമുള്ളത്. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് അതിന്റെ നേർകാഴ്ചയാണ്. ഹർജിക്കാർക്ക് സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന് സമിതി മുന്തിയ പരിഗണന നൽകി വരുന്നു.

8. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 180-ാം ചട്ടം അനുസരിച്ച് 16-6-2021-ലെ 42-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം 2021 ജൂൺ 15-ാം തീയതി പതിനഞ്ചാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച

സമിതി (2021-2023) രൂപീകൃതമായി. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം. എൽ. എ., അധ്യക്ഷൻ ഉൾപ്പെടെ ഒൻപത് അംഗങ്ങളാണ് സമിതിയിൽ ഉള്ളത്. 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി 22 യോഗങ്ങൾ ചേർന്നു. അവയിൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനായി 17 യോഗങ്ങളും 3 തെളിവെടുപ്പ് യോഗങ്ങളും 2020-ലെ ജനറൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി ഒരു യോഗവും സമിതിയുടെ പഠന പര്യടനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ചേർന്ന ഒരു യോഗവും ഉൾപ്പെടുന്നു. ടി കാലയളവിൽ സമിതി (2021-2023)-യുടെ രണ്ടാമത് റിപ്പോർട്ട് 2022 മാർച്ച് 15-ാം തീയതി സഭയിൽ സമർപ്പിച്ചു.

9. കെ.എസ്.ആർ.ടി.സി.-യുടെ ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ വാഹനങ്ങൾ നിയമവിരുദ്ധമായി സർവീസ് നടത്തുന്നത് സംബന്ധിച്ച് ലഭിച്ച ഹർജിയുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും, തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഹർജി വിഷയങ്ങളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും 7-6-2022-ൽ സമിതി തെളിവെടുപ്പ് നടത്തി. സമിതിയുടെ പരിഗണനയിലിരിക്കുന്നതും സർക്കാരിൽ നിന്ന് റിപ്പോർട്ട് ലഭിക്കാത്തതുമായ വിവിധ ഹർജികളിന്മേലും സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും തദ്ദേശസ്വയംഭരണം, റവന്യൂ, ജലവിഭവം, വനം വന്യജീവി എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാർ എന്നിവരിൽ നിന്നും 13-10-2022-ൽ സമിതി തെളിവെടുപ്പ് നടത്തി. ചേർത്തല വാളയാർ നാലുവരിപ്പാതയിലൂടെയുള്ള, ട്രക്കുകളുടെ ചട്ടം ലംഘിച്ചുകൊണ്ടുള്ള അശ്രദ്ധവും അപകടകരവുമായ ഡ്രൈവിംഗ് സംബന്ധിച്ചും പാറമടകളിലെ മലിനജലം കുടിവെള്ളമായി വിതരണം ചെയ്യുന്നത് തടയുന്നതിനായി ആവിഷ്കരിച്ച 'ഓപ്പറേഷൻ പ്യൂവർ വാട്ടർ' പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുമായി ആഭ്യന്തരം, ഗതാഗതം, ജലവിഭവം, ഭക്ഷ്യ പൊതുവിതരണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 2-11-2022-ൽ സമിതി തെളിവെടുപ്പ് നടത്തി.

10. പതിനഞ്ചാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2021-2023)-യുടെ പ്രവർത്തന കാലയളവിൽപ്പെട്ട 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്ക് വന്ന ഹർജി വിഷയങ്ങൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ, സമിതിയുടെ തെളിവെടുപ്പ് യോഗങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും, ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ടിന് 2 അധ്യായങ്ങളാണുള്ളത്. റിപ്പോർട്ട് കാലയളവിലെ സമിതിയുടെ പ്രധാനപ്പെട്ട തീരുമാനങ്ങളും / നിർദേശങ്ങളും സമിതിയുടെ ശിപാർശകളും അധ്യായം 1-ലും, സമിതിയുടെ പരിഗണനയിലുണ്ടായിരുന്ന

വിവിധ ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചതുമായ അനുകൂല റിപ്പോർട്ടുകൾ അധ്യായം II-ലും ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ / നിർദേശങ്ങളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. പ്രസ്തുത കാലയളവിൽ സമിതി ശിപാർശ / നിർദേശം നൽകി സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതും എന്നാൽ നാളിതുവരെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികളുടെ വിശദാംശം അനുബന്ധം II-ലും, സമിതി ശിപാർശ / നിർദേശം നൽകിയിട്ടും സർക്കാർ റിപ്പോർട്ട് ലഭ്യമാക്കാത്ത, പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള ഹർജികൾ സംബന്ധിച്ച വിശദാംശം അനുബന്ധം III-ലും, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കാലയളവിനുള്ളിൽ സമിതി നടപടി അവസാനിപ്പിച്ച ഹർജികളുടെ പട്ടിക അനുബന്ധം IV-ലും, സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം V-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## അധ്യായം I

2022 വർഷത്തിൽ സമിതി ആകെ 22 യോഗങ്ങളിലായി വിവിധ ഹർജികൾ, സമിതിയുടെ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി, സമിതി സ്വമേധയാ സ്വീകരിച്ച ഹർജികൾ എന്നിവ ഉൾപ്പെടെ 527 ഫയൽ വിഷയങ്ങൾ പരിഗണിച്ചു. സമിതിയുടെ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെയും തെളിവെടുപ്പ് യോഗങ്ങളിൽ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി നിരവധി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

### സമിതിയുടെ തീരുമാനങ്ങൾ / നിർദേശങ്ങൾ

1. സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, മാനസിക രോഗികൾ എന്നിവരെ താമസിപ്പിച്ചിരിക്കുന്ന അംഗീകൃത സ്ഥാപനങ്ങളുടെ പട്ടിക സാമൂഹ്യ നീതി വകുപ്പിനോട് ആവശ്യപ്പെടുന്നതിനും അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് നിർദേശിക്കുന്നതിനും അത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ച ശേഷം അംഗീകാരമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും 4-1-2022-ലെ യോഗത്തിൽ സമിതി തീരുമാനിച്ചു. (ഫയൽ നമ്പർ 16237/ഹർജി എ 4/2018/ലെജി.)

2. പെൻഷൻ കമ്മ്യൂട്ടേഷനും ഡി. സി. ആർ. ജി.-യും ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. നാസറുദ്ദീൻ കുഞ്ഞ് കെ., കൊല്ലം സമർപ്പിച്ച ഹർജിയിന്മേൽ (ഫയൽ നമ്പർ 21982/ഹർജി സി2/2020/ലെജി.) വനം വന്യജീവി(എ) വകുപ്പ് 21-4-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 9-2-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും

കുറ്റാരോപിതർക്കെതിരെയുള്ള അന്വേഷണവും മറ്റ് തുടർ നടപടികളും കാലതാമസം കൂടാതെ തീർപ്പാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് 9-2-2022-ലെ സമിതി യോഗം വിലയിരുത്തുകയും ജനങ്ങളുമായി നേരിട്ട് സമ്പർക്കമുള്ള പ്രധാനപ്പെട്ട സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും അക്കാര്യം സംബന്ധിച്ച് തെളിവെടുപ്പ് നടത്തുന്നതിനും തുടർന്ന് അത് സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുന്നതിനും സമിതി തീരുമാനിക്കുകയും അതിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി ടി വിഷയം സംബന്ധിച്ച് വിവിധ വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. അക്കാര്യത്തിലുള്ള തുടർ നടപടികൾ സമിതി സ്വീകരിച്ചുവരുന്നു. (ഫയൽ നമ്പർ 12330/ഹർജി സി 3/2022/ലെജി.)

4. പോലീസുകാരുടെ സഹായത്തോടെ വാദികളെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി മേരി പുഷ്പം, നെയ്യാറ്റിൻകര സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 21353/ബി4/2021/ലെജി.) കൈപ്പറ്റിയ വിവരം ഹർജിക്കാരിയെ അറിയിച്ചപ്പോൾ പരാതി നൽകിയിട്ടില്ലെന്ന് ടിയാൾ അറിയിച്ച സാഹചര്യത്തിൽ കളവായി പരാതി സമർപ്പിക്കപ്പെട്ടത് സംബന്ധിച്ചും പരാതിക്കിടയാക്കിയ വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച് അക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തിയും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് 4-5-2022-ലെ സമിതി യോഗം ആഭ്യന്തര വകുപ്പിനോട് നിർദേശിച്ചു.

5. പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. വി. സുബ്രഹ്മണ്യൻ മാസ്റ്റർ, പാലക്കാട് സമർപ്പിച്ച ഹർജിയിന്മേൽ (ഫയൽ നമ്പർ 14223/ഹർജി എ 1/2016/ലെജി.) പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 10-8-2022-ലെ സമിതി യോഗം പരിഗണിച്ച വേളയിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ തീർപ്പാക്കാതെയുള്ള, നിയമനം ഉൾപ്പെടെയുള്ള, സർവീസ് സംബന്ധമായ എല്ലാ വിഷയങ്ങളും ഒരു അദാലത്ത് നടത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രസ്തുത വകുപ്പിനോട് സമിതി നിർദേശിച്ചു.

6. പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവരും സർവീസിൽ നിന്നും വിരമിച്ചവരും അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് റിട്ടയേർഡ് ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ കോട്ടയം യൂണിറ്റ് സെക്രട്ടറി ശ്രീ. കെ. രവീന്ദ്രനാഥ് സമർപ്പിച്ച ഹർജി വിഷയം (ഫയൽ നമ്പർ 4493/ഹർജി സി2/2021/ലെജി.) 11-5-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് റിട്ടയേർഡ് ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ, കോട്ടയം യൂണിറ്റ് സെക്രട്ടറി ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച 5-3-2021 തീയതിയായുള്ള ഹർജിയിലെ IV (1), IV (2) എന്നീ

തീരുമാനങ്ങളിന്മേൽ (പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് റിട്ടയേർഡ് ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷന്റെ പൊതുയോഗത്തിലെ) റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് നിരവധി കത്തിടപാടുകൾ നടത്തിയിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

കൂടാതെ സംസ്ഥാന ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പരിശോധനയും തുടർ നടപടികളും പ്രസ്തുത റിപ്പോർട്ട് ലഭിച്ച് അനേകം വർഷങ്ങൾ കഴിഞ്ഞാലും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തീർപ്പാക്കാത്തതിനാൽ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന കക്ഷികൾക്ക് (വിരമിച്ച ഉദ്യോഗസ്ഥർക്ക്) യഥാസമയം ഡി. സി. ആർ. ജി. ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും അതിനാൽ സർവീസിൽ നിന്നും വിരമിച്ചവരിൽ ഭൂരിപക്ഷം പേരും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും അതുമൂലം മാനസിക, വിഷാദ രോഗത്തിന് അടിമകളാകുന്നുണ്ടെന്നും അതിനാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിശോധനയ്ക്കായി ലഭിച്ച സമാഹൃത റിപ്പോർട്ടുകളിന്മേലുള്ള പരിശോധനയും തുടർനടപടികളും മൂന്ന് മാസത്തിനുള്ളിലും ഇനി ലഭിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള പരിശോധനയും തുടർനടപടികളും പരമാവധി ആറ് മാസത്തിനുള്ളിലും തീർപ്പാക്കി, ബന്ധപ്പെട്ട കക്ഷികളെ വിവരം അറിയിക്കുന്നതിന് നടപടിയുണ്ടാകണമെന്ന വിഷയം തുടർ നടപടികൾക്കായി കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താൻ സമിതി തീരുമാനിക്കുകയും അക്കാര്യം ടി കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ പ്രസ്തുത സമിതിയും സർക്കാരും സ്വീകരിച്ചിട്ടുള്ളതായി സർക്കാർ സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

7. ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായും ഭൂരഹിത ഭവന രഹിതർക്ക് വസ്തുവും വീടും ലഭിക്കുന്നതിനായും നിരവധി ഹർജികളാണ് സമിതി മുമ്പാകെ ലഭിച്ചുകൊണ്ടിരിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുക, മുൻഗണന നിശ്ചയിക്കുക തുടങ്ങിയവ സമിതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളല്ല. അത്തരം ഹർജികളിന്മേൽ സമിതി സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടാലും അവ യഥാസമയം ലഭിക്കാറുമില്ല. കാരണം മുൻഗണനാക്രമം അനുസരിച്ച് മാത്രമേ പ്രസ്തുത ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അക്കാര്യം ഗുണഭോക്താക്കളെ ശരിയായ രീതിയിൽ പറഞ്ഞ് മനസ്സിലാക്കാൻ പോലും ഉദ്യോഗസ്ഥർ ശ്രമിക്കുന്നില്ല എന്നത് സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. കൃത്യമായ വിവരം നൽകാതെ ലിസ്റ്റിൽ പേരുണ്ടെന്നും ആനുകൂല്യം ഉടൻ കിട്ടുമെന്നുമുള്ള രീതിയിൽ ഉദ്യോഗസ്ഥർ മറുപടി നൽകുന്നതുകൊണ്ടാണ് ആളുകൾ ഹർജിയുമായി സമിതിയെ

സമീപിക്കുന്നത്. ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സാധ്യത ശരിയായ രീതിയിൽ ഗുണഭോക്താക്കളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം ജനപ്രതിനിധികളും ഉറപ്പാക്കേണ്ടതുണ്ടെന്ന് സമിതി കരുതുന്നു.

ലൈഫ് പദ്ധതി പ്രകാരം വസ്തുവും വീടും ലഭിക്കാത്തത് സംബന്ധിച്ച ഹർജികൾ തുടർന്ന് ലഭിക്കുന്ന പക്ഷം അക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ സമിതിക്ക് നിർവാഹമില്ലെന്നും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഹർജിക്കാർ ഓൺലൈൻ സംവിധാനം മുഖേന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകുകയാണ് വേണ്ടതെന്നുമുള്ള വിവരം ഹർജിക്കാരെ അറിയിക്കാനും എന്നാൽ മുൻഗണനാക്രമം തെറ്റിച്ച് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ലഭിക്കുന്ന ഹർജികളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും 7-6-2022-ലെ സമിതി യോഗം തീരുമാനിച്ചു.

8. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകണമെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളിൽ സമിതിക്ക് ഇടപെടാൻ നിർവാഹമില്ലാത്തതിനാൽ അത്തരം ഹർജികൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം ഹർജിക്കാരെ അറിയിക്കാൻ 21-6-2022-ൽ ചേർന്ന സമിതി യോഗം തീരുമാനിച്ചു.

9. കോഴിക്കർഷകരെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീ. പട്ടം ശശിധരൻ സമർപ്പിച്ച ഹർജിയിന്മേൽ (ഫയൽ നമ്പർ 16732/ഹർജി എ 1/2015/ലെജി.) സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കർഷകരെ കൂടി കടാശ്വാസ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കേരള കർഷക കടാശ്വാസ കമ്മീഷനോട് സമിതിയുടെ 10-8-2022-ലെ യോഗം ശിപാർശ ചെയ്യുകയുണ്ടായി. അക്കാര്യത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

10. വനംവകുപ്പ് ഉദ്യോഗസ്ഥർ കള്ളക്കേസിൽ കുടുക്കി മർദ്ദിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ശ്യാംലാൽ പി., എറണാകുളം സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ (ഫയൽ നമ്പർ 24404/ഹർജി സി3/2018/ലെജി.) ഹർജിക്കാരനെ വിലങ്ങുവച്ച ഉദ്യോഗസ്ഥനെയും വിലങ്ങ് വച്ച് ജീപ്പിൽ കയറ്റിക്കൊണ്ട് പോകുന്നതിന്റെ വീഡിയോ ചിത്രീകരിച്ച ഉദ്യോഗസ്ഥനെയും പ്രസ്തുത വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ച ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്ത് അവർക്കെതിരെ, മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്ക് മാതൃകയാകുന്ന രീതിയിൽ, കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന ശിപാർശയോടെ ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുന്നതിന് 10-8-2022, 17-11-2022 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം തീരുമാനിച്ചു. പ്രസ്തുത ഹർജി വിഷയത്തിന്മേലുള്ള നടപടി തുടർന്ന് വരുന്നു.

11. സഹകരണ ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിക്കുകയുണ്ടായി. അത്തരം ഹർജികളിൽ തീർപ്പ് കല്പിക്കുന്നതിനുള്ള അധികാരം സമിതിയിൽ നിക്ഷിപ്തമല്ലാത്തതിനാൽ അത്തരം ഹർജികൾ തുടർന്ന് ലഭിക്കുന്ന പക്ഷം അവ അടിയന്തരമായി സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചു കൊടുക്കുന്നതിനും അത്തരം ഹർജികളുമായി ബന്ധപ്പെട്ട വായ്പകൾക്ക് പരമാവധി പലിശയിളവ് നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കണമെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദേശം നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാറോട് ആവശ്യപ്പെടുന്നതിനും 10-8-2022-ലെ യോഗത്തിൽ സമിതി തീരുമാനിച്ചു. (ഫയൽ നമ്പർ 24619/ഹർജി എ 1/2019/ലെജി).

## സമിതിയുടെ ശിപാർശകൾ

1. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയച്ച ശേഷം അവ സംബന്ധിച്ച റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാകാതിരിക്കുന്ന സാഹചര്യങ്ങളിൽ അത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്താറുണ്ട്. അപ്രകാരം തെളിവെടുപ്പ് നടത്തുന്ന വിവരം മുൻകൂട്ടി വകുപ്പ് സെക്രട്ടറിമാരെ അറിയിക്കാറുമുണ്ട്. എന്നാൽ അതിന് ശേഷവും ടി ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കാറില്ല. അഥവാ ലഭ്യമാക്കുമെങ്കിൽ അത് തെളിവെടുപ്പ് തീയതിയുടെ തലേദിവസമോ അന്നോ ലഭ്യമാക്കുന്ന രീതിയാണ് കണ്ടുവരുന്നത്. അപ്രകാരം ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് വേണ്ടത്ര സമയം സമിതിക്ക് ലഭിക്കാറില്ല. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ യഥാസമയം സമിതിക്ക് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വേണ്ട ഏകോപനം നടത്തുന്നതിനായി ഓരോ വകുപ്പുകളും നോഡൽ ഓഫീസർമാരെ നിയമിക്കണമെന്ന് സമിതി നിർദേശം നൽകിയിരുന്നുവെങ്കിലും ചുരുക്കം ചില വകുപ്പുകൾ മാത്രമാണ് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുള്ളത് എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊമോഷനോ സ്ഥലംമാറ്റമോ ലഭിക്കുമ്പോഴും അല്ലെങ്കിൽ അവർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോഴും പകരം നോഡൽ ഓഫീസറെ നിയോഗിക്കുന്നതിന് കാലതാമസം വരുന്നുണ്ടെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>അതിനാൽ ഇതിനോടകം നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത എല്ലാ വകുപ്പുകളും അടിയന്തരമായി നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് വേണ്ട നടപടി പാർലമെന്ററികാര്യ വകുപ്പ് സ്വീകരിക്കണമെന്നും നോഡൽ ഓഫീസർമാരായി നിയമിക്കപ്പെടുന്നവരെ ആ ചുമതലയിൽ നിന്നും ഒഴിവാക്കുമ്പോഴും അവർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോഴും അല്ലെങ്കിൽ അവർ സർവീസിൽ നിന്നും വിരമിക്കുമ്പോഴും പകരം ഒരാളെ കാലതാമസം കൂടാതെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു</u>.

2. ഹർജി പരിഹരിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് വിവിധ വകുപ്പുകളുടെ താഴെത്തട്ടിലുള്ള ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയാലും പ്രസ്തുത റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നത് വീണ്ടും മൂന്നും നാലും വർഷങ്ങൾക്ക് ശേഷമാണ് എന്നത് റിപ്പോർട്ട് കാലയളവിൽ നിരവധി തവണ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ൽ പരിഹൃതമായ നിരവധി ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ സമിതിക്ക് ലഭ്യമാക്കിയത് 2022-ലെ തെളിവെടുപ്പ് യോഗവിവരം അറിയിച്ചപ്പോൾ മാത്രമാണ്. ഹർജി വിഷയം 2019-ൽ പരിഹരിച്ചിട്ടുണ്ടെന്ന് സർക്കാർ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും ഹർജി പരിഹൃതമായ ശേഷവും അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തെ കുറിച്ച് യാതൊന്നുംതന്നെ പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നില്ല എന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഹർജി വിഷയം പരിഹൃതമായാലുടൻ തന്നെ അത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും അക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്ന് താഴേ തലത്തിലുള്ള ഓഫീസുകൾക്ക് നിർദേശം നൽകിക്കൊണ്ടും, താഴേ തലത്തിലുള്ള ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ അത് പരിശോധിച്ച് കാലതാമസം കൂടാതെ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പ് സെക്രട്ടറിമാർക്ക് നിർദേശം നൽകിക്കൊണ്ടും പാർലമെന്ററികാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കണമെന്നും പ്രസ്തുത സർക്കുലറിലെ നിർദേശങ്ങൾ ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി തെളിവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർക്ക് മുൻകൂട്ടി, രേഖാമൂലം അറിയിപ്പ് നൽകാറുണ്ട്. വകുപ്പ് സെക്രട്ടറിമാർക്ക് വ്യക്തമായ കാരണത്താൽ തെളിവെടുപ്പ് യോഗത്തിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിവരം, സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം, മുൻകൂട്ടി രേഖാമൂലം സമിതി അധ്യക്ഷനെ അറിയിക്കേണ്ടതാണ്. 13-10-2022-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി തെളിവ് നൽകണമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ മുൻകൂട്ടി അറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത സെക്രട്ടറി ടി തെളിവെടുപ്പ് യോഗത്തിൽ ഹാജരാകുകയോ ഹാജരാകാൻ കഴിയാത്ത വിവരം മുൻകൂട്ടി അറിയിക്കുകയോ ചെയ്തിരുന്നില്ല. സെക്രട്ടറി ഹാജരായിട്ടില്ലേ എന്ന് സമിതി പലതവണ ആരാഞ്ഞ ശേഷമാണ് സെക്രട്ടറിക്ക് ഹാജരാകാൻ സാധിക്കാത്തതിന്റെ കാരണം കാണിച്ചുകൊണ്ട് നിയമസഭാ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെന്ന് ടി യോഗത്തിൽ ഹാജരായ റവന്യൂ വകുപ്പ്

അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്നും സമിതി വിശദീകരണം ആരായേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. സമിതി ആരായുന്ന വിശദീകരണം ലഭ്യമാകുമ്പോൾ അത് സമിതിക്ക് തൃപ്തികരമല്ലാത്തപക്ഷം പ്രസ്തുത വിഷയം നിയമസഭയുടെ പ്രിവിലേജ് ആൻഡ് എത്തിക്സ് കമ്മിറ്റിക്ക് റഫർ ചെയ്യേണ്ടതായി വരും.

അതിനാൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഹാജരാകാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സാധിക്കാത്ത പക്ഷം അത് മുൻകൂട്ടി സമിതി അധ്യക്ഷനെ അറിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പ് സെക്രട്ടറിമാർക്ക് കർശന നിർദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നത് സംബന്ധിച്ച് സമിതി പഠനം നടത്തുന്നതിന്റെ ഭാഗമായി റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, വനം വന്യജീവി എന്നീ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി 13-10-2022-ൽ തെളിവെടുപ്പ് നടത്തിയ വേളയിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ഓൺലൈൻ മുഖേനയാണെന്ന് സമിതിയെ അറിയിക്കുകയുണ്ടായി.

വിവിധ വകുപ്പുകളിലെ ഓൺലൈൻ സേവനങ്ങൾക്കായി പൊതുജനങ്ങൾ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുമ്പോൾ അക്ഷയ കേന്ദ്രങ്ങളിൽ തിരക്ക് അനുഭവപ്പെടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രവുമല്ല, ഓരോ സേവനത്തിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകളേക്കാൾ ഉയർന്ന തുക അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്നുവെന്ന പരാതിയും സമിതിയിടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊബൈൽ ഫോൺ ഉപയോഗിച്ച് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാമെന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനായാൽ അക്ഷയ കേന്ദ്രങ്ങളിലെ തിരക്ക് കുറയ്ക്കാൻ സാധിക്കും. ഓൺലൈൻ സേവനങ്ങൾക്കായുള്ള നടപടികൾ സ്വയം ചെയ്യുമ്പോൾ തെറ്റ് പറ്റുമെന്ന് കരുതിയാണ് സാധാരണക്കാർ ജനസേവന കേന്ദ്രങ്ങളെ ആശ്രയിക്കുന്നത്. അതിനാൽ 'ഇ-സാക്ഷരത' നടപ്പാക്കുന്നതിന് വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് പൊതുജനങ്ങളെ ശാക്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് താലൂക്ക് സർവേയറുടെ സേവനം ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

തഹസിൽദാർമാർക്ക് നിരവധി തവണ കത്ത് നൽകിയാലും താലൂക്ക് സർവേ ഓഫീസുകളിൽ നിന്നും ആവശ്യമായ സഹകരണം ലഭിക്കാത്തതിനാൽ പുറമ്പോക്ക് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലെന്ന് ഏതാനും ഹർജികളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. പൊതു താൽപര്യമുള്ള അത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് സർക്കാരിന്റെ മറ്റൊരു വകുപ്പിന്റെ സഹകരണം ലഭ്യമാകുന്നില്ല എന്നത് സമിതി ഗൗരവത്തോടെ കാണുന്നു. സർവേ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവൃത്തിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കണമെന്നും അതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ ഒരു മാസത്തിനുള്ളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അവ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയയ്ക്കുന്നത്. എന്നാൽ നിരവധി വർഷങ്ങൾക്ക് ശേഷവും ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത സാഹചര്യമാണുള്ളത്. തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതിനാണ് ഏറെ കാലതാമസം ഉണ്ടാകുന്നത് എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് സമിതിയുടെ ഗൗരവം മനസ്സിലായിട്ടില്ലെന്ന് സമിതി കരുതുന്നു. നിയമസഭാ സമിതികൾ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ, ബന്ധപ്പെട്ട വിഷയം പരിശോധിച്ച്, നിശ്ചിത ദിവസത്തിനകം മറുപടി നല്കണമെന്നും അല്ലാത്തപക്ഷം അക്കാര്യത്തിൽ വീഴ്ച വരുത്തിയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയിരിക്കുമെന്നും പരാമർശിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് 7-6-2022-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദേശം നൽകിയിരുന്നു. എന്നാൽ അക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

സമിതിയുടെ പരിഗണനയിലുള്ളതും പത്ത് വർഷത്തിലധികം പഴക്കമുള്ളതുമായ വിഷയങ്ങളിലേറെയും റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ പ്രസ്തുത വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിന്മേലുള്ള റിപ്പോർട്ടുകൾ

ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ പ്രസ്തുത വകുപ്പുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണമെന്നും അത് സംബന്ധിച്ച മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ വകുപ്പ് സെക്രട്ടറിമാർ പുറപ്പെടുവിക്കണമെന്നും ടി സർക്കുലറിലെ നിർദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള സമയ പരിധി പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടില്ലാത്ത പക്ഷം പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് വകുപ്പുകളിലേയ്ക്ക് അയച്ചാൽ ചട്ടപ്രകാരം രണ്ട് മാസത്തിനുള്ളിൽ അവയിലെ ശിപാർശകൾ/ നിർദേശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ അക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത വകുപ്പുകൾ പുലർത്താറില്ല. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് സമിതി (2009-2011)-യുടെ പത്താമത് റിപ്പോർട്ടിലെ (ശബരിമല തീർത്ഥാടനവും വികസന പ്രവർത്തനങ്ങളും സംബന്ധിച്ച്) ശിപാർശകൾ/നിർദേശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ട് നാളിതുവരെ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല എന്നത്.

സമിതിയുടെ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ടി റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയച്ചശേഷം 15 മണ്ഡലകാലം കഴിഞ്ഞിട്ടും നടപടി റിപ്പോർട്ടുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. അക്കാര്യത്തിൽ പാർലമെന്ററികാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും വേണ്ടത്ര ശ്രദ്ധയുണ്ടാകുന്നില്ല എന്നതും എടുത്തുപറയേണ്ടതാണ്. സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകൾ/നിർദേശങ്ങളിന്മേലുള്ള റിപ്പോർട്ടിനായി അവയുടെ പകർപ്പ് പാർലമെന്ററികാര്യ വകുപ്പിലേയ്ക്ക് അയച്ചാൽ അത് കൈപ്പറ്റിയെന്നും തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിക്കുന്നതിനപ്പുറം യാതൊരു തുടർ നടപടിയും പ്രസ്തുത വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. അതിനാൽ സമിതിയുടെ നാളിതുവരെയുള്ള വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ / നിർദേശങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ശേഷിക്കുന്നവയിൽ അത് രണ്ട് മാസത്തിനുള്ളിൽ പൂർണ്ണമായും ലഭ്യമാക്കുന്നതിന് വേണ്ട നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും അക്കാര്യത്തിൽ വേണ്ട ഏകോപനം പാർലമെന്ററികാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. (സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ/നിർദേശങ്ങളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.)

9. സർവീസിൽ നിന്നും വിരമിച്ച ശേഷം പെൻഷൻ ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിക്കുന്നുണ്ട്. സർവീസിൽ നിന്നും വിരമിച്ചവർക്ക് ബാധ്യത എന്തെങ്കിലും ഉണ്ടെങ്കിൽ അത് പെൻഷനിൽ നിന്നും ഈടാക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ അപ്രകാരം പെൻഷനിൽ നിന്ന് ബാധ്യത തുക ഈടാക്കിക്കൊണ്ട് തീർപ്പാക്കാവുന്ന ധാരാളം പരാതികൾ പരിഹരിക്കപ്പെടാതെ വരുമ്പോൾ സമിതി മുമ്പാകെ ഹർജികൾ സമർപ്പിച്ചുവരുന്നുണ്ട്. ബാധ്യത തുക എത്രയാണെന്ന് കണക്കാക്കി അത് പെൻഷനിൽ നിന്നും ഈടാക്കാനുള്ള നടപടി വേഗത്തിൽ സ്വീകരിച്ചാൽ അതുമായി ബന്ധപ്പെട്ട പരാതികൾ ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും.

ജീവനക്കാർ സർവീസിലിരിക്കെ അധികമായി തുക കൈപ്പറ്റുകയും എന്നാൽ അവർ സർവീസിൽ നിന്ന് വിരമിക്കുന്നതുവരെ പ്രസ്തുത പിഴവ് കണ്ടെത്തുകയോ അധിക തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാതെ ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ച് മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് അക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിച്ചുവരുന്നുണ്ട്. അത്തരത്തിൽ നടപടി സ്വീകരിക്കുന്നത് മൂലം അവർക്ക് ഡി. സി. ആർ. ജി. ഉൾപ്പെടെയുള്ള സേവന വിരാമ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ന്യായീകരിക്കാനാകാത്ത കാലതാമസം ഉണ്ടാകുന്നുണ്ട്.

സമിതി മുമ്പാകെ ശ്രീ. വിജയകുമാർ കെ., കൊല്ലം സമർപ്പിച്ച ഹർജിയിൽ (ഫയൽ നമ്പർ 18836/ഹർജി എ 1/2019/ലെജി.) ടിയാൻ സർവീസിൽ നിന്നും വിരമിച്ച ശേഷം ഒൻപത് മാസം കഴിഞ്ഞാണ് അധിക തുക കൈപ്പറ്റിയതിന്റെ ബാധ്യത കണക്കാക്കിയതെന്നും അത് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടാണെന്നും ബോധിപ്പിച്ചിരുന്നു. ഹർജിക്കാരന്റെ വാദത്തോട് സമിതിയും യോജിക്കുന്നു.

ഒരു ജീവനക്കാരൻ അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് ടിയാന്റെ റിട്ടയർമെന്റിന് മുൻപ് കണ്ടെത്തേണ്ടതും ജീവനക്കാരന് നോട്ടീസ് നൽകി ടി തുക ടിയാനിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ പലപ്പോഴും സേവന വിരാമ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി അക്കൗണ്ടന്റ് ജനറൽ രേഖകൾ പരിശോധിക്കു മ്പോഴാണ് അത്തരത്തിൽ അധിക തുക കൈപ്പറ്റിയിട്ടുള്ളത് കണ്ടെത്തുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. വിരമിച്ച ശേഷം അധിക തുക കൈപ്പറ്റിയത് കണ്ടെത്തി അത് തിരികെ ഈടാക്കുന്നത് പെൻഷണർമാരെ സംബന്ധിച്ചിടത്തോളം വിഷമകരമാണ്. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പിഴവ് മൂലം ഒരു ജീവനക്കാരൻ വിരമിച്ച ശേഷം ടിയാന്റെ ബാധ്യത കണ്ടെത്തുന്നതിനോട് സമിതിക്ക് യോജിക്കാൻ കഴിയില്ല. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പഞ്ചായത്ത് വകുപ്പിലെ സേവനത്തിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് പരാമർശം നിലവിലുള്ളതിന്റെ പേരിൽ അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നുവെന്നത് സംബന്ധിച്ച് നിരവധി ഹർജികളാണ് സമിതിയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾക്ക് ഏറെ കാലതാമസം ഉണ്ടാകുന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുമുണ്ട്.

അത്തരത്തിൽ ദീർഘമായ കാലതാമസം ഉണ്ടാകുന്നുവെന്നതിന് തെളിവാണ് കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 31-3-2004-ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. പി. കലാധരന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 26-2-2014 തീയതിയായി ടിയാൻ സമിതി മുമ്പാകെ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 12196/ഹർജി സി2/2014/ലെജി.).

പ്രസ്തുത ഹർജി വിഷയത്തിൽ സമിതി നിരന്തരം ഇടപെടലുകൾ നടത്തിയതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ (എ. സി.) വകുപ്പ് 6-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഹർജിക്കാരൻ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ, കുടുംബപെൻഷൻ ഉൾപ്പെടെ, 5-11-2014-ന് തന്നെ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് പരാമർശം നിലവിലുണ്ടായിരുന്നതിനെ തുടർന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ സേവനത്തിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് പരാമർശം നിലനിൽക്കുന്ന പക്ഷം അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ഈടാക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കി അത് ഈടാക്കിയ ശേഷം എത്രയും വേഗം ടിയാളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് 7-6-2022-ലെ സമിതി യോഗം സർക്കാരിനോട് ശിപാർശ ചെയ്യുകയും അക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. സമിതിയുടെ പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച യാതൊരു വിവരവും പ്രസ്തുത വകുപ്പ് നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ സമിതിയുടെ മേല്പറഞ്ഞ ശിപാർശയിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവർത്തിച്ച് ശിപാർശ ചെയ്യുന്നു.

<u>അധ്യായം II</u>

## ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചതുമായ ഹർജികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## റവന്യൂ വകുപ്പ്

### (1) പുറമ്പോക്ക് വസ്തുവും വഴിയും തോടും കൈവശപ്പെടുത്തുന്നതിനെതിരെ ശ്രീ. കെ. രാജേന്ദ്രൻ, തിരുവനന്തപുരം മുതൽപ്പേർ സമർപ്പിച്ച ഹർജി

### (ഫയൽ നമ്പർ 15257/ഹർജി സി1/2001/ലെജി.)

നെയ്യാറ്റിൻകര താലൂക്കിൽ മലയിൻകീഴ്, മച്ചേൽ മറുകിൽ വില്ലേജിൽ റീസർവേ 91/06-ൽ പുറമ്പോക്ക് ഭൂമിയിലുള്ളതും 17 ലിംഗ്സ് വീതിയിലുള്ളതും മുക്കുന്നിമലയിൽ നിന്നും തോട്ടിലേയ്ക്ക് വെള്ളം പോകുന്നതിനുള്ളതുമായ ഓടയും അതിനോട് ചേർന്ന പൊതുവഴിയും റീസർവേ 91/07-ൽ ഉൾപ്പെട്ട വസ്തുവിന്റെ അവകാശികളും എതിർകക്ഷികളുമായ ശാന്തകുമാരിയും സഹോദരന്മാരും കൈയേറി മരച്ചീനിയും മുള്ളും മറ്റും നട്ട് തടസ്സപ്പെടുത്തി ബന്ധുവായ സർവേയറെക്കൊണ്ട് പ്ലാൻ തയ്യാറാക്കി റീസർവേയ്ക്ക് കൊടുത്തെന്നും ആയതിന്റെ അടിസ്ഥാനത്തിൽ റീസർവേയിൽ ടി കക്ഷികളുടെ പേർക്ക് പ്രത്യേകം പട്ടയം മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി അറിയുന്നെന്നും പുതിയ എം. എൽ. എ. റോഡ്, മല റോഡിൽ വരുന്നതിനെ മുന്നിൽ കണ്ടുകൊണ്ടാണ് അത്തരം പ്രവർത്തനങ്ങൾ നടത്തിയതെന്നും ആയതിനാൽ പുറമ്പോക്ക് വസ്തുവിലുള്ള ടി ഓടയും വഴിയും തുറന്ന് പൂർവ സ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 22-7-1994 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 8-9-1994-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (യു) വകുപ്പ് 22-12-2006 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതിക്കാസ്പദമായ മലയിൻകീഴ് വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ സർവേ 91/06-ൽപ്പെട്ട 10.60 ആർ തോട് പുറമ്പോക്ക് സ്ഥലം നാളിതുവരെ ആർക്കും പതിച്ച് കൊടുത്തിട്ടില്ലെന്നും മലറോഡിൽ നിന്നും കീഴ്ക്കാംതൂക്കായി 216 മീറ്റർ നീളവും 3.4 മീറ്റർ വീതിയുമുള്ള ഈ സ്ഥലത്തുകൂടി ഇപ്പോഴും വെള്ളം ഒഴുകി പോകുന്നുണ്ടെന്നും ഈ ഓട പൊതുവഴിയായി ജനങ്ങൾ ഉപയോഗിച്ച് വന്നിട്ടില്ലെന്നും മലറോഡിന്റെ ഭാഗത്ത് നിന്നും ഓടയിൽ കൂടി വെള്ളമൊഴുകി താഴെ വശത്തുള്ള തോടിൽ വന്നുചേരുന്നുണ്ടെന്നും എന്നാൽ ഈ ഓടയുടെ തുടക്കവും ഒടുക്കവും ഓടകളായി തന്നെ ഇപ്പോഴും കാണുന്നുണ്ടെന്നും അഡീഷണൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഓടയുടെ കുറച്ചുഭാഗം തൊട്ടടുത്തുള്ള വസ്തു ഉടമകളായ ശാന്തകുമാരി, അപ്പുക്കുട്ടൻ നായർ, രാജൻ, ശ്രീകുമാർ, വിജയൻ, പരമേശ്വരൻ നായർ, വിജയകുമാർ, ദേവകിയമ്മ, വേണു എന്നിവർ അല്പാല്പമായി കൈയേറിയിട്ടുണ്ടെന്നും ഈ ഓട നികത്തി റോഡ് വെട്ടുന്നതിനായി 4 വർഷം മുമ്പ് ചിലർ ശ്രമിച്ചപ്പോൾ പ്രസ്തുത ഭൂമി പുറമ്പോക്കല്ലായെന്നും ശാന്തകുമാരിയുടേയും അപ്പുക്കുട്ടൻ നായരുടേയും വകയാണെന്ന് അവകാശപ്പെട്ടുകൊണ്ട് തിരുവനന്തപുരം ജില്ലാ കളക്ടറെയും മലയിൻകീഴ് വില്ലേജ് ഓഫീസറെയും എതിർ കക്ഷികളാക്കി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ. എസ്. 253/02-ാം നമ്പരായി ഫയൽ ചെയ്ത കേസ് തള്ളി ഉത്തരവായിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി പുറമ്പോക്ക് സ്ഥലം 24-11-2006-ൽ അളന്ന് തിരിച്ച് കുറ്റിയടിച്ചിട്ടുള്ളതും അനധികൃതമായി പ്രസ്തുത പുറമ്പോക്ക് ഭൂമി കൈവശപ്പെടുത്തിയ കക്ഷികൾക്കെതിരെ ഒഴിഞ്ഞ് പോകുന്നതിനുവേണ്ടി നിയമ പ്രകാരം നോട്ടീസ് 25-11-2006-ൽ അഡീഷണൽ തഹസിൽദാർ നൽകിയിട്ടുള്ളതുമാണ്."

മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിച്ച 15-10-2008-ലെ സമിതിയോഗം അനധികൃത കൈയേറ്റത്തിൽ നിന്നും ഒഴിഞ്ഞുപോയിട്ടുണ്ടോ എന്നുള്ള വിവരം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആരായുന്നതിന് തീരുമാനിച്ചിരുന്നു.

സമിതി ആരാഞ്ഞ അധിക വിവര റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ 14-8-2012-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ഹർജി വിഷയം പരിഗണിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഉടൻ സമിതിയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് ഡെപ്യൂട്ടി കളക്ടർ (എൽ. എ.) ടി യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് 18-2-2016 തീയതിയിലെ കത്ത് മുഖേന റവന്യൂ (യു) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. കെ. രാജേന്ദ്രൻ സമർപ്പിച്ച ഹർജിയിൽ പരാമർശിച്ചിട്ടുള്ള ഭൂമി മലയിൻകീഴ് വില്ലേജ് ബ്ലോക്ക് 6-ൽ റീസർവേ 91/6-ൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സ്ഥലത്തെ അനധികൃത കൈയേറ്റങ്ങൾ താലൂക്ക് സർവ്വെയർ മുഖേന അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതുമാണ്. പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ കാട്ടാക്കട അഡീഷണൽ തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ള വിവരവും അന്തിമ മറുപടി താമസം കൂടാതെ സമർപ്പിക്കുന്നതാണെന്ന വസ്തുതയും ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താത്പര്യപ്പെടുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 7-9-2016-ലെ സമിതി യോഗം ഹർജി വിഷയം സംബന്ധിച്ച് 30 ദിവസത്തിനകം അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശിച്ചിരുന്നു.

തുടർന്ന് റവന്യൂ (യു) വകുപ്പ് 22-10-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിൽ പരാമർശിച്ചിട്ടുള്ള ഭൂമി മലയിൻകീഴ് വില്ലേജ് ബ്ലോക്ക് 6-ൽ റീസർവേ 91/6-ൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സ്ഥലത്തെ അനധികൃത കൈയേറ്റങ്ങൾ താലൂക്ക് സർവേയർ മുഖേന അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതുമാണ്. അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കി കാട്ടാക്കട അഡീഷണൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തത് പ്രകാരം, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് ഗ്രാമ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ താലൂക്ക് സർവേയർ ടി തോട് പുറമ്പോക്ക് അളന്ന് തിരിച്ച് പോയിന്റുകൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് പ്രകാരം തോട് പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണവും പരിപാലനവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ മലയിൻകീഴ് വില്ലേജിലെ ബ്ലോക്ക്-6-ൽ റീ-സർവേ 91/6-ൽപ്പെട്ട തോട് പുറമ്പോക്ക് കൈയേറ്റം അടിയന്തരമായി ഒഴിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന വസ്തുത ബഹു. നിയമസഭ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

24-10-2018-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ഹർജി വിഷയം പരിഗണിക്കുകയും റവന്യൂ വകുപ്പിന്റെ 18-2-2016-ലെ റിപ്പോർട്ട് പരിഗണിച്ച 7-9-2016-ലെ സമിതി യോഗം ഒരു മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും രണ്ടു വർഷത്തോളം കാലതാമസമുണ്ടായിരിക്കുന്നതിനാൽ യഥാസമയം റിപ്പോർട്ട് സമർപ്പിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരാണെന്നത് സംബന്ധിച്ചും ഹർജി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പാണെന്ന വിവരം രേഖാമൂലം സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും റവന്യൂ വകുപ്പിനോട് നിർദേശിച്ചു.

തുടർന്ന് ഹർജിയുടെ പകർപ്പ്, അടിയന്തര തുടർ നടപടി സ്വീകരിച്ച് സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് അടിയന്തരമായി ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും 12-8-2020-ലെ കത്ത് മുഖേന റവന്യൂ (യു) വകുപ്പ് അറിയിച്ചിരുന്നു.

ഹർജി വിഷയത്തിന്മേൽ 24-10-2018-ലെ സമിതി യോഗം ആവശ്യപ്പെട്ടതിൻ പ്രകാരം റവന്യൂ (യു) വകുപ്പ് 20-11-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാട്ടാക്കട താലൂക്ക് മലയിൻകീഴ് വില്ലേജിലെ ബ്ലോക്ക് നമ്പർ 6-ൽ റീസർവേ നമ്പർ 91/6-ൽപ്പെട്ട തോട് പുറമ്പോക്ക് കൈയേറ്റം ഒഴിപ്പിച്ച് അതിര് കല്ലുകൾ സ്ഥാപിക്കുകയും ടി വിവരം കാണിച്ച് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതായി നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറും മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ. രാജേന്ദ്രൻ നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ച പരാതി പരിഹരിച്ചതായി കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മനഃപൂർവ്വമായ കാലതാമസം റവന്യൂ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടില്ല. പരാതി പരിഹാരമായതിനാൽ നടപടി റിപ്പോർട്ട് അംഗീകരിച്ച് തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും കൂടി ബഹു. സമിതി മുൻപാകെ അഭ്യർത്ഥിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാനും പ്രതികരണ ഹർജി ലഭിക്കാത്തപക്ഷം ഫയൽ നടപടികൾ അവസാനിപ്പിക്കാനും തീരുമാനിക്കുകയും ചെയ്തു.

മേല്പറഞ്ഞ റിപ്പോർട്ടിലെ വിവരം 22-2-2023-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

**(2) പട്ടയം ലഭ്യമാക്കുന്നതിനായി ശ്രീ. രാമചന്ദ്ര, കാസർഗോഡ് സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15084/ഹർജി സി 1/2008/നി.സെ.)**

കാസർഗോഡ് താലൂക്കിലെ കോയിപ്പാടി വില്ലേജിലുള്ള 84/21 എന്ന സർവേ നമ്പരിലുള്ള വസ്തുവിൽ കഴിഞ്ഞ 15 വർഷമായി താമസിക്കുന്ന ഹർജിക്കാരന് പട്ടയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 12-6-2008-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 4-8-2008-ൽ റവന്യൂ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ 5-8-2009-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. രാമചന്ദ്ര പട്ടയം ലഭിക്കുവാൻ ആവശ്യപ്പെട്ട കോയിപ്പാടി വില്ലേജിലെ റീ സർവേ നമ്പർ 84 പാർട്ടിൽപ്പെട്ട സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമായ സ്ഥലമായതിനാൽ കെ. എൽ. എ. റൂൾ പ്രകാരം പതിച്ച് നൽകാൻ നിർവ്വാഹമില്ല എന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. രാമചന്ദ്രയുടെ ഹർജി പരിഗണിക്കാൻ നിർവാഹമില്ലാത്ത അവസ്ഥയാണ് ഉള്ളത്."

പ്രസ്തുത റിപ്പോർട്ട് 3-2-2010-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഹർജികൾ സംബന്ധിച്ച സമിതി (2006-2008)-യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 13, 14, 15 എന്നിവയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രസ്തുത സ്ഥലം ഹർജിക്കാരന് പതിച്ച് നൽകാൻ സാധിക്കുമോ എന്ന് റവന്യൂ വകുപ്പിനോട് ആരായുന്നതിനും മേല്പറഞ്ഞ സർക്കാർ റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

ടി റിപ്പോർട്ട് ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച 1-8-2010 തീയതിയായുള്ള പ്രതികരണ ഹർജിയിൽ റീ സർവേ നമ്പർ 84 പാർട്ടിൽപ്പെട്ട സ്ഥലം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേയ്ക്ക് മാറ്റിക്കൊണ്ട് തനിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

സമിതി ആരാഞ്ഞ അധിക വിവരങ്ങൾ റവന്യൂ (എൽ) വകുപ്പിനോട് ആരായുകയും പ്രതികരണ ഹർജി ടി വകുപ്പിലേയ്ക്ക് അയച്ചു കൊടുക്കുകയും 13-3-2013-ൽ കാസർഗോഡ് കളക്ടറേറ്റിൽ വച്ച് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത ഹർജി വിഷയം ഉൾപ്പെടുത്തുകയും ഹർജി വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് സമിതി നിർദേശിക്കുകയും ചെയ്തു.

തുടർന്ന് ഹർജി വിഷയത്തിന്മേൽ റവന്യൂ (എൽ) വകുപ്പ് 1-8-2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. രാമചന്ദ്ര, S/o ബണ്ടപ്പഗട്ടി, ഭാര്യ ശ്രീമതി പ്രേമ, ശാന്തിപ്പള്ള ഹൗസ് എന്നിവരുടെ എൽ. എ. 21/2018/കോയിപ്പാടി ഭൂമി പതിവ് ശിപാർശ മഞ്ചേശ്വരം തഹസീൽദാർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ടെന്നും നിയമാനുസൃതമുള്ള നടപടികൾ പൂർത്തീകരിച്ച് ടി കക്ഷിക്ക് പട്ടയം നൽകി നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 28-11-2019-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കാനും ഹർജി കക്ഷിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ വേഗത്തിലാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

സമിതി തീരുമാനം 23-1-2020-ലെ കത്ത് മുഖേന റവന്യൂ (എൽ) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് ടി വകുപ്പ് 12-8-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോയിപ്പാടി വില്ലേജിൽ സർവേ 133/48-2-ൽപ്പെട്ട 1.62 ആർ ഭൂമിയിൽ ശ്രീ. രാമചന്ദ്രയും കുടുംബവും വർഷങ്ങളായി താമസിച്ച് വരുന്നതിനാലും, അപേക്ഷകൻ ഭൂമി പതിവിന് അർഹനായതിനാലും ടിയാൾക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി ഓർഡർ ഓഫ് അസൈൻമെന്റ് നൽകിയിട്ടുണ്ടെന്ന വിവരം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

11-5-2022-ലെ സമിതി യോഗം ഹർജിയിന്മേൽ റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഹർജിക്കാരന് 29-1-2021-ൽ പട്ടയം അനുവദിച്ചുവെന്ന് ബന്ധപ്പെട്ട വകുപ്പ് ടെലിഫോൺ മുഖേന അറിയിച്ച സാഹചര്യത്തിൽ ആയത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (എം) വകുപ്പ് 18-5-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി വില്ലേജിൽ റീസർവേ നമ്പർ 133/48-2-ൽ പ്പെട്ട 1.62 ആർ ഭൂമിക്ക് അപേക്ഷകനായ ശ്രീ. രാമചന്ദ്ര, S/o ബണ്ടപ്പഗട്ടി, ശാന്തിപ്പള്ള ഹൗസ്, കോയിപ്പാടി എന്നവരുടെ പേരിൽ 29-1-2021-ന് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### (3) ജന്മാവകാശം പതിച്ച് കിട്ടുന്നതിനായി ശ്രീമതി ശാന്തകുമാരി, പാലക്കാട് സമർപ്പിച്ച ഹർജി

### (ഫയൽ നമ്പർ 16746/ഹർജി സി 1/2017/നി. സെ.)

ഹർജിക്കാരിയുടെ ഭർത്താവായ ശ്രീ. ശിവരാമൻ എന്നയാളുടെ കൈവശമുണ്ടായിരുന്ന പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി വില്ലേജിൽപ്പെട്ട വസ്തുവിന് 1982-ലെ 146-ാം നമ്പർ ക്രയ സർട്ടിഫിക്കറ്റ് പ്രകാരം ജന്മാവകാശം പതിച്ച് കിട്ടിയിരുന്നുവെന്നും എന്നാൽ പ്രസ്തുത വില്ലേജിൽപ്പെട്ട 32.37 സെന്റ് വസ്തു പ്രസ്തുത ക്രയ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിരുന്നില്ലെന്നും ആയതിനാൽ ടി വസ്തുവിനുകൂടി ജന്മാവകാശം പതിച്ച് കിട്ടുന്നതിനും ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമായി ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിൽ SM112/17-ാം നമ്പരായി ഹർജിക്കാരിയും മക്കളും ചേർന്ന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയതിനാൽ സമിതി ഇടപെട്ട് അക്കാര്യത്തിന് പരിഹാരം ഉണ്ടാക്കണമെന്നും 14-3-2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 30-3-2017-ൽ റവന്യൂ വകുപ്പിലേയ്ക്കയച്ചു.

റവന്യൂ (എൻ) വകുപ്പ് 16-8-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി ശാന്തകുമാരി, W/o ശിവരാമൻ എന്നവർ പട്ടയത്തിന് വേണ്ടി ഒറ്റപ്പാലം സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിൽ സമർപ്പിച്ച എസ്. എം. 112/2017 നമ്പർ അപേക്ഷയിൽ 9-10-2018-ലെ 424/2018 നമ്പരായി അനുവദിച്ചിട്ടുള്ള ക്രയ സർട്ടിഫിക്കറ്റ് ശ്രീമതി ശാന്തകുമാരി 10-1-2019-ൽ കൈപ്പറ്റിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**(4) <u>വസ്തു പോക്കുവരവ് ചെയ്ത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ജോസ്, എറണാകുളം സമർപ്പിച്ച ഹർജി</u>**

(ഫയൽ നമ്പർ 24297/ഹർജി സി 1/2018/നി. സെ.)

ഹർജിക്കാരൻ 5-10-1995-ൽ ടിയാന്റെ അമ്മായി ശ്രീമതി റോസയുടെ പക്കൽ നിന്നും 3.878 സെന്റ് വസ്തു വിലയ്ക്ക് വാങ്ങിയെന്നും പ്രസ്തുത സ്ഥലം അങ്കമാലിയിലെ ടോറൻസ് സ്കെച്ച് പ്രകാരമാണ് വാങ്ങിയിട്ടുള്ളതെന്നും എന്നാൽ വസ്തു പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി അപേക്ഷ നൽകിയപ്പോൾ വിസ്തീർണ്ണ വ്യത്യാസമുണ്ടെന്ന കാരണത്താൽ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ലെന്നും ആലുവ താലൂക്കിലെ സർവേയർ വസ്തു അളന്ന് നോക്കിയപ്പോൾ ടോറൻസ് പ്രകാരമുള്ള 3.878 സെന്റ് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം പോക്കുവരവ് ചെയ്ത് ഹർജിക്കാരന്റെ പേരിൽ കരമടയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 15-10-2018-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 5-11-2018-ൽ റവന്യൂ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഹർജി വിഷയം 3-2-2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

ഹർജിക്കാരൻ ടിയാന്റെ അമ്മായിയുടെ പക്കൽ നിന്നും വിലയ്ക്ക് വാങ്ങിയ 3.878 സെന്റ് വസ്തു പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി അപേക്ഷ നൽകിയപ്പോൾ വിസ്തീർണ്ണ വ്യത്യാസമുണ്ടെന്ന കാരണത്താൽ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ലെന്നും ആയത് പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യ

പ്പെട്ടുകൊണ്ട് സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജിയിന്മേൽ റീസർവ്വെ നടപടി സ്വീകരിക്കുകയും ഹർജിക്കാരന്റെ പേരിൽ ടി വസ്തു പോക്കുവരവ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി യോഗത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു. തുടർന്ന് അത് സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

ഹർജി വിഷയത്തിന്മേൽ റവന്യൂ (ഇ) വകുപ്പ് 2-2-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പരാതി കക്ഷിയായ ജോസ് പേർക്ക് അങ്കമാലി സബ് രജിസ്ട്രാർ ഓഫീസിലെ 4228/1995-ാം നമ്പർ തീറാധാരപ്രകാരം മുൻസർവേ 146/3-2, റീസർവേ 219/4-2-ൽ 1.57 ആർ. വസ്തുവിന് അവകാശം ലഭിച്ചതിൽ വിസ്തീർണ്ണ വ്യത്യാസം നടത്തി പേരിൽ ചേർത്ത് കിട്ടുന്നതിലേക്കാണ് ശ്രീ. ജോസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും റീസർവ്വേ റിക്കാർഡുകൾ പ്രകാരം സ്ഥലം പരിശോധിച്ചതിൽ ടി സ്ഥലം അങ്കമാലി വില്ലേജ്, ബ്ലോക്ക് നമ്പർ 12-ൽ സർവേ 219/4-2-ൽ പൂർണ്ണമായും ഉൾപ്പെട്ട് വരുന്നതായി കാണുന്നുവെന്നും വില്ലേജ് റിക്കാർഡുകൾ പ്രകാരം പരിശോധിച്ചതിൽ ബി. റ്റി. ആർ. പ്രകാരം 4.70 ആർ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളതും തണ്ടപ്പേർ നമ്പർ 1750-ൽ നിന്ന് 4463 എന്ന തണ്ടപ്പേരിൽ 1.61 ആർ., 6676-ാം തണ്ടപ്പേരിൽ 2.43 ആർ. എന്നിങ്ങനെ പോക്ക് എഴുതി കാണുന്നതും 0.66 ആർ. നീക്കി ബാക്കി കാണുന്നുവെന്നും എന്നാൽ സർവേ നമ്പർ 219/4-ന്റെ വിസ്തീർണ്ണം കണക്കാക്കി നോക്കിയാൽ ബി. റ്റി. ആർ. വിസ്തീർണ്ണം 4.70 ആർ. വ്യത്യാസപ്പെട്ട് കാണുന്നതും ആയത് വ്യത്യാസപ്പെടുത്തി ഏരിയ കാൽക്കുലേഷൻ ഷീറ്റിനോടൊപ്പം 219-4-ന്റെ നിലവിലെ പേരുമാറ്റം വരുത്തി പകരം അങ്കമാലി വില്ലേജിൽ നായത്തോട് കരയിൽ മേനാച്ചേരി പൗലോ മകൻ ജോസ് പേർക്ക് റിക്കാർഡുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണെന്നും വിസ്തീർണ്ണ വ്യത്യാസത്തിൽ ആക്ഷേപമുണ്ടെങ്കിൽ ആയത് രേഖാമൂലം 15 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷകന് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് അപേക്ഷകൻ കൈപ്പറ്റിയിട്ടുള്ളതും നോട്ടീസിന്റെ നടത്തുപ്രതി തിരികെ സമർപ്പിച്ചിട്ടുള്ളതുമാണെന്നും ടിയാന് അനുവദിച്ച വിസ്തീർണ്ണ വ്യത്യാസം ഏരിയ രജിസ്റ്ററിൽ ചേർക്കുന്ന നടപടി കൂടി പൂർത്തിയാക്കിയാൽ ടിയാന്റെ ഫയലിലെ നടപടി തീരുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ഹർജിയിന്മേൽ റവന്യൂ (ഇ) വകുപ്പ് 12-4-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റീസർവേ റിക്കാർഡുകൾ പ്രകാരം സ്ഥലം പരിശോധിച്ചതിൽ ടി സ്ഥലം അങ്കമാലി വില്ലേജ് ബ്ലോക്ക് നമ്പർ 12-ൽ 219/4-2-ൽ പൂർണ്ണമായും ഉൾപ്പെട്ടുവരുന്നതും,

വില്ലേജ് റിക്കാർഡുകൾ പ്രകാരം പരിശോധിച്ചതിൽ ബി. ടി. ആർ. പ്രകാരം 4.70 ആർ. വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളതും, തണ്ടപ്പേർ നമ്പർ 1750-ൽ നിന്ന് 4463 എന്ന തണ്ടപ്പേരിൽ 1.61 ആർ., 6676-ാം നമ്പർ തണ്ടപ്പേരിൽ 2.43 ആർ. എന്നിങ്ങനെ പോക്ക് എഴുതി കാണുന്നതും, 0.66 ആർ. നീക്കി ബാക്കി കാണുന്നതുമാകുന്നു. എന്നാൽ സർവേ നമ്പർ 219/4-ന്റെ വിസ്തീർണ്ണം കണക്കാക്കി നോക്കിയതിൽ ബി. ടി. ആർ. വിസ്തീർണ്ണം 4.70 ആർ. വ്യത്യാസപ്പെട്ട് കാണുന്നതും, ആയത് വ്യത്യാസപ്പെടുത്തി 219/4-2-ന്റെ നിലവിലെ പേരുമാറ്റം വരുത്തി പകരം അങ്കമാലി വില്ലേജിൽ നായത്തോട് കരയിൽ പൗലോ മകൻ ജോസ് പേർക്ക് റിക്കാർഡുകൾ തയ്യാറാക്കുകയും വിസ്തീർണ്ണ വ്യത്യാസത്തിൽ ആക്ഷേപമുണ്ടെങ്കിൽ ആയത് രേഖാമൂലം 15 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷകന് നോട്ടീസ് നൽകുകയും, ആയത് അപേക്ഷകൻ കൈപ്പറ്റി നോട്ടീസിന്റെ നടത്തുപ്രതി തിരികെ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ വിസ്തീർണ്ണ വ്യത്യാസത്തിൽ മാറ്റം വരുത്തിയ റിവൈസ്ഡ് റിക്കോർഡുകൾ അംഗീകരിക്കുകയും ഏരിയ രജിസ്റ്ററിൽ മാറ്റം വരുത്തുകയും, വില്ലേജ് റിക്കാർഡുകളിൽ മാറ്റങ്ങൾ വരുത്തുവാൻ വില്ലേജ് ഓഫീസർക്കും, സബ് രജിസ്ട്രാർ അങ്കമാലി, ഹെഡ് സർവേയർ, ടോറൻസ് അപ്രൂവിംഗ് അതോറിറ്റി എന്നിവർക്കും നിർദേശം നൽകുകയും, ടി രേഖകളുടെ പകർപ്പുകൾ അപേക്ഷകൻ 3-2-2021-ൽ കൈപ്പറ്റിയിട്ടുള്ളതുമാണ്.

റിവൈസ്ഡ് റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡിൽ മാറ്റം വരുത്തി അങ്കമാലി വില്ലേജ് ബ്ലോക്ക് 12 തണ്ടപ്പേർ നമ്പർ 13253 പ്രകാരം അപേക്ഷകൻ പേരിൽ 1207/21 നമ്പർ രസീത് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലെ കരം തീർത്തിട്ടുള്ളതുമാണെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.''

പ്രസ്തുത റിപ്പോർട്ടിലെ വിവരം 14-6-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ടുകൾ 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(5) വസ്തുവിന് കൈവശാവകാശം ലഭിക്കുന്നതിനായി ശ്രീമതി ബി. സുലോചന, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 22241/ഹർജി സി 1/2019/നി. സെ.)

തിരുവനന്തപുരം ജില്ലയിലെ, മുട്ടത്തറയിൽ താമസിക്കുന്ന ഹർജിക്കാരിക്ക് ടിയാളുടെ അച്ഛനിൽ നിന്നും ഷെയറായി ലഭിച്ച മുട്ടത്തറ വില്ലേജിൽ ഉൾപ്പെട്ട 4 സെന്റ് വസ്തുവിന് പട്ടയം ലഭിക്കുന്നതിനായി ടിയാൾ കളക്ടറേറ്റിലും താലൂക്ക് ഓഫീസിലും

അപേക്ഷ നൽകിയിട്ടും യാതൊരുവിധ തുടർ നടപടിയും സ്വീകരിച്ചില്ലെന്നും ടി അപേക്ഷ നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിലാണ് ഉള്ളതെന്നും ആയതിനാൽ സമിതി ഇടപെട്ട് ഹർജിക്കാരിയുടെ വസ്തുവിന് പട്ടയം/കൈവശാവകാശ രേഖ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 3-9-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 10-10-2019-ൽ റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (യു) വകുപ്പ് 24-11-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവേ നമ്പർ 2608-ൽ ഉൾപ്പെട്ട 0.0162 ഹെക്ടർ ഭൂമി പതിച്ച് ലഭിക്കുന്നതിനായി ശ്രീമതി ബി. സുലോചന സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുകയും ടിയാൾക്ക് 14-9-2021-ന് നടന്ന പട്ടയ മേളയോടനുബന്ധിച്ച് പട്ടയം നൽകിയിട്ടുള്ളതാണ് എന്ന വിവരം സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 16-12-2021-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(6) പട്ടയം ലഭിക്കുന്നതിനായി ശ്രീമതി ശാന്തമ്മ, പത്തനംതിട്ട സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 15342/ഹർജി സി 1/2020/നി. സെ.)

പത്തനംതിട്ട റാന്നി താലൂക്കിലെ വടശ്ശേരിക്കര വില്ലേജിൽ മണിയാർ എന്ന സ്ഥലത്ത് 45 വർഷത്തിലധികമായി താമസിക്കുന്ന ഹർജിക്കാരിയുടെ വീട് ഉൾപ്പെട്ട വസ്തുവിന് പട്ടയം ലഭിക്കുന്നതിനായി വടശ്ശേരിക്കര പഞ്ചായത്ത്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയെങ്കിലും പട്ടയം ലഭിച്ചിട്ടില്ലെന്നും തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ, പി. ഡബ്ല്യൂ. ഡി. അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്ഥല പരിശോധന നടത്തുകയും സർവേയർ ടി വസ്തു അളന്ന് തിരിക്കുകയും ചെയ്തുവെന്നും, പ്രസ്തുത വസ്തുവിന്റെ ചുറ്റുമുള്ള എല്ലാ വസ്തുക്കൾക്കും പട്ടയം ഉണ്ടെന്നും ആയതിനാൽ സമിതി ഇടപെട്ട് പട്ടയം ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് 29-1-2020-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 27-2-2020-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (എ) വകുപ്പ് 28-4-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"അപേക്ഷകയായ ശ്രീമതി ശാന്തമ്മയ്ക്ക് റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് 32-ൽ സർവേ നമ്പർ 358/1-ൽ ഉൾപ്പെട്ട 00.0240 ഹെക്ടർ സ്ഥലം LA/05/18/VDKRA നമ്പരായി 3-11-2020-ൽ പട്ടയം അനുവദിക്കുകയും, സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പട്ടയ വിതരണം നടത്തിയിട്ടുള്ളതും, അപേക്ഷകയുടെ പേരിൽ തണ്ടപ്പേർ പിടിച്ച് കരമൊടുക്കി നല്കിയിട്ടുള്ളതുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.''

പ്രസ്തുത റിപ്പോർട്ടിലെ വിവരം 16-8-2021 -ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

19-10-2022-ലെ സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(7) സെറ്റിൽമെന്റ് സ്കീം പ്രകാരം പതിച്ചുകിട്ടിയ സ്ഥലത്തിന്റെ സ്കെച്ച് അനുവദിക്കുന്നതിനായി ശ്രീ. ദിവാകരൻ, കാസർഗോഡ് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 14041/ഹർജി സി1/2020/നി.സെ.)

ഹർജിക്കാരന്റെ പിതാവിന് പാടി വില്ലേജിൽ റീസർവേ നമ്പർ 393/2-ൽപ്പെട്ട 4 ഏക്കർ സ്ഥലം സെറ്റിൽമെന്റ് സ്കീം പ്രകാരം പതിച്ച് കിട്ടിയെന്നും പിതാവിന്റെ മരണശേഷം പ്രസ്തുത സ്ഥലം മക്കൾക്ക് ലഭിച്ചുവെന്നും എന്നാൽ പട്ടയത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും അതിനായി നിരവധി അപേക്ഷകൾ കാസർഗോഡ് തഹസിൽദാർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും സ്കെച്ച് അനുവദിക്കുന്നതിന് നടപടി ഉണ്ടായില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 25-12-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 21-1-2020-ൽ റവന്യൂ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (എൽ) വകുപ്പ് 9-12-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ പാടി വില്ലേജിലെ റീ സർവേ നമ്പർ 393/2-ൽ ഉൾപ്പെട്ടുവരുന്ന 04.00 ഏക്കർ ഭൂമിയുടെ പുതുക്കിയ സ്കെച്ചിന്റെ പകർപ്പ് 13-8-2020-ൽ ശ്രീ. ദിവാകരന് നൽകിയിട്ടുള്ളതാണെന്ന വിവരം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 31-3-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 11-5-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(8) ഭർതൃമാതാവിന്റെ പേരിൽ വസ്തുവിന് കരം തീർത്തുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ആയിഷാ ബീവി, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 10001/ഹർജി സി1/2021/നി. സെ.)

ഹർജിക്കാരിയുടെ ഭർതൃമാതാവിന്റെ പേരിൽ കഴക്കൂട്ടം വില്ലേജിൽ മുൻസർവെ നമ്പർ 1361/31-ൽ കരം തീരുവയുള്ള 27 സെന്റ് പട്ടയ ഭൂമി ഉണ്ടായിരുന്നെന്നും കഴക്കൂട്ടം സൈനിക സ്കൂളിന് 1961-ൽ സ്ഥലം ഏറ്റെടുത്ത സമയം പ്രസ്തുത സ്ഥലം കൂടി ഏറ്റെടുക്കുന്നതിന് പൊന്നുംവില നടപടികൾ പൂർത്തിയായെന്നും എന്നാൽ പ്രസ്തുത സ്ഥലത്തിന് തെക്ക് വശത്തും വടക്കുവശത്തുമുള്ള കുറെ വസ്തുക്കൾ പിന്നീട് ഒഴിവാക്കിയെന്നും എന്നാൽ പ്രസ്തുത സ്ഥലത്തുനിന്നും ഭർതൃമാതാവ് ആഷാ ബീവിയെ ഒഴിപ്പിക്കുകയോ ടി സ്ഥലത്തിന് പൊന്നുംവില കൊടുക്കുകയോ ചെയ്തിട്ടില്ലെന്നും എന്നാൽ വില്ലേജ് രേഖകളിൽ പ്രസ്തുത സ്ഥലം സർക്കാർ ഭൂമിയായി (പുറമ്പോക്ക്) രേഖപ്പെടുത്തിയെന്നും ഭർതൃമാതാവിന്റെ മരണശേഷം ഹർജിക്കാരിയുടെ ഭർത്താവ് വാഹിദിന്റെ പേർക്ക് ഒഴിവുകുറി അവകാശികൾ ചേർന്ന് എഴുതിക്കൊടുത്തെന്നും ഭർത്താവിന്റെ മരണശേഷം റീസർവേ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ പ്രസ്തുത 27 സെന്റ് സ്ഥലം പുറമ്പോക്കായി ചേർത്തിരിക്കുന്നതായി അറിഞ്ഞെന്നും ആയതിനാൽ പ്രസ്തുത സ്ഥലത്തിന് ഹർജിക്കാരിയുടെ പേരിൽ കരം തീർത്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 28-4-2005 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 31-5-2005-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (ജി) വകുപ്പ് 1-3-2007 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി അയിഷാ ബീവിയുടെ പരാതിയിൽ പറയുന്ന മുൻ സർവെ 1361/31-ൽ പ്പെട്ട 27 സെന്റ് വസ്തു കഴക്കൂട്ടം സൈനിക സ്കൂളിന് വേണ്ടി 1962-ൽ പൊന്നുംവില നടപടിയിലിരുന്നതാണ്. തുടർന്ന് 1964-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം മറ്റ് വസ്തുക്കളോടൊപ്പം ടി വസ്തുവും ഒഴിവാക്കിയതായി തിരുവനന്തപുരം അഡീഷണൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പരാതിക്കാസ്പദമായ ടി 27 സെന്റ് വസ്തു സൈനിക സ്കൂളിന് വേണ്ടി പൊന്നും വിലയ്ക്കെടുത്തതായി വില്ലേജോഫീസിലെ പുറമ്പോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ റീസർവേയിൽ ടി വസ്തു 60/3-ാം നമ്പരിൽ സർക്കാർ തരിശായി രേഖപ്പെടുത്താൻ ഇടയായതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ പരാതിക്കാസ്പദമായ വസ്തു പുറമ്പോക്കിൽ നിന്നൊഴിവാക്കാത്തതെന്തെന്നും, ഏതൊക്കെ സർവേ നമ്പരുകളാണ് ടി ഗസറ്റ് വിജ്ഞാപന പ്രകാരം ഒഴിവാക്കിയതെന്നും, കക്ഷി പൊന്നുംവില വാങ്ങിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ആഫീസുകളിലെ രേഖകൾ പരിശോധിച്ച് വരികയാണ് എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതുകൂടി ഉൾപ്പെടുത്തി ഇത് സംബന്ധിച്ച അന്തിമ മറുപടി താമസിയാതെ നൽകുന്നതാണ്."

ഹർജിക്കാരി 1-4-2009 തീയതിയായി തുടർ ഹർജി സമർപ്പിക്കുകയും ടി ഹർജിയുടെ പകർപ്പ് റവന്യൂ (ജി) വകുപ്പിലേയ്ക്കയക്കുകയും ചെയ്തു.

ഹർജി വിഷയത്തിന്മേൽ റവന്യൂ (ബി) വകുപ്പ് 10-8-2012-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വില്ലേജ് റിക്കാർഡുകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ കരം അടയ്ക്കുവാൻ സാധിക്കുന്നില്ലെന്നും ആയതിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറം വില്ലേജ് കിഴക്കേ വിളാകത്ത് വീട്ടിൽ ആയിഷാ ബീവി സമർപ്പിച്ച പരാതിയാണ് വിഷയം.

മേൽ സൂചിപ്പിച്ച ഭൂമി, കഴക്കൂട്ടം സൈനിക സ്കൂളിന് വേണ്ടി പൊന്നും വിലയ്ക്കെടുക്കാൻ നിശ്ചയിച്ചിരുന്നുവെങ്കിലും ടി ഭൂമി ഒഴിവാക്കിക്കൊണ്ട് നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയാണുണ്ടായതെന്നും വില്ലേജ് റിക്കാർഡുകളിൽ പുറമ്പോക്ക് ആയി രേഖപ്പെടുത്തിയതിനാൽ കരം ഒടുക്കുവാൻ സാധിക്കുന്നില്ലെന്നുമാണ് പരാതിയിലെ ആക്ഷേപം.

ടി സ്ഥലം 1962-ൽ പൊന്നുംവില നടപടികളിൽ ഉൾപ്പെടുത്തിയിരുന്നതായും എന്നാൽ 1964-ൽ നടത്തിയ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള വസ്തുക്കൾ അളന്ന് തിരിച്ച സമയത്ത്

പരാതിയിൽ പറയുന്ന അപേക്ഷകയുടെ ഭൂമിയുൾപ്പെടെ കുറെ ഭാഗം ഒഴിവാക്കിയിരുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. സൈനിക സ്കൂളിന് വേണ്ടി ഏറ്റെടുത്ത മുഴുവൻ ഭൂമിയും അവാർഡ് പാസ്സാക്കി പട്ടയ ഭൂമിയിൽ നിന്ന് സർക്കാർ പുറമ്പോക്കിൽ ചേർത്ത് റിക്കാർഡുകളിൽ മാറ്റം വരുത്തിയതായും പക്ഷേ കക്ഷിക്കോ മുൻഗാമിക്കോ പൊന്നുംവില നൽകുകയോ, സ്ഥലം ഒഴിപ്പിച്ച് സൈനിക സ്കൂൾ അധികൃതർക്ക് കൈമാറുകയോ ചെയ്തിട്ടില്ലെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

ടി സാഹചര്യത്തിൽ പരാതിക്കാസ്പദമായ ഭൂമി പൊന്നും വില നിയമ പ്രകാരം ഏറ്റെടുത്തിട്ടുണ്ടോ അതോ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമായി റിപ്പോർട്ട് ചെയ്യുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് വീണ്ടും ആവശ്യപ്പെട്ടിരുന്നു.

പരാതിക്കാരിയായ ശ്രീമതി ആയിഷാ ബീവിയുടെ ഭർത്താവിന്റെ മാതാവ് ശ്രീമതി പാത്തുമ്മാൾ ആയിഷാ ബീവിയുടെ പേരിൽ പട്ടയം കിട്ടിയതായി പറയുന്ന കഴക്കൂട്ടം വില്ലേജിലെ സർവെ നമ്പർ 1361/31-ലെ 27 സെന്റ് പുരയിടത്തിന് ലഭിച്ച കൈവശാവകാശ രേഖകൾ ഹാജരാക്കുവാൻ പരാതി കക്ഷികൾക്ക് കഴിഞ്ഞിട്ടില്ലെന്നും, പ്രസ്തുത ഭൂമി സർക്കാർ തരിശ് ആയി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും സൈനിക സ്കൂൾ കോമ്പൗണ്ടിന് പുറത്തായി പരാതിക്കാരുടെ കൈവശ ഭൂമിയോട് ചേർന്ന് കിടക്കുന്നതും അനുഭവത്തിലാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

പരാതിയിൽ പറയുന്ന ഭൂമി ഉൾപ്പെടെ ഒഴിവാക്കപ്പെട്ട വസ്തുക്കളിൽ പഴയ സർവെ നമ്പർ 1361/30-ൽപ്പെട്ട 17 സെന്റ് വസ്തുവിന്റെ റിക്കാർഡിൽ 'തരിശ്' എന്നത് മാറ്റി 'കരം തീരുവ' ഭൂമിയാക്കി മാറ്റുന്നതിന് 23-10-1986-ലെ ബി1-43247/86-ാം നമ്പർ ഉത്തരവ് നൽകിയിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ കെ5-96892/76 തീയതി 5-5-1987-ാം നമ്പർ നടപടിക്രമം പ്രകാരം സമാന സ്വഭാവമുള്ള വസ്തുവിന്മേൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പരാതികക്ഷിയുടെ വസ്തുവിനും ഇതേ വിധം റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിന് അനുവാദം നൽകണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ ഭൂമി 'കരംതീരുവ ഭൂമി' ആക്കി തരം മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 23-3-2012-ലെ 80104/ബി2/2007/റവ. നമ്പർ കത്ത് പ്രകാരം നിർദേശം നൽകിയിരുന്നു.

എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഇനം മാറ്റം നടപടി ചെയ്ത് കക്ഷിയുടെ പേരിൽ ചേർത്ത് കൊടുക്കാൻ തക്കതായ യാതൊരു അവകാശ രേഖയും പരാതിക്കാർ ഹാജരാക്കിയിട്ടില്ലെന്നും ടി സാഹചര്യത്തിൽ ലഭ്യമായ രേഖകൾ ആധാരമാക്കി ഇനം മാറ്റ നടപടി സ്വീകരിക്കാൻ നിയമാനുസൃതമായി സാദ്ധ്യമല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്."

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (യു) വകുപ്പ് 2-6-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം താലൂക്ക് ഓഫീസിലെ 23-9-2013-ലെ എച്ച്6/17967/05 നമ്പർ ഉത്തരവ് അനുസരിച്ച് അപേക്ഷക്കാസ്പദമായ കഴക്കൂട്ടം വില്ലേജിലെ റീസർവേ 60/3-ലെ 8.70 ആർ ഭൂമിക്ക് ഹർജി കക്ഷിയുടെ പേർക്ക് 21207-ാം നമ്പർ തണ്ടപ്പേർ പിടിച്ച് കരം സ്വീകരിച്ചിരുന്നതും തുടർന്ന് ടി ഭൂമി ഹർജികക്ഷി കൈമാറിയിട്ടുള്ളതും ആയത് പി.വി. 594/13 തീയതി 18-12-2013 നമ്പർ തീർച്ച പ്രകാരം നിലവിൽ റ്റി.പി. 21302-ൽ ഉൾപ്പെട്ട് കിടക്കുന്നതായും വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഹർജികക്ഷി നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ച പരാതി പരിഹരിക്കപ്പെട്ടിരിക്കുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ടിലെ വിവരം 18-1-2022-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(9) മിശ്ര വിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ബാബു പി., പാലക്കാട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 18605/ഹർജി സി2/2017/നി. സെ.)

മിശ്ര വിവാഹിതരുടെ മകനായ ഹർജിക്കാരന്റെ പിതാവ് ലത്തീൻ കത്തോലിക്ക വിഭാഗത്തിലും മാതാവ് ഹിന്ദു നായർ സമുദായത്തിൽ ഉൾപ്പെട്ടവരും സംസ്ഥാന സർവീസിൽ നിന്നും പെൻഷൻ പറ്റിയവരുമാണെന്നും, 24-4-1979-ലെ ജി. ഒ. (എം.എസ്.) 806/79 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരൻ വർഷങ്ങളായി മിശ്ര വിവാഹിതരുടെ മകൻ എന്ന സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നതായും, എന്നാൽ 585/ബി3/2016/പി.സ.വി.വ. നമ്പർ സർക്കുലർ പ്രകാരം ഹർജിക്കാരൻ ലാറ്റിൻ കത്തോലിക്ക മതവിശ്വാസത്തിലാണ് ജീവിക്കുന്നതെന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടുവെന്നും തുടർന്ന് ടിയാൻ പാലക്കാട് തഹസീൽദാർക്ക് അപ്പീൽ നല്കിയപ്പോൾ ടിയാന്റെ മാതാപിതാക്കളുടെ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സഹോദരിമാരുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ആവശ്യപ്പെട്ടുവെന്നും, തുടർന്ന് ജില്ലാ കളക്ടറെ സമീപിച്ചുവെന്നും ടിയാന്റെ പിതാവും പൂർവ്വികരും ലത്തീൻ കത്തോലിക്ക വിഭാഗക്കാരാണെന്ന രേഖകൾ

ഹാജരാക്കിയെങ്കിലും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ലെന്നും, മുഖ്യമന്ത്രിക്ക് ഉൾപ്പെടെ വിവിധ അധികാര സ്ഥാനങ്ങളിൽ നൽകിയ അപേക്ഷകൾ പരിശോധിച്ച് പരാതിക്കാരന് നീതി ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ടവർ നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന മറുപടി മാത്രമാണ് ലഭിക്കുന്നതെന്നും, അക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർ ഒരു തരത്തിലുള്ള അന്വേഷണവും നടത്തിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരനും കുടുംബത്തിനും നീതി ലഭ്യമാക്കണമെന്നും തങ്ങൾക്ക് നീതി നിഷേധിക്കുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായ ശിക്ഷാനടപടികൾക്ക് വിധേയരാക്കണമെന്നും ടിയാൻ സമർപ്പിച്ച 3-4-2017 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 13-9-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരനിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ 27-9-2017-ലെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരനിൽ നിന്നും തെളിവെടുക്കുകയും ഹർജിക്കാരന് അനുകൂലമായി നടപടി സ്വീകരിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ സമിതിയെ അറിയിക്കണമെന്ന് നിർദേശിക്കുകയും ചെയ്തു. കൂടാതെ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിട്ടും ആയത് കണക്കിലെടുക്കാതെ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസ്സവാദം ഉന്നയിച്ച, നിലവിൽ പാലക്കാട് ആർ. ഡി. ഒ. ആയി ചാർജ് വഹിക്കുന്ന, അന്നത്തെ പാലക്കാട് തഹസീൽദാരെ സമിതി ശക്തമായി താക്കീത് ചെയ്യുന്ന വിവരം അറിയിക്കാൻ നിർദേശിക്കുകയും ചെയ്തു.

സമിതിയുടെ പ്രസ്തുത നിർദേശം റവന്യൂ വകുപ്പിനെ അറിയിച്ചതിൻ പ്രകാരം റവന്യൂ (റ്റി) വകുപ്പ് 17-11-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചതിനെതിരെ ശ്രീ. ബാബു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 1806/17 നമ്പർ കേസിലെ 16-8-2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ക്രിസ്ത്യൻ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുത്തി 9-10-2017-ൽ 987/17 നമ്പരായി യാക്കര വില്ലേജ് ഓഫീസർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിച്ചതായും 10-10-2017-ൽ ടിയാൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായും പാലക്കാട് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു. സമിതിയെ അറിയിച്ചു കൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 12-12-2017-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 22-12-2017 തീയതിയായുള്ള പ്രതികരണ ഹർജി സമർപ്പിച്ചിരുന്നു.

ജാതി സർട്ടിഫിക്കറ്റ് കോടതി നിർദേശ പ്രകാരം ലഭിച്ചുവെങ്കിലും സർക്കാർ ഉത്തരവുണ്ടായിട്ടും യഥാസമയം ആയത് അനുവദിക്കാതിരുന്ന തഹസീൽദാർക്കും വില്ലേജ് ഓഫീസർക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് ടി പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി വിഷയത്തിൽ 27-9-2017-ലെ സമിതി യോഗ നിർദേശ പ്രകാരം സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് റവന്യൂ (സി) വകുപ്പ് 6-2-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീ. ബാബു. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 1806/17 നമ്പർ കേസിലെ 16-8-2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ക്രിസ്ത്യൻ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുത്തി 9-10-2017-ൽ 987/17 നമ്പരായി യാക്കര വില്ലേജ് ഓഫീസർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിച്ചതായും 10-10-2017-ൽ ടിയാൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായും പാലക്കാട് തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്ന വിവരം 17-11-2017-ലെ കത്ത് പ്രകാരം സമിതിയെ അറിയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിട്ടും ആയത് കണക്കിലെടുക്കാതെ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസ്സവാദം ഉന്നയിച്ച പാലക്കാട് ആർ. ഡി. ഒ. ആയി ചാർജ് വഹിച്ചിരുന്നതും നിലവിൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തൃശ്ശൂർ ആയി സേവനമനുഷ്ഠിക്കുന്ന അന്നത്തെ പാലക്കാട് തഹസീൽദാർക്കെതിരെ കാരണം കാണിക്കൽ മെമ്മോ നൽകി നടപടി ആരംഭിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. അന്തിമ റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുന്നതാണെന്നും അറിയിക്കുന്നു.".

ഹർജിയിന്മേൽ റവന്യൂ (സി) വകുപ്പ് 24-3-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"ജാതി സർട്ടിഫിക്കറ്റ് നല്കുന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിട്ടും ആയത് കണക്കിലെടുക്കാതെ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസ്സവാദം ഉന്നയിച്ച ആർ. ഡി. ഒ. ആയി ചാർജ് വഹിച്ചിരുന്ന അന്നത്തെ പാലക്കാട് തഹസിൽദാർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും ആയതിന് ടിയാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ച് മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ നോക്കേണ്ടതാണെന്ന് കർശന താക്കീത് നൽകിയിട്ടുള്ളതുമാണ്."

11-1-2022-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിൻ പ്രകാരം

15-6-2022-ലെ കത്ത് മുഖേന ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കുകയും തുടർന്ന് ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

**(10) അമ്മയുടെ പേരിലുള്ള വസ്തുവിന്മേൽ തുല്യ അവകാശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അനിൽ ആർ., ചങ്ങൻകുളങ്ങര, കൊല്ലം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 5714/ഹർജി സി 3/2021/നി. സെ.)

വളരെ നാളുകളായി ചികിത്സയിൽ കഴിയുന്ന ഹർജിക്കാരന് വീടില്ലാത്തതിനാൽ വാടക വീട്ടിലാണ് താമസമെന്നും ടിയാന്റെ മരിച്ചുപോയ അമ്മയുടെ പേരിൽ 25 സെന്റ് വസ്തുവുണ്ടെന്നും അതിന്റെ തുല്യ അവകാശികൾ ഹർജിക്കാരനും അനുജനുമാണെന്നിരിക്കെ ടിയാന്റെ അനുജൻ വസ്തുവിന്റെ പകുതി $12^1/_2$ സെന്റോ ആയതിന്റെ വിലയോ ടിയാന് നല്കാൻ വിസമ്മതിക്കുന്നുവെന്നും നിലവിൽ വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ സമിതി ഇടപെട്ട് അതിന് പരിഹാരം ഉണ്ടാക്കണമെന്ന് 20-3-2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 29-3-2021-ലെ കത്ത് മുഖേന റവന്യൂ വകുപ്പിന് അയച്ചുകൊടുത്തതിനെ തുടർന്ന് റവന്യൂ (ജി) വകുപ്പ് 29-10-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2021-2023) മുൻപാകെ അമ്മയുടെ പേരിലുള്ള വസ്തുവിൽ തുല്യ അവകാശം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അനിൽ, ചങ്ങൻകുളങ്ങര സമർപ്പിച്ച ഹർജിയിന്മേൽ കൊല്ലം ജില്ലാ കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപേക്ഷാ കക്ഷിയായ ശ്രീ. അനിൽ കുമാറിന്റെ മാതാവായ ഭഗവതിപ്പിള്ള പേർക്ക് കരുനാഗപ്പള്ളി താലൂക്കിൽ പന്മന വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീസർവേ 536/2-ൽ 10.00 ആർസ് പുരയിടം നിലവിലുള്ളതാണ് എന്നും ടിയാൾ മരണപ്പെട്ട സാഹചര്യത്തിലും, ടിയാളുടെ ഭർത്താവും മരണപ്പെട്ടതായി ബോധ്യപ്പെട്ട സാഹചര്യത്തിലും, പരേതയുടെ ജീവിച്ചിരിക്കുന്ന അനന്തരാവകാശികളായ മക്കളായ അനിൽ ആർ., രാജേഷ് ആർ. എന്നിവർ പേർക്ക് പന്മന വില്ലേജാഫീസറുടെ അവകാശ വിചാരണ പോക്കുവരവ് വഴി ടി വസ്തു പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളതാണെന്ന് കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 3-12-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

9-2-2022-ലെ സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(11) അതിരിനോട് ചേർന്ന സ്ഥലത്തെ മണ്ണെടുത്ത ശേഷം സംരക്ഷണ ഭിത്തി കെട്ടി നൽകിയില്ലെന്നത് സംബന്ധിച്ച് ശ്രീമതി ജാനകി, കുമാരനെല്ലൂർ സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ : 18304/ഹർജി സി3/2018/ലെജി.)

പാലക്കാട് ജില്ലയിലെ കപ്പൂർ പഞ്ചായത്തിൽ 13-ാം വാർഡിൽ ഹർജിക്കാരിയും ബുദ്ധി വളർച്ചയില്ലാത്ത ഒരു മകളും, ആശാരിപ്പണി ചെയ്ത് ജീവിക്കുന്ന മകനും ഭാര്യയും രണ്ട് മക്കളും താമസിക്കുന്ന വീടിനോട് ചേർന്ന ഭാഗത്ത് സമീപ വസ്തുവിന്റെ ഉടമയായ ശ്രീ. ഫിറോസ്, S/o മൊയ്തുണ്ണി (സർക്കാർ സ്കൂൾ അധ്യാപകൻ) അതിരിനോട് ചേർന്ന സ്ഥലത്തുനിന്നും 8 അടിയോളം താഴ്ചയിൽ ജെ. സി. ബി. ഉപയോഗിച്ച് മണ്ണെടുത്തുമാറ്റിയതിനാൽ ഹർജിക്കാരിയുടെ വീട് അപകടാവസ്ഥയിലാണെന്നും കപ്പൂർ ഗ്രാമപഞ്ചായത്തിൽ നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ എതിർകക്ഷി പടവ് നിർമ്മിക്കാൻ തുടങ്ങിയെന്നും തുടർന്ന് മഴ പെയ്തപ്പോൾ മണ്ണിടിഞ്ഞ് പടവ് തകർന്നെന്നും വീണ്ടും വില്ലേജ് ഓഫീസിൽ പരാതി നൽകിയതിനെ തുടർന്ന് ഒരു എഞ്ചിനീയർ മുഖേന മതിലിന്റെ പണി തുടങ്ങാൻ പറഞ്ഞെന്നും എന്നാൽ അശാസ്ത്രീയമായി നിർമ്മിച്ച മതിൽ മഴയത്ത് തകർന്നെന്നും സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകാത്തതിനാൽ ജില്ലാ കളക്ടർക്ക് നേരിട്ട് പരാതി നൽകിയെങ്കിലും നാളിതുവരെ നടപടിയൊന്നുംതന്നെ ഉണ്ടായില്ലെന്നും മഴക്കാലത്ത് വീടിന് അപകട ഭീഷണിയുള്ളതിനാൽ അടിയന്തരമായി എതിർകക്ഷിയുടെ ചെലവിൽ മതിൽ കെട്ടി നൽകുന്നതിനുള്ള നടപടികൾ, സമിതി ഇടപെട്ട്, ചെയ്ത് നൽകണമെന്ന് 28-4-2018 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 25-5-2018-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (ജി) വകുപ്പ് 17-4-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാരിയുടെ വീടിനോട് ചേർന്ന് മണ്ണ് നീക്കിയ സ്ഥലത്ത്, കോൺക്രീറ്റ് മതിലിനും പരാതിക്കാരിയുടെ പുരയിടത്തിനും ഇടയിലായി ഏകദേശം 2 മീറ്റർ വീതിയിലും 3 മീറ്റർ ആഴത്തിലും ഒരു കിടങ്ങ് ഉള്ളതായും മതിലിന്റെ ഉയരം 3 മീറ്റർ കൂടി ഉയർത്തിയും പരാതിക്കാരിയുടെ സ്ഥലത്തിനും മതിലിനും ഇടയിലുള്ള സ്ഥലത്ത് മണ്ണ് നിറയ്ക്കുകയും ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കാവുന്നതാണെന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ എതിർകക്ഷിയോട് വിവരങ്ങൾ അന്വേഷിച്ചതിൽ സംരക്ഷണഭിത്തി

പൂർത്തീകരിക്കുന്നതാണെന്നും മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കുന്നതിന് ടി സ്ഥലത്ത് മണ്ണിട്ട് വരികയാണെന്നും അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് ടി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എതിർകക്ഷിയ്ക്ക് നിർദേശം നൽകുകയും അതിന്റെ പുരോഗതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് പട്ടാമ്പി തഹസിൽദാർക്ക് നിർദേശം നല്കിയിട്ടുള്ളതും ടി വിവരങ്ങൾ ഹർജിക്കാരിയുടെ കുടുംബത്തെ അറിയിച്ചിട്ടുള്ളതുമാണെന്ന് ഒറ്റപ്പാലം സബ്കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 28-6-2021-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

17-11-2022-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(12) ആശ്രിത പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പാർവ്വതി എ. എച്ച്., കണ്ണൂർ സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 23173/ഹർജി സി2/2018/ലെജി.)

വില്ലേജ് അസിസ്റ്റന്റായി വിരമിച്ച ഹർജിക്കാരിയുടെ പിതാവിന്റെ മരണശേഷം മാതാവിന് കുടുംബ പെൻഷൻ ലഭിച്ചിരുന്നതായും, എന്നാൽ 2-7-2017-ൽ മാതാവ് മരണപ്പെട്ടതിന് ശേഷം മാതാവിന്റെ ആശ്രയത്തിൽ മാത്രം ജീവിച്ചിരുന്ന അവിവാഹിതയും, ജോലിയും മറ്റ് വരുമാനങ്ങളുമില്ലാത്ത വാർദ്ധക്യസഹജമായ അസുഖങ്ങളുള്ള ഹർജിക്കാരിക്ക് ആശ്രിത പെൻഷൻ നിഷേധിച്ചതായും, അത് സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷകളിന്മേൽ നിരുത്തരവാദപരമായ മറുപടിയാണ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചതെന്നും, ആയതിനാൽ സമിതി ഇടപെട്ട് ടിയാൾക്ക് ആശ്രിത പെൻഷൻ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് 8-9-2018 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27-9-2018-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (സി) വകുപ്പ് 26-2-2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ കുമാരി പാർവതി എ. എച്ച്. സമർപ്പിച്ച ഹർജി ലാൻഡ് റവന്യൂ കമ്മീഷണറുടെ വിശദമായ റിപ്പോർട്ടിന്റെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുകയും കെ.എസ്.ആർ. ഭാഗം 3 ചട്ടം 90(6) (ഇ) പ്രകാരം കുമാരി പാർവതി എ.എച്ച്.-ന് കുടുംബപെൻഷന് അർഹതയുള്ള സാഹചര്യത്തിൽ മാങ്ങാട്ടിടം വില്ലേജ് ഓഫീസിൽ നിന്ന് വില്ലേജ് അസിസ്റ്റന്റ്

തസ്തികയിൽ റിട്ടയർ ചെയ്യുകയും പിന്നീട് മരണപ്പെടുകയും ചെയ്ത ഹരിഹര അയ്യരുടെ കുടുംബ പെൻഷൻ അദ്ദേഹത്തിന്റെ മകളായ കുമാരി പാർവതി എ.എച്ച്.-ന് 15-2-2020-ലെ സ.ഉ. (സാധാ)നം.646/2020/ റവന്യൂ പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്." (അനുബന്ധം -V).

പ്രസ്തുത റിപ്പോർട്ടിലെ വിവരം 12-3-2020-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 21-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ടി ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ ഹർജിക്കാരി 27-10-2020 തീയതിയായി പ്രതികരണ ഹർജി സമർപ്പിക്കുകയുണ്ടായി. 2018 മാർച്ച് മാസത്തിൽ തലശ്ശേരി താലൂക്ക് ഓഫീസിൽ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് അനുവദിച്ചുകിട്ടിയിട്ടില്ലെന്നും ആയതിനാൽ അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നല്കണമെന്ന് ടി പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിക്കാരിക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള 15-2-2020-ലെ സ. ഉ. (സാധാ) നമ്പർ 646/2020/റവന്യൂ പ്രകാരം ടിയാൾക്ക് പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് വിതരണം ചെയ്തത്; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് എന്നീ വിവരങ്ങളടങ്ങിയ റിപ്പോർട്ടാവശ്യപ്പെട്ടുകൊണ്ട്, ഹർജിക്കാരി 27-10-2020 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജി സഹിതം, 30-11-2020 തീയതിയായുള്ള കത്ത് റവന്യൂ (സി) വകുപ്പിലേക്ക് അയച്ചിരുന്നു.

തുടർന്ന് റവന്യൂ (സി) വകുപ്പ് 28-4-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"15-2-2020 തീയതിയിലെ സ.ഉ. (സാധാ) 646/2020 നമ്പർ ഉത്തരവ് പ്രകാരം കുമാരി പാർവ്വതി എ.എച്ച്.-ന് പെൻഷൻ അനുവദിയ്ക്കപ്പെട്ടിരുന്നെങ്കിലും പ്രസ്തുത ഉത്തരവിൻ പ്രകാരം ടിയാൾക്ക് പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്ന് മുതലാണെന്നും കാലതാമസമുണ്ടായെങ്കിൽ ആയതിന്റെ കാരണവും അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടിരുന്നു.

22-1-2021 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ FBA11-57916/18 നം. നടപടിക്രമപ്രകാരം കുമാരി പാർവ്വതി എ.എച്ച്-ന് പെൻഷൻ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായ വിവരം 6-2-2021-ലെ സി3/46/2019 നം. കത്ത് മുഖേന നിയമസഭാ സമിതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനുണ്ടായ

കാലതാമസത്തിനുള്ള കാരണം ലാൻഡ് റവന്യൂ കമ്മീഷണർ, കണ്ണൂർ ജില്ലാ കളക്ടർ എന്നിവരുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചിരുന്നു. 15-2-2020 തീയതിയിലെ സ.ഉ. (സാധാ) 646/2020 നം. ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം അന്തരിച്ച ഹരിഹര അയ്യർ, ലക്ഷ്മി അമ്മാൾ എന്നിവരുടെ പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ എല്ലാ പുറങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ കണ്ണൂർ ജില്ലാ കളക്ടറോട് കമ്മീഷണർ 29-2-2020 തീയതിൽ നിർദേശിച്ചിരുന്നുവെങ്കിലും അന്തരിച്ച ശ്രീമതി ബി.എസ്. ലക്ഷ്മി അമ്മാൾ എന്നവരുടെ 07/2017 വരെയുള്ള പെൻഷൻ പെയ്മെന്റ് ഓർഡറിന്റെ ശരി പകർപ്പ് കൂത്തുപറമ്പ് സബ് ട്രഷറിയിൽ നിന്നും ലഭ്യമായിട്ടില്ല എന്ന വിവരം കുമാരി പാർവ്വതി എ.എച്ച്. അറിയിച്ചിരുന്നു. കൂടാതെ അപേക്ഷയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് ആവശ്യമായ വിവരങ്ങളും രേഖകളും ലഭിയ്ക്കുന്നതിന് കാലതാമസം നേരിട്ടതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. മാത്രമല്ല, Covid-19-നെ തുടർന്നുണ്ടായ അസാധാരണ സാഹചര്യങ്ങളും ലോക്ക് ഡൗണും കാരണം താലൂക്ക്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ അധികമായി നടത്തേണ്ടി വന്നതിനാലും അനുബന്ധമായി നടപ്പിലാക്കപ്പെട്ട 50% ഹാജർ മൂലവും പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ എല്ലാ പുറങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ സാധിച്ചിരുന്നില്ലെന്നും പ്രസ്തുത ഓർഡറിന്റെ പകർപ്പ് 20-1-2021 തീയതിയിലാണ് ലഭ്യമാക്കിയതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 20-1-2021 തീയതിയിൽ ഹാജരാക്കപ്പെട്ട രേഖകൾ പരിശോധിച്ച് 22-1-2021 തീയതിയിലെ FBA11-57916/18 നം. നടപടിക്രമപ്രകാരം കുമാരി പാർവ്വതി എ.എച്ച്.-ന് പെൻഷൻ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സ.ഉ.(സാധാ) 646/2020 നം. ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിൽ ബോധപൂർവമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും ഉള്ള വിവരങ്ങൾ സമിതിയെ അറിയിച്ചുകൊള്ളുന്നു."

ടി റിപ്പോർട്ടിലെ വിവരം 7-6-2021-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചതിനെ തുടർന്ന്, അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ട രേഖകൾ 23-3-2021-ന് തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ അയച്ചിരുന്നുവെങ്കിലും ഹരിഹര അയ്യർ, ലക്ഷ്മി അമ്മാൾ എന്നിവരുടെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല എന്ന് കാണിച്ച് ടി രേഖകൾ തിരിച്ചയച്ചുവെന്നും, പെൻഷൻ ലഭ്യമായിട്ടില്ലെന്നും അറിയിച്ചുകൊണ്ട് ഹർജിക്കാരി 17-6-2021 തീയതിയായുള്ള പ്രതികരണ ഹർജി സമർപ്പിച്ചു. പ്രസ്തുത പ്രതികരണ ഹർജി റിപ്പോർട്ടിനായി 30-7-2021-ലെ കത്ത് മുഖേന റവന്യൂ(സി) വകുപ്പിലേക്ക് അയച്ചു.

ടി ഹർജിയിന്മേൽ റവന്യൂ (സി) വകുപ്പ് 26-10-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റവന്യൂ വകുപ്പിൽ സേവനമനുഷ്ഠിയ്ക്കവേ അന്തരിച്ച ഹരിഹര അയ്യരുടെ മകളായ കുമാരി പാർവ്വതി എ.എച്ച്., ടിയാരിയ്ക്ക് ആശ്രിതപെൻഷൻ ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിച്ചിരുന്ന ഹർജി പരിശോധിച്ച്, ടിയാരിയ്ക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് 15-2-2020 തീയതിയിൽ സ. ഉ. (സാധാ) നമ്പർ 646/2020 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിയ്ക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ടി വിവരങ്ങൾ നിയമസഭാ സെക്രട്ടറിയെ 6-2-2021 തീയതിയിലെ റവന്യൂ/സി3/46/2019 കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്. കുമാരി പാർവ്വതി എ.എച്ച്. ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിച്ചിരിയ്ക്കുന്ന പ്രതികരണ ഹർജി പ്രകാരം, ഫാമിലി പെൻഷൻ അനുവദിയ്ക്കുന്നതിന് അപേക്ഷക ഹാജരാക്കേണ്ടതായ രേഖകൾ 23-2-2021 തീയതിയിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ അപേക്ഷക ലഭ്യമാക്കിയിരുന്നതായും തുടർന്ന് ഹരിഹര അയ്യരുടെയും ഭാര്യ ലക്ഷ്മി അമ്മാളുടെയും മരണ സർട്ടിഫിക്കറ്റുകൾ കൂടി 12-5-2021 തീയതിയിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സമർപ്പിച്ചിരുന്നതായും നിലവിലും ടിയാരിയ്ക്ക് പെൻഷൻ ലഭ്യമായിട്ടില്ലായെന്നും അറിയിയ്ക്കുകയുണ്ടായി. തുടർന്ന്, ടി വിഷയത്തിൽ തുടർനടപടികൾ വേഗത്തിലാക്കാൻ അക്കൗണ്ടന്റ് ജനറലിന് 6-9-2021 തീയതിയിലെ കത്ത് മുഖേന നിർദേശം നൽകുകയുണ്ടായി. അതനുസരിച്ച് കുമാരി പാർവ്വതി എ.എച്ച്.-ന് 1-9-2017 തീയതി പ്രാബല്യത്തിൽ പ്രതിമാസം 8500 രൂപ സബ് ട്രഷറി, കൂത്തുപറമ്പ് മുഖേന ഫാമിലി പെൻഷൻ അനുവദിച്ചിട്ടുള്ളതായി അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ടിലെ വിവരം 3-2-2022 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

19-10-2022-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### റവന്യൂ (ദുരന്ത നിവാരണ) വകുപ്പ്

**(13) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രഘുവരൻ, ആലപ്പുഴ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 22937/ഹർജി സി1/2020/നി.സെ.)

2017-ൽ വീഴ്ചയിൽ ഹർജിക്കാരന്റെ കാലിന് ഒടിവ് സംഭവിച്ചതിനെ തുടർന്ന് ടിയാൻ ഒരു ഓപ്പറേഷന് വിധേയനായി ചികിത്സയിലായിരുന്നുവെന്നും തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 2017

ഡിസംബറിൽ അപേക്ഷ സമർപ്പിച്ചുവെന്നും ധനസഹായം ലഭിക്കാത്തതിനെ തുടർന്ന് 2020 ജനുവരി മാസത്തിൽ ബഹു: മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി സമർപ്പിച്ചുവെന്നും പ്രസ്തുത പരാതിയിൽ നടപടി സ്വീകരിച്ചതായും 5,000 രൂപ ടിയാന് അനുവദിച്ച് ഉത്തരവായതായും ഫോൺ മുഖേന ടിയാനെ അറിയിച്ചുവെന്നും അതിൻ പ്രകാരം ചേർത്തല താലൂക്ക് ഓഫീസിനെ പലതവണ സമീപിച്ചെങ്കിലും പ്രസ്തുത തുക ടിയാന് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടി തുക അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 17-11-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 23-12-2020-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (ഡി. ആർ. എഫ്.- സി.) വകുപ്പ് 24-6-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. രഘുവരൻ സമർപ്പിച്ച അപേക്ഷയിൽ, ടിയാന് അനുവദിച്ച തുക കൈപ്പറ്റിയിട്ടില്ലായിരുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 16-2-2021-ലെ 248946 നമ്പർ ചെക്ക് പ്രകാരം 5,000 രൂപ അനുവദിച്ചിട്ടുള്ളതും അന്ന് തന്നെ ടിയാൻ ചെക്ക് കൈപ്പറ്റിയിട്ടുള്ളതുമാകുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 23-7-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 19-10-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

**(14) നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പതിനാലാം വാർഡ് അയനിക്കാട് തുരുത്തിലുള്ളവരുടെ യാത്രാ ക്ലേശം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ബി. അജിത്ത്, കോഴിക്കോട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 15226/ഹർജി സി1/2012/നി.സെ.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ മൂന്ന് വശവും പുഴയാൽ ചുറ്റപ്പെട്ട തുരുത്തായ അയനിക്കാട് എന്ന പ്രദേശത്ത് താമസിക്കുന്ന 12 കുടുംബങ്ങൾക്ക് കരമാർഗ്ഗം എത്തുവാൻ വളരെ ദുർഘടമായ വഴിയാണുള്ളതെന്നും, അവിടെയുള്ള കുട്ടികൾ പഠിക്കുന്നത് പുഴയ്ക്ക് അക്കരെയുള്ള സ്കൂളിലാണെന്നും, പൊട്ടിപ്പൊളിഞ്ഞ തോണിയിലാണ് അവർ യാത്ര ചെയ്യുന്നതെന്നും

മഴക്കാലത്ത് തോണിയാത്ര അസാധ്യമായതിനാൽ ആ സമയത്ത് കുട്ടികൾ പഠനം നിർത്തേണ്ട അവസ്ഥയാണെന്നും യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി നിരവധി തവണ ബന്ധപ്പെട്ട അധികാരികളെ സമീപിച്ചുവെങ്കിലും ഫലമുണ്ടായില്ലെന്നും ആയതിനാൽ പ്രസ്തുത പ്രദേശത്തുള്ളവർക്ക് ഒരു നടപ്പാതയോ കടത്തുതോണിയോ ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് 28-11-2011-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 25-7-2012-ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിന് അയച്ചു കൊടുത്തു. എന്നാൽ അതിന്മേലുള്ള റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ 13-12-2017-ൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതി യോഗം ഹർജി വിഷയം പരിഗണിക്കുകയുണ്ടായി. എന്നാൽ ടി യോഗത്തിൽ ഹർജിക്കാരൻ ഹാജരാകാത്തതിനാൽ പരാതിക്ക് പരിഹാരമായിട്ടുണ്ടോയെന്ന് ടിയാനോട് ആരായുവാനും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതി യോഗത്തിൽ ഹാജരാകാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാനും തീരുമാനിച്ചു.

ഹർജി വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ (ആർ. സി.) വകുപ്പ് 6-7-2021-ലെ കത്ത് മുഖേന  ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട അയനിക്കാട് എന്ന തുരുത്തിലേക്ക് ഏറെ ബുദ്ധിമുട്ടിയാണ് പ്രദേശ നിവാസികൾ എത്തിച്ചേരുന്നത്. യാത്രാക്ലേശം പരിഹരിക്കുന്നതിന് കേരഫെഡ് ജങ്ഷനിൽ നിന്നും നടപ്പാതയോ അതല്ലെങ്കിൽ കടത്തു തോണിയോ ഏർപ്പെടുത്തണമെന്നാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത വിഷയം സംബന്ധിച്ച് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം അയനിക്കാട് തുരുത്തിലെ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പാലം പണികഴിപ്പിക്കുന്നതിനായി 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതായും കോഴിക്കോട് പി.ഡബ്ല്യു.ഡി.  ബ്രിഡ്ജ് വിഭാഗം ആയതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 19-10-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(15) പഞ്ചായത്തിന്റെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കണമെന്നപേക്ഷിച്ച്കൊണ്ട് ശ്രീ. എം. അബ്ദുൽ ഹമീദ്, മലപ്പുറം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 13529/ഹർജി സി1/2015/നി. സെ.)

മലപ്പുറം ജില്ലയിലെ കാളികാവ് പുഴ മാങ്കുണ്ട് ഭാഗം സംരക്ഷണം എന്ന പേരിൽ SGRY പദ്ധതിയിൽ ഉൾപ്പെടുത്തി 2003-ൽ നടത്താനിരുന്ന പ്രവൃത്തിയുടെ കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട ഹർജിക്കാരൻ 8-1-2004-ൽ ടി വർക്കിന് വേണ്ടി 50,000 രൂപ അഡ്വാൻസായി കൈപ്പറ്റുകയും 27-2-2004-ൽ 774.95 ക്വിന്റൽ അരി കൈപ്പറ്റുകയും ചെയ്തിരുന്നുവെന്നും എന്നാൽ തദ്ദേശവാസികളായ ചിലരുടെ എതിർപ്പ് മൂലം ടി പ്രവൃത്തി യഥാസമയം ചെയ്യാൻ സാധിച്ചില്ലെന്നും ആയത് ചെയ്യാൻ പറ്റുന്ന സാഹചര്യം ഗ്രാമപഞ്ചായത്ത് അധികാരികൾ നൽകാത്തതിനാൽ 2006 മാർച്ച് 30-ാം തീയതി മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 62,000 രൂപ പഞ്ചായത്തിന് തിരിച്ച് നൽകിയെന്നും അതിനുശേഷം നശിച്ചുപോയ അരിയുടെ വിലയായി കരാറിൽ കാണിച്ചിരിക്കുന്ന തുക പഞ്ചായത്ത് അധികാരികളെ ഏൽപ്പിക്കുകയും ചെയ്തിരുന്നുവെന്നും 14-1-2015 തീയതിയായി സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

കാലഹരണപ്പെട്ട അരിയുടെ വില തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൈപ്പറ്റിയ അരിയുടെ മാർക്കറ്റ് വിലയിൽ പഞ്ചായത്തിലേക്ക് അടവാക്കിയ 4,80,469 രൂപ കിഴിച്ച് ബാക്കി 4,76,594 രൂപയും അതിന്റെ പലിശ തുകയായ 10,05,108 രൂപയും ഉൾപ്പെടെ 14,81,702 രൂപ (പതിനാല് ലക്ഷത്തി എൺപത്തൊന്നായിരത്തി എഴുന്നൂറ്റി രണ്ട് രൂപ) അടക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് ടിയാന് ലഭിച്ചിട്ടുണ്ടെന്നും ഭാര്യയും മൂന്ന് മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ദൈനംദിന ചെലവുകൾ നടത്തുന്നതിന് പ്രയാസപ്പെടുന്ന ഹർജിക്കാരൻ സ്വന്തമായി വീടില്ലാത്തതിനാൽ വാടക വീട്ടിലാണ് താമസമെന്നും ആയതിനാൽ സമിതി ഇടപെട്ട് പഞ്ചായത്തിന്റെ എല്ലാവിധ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് പ്രസ്തുത ഹർജിയിൽ അപേക്ഷിച്ചിരുന്നു.

27-5-2015-ലെ സമിതി യോഗ തീരുമാന പ്രകാരം ടി ഹർജി റിപ്പോർട്ടിനായി 28-5-2015-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് 3-10-2016 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മലപ്പുറം ജില്ലയിൽ ചോക്കാട് പഞ്ചായത്തിൽ 2002-03 വർഷത്തെ എസ്. ജി. ആർ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിച്ച കാളികാവ് പുഴയുടെ മാങ്കുണ്ട് ഭാഗം അരികുഭിത്തി നിർമ്മാണ പ്രവൃത്തിക്കായി പഞ്ചായത്തുമായി കരാറിൽ

ഏർപ്പെട്ട കൺവീനറായ ശ്രീ. അബ്ദുൾ ഹമീദ്, മുസ്ലിയാരകത്ത് (വീട്), ഉദിരംപൊയിൽ, പുല്ലങ്കോട് (പി.ഒ.), മലപ്പുറം ജില്ല എന്നയാൾ 774.95 ക്വിന്റൽ അരി കൈപ്പറ്റിയെങ്കിലും പദ്ധതി നടപ്പാക്കാത്തതിന്റെ പേരിൽ അരിയുടെ വില ഇനത്തിൽ 4,80,469 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിരുന്നു എന്നും എന്നാൽ പ്രവൃത്തി നടപ്പാക്കാത്തതിനാൽ ടിയാൻ അരിയുടെ സബ്സിഡിയ്ക്ക് അർഹനല്ലെന്നും അരിയുടെ മാർക്കറ്റ് വിലയായ ക്വിന്റലിന് 1,235 രൂപാ നിരക്കിൽ നാളിതുവരെയുള്ള പലിശ ഉൾപ്പെടെയുള്ള തുക അടവാക്കേണ്ടതാണെന്നും 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 4,76,594 രൂപയും പിഴ പലിശയും അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ചോക്കാട് ഗ്രാമപഞ്ചായത്ത് ടിയാന് കത്ത് നൽകിയിട്ടുണ്ടെന്നും സർക്കാർ ഫണ്ടിലുണ്ടായ നഷ്ടം പിഴ പലിശ സഹിതം ഈടാക്കുന്നതിന് ചോക്കാട് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 29117/2008 കേസിലെ 20-11-2013 തീയതിയിലെ ഉത്തരവ് പ്രകാരം ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച Ext. P7-ൽ പരാമർശിച്ച കാര്യങ്ങൾ പരിഗണിക്കുന്നതിനായി ഉത്തരവ് കൈപ്പറ്റി മൂന്ന് മാസങ്ങൾക്കകം പഞ്ചായത്ത് ടിയാന് അവസരം നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന് രേഖാമൂലം അറിയിപ്പ് നൽകിയതായും ആയത് 17-3-2014-ന് ടിയാൻ കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ കോടതി നിശ്ചയിച്ച സമയ പരിധിയ്ക്കുള്ളിൽ ടിയാൻ മറുപടി സമർപ്പിക്കുകയോ മറ്റ് തെളിവുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലെന്നും ടിയാന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ടിയാന് സ്വന്തമായി വീടില്ലെന്നും കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന ആളാണെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ടിയാന് സ്വന്തമായി കാളികാവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 136-ൽ റീസർവെ നമ്പർ 101/10-ൽ 0.0202 ഹെക്ടർ ഭൂമിയുള്ളതായി നിലമ്പൂർ തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 15-12-2016-ലെ സമിതി യോഗം, ഹർജിക്കാരന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ഹർജിക്കാരനെ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു.

സമിതി തീരുമാനം 13-2-2017-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിനെ അറിയിച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് പി. അബ്ദുൾ ഹമീദ് എന്നയാൾ സമിതി മുമ്പാകെ സമർപ്പിച്ച 22-2-2018 തീയതിയായുള്ള ഹർജിയിൽ കാളികാവ് പുഴയുടെ മങ്കുണ്ട് ഭാഗം

സൈഡ് ഭിത്തി കെട്ടുന്നതിനായി ലക്ഷങ്ങൾ കൈപ്പറ്റിയ ശേഷം ഒരു പൈസ പോലും ചെലവഴിക്കാതെ അഴിമതി നടത്തിയത് സംബന്ധിച്ച ബാധ്യത ഒഴിവാക്കിത്തരണമെന്നാവശ്യപ്പെട്ടാണ് ഹർജിക്കാരനായ എം. അബ്ദുൾ ഹമീദ് ഹർജി സമർപ്പിച്ചിരിക്കുന്നതെന്നും ടി വിഷയത്തിന്മേൽ വിജിലൻസ് കേസ് നിലവിലുണ്ടെന്നും, പഞ്ചായത്ത് സെക്രട്ടറിയെ സ്വാധീനിച്ച് പാപ്പരാണെന്ന കത്ത് സമ്പാദിച്ചാണ് ബാധ്യതയിൽ നിന്നും ഒഴിവാകുവാൻ ശ്രമിക്കുന്നതെന്നും മലപ്പുറം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ഹർജിക്കാരന് അഞ്ച് സെന്റ് സ്ഥലമുണ്ടെന്നും അതിൽ ഒരു വീടും സഹോദരങ്ങളുടേതെന്ന പേരിൽ വാഹനങ്ങളും സ്വന്തമായുണ്ടെന്നും വർഷങ്ങളായി കാളികാവ് സർവീസ് സഹകരണ ബാങ്കിൽ ഡയറക്ടറും പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ് ടിയാനെന്നും ബോധിപ്പിച്ചിരുന്നു.

ടി ഹർജി പരിഗണിച്ച 31-7-2018-ലെ സമിതി യോഗം ഹർജി വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചതിൻ പ്രകാരം 13-8-2018-ന് മലപ്പുറം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് ചേർന്ന സമിതി യോഗം ഹർജിക്കാരനിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പിൽ ഹർജിക്കാരന്റെ പേരിലല്ല അബ്ദുൾ മജീദ് എന്നയാളുടെ പേരിലാണ് വിജിലൻസ് കേസ് നിലവിലുള്ളതെന്നും സമിതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ തെറ്റ് പറ്റിയിട്ടുണ്ടെന്നും ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചതിനെ തുടർന്ന് ശരിയായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോടും ഹർജിക്കാരന് കൂടുതൽ കാര്യങ്ങൾ ബോധിപ്പിക്കുവാനുണ്ടെങ്കിൽ പ്രതികരണ ഹർജി സമർപ്പിക്കാൻ ഹർജിക്കാരനോടും സമിതി നിർദേശിച്ചു. തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച 30-8-2018 തീയതിയായുള്ള പ്രതികരണ ഹർജിയിൽ ടിയാന്റെ പേരിൽ വിജിലൻസ് കേസ്സ് ഒന്നുംതന്നെ നിലവിലില്ലെന്ന് ടിയാൻ ബോധിപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27-10-2018-ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ (ഡി. സി.) വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ടി വിഷയം 3-2-2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുന്നതാണെന്ന വിവരം അറിയിച്ചതിനെ തുടർന്ന് ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ് 29-1-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ചോക്കാട് ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തിൽ SGRY പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിച്ച കാളികാവ് പുഴയുടെ മാങ്കുണ്ട് ഭാഗം അരിക് ഭിത്തി

നിർമ്മാണ പ്രവൃത്തിക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കൺവീനറായ ശ്രീ. എം. അബ്ദുൾ ഹമീദ് 27-2-2004-ന് പദ്ധതി മാർഗരേഖ പ്രകാരമുള്ള ഭക്ഷ്യ ധാന്യ ഇനത്തിൽ പ്രവൃത്തിക്കായി 774.95 ക്വിന്റൽ അരി കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ അരിയുടെ വില ഇനത്തിൽ 4,80,469 രൂപ 26-6-2006-ന് പഞ്ചായത്തിൽ തിരിച്ചടച്ചിരുന്നു. എന്നാൽ പ്രവൃത്തി നടപ്പാക്കാത്ത സ്ഥിതിക്ക് സബ്സിഡി നിരക്കിന് ടിയാൻ അർഹനല്ലെന്നും മാർക്കറ്റ് വിലയായ ക്വിന്റലിന് 1,235 രൂപ നിരക്കിൽ പലിശ ഉൾപ്പെടെ തുക തിരികെ അടവാക്കേണ്ടതുണ്ടെന്നും മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അടവാക്കിയ 4,80,469 രൂപ കിഴിച്ച് ബാക്കി തുകയായ 4,76,594 രൂപയും പിഴപ്പലിശയും സഹിതം തിരികെ അടവാക്കണമെന്ന് കാണിച്ച് ടിയാന് ചോക്കാട് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകി. ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ടിയാൻ സമർപ്പിച്ച റിട്ട് ഹർജിയിൽ (WPC No.29117/2008) പരാതിക്കാരനെ പഞ്ചായത്ത് സെക്രട്ടറി നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന് 20-11-2013-ൽ ബഹു. കോടതി ഉത്തരവായിരുന്നു. ബഹു. കോടതി ഉത്തരവനുസരിച്ച് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് പഞ്ചായത്ത് സെക്രട്ടറി പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നെങ്കിലും കോടതി നിർദേശിച്ച സമയ പരിധിക്കുള്ളിൽ ടിയാൻ പഞ്ചായത്ത് സെക്രട്ടറി മുൻപാകെ ഹാജരാകുകയോ മറുപടി നൽകുകയോ ചെയ്തിരുന്നില്ല. 1-7-2014-ന് ടിയാൻ നൽകിയ വിശദീകരണം 16-7-2014-ലെ ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും മറുപടിയിൽ പരാമർശിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെന്ന് ബോധ്യമായതിനാൽ നിരസിക്കുകയും നിയമാനുസൃത തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി അടവാക്കേണ്ട തുകയായ 4,76,594 രൂപയും പലിശ ഇനത്തിൽ 10,05,108 രൂപയും ഉൾപ്പെടെ 14,81,702 രൂപ അടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

പഞ്ചായത്തിന്റെ ടി ബാധ്യതകളിൽ നിന്നും ഒഴിവാക്കിത്തരണം എന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ ഹമീദ്, ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ നിയമസഭാ സമിതിയ്ക്ക് സർക്കാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് നിയമസഭാ സമിതി പരിഗണിക്കുകയും ഹർജിക്കാരന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു.

പ്രസ്തുത തീരുമാനം ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുകൊണ്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായും, ഹർജിക്കാരനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം (വിജിലൻസ് എൻക്വയറി) നടത്തി ബഹു. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടന്നുവരികയും ചെയ്യുന്ന ഒരു കേസിലെ അന്തിമ വിധി വരുന്നതിന് മുൻപ് ബാധ്യത ഒഴിവാക്കി നൽകാനാവില്ല എന്ന് സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് നിയമസഭാ സമിതി പരിഗണിക്കുകയും, ഹർജിക്കാരനെതിരെ വിജിലൻസ് കേസ് നിലവിലില്ലെന്നും ശ്രീ. അബ്ദുൾ മജീദ് എന്ന വ്യക്തിയുടെ പേരിലാണ് കേസ് നിലവിലുള്ളതെന്നും സമിതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ തെറ്റ് പറ്റിയിട്ടുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ശരിയായ റിപ്പോർട്ട് സമർപ്പിക്കുവാനും ഹർജിക്കാരനോട് പ്രതികരണ ഹർജി നൽകുവാനും സമിതി നിർദേശിച്ചിരുന്നു. ശ്രീ. അബ്ദുൽ മജീദ് എൻ. എന്നയാളുടെ പേരിലാണ് ടി പ്രവൃത്തിയുടെ പേരിൽ കേസ് നിലവിലുള്ളതെന്നും തനിക്കെതിരെ ഒരു കേസും നിലവിലില്ലെന്നും ശ്രീ. അബ്ദുൾ ഹമീദ് സമർപ്പിച്ച പ്രതികരണ ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രതികരണ ഹർജിയിന്മേൽ ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിലും ശ്രീ. നീലങ്ങാടൻ അബ്ദുൽ മജീദ് എന്നവർക്കെതിരെയാണ് കേസ് നിലനിൽക്കുന്നതെന്നും ശ്രീ. അബ്ദുൽ ഹമീദ് എന്നവരുടെ പേരിൽ കേസുകൾ നിലവിലില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ബാധ്യതകളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന നിയമസഭാ സമിതിയുടെ നിർദേശം പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് ഭരണ സമിതിയുടെ തീരുമാനം സർക്കാരിനെ അറിയിക്കുവാൻ ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. ഹർജിക്കാരന്റെ ബാധ്യത എഴുതി തള്ളുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് നിയമപരമായി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു."

3-2-2021-ലെ തെളിവെടുപ്പ് യോഗം മേല്പറഞ്ഞ ഇടക്കാല റിപ്പോർട്ട് പരിഗണിക്കുകയും തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പിൽ നിന്നും ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാനും ടി വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കാനും തീരുമാനിച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് 21-6-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ചോക്കാട് ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തിൽ SGRY പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിച്ച കാളികാവ് പുഴയുടെ മാങ്കുണ്ട് ഭാഗം അരിക് ഭിത്തി നിർമ്മാണ പ്രവൃത്തിക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കൺവീനറായ ശ്രീ. എം അബ്ദുൾ ഹമീദ് 27-2-2004-ന് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ഭക്ഷ്യധാന്യ ഇനത്തിൽ പ്രവൃത്തിക്കായി 774.95 ക്വിന്റൽ അരി കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ അരിയുടെ വില ഇനത്തിൽ 4,80,469 രൂപ 26-6-2006-ന് പഞ്ചായത്തിൽ തിരിച്ചടച്ചിരുന്നു. എന്നാൽ പ്രവൃത്തി നടപ്പാക്കാത്ത സ്ഥിതിക്ക് സബ്സിഡി നിരക്കിന് ടിയാൻ അർഹനല്ലെന്നും മാർക്കറ്റ് വിലയായ ക്വിന്റലിന് 1,235 രൂപ നിരക്കിൽ പലിശ ഉൾപ്പെടെ തുക തിരികെ അടവാക്കേണ്ടതുണ്ടെന്നും മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അടവാക്കിയ 4,80,469 രൂപ കിഴിച്ച് ബാക്കി തുകയായ 4,76,594 രൂപയും പിഴപലിശയും സഹിതം തിരികെ അടവാക്കണമെന്ന് കാണിച്ച് ടിയാന് ചോക്കാട് ഗ്രാമ പഞ്ചായത്ത് നോട്ടീസ് നൽകി. ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ടിയാൻ സമർപ്പിച്ച റിട്ട് ഹർജിയിൽ WPC No.29117/2008 പരാതിക്കാരനെ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് കേട്ട് തീരുമാനമെടുക്കണമെന്ന് 20-11-2013-ൽ ബഹു. കോടതി ഉത്തരവായിരുന്നു. ബഹു. കോടതി ഉത്തരവനുസരിച്ച് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് പഞ്ചായത്ത് സെക്രട്ടറി പരാതിക്കാരന് നോട്ടിസ് നൽകിയിരുന്നെങ്കിലും കോടതി നിർദേശിച്ച സമയ പരിധിക്കുള്ളിൽ ടിയാൻ പഞ്ചായത്ത് സെക്രട്ടറി മുൻപാകെ ഹാജരാവുകയോ മറുപടി നൽകുകയോ ചെയ്തിരുന്നില്ല. 1-7-2014-ന് ടിയാൻ നൽകിയ വിശദീകരണം 16-7-2014-ലെ ഭരണ സമിതിയോഗം ചർച്ചചെയ്യുകയും മറുപടിയിൽ പരാമർശിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെന്ന് ബോധ്യമായതിനാൽ നിരസിക്കുകയും നിയമാനുസൃത തുടർനടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി അടവാക്കേണ്ട തുകയായ 4,76,594 രൂപയും പലിശ ഇനത്തിൽ 10,05,108 രൂപയും ഉൾപ്പടെ 14,81,702 രൂപ അടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

പഞ്ചായത്തിന്റെ ടി ബാധ്യതകളിൽ നിന്നും ഒഴിവാക്കിത്തരണം എന്നാവശ്യപ്പെട്ട് ശ്രീ. എം. അബ്ദുൾ ഹമീദ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ നിയമസഭാ സമിതിയ്ക്ക് സർക്കാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് നിയമസഭാ സമിതി പരിഗണിക്കുകയും ഹർജിക്കാരന്റെ നിലവിലെ

സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായും, ഹർജിക്കാരനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടന്നുവരികയും ചെയ്യുന്ന ഒരു കേസിലെ അന്തിമ വിധി വരുന്നതിന് മുൻപ് ബാധ്യത ഒഴിവാക്കി നൽകാനാവില്ല എന്നും സമിതിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് നിയമസഭാ സമിതി പരിഗണിക്കുകയും, ഹർജിക്കാരനെതിരെ വിജിലൻസ് കേസ് നിലവിലില്ലെന്നും ശ്രീ. അബ്ദുൾ മജീദ് എന്ന വ്യക്തിയുടെ പേരിലാണ് കേസ് നിലവിലുള്ളതെന്നും സമിതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ തെറ്റ് പറ്റിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ശരിയായ റിപ്പോർട്ട് സമർപ്പിക്കാനും ഹർജിക്കാരനോട് പ്രതികരണ ഹർജി നൽകാനും സമിതി നിർദേശിച്ചിരുന്നു. ശ്രീ. അബ്ദുൾ മജീദ് എൻ. എന്നയാളുടെ പേരിലാണ് ടി പ്രവൃത്തിയുടെ പേരിൽ കേസ് നിലവിലുള്ളതെന്നും തനിക്കെതിരെ ഒരു കേസും നിലവിലില്ലെന്നും ശ്രീ. അബ്ദുൾ ഹമീദ് സമർപ്പിച്ച പ്രതികരണ ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രതികരണ ഹർജിയിന്മേൽ ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിലും ശ്രീ. നീലങ്ങാടൻ അബ്ദുൾ മജീദ് എന്നവർക്കെതിരെയാണ് കേസ് നിലനിൽക്കുന്നതെന്നും ശ്രീ. അബ്ദുൾ ഹമീദ് എന്നവരുടെ പേരിൽ കേസുകൾ നിലവിലില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന നിയമസഭാ സമിതിയുടെ നിർദേശം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 1-2-2021-ലെ ഭരണ സമിതി യോഗത്തിൽ അവതരിപ്പിക്കുകയും 2(1) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ശ്രീ. അബ്ദുൾ ഹമീദ് എന്നയാളുടെ സാമ്പത്തികനില വളരെ പരിതാപകരവും ദയനീയവുമാണെന്നും അന്നന്നത്തെ ചെലവിന് തന്നെ വളരെ പ്രയാസം അനുഭവപ്പെടുന്ന ആളാണ് ടിയാനെന്നും 5 സെന്റ് സ്ഥലത്ത് നാട്ടുകാർ നിർമ്മിച്ച് നൽകിയ വീട്ടിലാണ് ടിയാനും കുടുംബവും താമസിക്കുന്നതെന്നും യോഗം വിലയിരുത്തി. ശ്രീ. എം. അബ്ദുൾ ഹമീദിന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന 4,76,594 രൂപയും ആയതിന്റെ പിഴ പലിശയും ഇനത്തിലെ ഭീമമായ തുക അടവാക്കുന്നതിന് ഒരിക്കലും സാധിക്കാത്ത അവസ്ഥയാണ്

അന്നും ഇപ്പോഴും ഉള്ളതെന്നും യോഗം വിലയിരുത്തി. ആയതിനാൽ മാനുഷിക പരിഗണന നൽകി ടിയാനെ ഈ സാമ്പത്തിക ബാധ്യതയിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ യോഗം അംഗീകരിച്ച് തീരുമാനിച്ചു.

നിയമസഭാ സമിതിയുടെ ശിപാർശയുടെയും, ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. എം. അബ്ദുൾ ഹമീദിനെ ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന 4,76,594 രൂപയും ആയതിന്റെ പിഴ പലിശയും ഒടുക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 4-6-2021-ലെ സ. ഉ. (സാധാ) നമ്പർ 1094/2021/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്" (അനുബന്ധം V).

പ്രസ്തുത റിപ്പോർട്ടിലെ വിവരം 23-7-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

19-10-2022-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(16) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷറഫ് എം., കൊല്ലം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 26516/ഹർജി സി1/2018/നി. സെ.)

പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ഹർജിക്കാരൻ ഒരു വാഹനാപകടത്തെ തുടർന്ന് നട്ടെല്ലിന് പരിക്ക് പറ്റി ശരീരം മുഴുവൻ തളർന്ന് ശയ്യാവലംബിയായെന്നും മെഡിക്കൽ ബോർഡ് 100% ഡിസെബിലിറ്റി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 31-1-2016 തീയതിയായി ഇൻവാലിഡ് പെൻഷൻപ്പറ്റി സർവ്വീസിൽ നിന്നും പിരിഞ്ഞുവെന്നും 31-5-2022-ൽ സൂപ്പർ ആനുവേഷൻ പെൻഷനിൽ സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്ന ഹർജിക്കാരന് സർവ്വീസ് കാലയളവ് കുറവായതിനാൽ മിനിമം പെൻഷൻ ആണ് അനുവദിച്ചതെന്നും പ്രസ്തുത തുക ടിയാന്റെ ചികിത്സയ്ക്കും നിത്യ ചെലവുകൾക്കും കുട്ടികളുടെ പഠനത്തിനും തികയുന്നില്ലെന്നും ടി സാഹചര്യത്തിൽ ചട്ടങ്ങളിൽ ഇളവ് നൽകി ഹർജിക്കാരന്റെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് സർക്കാരിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും ഇൻവാലിഡ് പെൻഷൻ വാങ്ങുന്നുവെന്ന കാരണത്താൽ ടി അപേക്ഷ നിരസിച്ചുവെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ മകന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 13-12-2018 തീയതിയിൽ സമിതി അംഗം ശ്രീ. ആർ രാമചന്ദ്രൻ എം.എൽ.എ. മുഖേന സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ടി ഹർജി റിപ്പോർട്ടിനായി 14-1-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്കയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ് ലഭ്യമാക്കിയ 29-10-2020-ലെ 98/ഇപിഎ 3/2019/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"24-6-2020-ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25-6-2020-ലെ സ. ഉ. (എം.എസ്.) 100/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ നിന്നും ഇൻവാലിഡ് പെൻഷൻ പറ്റിയ സീനിയർ ക്ലാർക്ക് ശ്രീ. ഷറഫ് എം.-ന്റെ മകനായ മിൽഹാൻ എസ്.-ന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമനം വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവുനൽകി ആശ്രിത നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്."

**(17) കോഴിക്കോട് ജില്ലയിലെ മുണ്ട്യാടി തോടിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുണ്ട്യാടി തോട് സംരക്ഷണ സമിതി സെക്രട്ടറി ശ്രീ. പ്രഭാകരൻ, കോഴിക്കോട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 18099/ഹർജി സി1/2019/നി. സെ.)

കോഴിക്കോട് കോർപ്പറേഷനിലെ വെസ്റ്റ് ഹിൽ ഗസ്റ്റ് ഹൗസ് പരിസരത്ത് നിന്ന് ആരംഭിച്ച് കനോലി കനാലിൽ അവസാനിക്കുന്ന മുണ്ട്യാടി തോടിൽ പരിസരവാസികൾ ബാത്ത്റൂം മാലിന്യം ഉൾപ്പെടെയുള്ള മലിന ജലം ഒഴുക്കി വിടുന്നുവെന്നും അതുകാരണം കൊതുകുകൾ പെരുകി പരിസരവാസികളുടെ ജീവിതം ദുസ്സഹമായിരിക്കുകയാണെന്നും മാലിന്യം ഒഴുക്കി വിടുന്ന പരിസരവാസികളോട് സംസാരിക്കുകയും ജില്ലാ കളക്ടർക്കും കോർപ്പറേഷൻ ഹെൽത്ത് ഓഫീസർക്കും പരാതി നൽകുകയും ചെയ്തെങ്കിലും അതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് അക്കാര്യത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന് 10-5-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 25-5-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പിൽ നിന്നും 6-6-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വെസ്റ്റ് ഹിൽ ഗസ്റ്റ് ഹൗസ് പരിസരത്ത് നിന്നും കനോലി കനാലിലേയ്ക്ക് ഒഴുകുന്ന മുണ്ട്യാടി തോടിലേയ്ക്ക് മാലിന്യം ഒഴുക്കി വിടുന്നത് സംബന്ധിച്ച് ശ്രീ. സി. പ്രഭാകരൻ സമർപ്പിച്ച നിവേദനത്തിന്മേൽ

കോഴിക്കോട് കോർപ്പറേഷൻ നാലാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തിയിരുന്നു. ഈ വിഷയം ഉന്നയിച്ചുകൊണ്ട് ശ്രീ. സി. പ്രഭാകരൻ ജില്ലാ കളക്ടർക്ക് പരാതി സമർപ്പിച്ചതിനെ തുടർന്ന് ടി പ്രവർത്തനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പരാതി വാസ്തവമാണെന്ന് കണ്ടെത്തിയതിനാൽ ശ്രീ. സി. പ്രഭാകരൻ സമർപ്പിച്ച നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള ശ്രീ. ചന്ദ്രശേഖരൻ നായർ, ശ്രീ. ശ്രീധരൻ എന്നീ കക്ഷികൾക്ക് മാലിന്യം വീട്ടുവളപ്പിൽത്തന്നെ ശാസ്ത്രീയമായി സംസ്കരിക്കണം എന്നും പുറത്തേയ്ക്ക് ഒഴുക്കാൻ പാടുള്ളതല്ല എന്നും അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കി നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കക്ഷികൾ മലിനജലം വീട്ടിൽ തന്നെ സംസ്കരിക്കുന്നതിന് മലിനജല ടാങ്ക് നിർമ്മിച്ചിട്ടുള്ളതും മലിന ജലം മുണ്ട്യാടി തോടിലേക്ക് ഒഴുക്കി വിടുന്നത് അവസാനിപ്പിച്ചിട്ടുള്ളതും ഈ വിവരം ശ്രീ. സി. പ്രഭാകരനെ അറിയിച്ചിട്ടുള്ളതുമാണ് എന്നും നിലവിൽ മുണ്ട്യാടി തോടിൽ മാലിന്യങ്ങൾ ഇല്ലാത്തതും തോടിന്റെ ഒഴുക്ക് സുഗമമായി തുടരുന്നതാണ് എന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ട് 7-6-2022-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

കോഴിക്കോട് കോർപ്പറേഷന്റെ പത്താം ഡിവിഷനിലുള്ള മുണ്ട്യാടി തോട്ടിലേയ്ക്ക് മലിന ജലം ഒഴുക്കി വിടുന്നത് സംബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്ന് മാലിന്യം വീട്ടുവളപ്പിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഹർജിയിൽ പരാമർശിച്ചിട്ടുള്ള രണ്ട് പേർക്ക് നോട്ടീസ് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ടി കക്ഷികൾ 2020-ൽ തന്നെ വീട്ടിൽ മലിനജല ടാങ്ക് നിർമ്മിച്ചിട്ടുള്ളതും മലിന ജലം മുണ്ട്യാടി തോടിലേക്ക് ഒഴുക്കി വിടുന്നത് അവസാനിപ്പിച്ചിട്ടുണ്ടെന്നും സ്ഥല പരിശോധന നടത്തിയപ്പോൾ നിലവിൽ അത്തരത്തിലുള്ള മാലിന്യ പ്രശ്നം ഉള്ളതായി കണ്ടെത്തിയിട്ടില്ലെന്നും എല്ലാ തോടുകൾക്കും സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്നും മാലിന്യം ശ്രദ്ധയിൽപ്പെട്ടാൽ അതിന് ഉത്തരവാദികളായവർക്ക് നോട്ടീസ് നൽകി പിഴ ചുമത്തിവരുന്നുണ്ടെന്നും കോഴിക്കോട് നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു.

ഹർജി വിഷയം പരിഹരിച്ച സ്ഥിതിയ്ക്ക് സർക്കാർ റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**(18) കെട്ടിട നമ്പർ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ബൈജു കെ. പി., ആലപ്പുഴ സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 21708/ഹർജി സി1/2019/നി. സെ.)

ഹർജിക്കാരൻ സ്വന്തമായി തട്ടുകട നടത്തിയാണ് ജീവിക്കുന്നതെന്നും തട്ടുകട നടത്തുന്നതിനായി ടിയാന്റെ മാതാവിന്റെ പേരിലുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും 24-11-2014-ൽ പെർമിറ്റ് ലഭിക്കുകയും ചെയ്തുവെന്നും എന്നാൽ പണി പൂർത്തിയായ ശേഷം പഞ്ചായത്ത് ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ലെന്നും കൈക്കൂലി നല്കാത്തതിനാലാണ് ആയത് അനുവദിക്കാത്തതെന്നും അതിനെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകിയതിന്റെ വൈരാഗ്യത്താൽ ടി കെട്ടിടത്തിന്റെ സമീപത്തുള്ള റോഡിന് 8 മീറ്റർ വീതിയാണുള്ളതെന്ന് പഞ്ചായത്ത് രേഖകളിൽ കൃത്രിമം കാട്ടിയെന്നും 3 മീറ്റർ വീതിയുള്ള ടി റോഡിന് റവന്യൂ രേഖകൾ പ്രകാരം 5.2 മീറ്റർ വീതിയാണുള്ളതെന്നും എന്നാൽ ടി റോഡിന് 8 മീറ്റർ വീതിയുണ്ട് എന്ന് കണക്കാക്കി പഞ്ചായത്ത് കെട്ടിട നമ്പർ നിഷേധിക്കുന്നുവെന്നും അതേ റോഡിന്റെ ഇരുവശത്തുമുള്ള കെട്ടിടങ്ങൾക്ക് അതുവരെ പെർമിറ്റ് നല്കിയത് ടി റോഡിന്റെ വീതി 3 മീറ്ററാണെന്ന് കണക്കാക്കിയാണെന്നും ആയതിനാൽ സമിതി ഇടപെട്ട് ഹർജിക്കാരന് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 20-8-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 1-10-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ. എ.) വകുപ്പ് 6-3-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് 13-ാം വാർഡിൽ സർവ്വേ നമ്പർ 258/8-3-ൽപ്പെട്ട 04.05 ആർ വസ്തുവിൽ 46.22 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ബൈജു, രേവതി എന്നിവർക്ക് 24-11-2014-ൽ A1-5690/14 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു.

അപേക്ഷകൻ 27-7-2017-ൽ കെട്ടിടത്തിന് നമ്പർ ഇടുന്നതിനായി കംപ്ലീഷൻ പ്ലാൻ സഹിതം അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരുന്നത് 46.22 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നുവെന്നും, എന്നാൽ പെർമിറ്റിന് വിരുദ്ധമായി 52.33 $m^2$ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിരിക്കുന്നതെന്നും കെട്ടിട നിർമ്മാണം കെ. പി. ബി. ആർ.-ന്

വിരുദ്ധമാണെന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ പെർമിറ്റ് പ്ലാനുകളിൽ ഉണ്ടായിരുന്ന അളവുകളിൽനിന്ന് വ്യത്യസ്തമായാണ് ടി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിരുന്നത്. തുടർന്ന് ഇക്കാര്യം 14-8-2017-ൽ അപേക്ഷകനെ അറിയിക്കുകയും ടിയാൻ ജില്ലാ കളക്ടർക്കും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും, ജില്ലാ ടൗൺ പ്ലാനർക്കും, വില്ലേജിൽ ഒരു ദിനം അദാലത്തിലും പരാതി സമർപ്പിച്ചു. ടിയാന്റെ പരാതിയിന്മേൽ ജില്ലാ ടൗൺ പ്ലാനർ സംഘടിപ്പിച്ച അദാലത്തിൽ ടി വസ്തുവിന്റെ സർവ്വേ സ്കെച്ച് കൂടി പരിശോധിച്ച് സ്ഥല പരിശോധനയും നടത്തി കെ. പി. ബി. ആർ. ചട്ട ലംഘനമില്ലെങ്കിൽ പഞ്ചായത്ത് നമ്പർ നൽകേണ്ടതാണെന്ന് 12-7-2018-ൽ നിർദേശിക്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയെങ്കിലും അപേക്ഷകൻ സമർപ്പിച്ച ബ്ലോക്ക് സർവ്വേ സ്കെച്ച് പ്രകാരം സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കാൻ സാധിച്ചില്ല. അപേക്ഷകൻ സമർപ്പിച്ചിരുന്ന സൈറ്റ് പ്ലാനും, സർവേ സ്കെച്ചും തമ്മിൽ വലിയ അന്തരം കണ്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് അളവോടുകൂടിയ സർവ്വേ സ്കെച്ച് ഹാജരാക്കിയാൽ മാത്രമേ ചട്ടലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുകയുള്ളൂവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന സർവ്വേ സ്കെച്ചിൽ നിന്നും അതിരുകൾ നിർണ്ണയിക്കുവാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ കെ. പി. ബി. ആർ. റൂൾ 27 (3), 28 (1) പ്രകാരമുള്ള സെറ്റ് ബാക്ക് നിർണ്ണയിക്കുവാൻ സാധിക്കുന്നില്ലെന്നും പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ ടി കെട്ടിടത്തിന്റെ തെക്ക് അതിരിലുള്ള റോഡ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന റോഡ് രജിസ്റ്ററിൽ 8 മീറ്ററുള്ള" മാരാരിക്കുളം-കണ്ണേർക്കാട് റോഡ്" (ആസ്തി രജിസ്റ്ററിൽ കളിത്തട്ട് ജംഗ്ഷൻ-പറക്കുളം റോഡ്) വിജ്ഞാപനം ചെയ്ത റോഡായതിനാലും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 220 (ബി) പാലിച്ചിരുന്നുമില്ല.

ഇത് സംബന്ധിച്ച് നടന്ന ജില്ലാ അദാലത്തിൽ പ്രസ്തുത സ്ഥലം റവന്യൂ അധികൃതരെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ചതിനു ശേഷം അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിന് സെക്രട്ടറിക്ക് നിർദേശം നല്കുകയും ഇതിനായി ചേർത്തല ഭൂരേഖാ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 26-8-2019-ൽ ചേർത്തല ഭൂരേഖ തഹസിൽദാർക്ക് പഞ്ചായത്തിൽ നിന്ന് അറിയിപ്പ് നൽകി.

പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് അളവുകളോട് കൂടിയ സർവ്വേ സ്കെച്ച് ലഭ്യമാക്കുന്നതിന് ശ്രീ. ബൈജു നിശ്ചിത ഫോറത്തിൽ ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതാണെന്ന്, പഞ്ചായത്ത് നല്കിയ കത്തിന്

മറുപടിയായി, ചേർത്തല ഭൂരേഖ തഹസിൽദാർ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അറിയിപ്പ് നല്കുകയും അക്കാര്യം പഞ്ചായത്ത് അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 15-9-2021-ലെ സമിതി യോഗം റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിച്ചു. പ്രസ്തുത റിപ്പോർട്ടിലെ വിവരം 18-1-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

തദ്ദേശസ്വയംഭരണ (ആർ. എ.) വകുപ്പ് 8-3-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാരനായ ശ്രീ. ബൈജു കെ. പി., രേവതി (കന്നിമേൻവെളി) നിർമ്മിച്ചിട്ടുള്ള കടമുറിയ്ക്ക് സർവ്വേ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ 20-10-2021 തീയതിയിൽ കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(19) വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ വിവിധ റോഡുകൾ പുതുക്കിപ്പണിയണമെന്നാവശ്യപ്പെട്ട് ശ്രീ. എസ്. എം. പ്രമോദ്, വയനാട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 21859/ഹർജി സി1/2019/നി. സെ.)

വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ വിവിധ റോഡുകൾ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കണമെന്ന് 1-8-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു. ടി റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i. മുടപ്പനാൽ കടവ് പാലം മുതൽ പുതുശ്ശേരി ടൗൺ വരെയുള്ള റോഡ് പുതുക്കി പണിയുക.

ii. കുഞ്ഞോം കുങ്കിച്ചിറ – പൊർളോം - പാലേരി - വഞ്ഞോട് - പുതുശ്ശേരി - മൂളിത്തോട് റോഡ് നിർമ്മിക്കുക.

iii. കുറ്റ്യാടി - പക്രംതളം - നിരവിൽപുഴ റോഡിന്റെ കയറ്റം കുറച്ച് വീതി വർദ്ധിപ്പിക്കുക.

iv. ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരങ്ങാട് - വഞ്ഞോട് E3 പാർക്ക് - പാലേരി - കരിമ്പിൽ - കുഞ്ഞോം - കുങ്കിച്ചിറ ഹെറിറ്റേജ് മ്യൂസിയം റോഡ് വീതി കൂട്ടി ലെവലൈസ് ചെയ്യുക.

മേല്പറഞ്ഞ ഹർജി റിപ്പോർട്ടിനായി 19-9-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി. എ.) വകുപ്പ് 20-5-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതിയിൽ പരാമർശിച്ചിട്ടുള്ള മുടപ്പനാൽക്കടവ് പാലം മുതൽ പുതുശ്ശേരി ടൗൺ വരെയുള്ള റോഡ് തൊണ്ടർനാട് ഗ്രാമപഞ്ചായത്തും, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി പുതുക്കി പണിതിട്ടുണ്ട്.

കുഞ്ഞോം - കുങ്കിച്ചിറ - പൊർളോം - പാലേരി - വഞ്ഞോട് - പുതുശ്ശേരി - മൂളിത്തോട് റോഡിൽ കുഞ്ഞോം - കുങ്കിച്ചിറ റോഡ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ആയതിൽ തന്നെ പൊർളോം - പാലേരി - വഞ്ഞോട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് 16-7-2021 തീയതിയിൽ 1(8) നമ്പറായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ വഞ്ഞോട് - പുതുശ്ശേരി റോഡ് പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് ചെയ്തിട്ടുണ്ട്. പുതുശ്ശേരി മൂളിത്തോട് റോഡ് പൊതു മരാമത്ത് വകുപ്പ് 2018-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബി. എം. & ബി. സി. ടാറിംഗ് നടത്തിയിട്ടുണ്ട്.

കുറ്റ്യാടി - പക്രംതളം - നിരവിൽപ്പുഴ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ടതാണ്.

കാഞ്ഞിരങ്ങാട് - വഞ്ഞോട്- ഇ 3 പാർക്ക് - പാലേരി - കരിമ്പിൽ – കുഞ്ഞോം - കുങ്കിച്ചിറ ഹെറിറ്റേജ് മ്യൂസിയം റോഡിൽ കാഞ്ഞിരങ്ങാട് - വഞ്ഞോട് റോഡ് പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് ചെയ്തിട്ടുണ്ട്. പാലേരി - കരിമ്പിൽ റോഡ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച 4 റോഡുകളും ഗതാഗത യോഗ്യമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 7-6-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ടി റിപ്പോർട്ടിലെ വിവരം 30-7-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടി അവസാനിപ്പിച്ചു.

**(20) ലൈഫ് മിഷൻ ഭവന പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനെതിരെ ശ്രീമതി ബി.ശോഭന, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 15068/ഹർജി സി1/2020/നി. സെ.)

ഹർജിക്കാരി ബി.പി.എൽ. റേഷൻ കാർഡ് ഉടമയും വിധവയുമാണെന്നും ഇടിഞ്ഞ് പൊളിഞ്ഞ് നാശോൻമുഖമായ വീട്ടിലാണ് താമസിക്കുന്നതെന്നും 2019-20-ലെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഹർജിക്കാരിയുടെ പേരുണ്ടെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചുവെന്നും എന്നാൽ വിവരാവകാശ ആക്ട്, 2005 പ്രകാരം അപേക്ഷ നല്കിയതിൻ പ്രകാരം ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ലെന്നും എന്നാൽ അനർഹരായ വ്യക്തികളെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നെന്നും ആയതിനാൽ സമിതി ഇടപെട്ട് നിർദ്ധനയും വിധവയുമായ ഹർജിക്കാരിക്ക് വീട് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 29-1.2020-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 14-2-2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വംയഭരണ (ഡി.ബി) വകുപ്പ് 25-1-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ലൈഫ് ഭവന പദ്ധതിക്കായി ശ്രീമതി ശോഭന ബി., വടക്കേക്കര വീട് എന്നയാൾ 2017-ൽ സമർപ്പിച്ചിരുന്ന പരിശോധന ഫോറത്തിൽ സ്വന്തമായി ഭവനമുണ്ട് എന്ന് രേഖപ്പെടുത്തിയിരുന്നതിനാലാണ് സോഫ്റ്റ് വെയർ മുഖേന ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവാക്കപ്പെട്ടിരുന്നത്. എന്നാൽ ടിയാളുടെ പരാതി പരിശോധിച്ചതിൽ വീട് വാസയോഗ്യമല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ 2017 ഡിസംബറിൽ നിലവിൽ വന്ന ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർക്ക് വീണ്ടും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം സർക്കാർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശോഭന പുതുതായി അപേക്ഷ സമർപ്പിക്കുകയും ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ കോഴോട് വാർഡിൽ ക്രമനമ്പർ 39 ആയി (ലൈഫ് 1/276/405385) ടിയാളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുന്നു.”

പ്രസ്തുത റിപ്പോർട്ടിലെ വിവരം 5-3-2021-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 19-10-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(21) കെട്ടിടത്തിന് മുകളിലേയ്ക്ക് ചാഞ്ഞ് നിൽക്കുന്ന പുളിമരം മുറിച്ച് മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീമതി അമിത മജീദ്, ചങ്ങനാശ്ശേരി, കോട്ടയം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 18176/ഹർജി സി1/2020/നി. സെ.)

ചങ്ങനാശ്ശേരി നഗരസഭ 28-ാം വാർഡിൽ, പുഴവാത് പാടപ്പറമ്പ് പുരയിടത്തിൽ ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടത്തിന്റെ മുകളിലേയ്ക്ക് എതിർകക്ഷി വക പുരയിടത്തിൽ നിൽക്കുന്ന വാളൻപുളി മരത്തിന്റെ ശിഖരങ്ങൾ മുൻസിപ്പൽ റോഡും, ഇലക്ട്രിക് ലൈനും കടന്ന് പന്തലിച്ച് കിടക്കുകയാണെന്നും അത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് 15-6-2019-ന് പരാതി നൽകിയെങ്കിലും നടപടി സ്വീകരിച്ചില്ലെന്നും പ്രസ്തുത വൃക്ഷത്തിന്റെ ഇലയും പൂക്കളും മറ്റും കെട്ടിടത്തിന്റെ ടെറസ്സിലും, പാരപ്പറ്റിലും, സൺഷേഡിലും വീണ് കിടക്കുന്നതുമൂലം വെള്ളം കെട്ടിക്കിടന്ന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നും പുളിയില ചീഞ്ഞ് അമ്ലരസമുള്ള ലായനി ഉണ്ടായി കോൺക്രീറ്റിനും മറ്റും നാശമുണ്ടാക്കുന്നെന്നും പ്രസ്തുത പുളിമരത്തിന്റെ ശിഖരങ്ങൾ മഴക്കാലത്ത് വൈദ്യുതി ലൈനിലേയ്ക്ക് ഒടിഞ്ഞുവീണ് മനുഷ്യ ജീവന് അപകടമുണ്ടാകുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ കെട്ടിടത്തിന്റെ മുകൾ ഭാഗത്തേയ്ക്ക് പന്തലിച്ച് നിൽക്കുന്ന ശിഖരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 24-6-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10-8-2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ് 15-1-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ തന്റെ കെട്ടിടത്തിലേയ്ക്ക് പന്തലിച്ച് നിൽക്കുന്ന പുളിമരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റി സുരക്ഷിതമാക്കിക്കിട്ടണമെന്നാശ്യപ്പെട്ട് ശ്രീമതി അമിത മജീദ് സമർപ്പിച്ച ഹർജിയിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടുകൾ ലഭ്യമാക്കി പരിശോധിച്ചു.

ചങ്ങനാശ്ശേരി നഗരസഭയിൽ ശ്രീ. എം. റ്റി. ജോർജ്കുട്ടി എന്നയാളുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ നിൽക്കുന്ന വാളൻപുളി മരത്തിന്റെ ശിഖരങ്ങൾ പരാതിക്കാരിയായ ശ്രീമതി അമിത മജീദിന്റെ കെട്ടിടത്തിന് മുകളിലേയ്ക്ക് വളർന്ന് പന്തലിച്ച് നിൽക്കുന്നതുമൂലം ഇലയും പൂവും കായ്കളും കെട്ടിടത്തിന് മുകളിലേയ്ക്ക് വീണ് വെള്ളം കെട്ടി നിന്ന് കെട്ടിടത്തിന് കേടുപാടുകൾ ഉണ്ടാകുന്നതായും ടി കെട്ടിടത്തിലെ താമസക്കാർക്ക് ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നതുമായിട്ടാണ് പരാതി ലഭിച്ചിട്ടുള്ളത്.

പരാതി പരിഹരിക്കുന്നതിന് ടി വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റിക്കിട്ടണമെന്നാണ് അപേക്ഷക ബഹു. സമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്.

നഗരസഭ ഹെൽത്ത് വിഭാഗം അന്വേഷണം നടത്തി ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പുളിമരത്തിന്റെ ശിഖരങ്ങൾ മുറിച്ച് നീക്കം ചെയ്ത് പരാതി പരിഹരിക്കുന്നതിന് മരത്തിന്റെ ഉടമയായ ശ്രീ. എം. റ്റി. ജോർജ് എന്നയാളെ നോട്ടീസ് മുഖാന്തിരം അറിയിച്ചിരുന്നെങ്കിലും ടിയാൻ നോട്ടീസിലെ താല്പര്യ പ്രകാരം പ്രവർത്തിക്കുകയോ മറുപടി നൽകുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ പരാതിക്കാരിയെയും എതിർകക്ഷിയെയും നേരിൽ കേൾക്കുന്നതിന് അറിയിപ്പ് നൽകുകയും പരാതിക്കാരിക്ക് വേണ്ടി അബ്ദുൾകലാം, എന്നയാളും എതിർകക്ഷിയും ഹാജരാകുകയും ചെയ്തിരുന്നു.

പുളിമരം നിൽക്കുന്ന ഭൂമി CDRT, possession-ൽ ഉള്ളതാണെന്നും സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ലെന്നും കെ.എസ്.ഇ.ബി.-യിൽ പരാതി നൽകി കെ.എസ്.ഇ.ബി.-യെ കൊണ്ട് മുറിച്ച് മാറ്റിക്കൊള്ളാം എന്ന് എഴുതി തന്നിട്ടുള്ളതും പരാതിക്കാരിക്ക് വേണ്ടി ഹാജരായ ശ്രീ. അബ്ദുൾകലാം എന്നയാൾ ഇക്കാര്യം സമ്മതിച്ചിരുന്നതുമാണെന്നും എന്നാൽ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ വന്നപ്പോൾ ചങ്ങനാശ്ശേരി ലീഗൽ സർവ്വീസസ് അതോറിറ്റി മുമ്പാകെ പരാതി നൽകുകയും രണ്ട് തവണ ഹിയറിംഗ് നടത്തിയതിൽ അപകടകരമായി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടി മാറ്റിക്കൊള്ളാമെന്ന് ശ്രീ. എം. റ്റി. ജോർജ് ഹിയറിംഗ് സമയത്ത് കോടതിയെ അറിയിച്ചെങ്കിലും നടപടി ഉണ്ടായില്ല എന്നും ഈ സാഹചര്യത്തിൽ നഗരസഭ നേരിട്ട് (ഡിപ്പാർട്ട്മെന്റലായി) പുളിമരത്തിന്റെ ശിഖരങ്ങൾ മുറിച്ച് നീക്കം ചെയ്ത് പരാതി പരിഹരിച്ചിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കാലാകാലങ്ങളിൽ മരത്തിന്റെ ശിഖരങ്ങൾ വളർന്നുവരുന്ന താകയാൽ യഥാസമയം ആയവ മുറിച്ചുമാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതായും ടി മരം മൂലം പരാതിക്കാരിക്കോ മറ്റാർക്കെങ്കിലുമോ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്ന് കാണിച്ച് 12-8-2021-ൽ എതിർകക്ഷിയായ ശ്രീ. എം. റ്റി. ജോർജ്ജിന് നോട്ടീസ് നൽകിയിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

റിപ്പോർട്ടിലെ വിവരം 23-2-2022-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിച്ചിട്ടും പ്രതികരണമില്ലാത്തതിനാൽ പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(22) കെട്ടിട നികുതി കുറയ്ക്കുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീ. ഷാനി കെ. തോമസ്, പത്തനംതിട്ട സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 14115/ഹർജി സി2/2015/നി. സെ.)

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത്, ഹൗസ് നമ്പർ-VI-458-ൽ കുടുംബസമേതം സ്ഥിരമായി താമസിക്കുന്ന സൈമൺ എം. ഫിലിപ്പ് എന്നയാളിന്റെ വീടിന്റെ മൊത്ത വിസ്തീർണ്ണം 177.27 ചതുരശ്ര മീറ്റർ ആണെന്നും, 2011-12 സാമ്പത്തിക വർഷം കരം ഇനത്തിൽ ആകെ 4,130 രൂപ 10-10-2011-ൽ അടച്ചിരുന്നുവെന്നും, കരം വാങ്ങിയ തുക അധികമാണെന്നും അതിനാൽ അത് കുറവ് ചെയ്ത് നല്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കണമെന്ന് പഞ്ചായത്തിൽ നിന്നും പറഞ്ഞതനുസരിച്ച് 14-10-2011-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ അതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നും അതേ വിഷയത്തിന്മേൽ നടപടിയാവശ്യപ്പെട്ടു കൊണ്ട് പത്തനംതിട്ട ജില്ലാ കളക്ടർക്കും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും കോൾ സെന്ററിലും പരാതി നൽകിയിരുന്നുവെങ്കിലും നാളിതുവരെ പരിഹാരമായിട്ടില്ലെന്നും, 2011-12-ന് ശേഷം നിയമാനുസൃതമായിട്ടുള്ള ന്യായമായ വീട്ടുകരം അടയ്ക്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ, കരം കുറവുചെയ്ത് ടി തുക അടയ്ക്കുന്നതിന് സാധിക്കുന്ന തരത്തിൽ നടപടി സ്വീകരിക്കണമെന്ന് ശ്രീ. സൈമൺ എം. ഫിലിപ്പിന്റെ ബന്ധുവായ ശ്രീ. ഷാനി കെ. തോമസ് 30-1-2015-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 21-2-2015-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ് 8-5-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സൈമൺ എം. ഫിലിപ്പ്, കണക്കാലമ്പള്ളിൽ വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/112 (പഴയത് 6/458) നമ്പർ വീടിന്റെ വസ്തു നികുതി 2011-12 വർഷത്തിൽ വാർഷിക വാടക നിരക്ക് പ്രകാരം 4,130 രൂപയായി നിശ്ചയിച്ചിട്ടുള്ളതും, ടിയാൻ 4,130 രൂപ നിരക്കിൽ കരം അടച്ചിട്ടുള്ളതുമാണെന്നും കരം കൂടുതലാണെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധന നടത്തുകയും, 2013-14 മുതൽ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ 2,155 രൂപയായി വസ്തു നികുതി പുനർ നിർണ്ണയിച്ച് നൽകിയിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ 2,155 രൂപ നിരക്കിൽ ടിയാൾ 2013-14 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കരം അടവാക്കിയിട്ടുള്ളതുമാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 7-6-2022-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിക്കാരന്റെ വീടിന്റെ നികുതി പുനർനിർണ്ണയിക്കുകയും അതിൻ

പ്രകാരമുള്ള തുക ടിയാൻ അടവാക്കുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാനപ്രകാരം മേല്പറഞ്ഞ റിപ്പോർട്ടിലെ വിവരം 10-11-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുകയും ചെയ്തു.

**(23) ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുമോൻ എൻ. എസ്., കോട്ടയം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 23897/ഹർജി സി2/2019/നി. സെ.)

ഹർജിക്കാരൻ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 15-7-2019-ൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് സെക്രട്ടറിക്കും, 19-ാം വാർഡ് മെമ്പർക്കുമെതിരെ ടിയാൻ വിജിലൻസിന് പരാതി നൽകിയതിന്റെ മുൻവൈരാഗ്യത്താൽ ടിയാന് പെർമിറ്റ് നൽകാതെ താമസിപ്പിക്കുകയാണെന്നും ആയതിനാൽ സമിതി ഇടപെട്ട് പെർമിറ്റ് ലഭ്യമാക്കണമെന്ന് 25-10-2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 30-10-2019-ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് അയച്ചു. 23-1-2020, 19-3-2020 എന്നീ തീയതികളിൽ ഹർജിക്കാരൻ തുടർ ഹർജികളും സമർപ്പിച്ചിരുന്നു.

അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 19-ാം വാർഡിൽ ഷാപ്പുപടി നാലാങ്കൽ പഞ്ചായത്ത് റോഡിന്റെ പുനർനിർണ്ണയം സംബന്ധിച്ചുള്ള അഴിമതി ടിയാന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിവരാവകാശ ആക്ട് പ്രകാരം വിവരങ്ങൾ ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കിഴക്കൻമേഖല, കോട്ടയം എന്നിവിടങ്ങളിൽ പരാതി നൽകിയിരുന്നുവെന്നും ആയത് സംബന്ധിച്ച് തന്റെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ടി പരാതിയിൽ ജയപ്രകാശ് എന്നയാൾ പ്രതിയാണെന്നും അതുമൂലമുള്ള വിരോധം നിമിത്തം നിയമപരമായി ലഭിക്കേണ്ട ബിൽഡിംഗ് പെർമിറ്റ് നൽകാതെ ന്യായങ്ങൾ പറഞ്ഞും അന്യായനഷ്ടം വരുത്തണമെന്ന ദുരുദ്ദേശ്യത്തോടും കൂടി എതിർകക്ഷികൾ പെരുമാറുകയാണെന്ന് ബോധിപ്പിച്ചിരുന്നു.

കൂടാതെ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറും, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് ഓവർസീയറും ചേർന്ന് സ്ഥല പരിശോധന നടത്തിയതിൽ ടി സ്ഥലത്തിന്റെ നേരെ എതിർവശത്തുള്ള സ്ഥലത്തിന്റെ അതിരിൽ പി.ഡബ്ല്യു.ഡി. പാർശ്വഭിത്തി നിർമ്മിച്ച് അതിര് വേർതിരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ടി നിർമ്മാണത്തിൽ നിന്നും റോഡിന്റെ കുറുകെ ഹർജിക്കാരന്റെ നിർദ്ദിഷ്ട സ്ഥലത്തേക്ക് അളന്നതിൽ 7 മീറ്റർ കഴിഞ്ഞാണ് ഹർജിക്കാരൻ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ പുരയിട അതിർത്തിയിൽ ഭൂനിരപ്പിൽ compound wall അടിത്തറ നിർമ്മിച്ചിട്ടുള്ളതെന്ന് കാണുകയുണ്ടായിയെന്നും 20 സെ.മീ. മാത്രം വീതിയുള്ള ടി അടിത്തറ കഴിഞ്ഞുള്ള ടിയാന്റെ പുരയിട അതിർത്തിയിൽ നിന്നായാലും നിർദ്ദിഷ്ട നിർമ്മാണത്തിലേയ്ക്ക് 3 മീറ്റർ അകലം വ്യക്തമായും ലഭ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും സീനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ടി നിർമ്മാണത്തിന് നിർദ്ദിഷ്ട ദൂരപരിധി പാലിച്ചിട്ടുണ്ടെന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണെന്നും അതിനാൽ അടിയന്തരമായി കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കണമെന്നും ഹർജിക്കാരന് എതിർകക്ഷി മൂലമുണ്ടായ നഷ്ടം ടിയാനിൽനിന്നും ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത തുടർ ഹർജികൾ റിപ്പോർട്ടിനായി യഥാക്രമം 14-2-2020, 4-6-2020 എന്നീ തീയതികളിലെ കത്തുകൾ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചിരുന്നു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാത്തതിനെതുടർന്ന്, ടി വിഷയം സമിതിയുടെ 7-6-2022-ലെ തെളിവെടുപ്പ് യോഗത്തിന്റെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് 6-6-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം ജില്ലയിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 19-ാം വാർഡിലെ സുമോൻ എൻ. എസ്. നെടിയകാല കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ സർവ്വേ നമ്പർ 22/10-ൽപ്പെട്ട റോഡ് പുറമ്പോക്ക് 15 സെ.മീ കൈയേറിയിട്ടുള്ളതായി കോട്ടയം തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. പി.ഡബ്ല്യു.ഡി. റോഡ് ഭാഗത്ത് കൈയേറിയിട്ടുള്ള 15 സെ.മീ നിർമ്മാണം പൊളിച്ചുനീക്കുക, ഹർജി കക്ഷിയുടെ കെട്ടിടത്തിന്റെ മുൻവശം 3 മീറ്റർ വരത്തക്ക രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നീ നിബന്ധനകളോടെ 1-12-2021-ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ഹർജികക്ഷിക്ക് കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 7-6-2022-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

1-8-2022-ലെ കത്ത് മുഖേന ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിച്ചു.

**(24) വകുപ്പുതല അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ സേവന വിരാമ ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. സുധാകരൻ സി., തൃശ്ശൂർ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 20949/ഹർജി സി2/2020/നി. സെ.)

ഹർജിക്കാരൻ 2014-ൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്തു വരവെ 17-5-2014-ൽ പരിശോധനയ്ക്കെത്തിയ വിജിലൻസ് അധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേവനാവകാശ ബോർഡ്, വിജിലൻസ് അവയർനെസ് ബോർഡ് എന്നിവ പ്രദർശിപ്പിച്ചില്ല, പേഴ്സണൽ ഡെയ്‌ലി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചില്ല എന്നീ 3 കുറ്റങ്ങൾ ചുമത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ യൂണിറ്റ് അച്ചടക്ക നടപടി ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുകയുണ്ടായെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 16-12-2015-ൽ ടിയാന് ചാർജ് മെമ്മോ നൽകിയെന്നും ആയതിന് ടിയാൻ 14-3-2016-ൽ വിശദീകരണം നൽകിയെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദേശാനുസരണം, ടിയാനിൽ ആരോപിക്കപ്പെട്ട അച്ചടക്ക നടപടികളിൽ പഞ്ചായത്ത് ഡയറക്ടർ 2019 ജനുവരിയിൽ അന്വേഷണം നടത്തുകയും അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് നൽകിയെന്നും, ടി വകുപ്പ് നൽകിയ ചാർജ് മെമ്മോയ്ക്ക് ടിയാൻ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ 2019 ജനുവരി മാസത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ടിയാനെ നേരിൽ കേട്ടുവെന്നും അതിന് ശേഷം അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിന് വിജിലൻസ് വകുപ്പിന് വിരോധമുണ്ടോ എന്നറിയുന്നതിനായി വിജിലൻസ് അധികൃതർക്ക് കത്ത് നൽകുന്നതാണെന്ന് ആവശ്യപ്പെടുന്നതാണെന്ന് ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥൻ വാക്കാൽ ടിയാനെ അറിയിച്ചിരുന്നുവെന്നും 31-7-2019-ൽ ടിയാൻ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സേവനവിരാമ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ടി ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് 27-5-2020-ൽ മാർഗരേഖ

പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആഡിറ്റ് പൂർത്തീകരിക്കാത്ത സാഹചര്യത്തിലും വിജിലൻസ് കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട വിജിലൻസ് കേസ് വിചാരണയ്ക്ക് എടുക്കാത്ത സാഹചര്യത്തിലും പെൻഷണറുടെ സമ്മതപത്രം വാങ്ങിയ ശേഷം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതാണെന്ന് പ്രസ്തുത മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾക്കായി ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് ടിയാൻ അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ ആയത് സമർപ്പിച്ച് മൂന്നര മാസം കഴിഞ്ഞിട്ടും ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ തയ്യാറായിട്ടില്ലെന്നും വിജിലൻസ് അധികൃതർ മതിയായ അന്വേഷണം നടത്താതെയാണ് അച്ചടക്ക നടപടികൾക്ക് ശിപാർശ ചെയ്തതെന്നും വിജിലൻസ് അന്വേഷണ സമയത്ത് മേൽ പരാമർശിച്ചിരുന്ന ബോർഡുകൾ അറ്റകുറ്റപ്പണികൾ കാരണം ഓഫീസിന്റെ മറ്റൊരു ഭാഗത്തേയ്ക്ക് മാറ്റി സ്ഥാപിച്ചിരുന്നുവെന്നും ഡെയ്‌ലി ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിക്കുകയുണ്ടായില്ലായെന്നും ആയതിനാൽ ടിയാൻ സമർപ്പിച്ചിട്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സേവന വിരാമ ആനുകൂല്യങ്ങൾ ടിയാന് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകണമെന്ന് 22-10-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 16-11-2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ് 28-4-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പദ്ധതി നിർവഹണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി സർക്കാരിൽ സമർപ്പിച്ച വിജിലൻസ് റിപ്പോർട്ടിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ലായെന്നും, വിജിലൻസ് ബോധവൽക്കരണ ബോർഡ് പ്രദർശിപ്പിച്ചില്ലായെന്നും, സേവനാവകാശം സംബന്ധിച്ചുള്ള ബോർഡ് ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കുകയുണ്ടായില്ലായെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. സുധാകരനെതിരെ ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. കുറ്റപത്രത്തിന് ശ്രീ. സുധാകരൻ സമർപ്പിച്ച പ്രതിവാദപത്രികയുടേയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ആരോപണങ്ങളിന്മേൽ സെക്രട്ടറിയായിരുന്ന ശ്രീ. സി. സുധാകരന്റെ ഭാഗത്തുനിന്നും ഉത്തരവാദിത്വ ക്കുറവുണ്ടായതായി കണക്കാക്കുവാൻ കഴിയാത്തതിനാൽ ശ്രീ. സി. സുധാകരനെതിരെ ആരംഭിച്ച അച്ചടക്ക നടപടി 16-12-2020 തീയതിയിലെ സ.ഉ.(സാധാ)നമ്പർ

2322/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കുകയുണ്ടായി. തുടർന്ന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയോയെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആരായുകയുണ്ടായി.

ശ്രീ.സുധാകരനെതിരെ ആരംഭിച്ച അച്ചടക്ക നടപടി സ.ഉ.(സാധാ)നമ്പർ.2322/2020/ ത.സ്വ.ഭ.വ. തീയതി 16-12-2020 പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന് പെൻഷൻ ക്ലിയറൻസ് അനുവദിച്ചിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ മുഴുവൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട് എന്നും ആയത് അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.''

പ്രസ്തുത റിപ്പോർട്ടിലെ വിവരം 16-7-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 9-2-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**(25) സേവന വിരാമ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. പി. കുരിയൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 1128/ഹർജി സി2/2021/നി.സെ.)

പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിലെ 33 വർഷത്തെ സേവന ത്തിനുശേഷം, 31-7-2019-ൽ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനത്തിൽ നിന്നും വിരമിച്ച ഹർജിക്കാരൻ, തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിൽ സർക്കാർ ഭൂമിയിൽ നടന്ന അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച ഒരു ഫയലിലെ തുടർ നടപടിയുമായി ബന്ധപ്പെട്ട് വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ലാത്ത തിനാൽ, ടിയാന്റെ സേവന വിരാമ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണെന്നും, എന്നാൽ പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതല്ലായെന്ന് കണ്ടെത്തി, അച്ചടക്ക നടപടികൾ ഒഴിവാക്കി തീർപ്പാക്കുകയുണ്ടായെന്നും, ഹർജിക്കാരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായെന്നും, എന്നാൽ 18 മാസം പിന്നിട്ടിട്ടും ടിയാന് സേവന വിരാമ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും, സേവന വിരാമ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ

അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 27-5-2020-ലെ സ. ഉ. (അച്ചടി) നമ്പർ 67/2020/ധന ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ടിയാൻ 24-6-2020 തീയതിയായി സമ്മതപത്രം സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ ഫയൽ സർക്കാരിലേക്ക് റഫർ ചെയ്തുവെന്ന കാരണത്താൽ ടി സർക്കാർ ഉത്തരവ് പാലിക്കുകയുണ്ടായില്ലെന്നും ടിയാന് നാളിതുവരെയായിട്ടും ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്നും, ആയതിനാൽ സമിതി ഇടപെട്ട് പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് ടിയാൻ സമർപ്പിച്ച 6-1-2021 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27-1-2021-ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഇ.പി.ബി.) വകുപ്പ് 28-4-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കിയിരുന്ന ശ്രീ. റ്റി. പി. കുരിയനെതിരെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് സർക്കാരിന്റെ 7-3-2018-ലെ 38/ഇ. പി. ബി. 3/2018/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. റ്റി. പി. കുരിയനെതിരെ 1960-ലെ കേരള സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. റ്റി. പി. കുര്യൻ എതിർവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് അച്ചടക്ക നടപടിക്ക് ആധാരമായ സംഗതിയിൽ 1960-ലെ കേരള സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീ. റ്റി. പി. കുരിയനെതിരായ ആരോപണങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്നും ടിയാൻ 31-7-2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. തുടർന്ന് കുറ്റാരോപിതൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ കത്ത് സമർപ്പിക്കുകയുണ്ടായി. തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. റ്റി. പി. കുരിയൻ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ

പെൻഷനിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള അച്ചടക്ക നടപടി മാത്രമേ സ്വീകരിക്കാൻ കഴിയൂ. ആയതിനാൽ KSR ഭാഗം III-ലെ ചട്ടം 3A പ്രകാരം കുറ്റാരോപിതന്റെ പെൻഷനിൽ നിന്നും തുക കുറവുചെയ്യാൻ തക്ക ഗുരുതരമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല എന്നതിനാലും, ശ്രീ. റ്റി. പി. കുരിയനെതിരായ പഞ്ചായത്ത് ഡയറക്ടറുടെ കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്ന ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും ശ്രീ. റ്റി. പി. കുരിയനെതിരെയുള്ള അച്ചടക്ക നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിക്കുകയും അതിൻ പ്രകാരം കെ. എസ്. ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും ഇക്കാര്യത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ടും 23-2-2021-ലെ സ. ഉ. (സാധാ) നമ്പർ 553/2021/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.''

പ്രസ്തുത റിപ്പോർട്ടിലെ വിവരം 13-8-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

11-1-2022-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(26) കോട്ടയ്ക്കൽ നഗരസഭയിലെ വിവിധ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് പാണ്ടമംഗലം റസിഡന്റ്സ് അസോസിയേഷൻ, മലപ്പുറം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 16268/ഹർജി സി3/2018/നി. സെ.)

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന പാണ്ടമംഗലം മതിലകത്തുപടി ചിറ കെട്ടി വെള്ളം സംഭരിച്ച് ടി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനും കൃഷിക്ക് ഉപയുക്തമാക്കുന്നതിനും, ചിറയ്ക്ക് ഇരുവശത്തുമുള്ള വരമ്പിനോട് ചേർന്ന് കുളിക്കടവ് കെട്ടി പ്രദേശത്തുള്ളവർക്ക് കുളിക്കുവാനും വസ്ത്രം അലക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും നായാടിപ്പാറ മുതൽ കിഴക്ക് അല്ലിങ്ങൽപ്പടി വരെയുള്ള റോഡ് റീടാർ ചെയ്ത് ഉപയുക്തമാക്കിക്കിട്ടുന്നതിനും കോട്ടയ്ക്കൽ നഗരസഭയ്ക്ക് ആവശ്യമായ നിർദേശം നൽകുന്നതിന് കഴിഞ്ഞ പത്ത് വർഷത്തിലധികമായി നിരന്തരം ആവശ്യപ്പെട്ടിട്ടും പരിഹരിച്ച് കിട്ടാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യങ്ങൾ പരിഹരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പാണ്ടമംഗലം റസിഡന്റ്സ് അസോസിയേഷൻ 14-2-2018 തീയതിയായി ബഹുമാനപ്പെട്ട സ്പീക്കർ മുമ്പാകെ ഹർജി സമർപ്പിക്കുകയും, ബഹു. സ്പീക്കർ ടി ഹർജി, ഹർജികൾ സംബന്ധിച്ച സമിതിക്ക് കൈമാറുകയും ചെയ്തു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 8-3-2018-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭിക്കാതിരുന്നതിനാൽ സമിതി തെളിവെടുപ്പ് നടത്തുന്നതാണ് എന്ന വിവരം അറിയിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് 4-6-2022-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

7-6-2022-ലെ സമിതി യോഗം ടി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയ്ക്കൽ നഗരസഭയിലെ 7-ാം വാർഡായ നായാടിപ്പാറ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ചിറയിൽ തടയണ കെട്ടുന്നതിനുള്ള ഇന്ദിരാഗാന്ധി മെമ്മോറിയൽ ഗ്രാമവികസന സമിതി സമർപ്പിച്ച അപേക്ഷയിന്മേൽ മുനിസിപ്പൽ എഞ്ചിനീയറുടെ അനുമതി വാങ്ങി തടയണ സ്വന്തം ചെലവിൽ നിർമ്മാണം നടത്തുന്നതിന് ഇന്ദിരാഗാന്ധി മെമ്മോറിയിൽ ഗ്രാമവികസന സമിതിയ്ക്ക് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് 20-5-2017-ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. നഗരസഭയിൽ നിർമ്മാണാനുമതി ലഭിക്കുന്നതിന് മുമ്പുതന്നെ തോടിന് കുറുകെ അശാസ്ത്രീയമായ രീതിയിൽ ബണ്ട് നിർമ്മാണം പൂർത്തികരിക്കുകയും പ്രസ്തുത നിർമ്മാണം കാരണം പ്രദേശത്ത് വെള്ളം കെട്ടി കൃഷി നാശം സംഭവിക്കുന്നതായി കാണിച്ച് കൃഷി ഓഫീസർക്ക് കർഷകർ പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ തടയണയുടെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് കർഷകർക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള കൃഷി ഓഫീസറുടെ കത്തിന്മേൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് വാസ്തവമാണെന്ന് ബോധ്യപ്പെടുകയും, അശാസ്ത്രീയമായ രീതിയിൽ നിർമ്മാണം നടത്തിയ ബണ്ട് പൊളിച്ച് നീക്കം ചെയ്യുന്നതിന് ഇന്ദിരാഗാന്ധി മെമ്മോറിയൽ ഗ്രാമവികസന സമിതിയ്ക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പാണ്ടമംഗലം റസിഡൻസ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. ശിവശങ്കരൻ നായർ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച പരാതി 22-7-2017-ലെ ആറാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2017-18 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ റിവിഷൻ പ്രോജക്ട് തയ്യാറാക്കുമ്പോൾ ടി പ്രവൃത്തി ഉൾപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്ത് വായിച്ച് രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും നഗരസഭ ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രോജക്ട്

റിവിഷനിൽ ഉൾപ്പെടുത്താനോ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനോ സാധിച്ചിരുന്നില്ല എന്നും കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ നഗരസഭാ സെക്രട്ടറി, ഓവർസിയർ എന്നിവർ 4-6-2022-ൽ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ നിലവിൽ പാണ്ടമംഗലം മതിലകത്ത് ചിറയ്ക്ക് ഇരുവശത്തും സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളതാണെന്നും ടി പ്രദേശത്ത് കുടിവെള്ള ക്ഷാമം നേരിടുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

7-6-2022-ലെ സമിതി തീരുമാനപ്രകാരം ടി റിപ്പോർട്ടിലെ വിവരം 27-7-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

**(27) അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ശ്രീ. മുരളീധരൻ, കരുനാഗപ്പള്ളി, കൊല്ലം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 15119/ഹർജി സി3/2019/നി. സെ.)

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി 6-ാം ഡിവിഷനിൽ ഹർജിക്കാരന്റെ പേരിലുള്ള സർവ്വേ നമ്പർ 313/5/5-2-ൽപ്പെട്ട വസ്തുവിൽ കെട്ടിടം പണിയാൻ നഗരസഭാ സെക്രട്ടറി അനുമതി നൽകിയതിനെത്തുടർന്ന് പണി പൂർത്തിയാക്കി 2016-ൽ ഓക്കുപ്പൻസി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയെന്നും എന്നാൽ കെട്ടിടത്തിൽ നിന്നും മുനിസിപ്പൽ റോഡിലേയ്ക്ക് മൂന്ന് മീറ്ററിന് പകരം 2.85 മീറ്റർ മാത്രമേ അകലമുള്ളൂ എന്ന കാരണത്താൽ പ്രവർത്തനാനുമതി ലഭിച്ചില്ലെന്നും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകി ഫീസടച്ച് നിർദേശിച്ച കുറവുകൾ പരിഹരിച്ചെങ്കിലും കെട്ടിടത്തിന്റെ ഒരു വശത്തുകൂടി കടന്ന് പോകുന്ന റോഡ് 12 മീറ്റർ വിസ്തൃതിയിൽ വികസിപ്പിക്കുന്നതിന് നോട്ടിഫൈ ചെയ്തിട്ടുണ്ട് എന്ന കാരണത്താൽ പ്രവർത്തനാനുമതി നിഷേധിച്ചിരിക്കുകയാണെന്നും കെട്ടിടത്തിന്റെ ഒരു വശത്തുകൂടി കടന്ന് പോകുന്ന റോഡ് വികസിപ്പിക്കുന്നതിനായി നോട്ടിഫൈ ചെയ്ത വിവരം ടി പ്രദേശവാസികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത വിഷയമാണെന്നും, 'നിതാഖത്' ഭീഷണിയുള്ള ഹർജിക്കാരൻ 14 വർഷം ഗൾഫിൽ ജോലി ചെയ്ത് സമ്പാദിച്ചതാണ് പ്രസ്തുത 1.56 ആർസ് വിസ്തീർണ്ണമുള്ള വസ്തുവും 142.92 മീറ്റർ സ്ക്വയറുള്ള കെട്ടിടവുമെന്നും മുനിസിപ്പൽ റോഡിന്റെ മദ്ധ്യഭാഗത്ത് നിന്നും 6 മീറ്ററിന് ഏതാനും സെന്റീമീറ്റർ (14 സെന്റീമീറ്റർ) മാത്രം കുറവുള്ള കാരണത്താലാണ് കെട്ടിടത്തിന് പ്രവർത്തനാനുമതി നിഷേധിച്ചിരിക്കുന്നതെന്നും, ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ആനുകൂല്യം ടിയാന് ലഭ്യമായിട്ടില്ലെന്നും, ഇനിയൊരു

ഇരുപത്തിയഞ്ചോ അൻപതോ വർഷങ്ങൾക്ക് ശേഷം ഉണ്ടാകാനിടയുള്ള റോഡ് വികസനത്തിന്റെ പേരിൽ ഹർജിക്കാരന്റെ ജീവിക്കാനുള്ള അവകാശം നിഷേധിക്കരുതെന്നും, ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും 23-1-2019 തീയതിയായി, മുൻ എം. എൽ. എ. ശ്രീ. ആർ. രാമചന്ദ്രൻ മുഖേന സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 2-3-2019 തീയതിയിലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചിരുന്നു.

ഹർജി വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് ലഭ്യമാക്കിയ 1-7-2019-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കരുനാഗപ്പള്ളി മുനിസിപ്പൽ ടൗണിൽ സർവ്വേ നമ്പർ 313/5/5-2-ൽ ശ്രീ. മുരളീധരന്റെ പേരിലുള്ള 1.5 ആർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ രണ്ടുനില കൊമേഴ്സ്യൽ കെട്ടിടത്തിന്റെ മുന്നിൽ കൂടെ കടന്നുപോകുന്ന റോഡിന് നഗരസഭ മാസ്റ്റർ പ്ലാൻ പ്രകാരം 12 മീറ്റർ വൈഡനിംഗ് പ്രൊപ്പോസലുള്ള റോഡായതിനാൽ ക്രമവൽക്കരണ ചട്ടം 6(4)ii പ്രകാരം Town Planning Scheme-ന് വിരുദ്ധമാകയാൽ ഹർജികക്ഷി സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷ കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറി നിരസിച്ചിരുന്നു.

നഗരസഭാ സെക്രട്ടറിയുടെ ടി ഉത്തരവിനെതിരെ ഹർജികക്ഷി കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണ) ചട്ടം, 2018-ലെ ചട്ടം 10 പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. സർക്കാർ അപ്പീൽ അപേക്ഷ പരിശോധിക്കുകയും ടിയാന്റെ കെട്ടിടത്തിന്റെ രണ്ടുവശങ്ങളിൽ കൂടിയും കടന്നുപോകുന്ന റോഡുകൾ പുതിയ Town Planning Scheme അനുസരിച്ച് widening proposal ഉള്ളവയായതിനാലും റോഡതിരിൽ നിന്നും കെട്ടിടത്തിലേയ്ക്ക് മിനിമം വിടേണ്ട അനുവദനീയമായ അകലം ടി നിർമ്മാണം പാലിക്കുന്നില്ല എന്നുള്ളതിനാലും ആയത് കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 383 എ-യുടെ ലംഘനം ആയതിനാലും ക്രമവൽക്കരിക്കുന്നതിന് കഴിയുന്നതല്ലെന്നുള്ള വിവരത്തോടെ അപ്പീൽ അപേക്ഷ സർക്കാർ നിരസിച്ചിരുന്നതും വിവരം ഹർജികക്ഷിയെ അറിയിച്ചിരുന്നതുമാണ്. മേൽ വിവരിച്ച കാരണങ്ങളാൽ നിലവിലെ നിയമപ്രകാരം പരാതിക്കാരന്റെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലെന്നുള്ള വിവരം ഹർജികൾ സംബന്ധിച്ച സമിതിയെ അറിയിക്കുന്നു."

മേല്പറഞ്ഞ റിപ്പോർട്ടിലെ വിവരം 29-7-2019-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ സമർപ്പിച്ച പ്രതികരണ ഹർജിയിൽ കരുനാഗപ്പള്ളി

മുനിസിപ്പാലിറ്റിക്കും തുടർന്ന് കേരള സർക്കാരിനും നൽകിയ അപ്പീലിലും ഹർജിക്കാരന്റെ അപേക്ഷ നിരസിച്ചുകൊണ്ട് നൽകിയ ഉത്തരവുകളിൽ സൂചിപ്പിക്കുന്നത് Town Planning Scheme അനുസരിച്ച് widening proposal ഉള്ളതുകൊണ്ട് ക്രമവത്കരണം നടത്താൻ കഴിയില്ല എന്നാണെന്നും, 24-2-2014-ലാണ് ഹർജിക്കാരന് ബിൽഡിംഗ് പെർമിറ്റ് നൽകിയതെന്നും 2 വർഷം കൊണ്ട് അതായത് 2016-ൽ പണി പൂർത്തിയാക്കി ഒക്കുപെൻസി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചെന്നും, 2014 മുതൽ 2016 ആഗസ്റ്റ് വരെ റോഡ് വൈഡനിംഗ് സംബന്ധിച്ച് ഹർജിക്കാരന് യാതൊരു നോട്ടീസും ലഭിച്ചിട്ടില്ലെന്നും, widening-ന് വേണ്ടി notification പുറപ്പെടുവിക്കുകയോ വീതി കൂട്ടുന്നതിനുവേണ്ടി വസ്തു അളന്ന് തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും, 24-9-2018-ന് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ നിന്നും കത്ത് ലഭിക്കുമ്പോൾ മാത്രമാണ് കരുനാഗപ്പള്ളി മാസ്റ്റർ പ്ലാനിലെ റോഡ് വൈഡനിംഗ് നിർദേശങ്ങളെപ്പറ്റി ഹർജിക്കാരൻ അറിയുന്നതെന്നും 2014-ൽ കെട്ടിടം പണി ആരംഭിച്ച് 2016-ൽ പൂർത്തിയാക്കുന്നതുവരെ മുനിസിപ്പാലിറ്റി നിർമ്മാണ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിരവധി തവണ ഹർജിക്കാരന്റെ കെട്ടിടം പരിശോധിച്ചുവെങ്കിലും ഒരിക്കലും അത്തരം ഒരു മാസ്റ്റർ പ്ലാനിനെപ്പറ്റിയോ വൈഡനിംഗിനെപ്പറ്റിയോ രേഖാമൂലമോ വാക്കാലോ അറിയിച്ചിട്ടില്ലെന്നും, ഹർജിക്കാരന് 2014-ൽ പെർമിറ്റ് നൽകിയപ്പോഴും റോഡ് വൈഡനിംഗിനെപ്പറ്റി ഒന്നും സൂചിപ്പിച്ചിട്ടില്ലെന്നും, ഹർജിക്കാരൻ 2016-ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയശേഷം 2017-ലോ മറ്റോ ആണ് മാസ്റ്റർ പ്ലാൻ പദ്ധതിയെപ്പറ്റി മുനിസിപ്പാലിറ്റി ആലോചിക്കുന്നതെന്നും, ഇന്നേവരെ പ്രസ്തുത മാസ്റ്റർ പ്ലാൻ പദ്ധതി ജനസമക്ഷം സമർപ്പിച്ച് അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ചിട്ടില്ലെന്നും, ആയതിനാൽ ഹർജിക്കാരൻ കെട്ടിടം പണി പൂർത്തിയാക്കിയ 2016-ന് ശേഷം വന്ന മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം ഹർജിക്കാരന്റെ കെട്ടിടത്തിന് ഒക്കുപെൻസി സർട്ടിഫിക്കറ്റ് നിഷേധിച്ച മുനിസിപ്പാലിറ്റിയുടെ നടപടി റദ്ദാക്കി കെട്ടിടം ക്രമവത്ക്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

സർക്കാർ റിപ്പോർട്ടും പ്രതികരണ ഹർജിയും 19-10-2019-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. ഹർജിക്കാരന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകിയതിന് ശേഷമാണ് 12 മീറ്റർ റോഡ് വൈഡനിംഗിനുള്ള പ്രൊപ്പോസൽ വന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ആ കാരണത്താൽ നിയമപരമായി കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയുണ്ടായി.

സമിതിയുടെ പ്രസ്തുത ശിപാർശ 20-11-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ആർ. എ.) വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് 11-11-2020 തീയതിയിലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കരുനാഗപ്പള്ളി നഗരസഭയിൽ സർവ്വേ നമ്പർ 313/5-2-ൽപ്പെട്ട വസ്തുവിൽ നഗരസഭയുടെ പെർമിറ്റ് ലഭ്യമാക്കി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം നഗരസഭ ക്രമവൽക്കരിക്കുന്നില്ലെന്നും ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മുരളീധരൻ, കേരള നിയമസഭ ഹർജികൾ സംബന്ധിച്ച സമിതി (2019-21) മുമ്പാകെ സമർപ്പിച്ച ഹർജിയിൽ സർക്കാരിൽ നിന്നും സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സർക്കാരിൽ നിന്നും സമർപ്പിച്ച റിപ്പോർട്ട് കേരള നിയമസഭ ഹർജികൾ സംബന്ധിച്ച സമിതി (2019-21) 19-10-2019-ലെ യോഗത്തിൽ പരിഗണിച്ചിരുന്നതും കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകിയതിന് ശേഷമാണ് 12 മീറ്റർ റോഡ് വൈഡനിംഗിനുള്ള പ്രോപ്പോസൽ വന്നതെന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നതും ഈ കാരണത്താൽ നിയമപരമായി കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. മുരളീധരന്റെ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള നടപടിക്കായി കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകിയിരുന്നു.

കരുനാഗപ്പള്ളി നഗരസഭ 6-ാം ഡിവിഷനിൽ കരുനാഗപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 313/5-2-2 എന്ന വസ്തുവിൽ ശ്രീ. മുരളീധരൻ, മുരളിഗീതം, നമ്പരുവികാല, ആലുംകടവ് പി. ഒ. എന്ന വ്യക്തിക്ക് 24-4-2014-ൽ TP/2224/13-14 നമ്പർ പെർമിറ്റ് നഗരസഭയിൽ നിന്നും അനുവദിച്ചിരുന്നു. ടി കെട്ടിടത്തിന് താഴത്തെ നിലയിൽ രണ്ട് മുറികളുള്ള 59.09 m വരുന്ന വാണിജ്യ കെട്ടിടത്തിനും മുകളിൽ 29.09 m വരുന്ന രണ്ട് മുറികളുള്ള വാസഗൃഹ കെട്ടിടത്തിനുമാണ് നിയമാനുസൃതമായി ഹർജികക്ഷി പെർമിറ്റ് എടുത്തിരുന്നത്. എന്നാൽ പെർമിറ്റിന് വിരുദ്ധമായി താഴത്തെ നിലയിൽ 63.99 m2 വരുന്ന വാണിജ്യ കെട്ടിടവും മുകളിൽ 63.99 m വരുന്ന വാണിജ്യ കെട്ടിടവുമായാണ് നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപെൻസിക്കായി അപേക്ഷ സമർപ്പിച്ചത്. എന്നാൽ മുകളിൽ പാസേജിനായി ഇരുവശത്തുമായി 1.10 മീറ്ററും 0.85 മീറ്ററും റൂഫ് തള്ളലുണ്ടായിരുന്നു. ആയത് KMBR 1999 റൂൾ (24)-ന്റെ ലംഘനമായതിനാൽ അനധികൃത കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള ഉത്തരവ് പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് റഗുലറൈസ് ചെയ്യാൻ കഴിയില്ല എന്ന് കാണിച്ച് അപേക്ഷ തിരികെ വന്നിട്ടുള്ളതുമാണ്. ആയത് സ്ട്രക്ചറൽ മോഡിഫിക്കേഷൻ വരുത്തിയാൽ ഒക്കുപ്പെൻസി നൽകുന്നതിനുള്ള ശിപാർശകൾ ഉള്ളതിനാൽ ആയത് വരുത്തുന്നതിനുള്ള നിർദേശം അപേക്ഷകന് നൽകുകയും ആയത് പ്രകാരം 2-6-2020-ൽ അപേക്ഷ സമർപ്പിക്കുകയും മുകളിൽ

വാണിജ്യ കെട്ടിടം മാറ്റി റസിഡൻഷ്യൽ കെട്ടിടം ആക്കുകയും അധികമായി തള്ളലുണ്ടായിരുന്ന റൂഫ് പ്രൊജക്ഷൻ മുറിച്ച് നീക്കി പാസേജ് ഒഴിവാക്കുകയും ചെയ്തത് പരിശോധിച്ച് KMBR 1999 റൂൾ 24 പാലിക്കത്തക്കതരത്തിലായതിനാൽ ടിയാന്റെ കെട്ടിടം റഗുലറൈസ് ചെയ്ത് ഒക്കുപ്പെൻസിയും കെട്ടിട നമ്പരും അനുവദിച്ച് നൽകിയിട്ടുള്ളതായി കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.”

പ്രസ്തുത റിപ്പോർട്ടിലെ വിവരം 24-2-2022-ലെ കത്ത് മുഖേന ഹർജിക്കാരനെയും ബഹു. മുൻ നിയമസഭാംഗം ശ്രീ. ആർ. രാമചന്ദ്രനെയും അറിയിച്ചു.

സമിതി ശിപാർശയിന്മേലുള്ള മേല്പറഞ്ഞ റിപ്പോർട്ട് 11-5-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

**(28) അപകടകരമായി അതിരിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സിന്ധു എൻ. കെ., എറണാകുളം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 19842/ഹർജി സി2/2021/ലെജി.)

ഹർജിക്കാരിയുടെ വസ്തുവിനേക്കാൾ ആറ് അടിയോളം ഉയർന്ന് നിൽക്കുന്ന സ്ഥലമാണ് എതിർകക്ഷിയുടേതെന്നും ടിയാന്റെ വസ്തുവിന്റെ അതിരിൽ നട്ടുവളർത്തിയിട്ടുള്ള പാല, ആഞ്ഞിലി, പന, തെങ്ങ് മുതലായവ വളർന്ന് പന്തലിച്ച് തൊട്ടുതാഴെക്കൂടി പോകുന്ന 11 കെ.വി. ലൈനിലേയ്ക്കും, LT ലൈനിലേയ്ക്കും ഹർജിക്കാരിയുടെ പുരയുടെ മുകളിലേയ്ക്കുമായി ചാഞ്ഞ് ഏത് സമയത്തും കടപുഴകി വീണ് അപകടമുണ്ടാകാവുന്ന വിധത്തിൽ നിൽക്കുകയാണെന്നും ടി അപകട സാധ്യത എതിർകക്ഷിയെ അറിയിച്ചിട്ടും മരങ്ങൾ വെട്ടിമാറ്റുന്നതിന് തയ്യാറാകാത്തതിനാൽ പ്രസ്തുത മരങ്ങൾ വെട്ടിമാറ്റുന്നതിന് മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ പരാതി നൽകിയെന്നും എന്നാൽ നാല് മാസമായിട്ടും എതിർകക്ഷി ടി മരങ്ങൾ വെട്ടിമാറ്റുകയോ പഞ്ചായത്ത് ടിയാനെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരിയുടെയും കുടുംബത്തിന്റെയും ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ കാലതാമസം കൂടാതെ വെട്ടിമാറ്റിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 25-11-2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 13-12-2021-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 17-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു. എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ പരാതി കക്ഷിയായ ശ്രീമതി സിന്ധു എൻ. കെ. എന്ന വ്യക്തിയുടെ ജീവനും സ്വത്തിനും ഭീഷണിയായി നിന്നിരുന്ന മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് എതിർകക്ഷിക്ക് നിർദേശം നൽകിയിട്ടും നടപടികളൊന്നും സ്വീകരിക്കാത്ത സാഹചര്യത്തിൽ 12-4-2022-ന് ഗ്രാമപഞ്ചായത്ത് നേരിട്ട് ഹർജിയിൽ പരാമർശിക്കുന്ന അപകടകരമായ മരങ്ങൾ മുറിച്ച് നീക്കം ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

ടി റിപ്പോർട്ടിലെ വിവരം 1-8-2022 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു. ഹർജിക്കാരിയിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചില്ല.

17-11-2022-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഹർജിക്കാരിയിൽ നിന്നും പ്രതികരണമില്ലാത്തതിനാൽ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിനായി നടപടി തുടരേണ്ടതില്ലെന്ന് നിർദേശിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(29) റോഡ് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. രമേശൻ ബി., കാസർഗോഡ് സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 14502/ഹർജി സി2/2019/ലെജി.)

എൻഡോസൾഫാൻ ദുരിത ബാധിതനും എസ്. സി. വിഭാഗത്തിലെ മോഗെർ സമുദായത്തിൽപ്പെട്ട, മുളിയാർ പഞ്ചായത്തിൽ സ്ഥിര താമസക്കാരനുമായ ഹർജിക്കാരന് പഞ്ചായത്തിൽ നിന്നും NPRPD (National Program for Rehabilitation of Persons with Disabilities) പദ്ധതി പ്രകാരം വികലാംഗർക്കുള്ള സ്കൂട്ടർ അനുവദിച്ച് കിട്ടിയെങ്കിലും ഗതാഗതയോഗ്യമായ റോഡ് ഇല്ലാത്തതിനാൽ ടി സ്കൂട്ടർ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും റോഡ് ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ പഞ്ചായത്തിലും ജില്ലാ കളക്ടർക്കും അപേക്ഷ നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടി സ്കൂട്ടർ ഉപയോഗിക്കുന്നതിനായി 50 മീറ്റർ റോഡ് ഹർജിക്കാരന്റെ പറമ്പിലൂടെ നിർമ്മിച്ച് നല്കണമെന്ന് ഹർജിക്കാരൻ സമർപ്പിച്ച 7-1-2019 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 2-2-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ് 17-6-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എൻഡോസൾഫാൻ ഇരയായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാൾ എന്ന പരിഗണനയോടെ പ്രത്യേക കേസായി പരിഗണിച്ച്, കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ 304 നമ്പർ കെട്ടിടത്തിൽ താമസിക്കുന്ന ശ്രീ. രമേശൻ ബി.-ക്ക് സ്കൂട്ടർ വീട്ടിലേക്ക് കൊണ്ടുപോകുന്നതിന്, അദ്ദേഹത്തിന്റെ സ്വന്തം സ്ഥലത്ത് കൂടി 50 മീറ്റർ റോഡ് നിർമ്മിച്ച് നൽകുന്നതിന് പ്രത്യേകാനുമതി നൽകി 7-6-2022-ൽ സ.ഉ. (സാധാ)നമ്പർ 1407/2022/ത.സ്വ.ഭ.വ. പുറപ്പെടുവിക്കുകയുണ്ടായി എന്നുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു" (അനുബന്ധം-V).

പ്രസ്തുത റിപ്പോർട്ടിലെ വിവരം 23-9-2022 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

17-11-2022-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(30) വഴി തടസ്സപ്പെടുത്തിയത് സംബന്ധിച്ച് ശ്രീ. ശശിശങ്കരൻ നായർ, തൃശ്ശൂർ സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 13777/ഹർജി സി2/2012/ലെജി.)

ഹർജിക്കാരനും, ഭാര്യയും തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ പൂങ്കുന്നം ദേശത്ത് താമസക്കാരാണെന്നും, നിലവിൽ തിരുവനന്തപുരത്ത് താമസിച്ച് വരികയാണെന്നും, ടിയാന്റെ തൃശ്ശൂരിലുള്ള വീട് സ്ഥിതിചെയ്യുന്നത് വളരെ താഴ്ന്ന പ്രദേശത്തായതിനാൽ, മഴ പെയ്താൽ വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യമാണുള്ളതെന്നും മുൻവശത്തെ റോഡ് ടാർ ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ ഹർജിക്കാരൻ സ്ഥലത്തില്ലാത്ത സമയത്ത് രണ്ട് വ്യക്തികളുടെ താൽപ്പര്യപ്രകാരം റോഡ് 3 1/2 അടിയോളം മണ്ണിട്ടുപൊക്കി വീണ്ടും ടാർ ചെയ്തുവെന്നും, തത്ഫലമായി മഴ പെയ്താൽ ടിയാന്റെ പറമ്പിലും, വീടിന് ചുറ്റും മുൻവശത്തും തൊട്ടടുത്ത പറമ്പുകളിലും വെള്ളം കെട്ടി നിൽക്കുന്നതായും, ടിയാനും കുടുംബത്തിനും പുറത്തിറങ്ങുവാനോ വാഹനം കയറ്റി ഇറക്കുന്നതിനോ കഴിയാതെ ഗതാഗത തടസ്സം ഉണ്ടാകുന്നുവെന്നും, അത് സംബന്ധിച്ച് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് പരാതി നൽകിയെങ്കിലും നടപടി എടുത്തില്ലെന്നും അതിനാൽ സമിതി ഇടപെട്ട് അതിനൊരു പരിഹാരം ഉണ്ടാക്കണമെന്ന് 4-7-2012 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 20-7-2012-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിൽ പരാമർശിച്ചിരിക്കുന്ന റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തല്ലെന്നും, അത് തൃശ്ശൂർ കോർപ്പറേഷന്റെ പരിധിയിലുള്ളതാണെന്നും, ചീഫ് എഞ്ചിനീയർ (R&B) അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ടി ഹർജി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും പൊതുമരാമത്ത്(ജി) വകുപ്പ് 16-2-2013-ലെ കത്ത് മുഖേന അറിയിക്കുകയുണ്ടായി.

ഹർജിയിന്മേലുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് 7-6-2022-ലെ യോഗത്തിൽ ടി വകുപ്പിന്റെ സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്താൻ തീരുമാനിച്ച വിവരം അറിയിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് ലഭ്യമാക്കിയ, 3-6-2022-ലെ കത്ത് മുഖേനയുള്ള, റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 1-ൽ പൂങ്കുന്നം കുറുവത്ത് ലെയിനിൽ റോഡ് ഉയർത്തി ടാറിംഗ് ചെയ്തതുമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നതായും ആയത് കാരണം മലിനജലവും മറ്റ് വസ്തുക്കളും വീടിന് ചുറ്റും കെട്ടിക്കിടക്കുന്ന സ്ഥിതിയിലാണെന്നും പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ഇത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ശശിശങ്കരൻ നായർ സമർപ്പിച്ച ഹർജി 21-12-2018-ലെ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ യോഗം പരിഗണിക്കുകയും കാന നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കാവുന്നതാണെന്ന റിപ്പോർട്ട് അംഗീകരിക്കുന്നതിനും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിരുന്നു. കുറുവത്ത് ലെയിനിൽ നിന്നും പുറപ്പെടുന്ന ഡ്രെയിനേജ് ശ്രീ. ശശിശങ്കരൻ നായരുടെ വീടിന്റെ പടിഞ്ഞാറ് ഭാഗത്തെ റോഡിലൂടെ വടക്കുതെക്കായി പണിയുന്നതിന് തടസ്സമില്ല എന്നും ആയത് പ്രകാരം ബുദ്ധിമുട്ടുകൾ ഇല്ലാതെ നിൽക്കുന്ന പക്ഷം പരാതി പിൻവലിക്കാൻ തയ്യാറാണെന്നും ശശിശങ്കരൻ നായർ സമ്മതപത്രം നൽകിയിരുന്നു. കൗൺസിൽ തീരുമാന പ്രകാരം കാന നിർമ്മാണം കോർപ്പറേഷൻ പൂർത്തീകരിച്ചുകൊണ്ട് പരാതി രമ്യമായി പരിഹരിച്ചതിനെ തുടർന്ന് കോർപ്പറേഷനെതിരെ ഫയൽ ചെയ്ത കേസ് പിൻവലിച്ചിട്ടുള്ളതായി ശ്രീ. ശശിശങ്കരൻ നായർ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതാണ് എന്നും നിലവിൽ പ്രസ്തുത സ്ഥലത്ത് ഇത് സംബന്ധിച്ച പരാതികൾ നിലവിലില്ലാത്തതാണ് എന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു."

7-6-2022-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തിരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ വിവരം 1-8-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിച്ചു.

**(31) പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കലാധരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ.12196/ഹർജി സി2/2014/ലെജി.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 31-3-2004-ന് സർവീസിൽ നിന്നും വിരമിച്ച ഹർജിക്കാരൻ 1997 മുതൽ 2001 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ക്രമക്കേട് കാട്ടിയെന്ന് ആരോപിച്ച് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണെന്നും, ആരോപണ വിഷയം സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി ടിയാനെ കുറ്റവിമുക്തനാക്കിയെങ്കിലും വകുപ്പുതല നടപടികൾ സ്വീകരിച്ച് ടിയാനെ മാനസികമായും സാമ്പത്തികമായും പീഡിപ്പിക്കുന്നുവെന്നും അത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് നൽകിയെങ്കിലും ടിയാന്റെ പെൻഷൻ-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, ഫാമിലി പെൻഷൻ ഇവയൊന്നും അനുവദിച്ചില്ലെന്നും വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല വഹിക്കുമ്പോൾ ഭരണസമിതിയുടെ തീരുമാനങ്ങൾ നടപ്പാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുണ്ടെന്ന പേരിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വകുപ്പ് തടസ്സം നിൽക്കുകയാണെന്നും അതിനാൽ സമിതി ഇടപെട്ട് ടിയാന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 27-1-2014 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു. ഹർജിക്കാരൻ അന്തരിച്ചതിനെത്തുടർന്ന് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ 26-2-2014 തീയതിയിൽ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജികൾ റിപ്പോർട്ടിനായി യഥാക്രമം 25-2-2014, 13-3-2014 എന്നീ തീയതികളിലെ കത്തുകൾ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ (എ.എ.) വകുപ്പ് 21-10-2015 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. പി. കലാധരന്റെ പേരിൽ വിതുര ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 19,241 രൂപയുടെ ബാധ്യത തുക ടിയാന്റെ അനന്തരാവകാശി വിതുര സബ് ട്രഷറിയിൽ 4-11-2014-ലെ 347-ാം നമ്പർ ചെലാൻ പ്രകാരം അടവാക്കിയിട്ടുള്ളതായും, കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 4627 രൂപയുടെ ബാധ്യതയ്ക്ക് ചാർജ്/സർചാർജ് സാക്ഷ്യപത്രം

ലഭിച്ചിട്ടില്ലായെന്ന് ടി ഗ്രാമപഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ DCRG ലഭിക്കുന്നതിനാവശ്യമായ ബാധ്യതാ രഹിത സാക്ഷ്യപത്രം 5-11-2014-ന് നൽകിയിട്ടുള്ളതായും, ഫാമിലി പെൻഷൻ അനുവദിച്ചിട്ടുള്ളതായും ഹർജികൾ സംബന്ധിച്ച സമിതിയെ അറിയിച്ചുകൊള്ളുന്നു."

ടി റിപ്പോർട്ടിലെ വിവരം 7-1-2016-ലെ കത്ത് മുഖേന ഹർജിക്കാരന്റെ ഭാര്യയെ അറിയിച്ചതിനെത്തുടർന്ന് ടിയാൾ 23-1-2016 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജിയിൽ ഡി.സി.ആർ.ജി.-യും ഫാമിലി പെൻഷനും ലഭിക്കുകയുണ്ടായെന്നും ഓഡിറ്റ് ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ സമിതി ഇടപെടണമെന്നും അപേക്ഷിച്ചിരുന്നു.

17-11-2016-ലെ സമിതിയോഗം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിഗണിക്കുകയും സർവ്വീസ് റൂൾസ് പ്രകാരം ഹർജിക്കാരനെ ഓഡിറ്റ് ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ സാധിക്കുമോയെന്ന് ബന്ധപ്പെട്ട വകുപ്പിനോടാരായാൻ തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനം 21-12-2016-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിരുന്നു.

ഹർജിക്കാരന്റെ ഭാര്യ 17-2-2017 തീയതിയായി സമർപ്പിച്ച തുടർ ഹർജിയിൽ, ഹർജിക്കാരനും കുടുംബവും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ 10-2-2017-ന് അനുകൂല വിധി വന്നതിനാൽ ഹർജിക്കാരനും കുടുംബത്തിനുമെതിരെ നടത്തിവരുന്ന നടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

5-12-2017-ലെ സമിതിയോഗം പ്രസ്തുത തുടർഹർജി പരിഗണിക്കുകയും ഹർജിക്കാരനും കുടുംബവും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, പ്രതികരണ ഹർജിയിൽ പറഞ്ഞിരിക്കും പ്രകാരം, അനുകൂല വിധിയാണുണ്ടായിട്ടുള്ളതെങ്കിൽ പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ ഓഡിറ്റ് ബാധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാനം 10-1-2018-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (എ.എ.) വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തുകളും വകുപ്പ് സെക്രട്ടറിക്ക് നെയിം കവർ കത്തുകളും അയച്ചിട്ടും റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും 7-6-2022-ൽ തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചു.

പ്രസ്തുത വിവരം അറിയിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (എ. സി.) വകുപ്പ് ലഭ്യമാക്കിയ 6-6-2022-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റിട്ടയേർഡ് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കലാധരൻ വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ 30% അധിക നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദിച്ച പ്രവൃത്തി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചെയ്ത 3 പ്രവൃത്തികൾക്ക് പഞ്ചായത്ത്/സർക്കാർ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി എടുത്ത തീരുമാന പ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2000-2001 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 64 പ്രകാരം ശിപാർശ ചെയ്തിരുന്നു. പഞ്ചായത്ത് ഡയറക്ടർ ടി ബാധ്യത ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C) 29343/10(പി) നമ്പരായി ഫയൽ ചെയ്ത കേസിന്മേലുള്ള 10-2-2017 തീയതിയിലെ ഉത്തരവിൽ ടി കേസിലെ എതിർകക്ഷിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാതിക്കാരന് നൽകിയതും പരാതിക്കാരൻ സ്വീകരിക്കാതെ മടക്കി നൽകിയതുമായ നോട്ടീസുകൾ റദ്ദ് ചെയ്യുകയും മറ്റ് നിയമപരമായ മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിന് നേരിട്ടിട്ടുള്ള നഷ്ടബാധ്യത ഈടാക്കുന്നതിന് തടസ്സമില്ലായെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു.

ഇതിനിടയിൽ ശ്രീ. പി. കലാധരൻ 29-1-2014-ൽ ബഹു. നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി ഹർജിക്കാരനും കുടുംബവും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 29343/10(P) നമ്പർ കേസിൽ 10-2-2017-ലെ കോടതി വിധി ഹർജിക്കാർക്ക് അനുകൂലമായിട്ടുള്ളതാണെങ്കിൽ പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ ഓഡിറ്റ് ബാധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന് തീരുമാനിക്കുകയും ആയത് 10-8-2018-ലെ കത്ത് മുഖേന സർക്കാരിനോട് ആവശ്യപ്പെടുകയും ഉണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം അവസാന ശമ്പളം, ശരാശരി വേതനം എന്നിവ സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. ടിയാന് മറ്റേതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാനുള്ളതായി കാണുന്നില്ല.

കൂടാതെ ബാധ്യതകൾ റിപ്പോർട്ട് ചെയ്തിരുന്ന ഗ്രാമപഞ്ചായത്തുകൾ ടി ബാധ്യതയ്ക്ക് ചാർജ്/സർചാർജ് പുറപ്പെടുവിച്ചതായും റിപ്പോർട്ട് ചെയ്തിട്ടില്ല. ഹർജികൾ സംബന്ധിച്ച സമിതിയിൽ ശ്രീ. കലാധരൻ സമർപ്പിച്ച അപേക്ഷ പ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ, കുടുംബ പെൻഷൻ ഉൾപ്പെടെ, 5-11-2014-ന് തന്നെ അനുവദിച്ച് നല്കിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് പരാമർശം നിലവിലുണ്ടായിരുന്നതിനെ തുടർന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നുമുള്ള വിവരം സമിതിയെ അറിയിച്ചു കൊള്ളുന്നു."

7-6-2022-ലെ സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും, ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരന്റെ ഭാര്യയെ അറിയിക്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം ടി റിപ്പോർട്ടിലെ വിവരം 1-8-2022-ലെ കത്ത് മുഖേന ഹർജിക്കാരന്റെ ഭാര്യയെ അറിയിക്കുകയും ചെയ്തു.

**(32) ജീവിക്കുവാനുള്ള അവകാശവും അർഹമായ ആനുകൂല്യങ്ങളും നിഷേധിക്കുന്നതിനെതിരെ ശ്രീ. എ. രാജേഷ്, പുത്തൻവിളയിൽ, ഇടുക്കി സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 15735/ഹർജി സി2/2020/ലെജി.)

ഇടുക്കി ജില്ലയിൽ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ താമസക്കാരനായ ഹർജിക്കാരന്റെ കാലിത്തൊഴുത്തിന് 2018-ലെ പ്രളയകാലത്തിൽ കേടുപാടുകൾ സംഭവിച്ചതിനെത്തുടർന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴുത്ത് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്നും ടിയാന്റെ ഭാര്യയുടെ പേരിൽ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടെന്നും, അയ്യപ്പൻകോവിൽ പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം ഓവർസിയർ സ്ഥലപരിശോധന നടത്തി ജീർണ്ണാവസ്ഥയിലുള്ള പഴയ തൊഴുത്ത് പൂർണ്ണമായും പൊളിച്ചുനീക്കിയാൽ മാത്രമേ ജിയോ ടാഗ് ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചതായും എന്നാൽ നിലവിൽ കാലികളെ തൊഴുത്തിൽ കെട്ടിയിരിക്കുന്നതിനാലും തൊഴുത്ത് റോഡിൽനിന്ന് താഴെ ചരിവുള്ള പ്രദേശത്തായതിനാലും മണ്ണിട്ട് ഉയർത്തി പുതിയതായി പണിയുവാനാണ് ഉദ്ദേശിക്കുന്നതെന്ന് ഹർജിക്കാരൻ അറിയിക്കുകയുണ്ടായെങ്കിലും ഓവർസിയർ വളരെ മോശമായി പെരുമാറുകയും തെറ്റിദ്ധരിപ്പിക്കുംവിധം ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തുവെന്നും, തൊഴുത്ത് പൊളിച്ചുനീക്കിയശേഷം പഞ്ചായത്തിൽ അറിയിച്ചതിനെത്തുടർന്ന് സ്ഥലത്തെത്തിയ തൊഴിലുറപ്പ് വിഭാഗം ജീവനക്കാരി തറ പൂർണ്ണമായും പൊളിച്ചുനീക്കാതെ ജിയോ ടാഗ് ചെയ്ത് പണി ആരംഭിക്കുവാൻ അനുവദിക്കില്ല എന്ന നിലപാട് സ്വീകരിച്ചുവെന്നും, എസ്റ്റിമേറ്റ് പ്രകാരം മുഴുവൻ പ്രവൃത്തികളും ചെയ്യുമെന്ന് അറിയിച്ചിട്ടും, വ്യക്തിപരമായ വൈരാഗ്യം വച്ചുപുലർത്തി പഞ്ചായത്ത് സെക്രട്ടറിയും ജീവനക്കാരും ഹർജിക്കാരന്റെ ആവശ്യം നിരാകരിച്ചുവെന്നും, തുടർന്ന് ജില്ലാ കളക്ടർ, ബി.ഡി.ഒ. എന്നിവർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബി.ഡി.ഒ., ജോയിന്റ് ബി.ഡി.ഒ., ബ്ലോക്ക് എഞ്ചിനീയർ എന്നിവർ സ്ഥലം സന്ദർശിച്ച് ഹർജിക്കാരന്റെ പരാതി ബോധ്യപ്പെട്ട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയെന്നും, അതിന്റെ അടിസ്ഥാനത്തിൽ 14-2-2020-നകം നിർമ്മാണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം നിർദേശം നൽകിയെങ്കിലും വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ ഹർജിക്കാരൻ ആനുകൂല്യങ്ങൾ തട്ടിയെടുക്കുവാൻ ശ്രമിക്കുന്നു എന്ന തരത്തിൽ ടിയാനെ നേരിൽ കേൾക്കുകയോ

സ്ഥലപരിശോധന നടത്തുകയോ ചെയ്യാതെ അയ്യപ്പൻകോവിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീ. സുരേന്ദ്രൻ നായർ, ഓവർസീയർ ശ്രീ. സനൽ എന്നിവർ വ്യാജരേഖ ചമച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുപ്രവർത്തകനായ ടിയാന് നാളിതുവരെ കാലിത്തൊഴുത്ത് നിർമ്മാണാനുമതി ലഭിച്ചിട്ടില്ലെന്നും, ആയതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട, പരമ്പരാഗത ക്ഷീരകർഷകനായ ടിയാനും കുടുംബവും കാലിവളർത്തൽ തുടർന്നുകൊണ്ടുപോകുവാൻ സാധിക്കാത്തവിധം കടുത്ത പ്രതിസന്ധിയിലാണെന്നും തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴുത്ത് ലഭിക്കും എന്ന ഉറപ്പിലാണ് പഴയ തൊഴുത്ത് ടിയാന് പൊളിക്കേണ്ടിവന്നതും തൊഴുത്തിൽ ഉണ്ടായിരുന്ന കാലികളെ തുറസ്സായ സ്ഥലത്ത് പാർപ്പിക്കേണ്ടി വന്നതുമെന്നും തൊഴുത്ത് പണിക്കാവശ്യമായ 20 ലോഡ് മണ്ണ്, കല്ല് എന്നിവ ഇറക്കിയതിൽ ടിയാന് നാൽപ്പതിനായിരത്തിലധികം രൂപ ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ടെന്നും കഴിഞ്ഞ നവംബർ മാസം മുതൽ രണ്ട് കാലികളെ മുറ്റത്ത് കെട്ടിയാണ് വളർത്തുന്നതെന്നും വേനൽ കടുത്തുവരുന്ന സാഹചര്യത്തിൽ പശുക്കൾക്ക് ജീവഹാനി ഉണ്ടാവുകയും ടിയാന് ജീവിതമാർഗ്ഗം നിലയ്ക്കുന്ന അവസ്ഥയുമാണ് അന്യായമായ നടപടിയിലൂടെ ഉണ്ടായിട്ടുള്ളതെന്നും ബോധപൂർവ്വമായ കടുത്ത നീതിനിഷേധമാണ് അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും ജീവനക്കാരിൽനിന്നും ഉണ്ടായിട്ടുള്ളതെന്നും ഇടുക്കി ജില്ലാ കളക്ടർ ടിയാന് 14-2.2020-നകം നിർമ്മാണാനുമതി നൽകണമെന്ന് നിർദേശിച്ചിട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചതെന്നും ആയതിനാൽ ടിയാന്റെ നിസ്സഹായാവസ്ഥ പരിഗണിക്കണമെന്നും ടിയാന്റെ ജീവിത മാർഗ്ഗം നിലയ്ക്കുന്ന തരത്തിൽ നീതി നിഷേധിച്ചതിനെക്കുറിച്ചും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സംബന്ധിച്ചും അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് 17-2-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10-3-2020-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചു. ഹർജിയിന്മേൽ അടിയന്തര നടപടി കൈക്കൊള്ളുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് റവന്യൂ (പാർലമെന്റ്) വകുപ്പ് 19-3-2020-ലെ കത്ത് മുഖേന അറിയിച്ചിരുന്നു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.പി.ബി.) വകുപ്പ് 20-12-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-2020 വർഷത്തെ തൊഴുത്ത് നിർമ്മാണ പദ്ധതിക്കായി ശ്രീമതി രാജേശ്വരി (W/O രാജേഷ് പുത്തൻവിളയിൽ) അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിൽ തൊഴുത്ത് നിർമ്മാണത്തിന് ഭരണാനുമതിയും 14-10-2019-ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ടിയാൾക്ക് ആനുകൂല്യം

അനുവദിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് ജിയോടാഗ് ചെയ്യുന്നതിനായി 17-10-2019-ൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ സ്ഥലപരിശോധന നടത്തിയപ്പോൾ ഒരു തൊഴുത്ത് നിലവിലുള്ള സ്ഥാനത്ത് ജിയോടാഗ് ചെയ്യാനാണ് ഗുണഭോക്താവ് ആവശ്യപ്പെട്ടതെന്നും പ്രസ്തുത സ്ഥലത്ത് ഉറപ്പായ തറയും ഭിത്തിയും ഉള്ളതിനാൽ ജിയോടാഗ് ചെയ്യാൻ കഴിയുകയില്ലെന്ന് ഗുണഭോക്താവിനെയും പരാതിക്കാരനെയും ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 25-11-2019-ന് ഗുണഭോക്താവ് സൈറ്റ് ക്ലിയർ ചെയ്തതായി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ജിയോടാഗ് ചെയ്യുന്നതിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ സ്ഥല പരിശോധന നടത്തിയെങ്കിലും ഉറപ്പുള്ള തറയും ഭാഗികമായി പൊളിച്ച ഭിത്തിയും നിലവിലുണ്ടായിരുന്ന തിനാൽ ടി സ്ഥലത്ത് ജിയോടാഗ് ചെയ്യാൻ കഴിഞ്ഞിരുന്നില്ലെന്നും ഇതിനെ തുടർന്ന് പരാതിക്കാരൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിരുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഓഫീസിൽ നിന്നും നേരിട്ട് അന്വേഷണം നടത്തുകയും MGNREGA Master Circular-ലെ Type of work 7.2 പ്രകാരവും വ്യക്തിഗത ആസ്തികൾ പുതുതായി മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി വിവരം ഗുണഭോക്താവിനെ ഗ്രാമപഞ്ചായത്തിൽ നിന്നും 16-1-2020 -ന് അറിയിച്ചിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ & ജില്ലാ കളക്ടറുടെ 10-3-2020 തീയതിയിലെ നിർദേശ പ്രകാരം ശ്രീ. രാജേഷിന് തൊഴുത്ത് നിർമ്മാണത്തിന് അനുമതി നൽകുകയും ടിയാൻ നിലവിലുള്ള തൊഴുത്ത് പൊളിച്ചുകളയുകയും പുതിയ തൊഴുത്ത് നിർമ്മാണത്തിന് മസ്റ്റർ റോൾ നൽകുകയും ആയത് പ്രകാരം വീടിനോട് ചേർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴുത്ത് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി സ്ഥലപരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ആൻഡ് ജില്ലാ കളക്ടറുടെ 10-3-2020 -ലെ 381/ MGNREGA/ IDK/19 നമ്പർ കത്തിലെ നിർദേശപ്രകാരമാണ് ശ്രീ. രാജേഷിന് തൊഴുത്ത് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുള്ളത്. ആയത് പ്രകാരം ടിയാൻ 25-4-2020 -ൽ ടി പ്രവൃത്തി ആരംഭിക്കുകയും 3-5-2020 -ന് തൊഴുത്ത് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്ക് 19-8-2020 പെയ്മെന്റ് തീയതി പ്രകാരം ആകെ 67454.5 രൂപ അനുവദിച്ചിട്ടുള്ളതായും ജില്ലാ കളക്ടറുടെ നിർദേശം ലഭിച്ച ശേഷം ഹർജിക്കാരനായ ശ്രീ. രാജേഷിന് തൊഴുത്ത് നിർമ്മാണത്തിന് അനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടില്ലെന്നുമുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.”

പ്രസ്തുത റിപ്പോർട്ടിലെ വിവരം 27-1-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

29-7-2022-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഹർജിക്കാരനിൽ നിന്നും പ്രതികരണമില്ലാത്തതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(33) നിർത്തലാക്കിയ കുടിവെള്ളം പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാന്ത എം.കെ., തൃശ്ശൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.**

(ഫയൽ നമ്പർ 19090/ഹർജി സി3/2019/ലെജി.)

ഭർത്താവുപേക്ഷിച്ച ഹർജിക്കാരി ഒരു സ്വകാര്യ സ്ഥാപനത്തിൽ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്ത് ഏകമകന്റെ വിദ്യാഭ്യാസ ചെലവുകൾ ഉൾപ്പെടെ നോക്കി വരവെ, രോഗബാധിതയായി ആശുപത്രിയിലായിരുന്ന അവസരത്തിൽ വാട്ടർബിൽ അടയ്ക്കാൻ കഴിയാതിരുന്നതിനാൽ അധികാരികൾ കുടിവെള്ള കണക്ഷൻ വിച്ഛേദിച്ചുവെന്നും, കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി പണം ഒടുക്കാൻ ചെന്നുവെങ്കിലും അധികൃതർ പണം സ്വീകരിക്കാത്തതിനാൽ കുടിവെള്ളം മുടങ്ങിയിരിക്കുകയാണെന്നും, ടിയാളുടെ ചെറിയ വീടിന്റെ പണി പൂർത്തിയാക്കാൻ ഫണ്ട് അനുവദിക്കാതെ അധികാരികൾ കഷ്ടപ്പെടുത്തുകയാണെന്നും ആയതിനാൽ ടി പ്രശ്നപരിഹാരത്തിന് സമിതിയുടെ ഇടപെടൽ ഉണ്ടാകണമെന്ന് ഹർജിക്കാരി സമർപ്പിച്ച 30-6-2018 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 20-7-2018-ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണം, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

പ്രസ്തുത ഹർജി വിഷയം തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നതെന്നതിനാൽ ഹർജി ടി വകുപ്പുകൾക്ക് അയച്ചുകൊടുത്തതായി 3-10-2018-ലെ കത്ത് മുഖേന റവന്യൂ (പാർലമെന്റ്) വകുപ്പ് അറിയിച്ചിരുന്നു. ഹർജിക്കാരി പരിയാരം പഞ്ചായത്തിലെ 4-ാം വാർഡിൽപ്പെടുന്ന ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താവാണെന്നും ആയതിനാൽ പഞ്ചായത്ത് അധികൃതരോ, ഗുണഭോക്തൃ സമിതിയോ ആണ് ടി പരാതിക്ക് പരിഹാരം കാണേണ്ടതെന്നും കേരള വാട്ടർ അതോറിറ്റിയ്ക്ക് ടി പരാതിയുമായി ബന്ധമില്ലെന്നും ടി സാഹചര്യത്തിൽ ഹർജിയിലെ ആവശ്യത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ജലവിഭവ (ജലവിതരണ-സി) വകുപ്പ് 6-5-2019-ലെ കത്ത് മുഖേനയും അറിയിച്ചിരുന്നു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ് 6-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരിയാരം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ശ്രീമതി ശാന്ത എം. കെ. (മാഞ്ഞുക്കാൻ വീട്, മോതിരക്കണ്ണി പി. ഒ., ചാലക്കുടി, തൃശ്ശൂർ)-യ്ക്ക് ജലജീവൻ മിഷൻ പദ്ധതിയിലുൾ പ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകി ടിയാരിയുടെ പരാതി പരിഹരിച്ചിട്ടുണ്ട്."

7-6-2022-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാന പ്രകാരം ടി റിപ്പോർട്ടിലെ വിവരം 2-8-2022-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി. എ.) വകുപ്പ് 22-10-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പരിയാരം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഹർജി കക്ഷിയുടെ ഏകദേശം 500 ച.മീ. ഉള്ള വീട്, മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന്റെ ഉൾവശം മുഴുവനായും പ്ലാസ്റ്റർ ചെയ്തിട്ടുള്ളതായും കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ടിയാൾക്ക് കുടിവെള്ള കണക്ഷൻ നല്കിയിട്ടുണ്ടെന്നും തുടർന്നും വീട് പുനഃരുദ്ധാരണ പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനും ഗ്രാമസഭയുടെ അംഗീകാരത്തോടെ മുൻഗണനാക്രമത്തിൽ ആനുകൂല്യം ലഭ്യമാക്കുന്നതാണെന്ന് ടിയാളെ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

**(34) പുളിമാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രതീഷ് ആർ., കിളിമാനൂർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 21324/ഹർജി സി3/2019/ലെജി.)

ഹർജിക്കാരൻ തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലാണ് താമസിക്കുന്നതെന്നും, 2018-19 സാമ്പത്തിക വർഷത്തിൽ ഹർജിക്കാരന് വീട്ടുകരം അടയ്ക്കാൻ സാധിച്ചില്ലെന്നും 2019 ഏപ്രിൽ 1-ന് ടിയാന്റെ ഒരു വർഷത്തെ വീട്ടുകരം കുടിശ്ശികയായെന്നും, നിശ്ചിത ദിവസത്തിനകം വീട്ടുകരം അടച്ചില്ലെങ്കിൽ കോടതി നടപടി നേരിടേണ്ടി വരുമെന്നത് സംബന്ധിച്ച് പഞ്ചായത്ത് രേഖാമൂലം ടിയാനെ അറിയിക്കുകയോ ചെയ്തില്ലെന്നും, 2019 ആഗസ്റ്റ് 2-ാം തീയതി പുളിമാത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വീട്ടുകരം അടയ്ക്കാൻ ചെന്നപ്പോൾ വീട് ജപ്തി ചെയ്ത് കരം ഈടാക്കുവാനുള്ള നടപടിയ്ക്കായി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നികുതി അടയ്ക്കാൻ കഴിയില്ലെന്ന് സെക്രട്ടറി അറിയിച്ചുവെന്നും, റവന്യൂ റിക്കവറിയ്ക്ക് അയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഹർജിക്കാരന്റെ വീട്ടുകരം ഈടാക്കുന്നതിനുള്ള നടപടി

പുളിമാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോടതിയിൽ എത്തിച്ചതെന്നും അതിനാൽ നിയമപ്രകാരമുള്ള യാതൊരു ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ സാധാരണക്കാരെ കോടതി കയറ്റുന്ന പുളിമാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ ശക്തമായ നടപടി എടുക്കണമെന്നും പ്രസ്തുത പഞ്ചായത്ത് പരിധിക്കുള്ളിൽ താമസിക്കുന്ന എത്രപേരുടെ വീട്ടുകരം അടയ്ക്കുന്ന പ്രക്രിയ പഞ്ചായത്ത് സെക്രട്ടറി കോടതി വ്യവഹാരത്തിൽ എത്തിച്ചുവെന്ന് അന്വേഷിക്കണമെന്നും 8-8-2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 16-9-2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.പി.ബി.) വകുപ്പ് 6-10-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പുളിമാത്ത് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിമാസ യോഗങ്ങളിലും 100% നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം പഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് കർശന നിർദേശം നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിവ് എന്ന ലക്ഷ്യം വച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിന് വലിയ ശ്രമം തന്നെ നടത്തുകയും 2018-19 സാമ്പത്തിക വർഷം 100% നികുതി പിരിവ് എന്ന നേട്ടം കൈവരിക്കുകയും ചെയ്തു.

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ 11/394 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം രേഖകൾ പ്രകാരം ശ്രീ. രാമസ്വാമി ചെട്ടിയാർ, ശ്രീ. രതീഷ്, നാരായണ, പുല്ലയിൽ എന്ന മേൽവിലാസത്തിലുള്ളതാണ്. ടി കെട്ടിടത്തിന് 551 രൂപ വസ്തു നികുതിയും 27 രൂപ ലൈബ്രറി സെസും ചുമത്തിയിട്ടുള്ളതാണ്. ടി വാർഡിലെ നികുതി പിരിവിനായി ഓഫീസിലെ ശ്രീ. ശരത് എസ്. കുറുപ്പ് എന്ന ക്ലാർക്കിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ടിയാൻ പല പ്രാവശ്യം ടി വീട്ടിൽ പോയി എങ്കിലും വീട് അടച്ചിട്ട നിലയിൽ ആയിരുന്നതിനാൽ നോട്ടീസ് നൽകുന്നതിന് സാധിച്ചില്ല. തുടർന്ന് 13-3-2019 തീയതിയിൽ നോട്ടീസ് പതിക്കുകയുണ്ടായി. സാമ്പത്തിക വർഷം അവസാനിച്ചിട്ടും വസ്തു നികുതി ഒടുക്കാത്തതിനെ തുടർന്ന് 6-4-2019-ാം തീയതിയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17-ാം നമ്പർ തീരുമാനപ്രകാരം പരാതിക്കാരൻ ഉൾപ്പെടെയുള്ള 4 പേരുടെ പേർക്ക് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അത് പ്രകാരം തുടർ നടപടി സ്വീകരിക്കുകയും ചെയ്തു. തുടർന്ന് 2019 ആഗസ്റ്റ് മാസത്തിൽ ടിയാൻ ഓഫീസിൽ വരികയും ടിയാന് ഓൺലൈനായി വസ്തു നികുതി ഒടുക്കാൻ സാധിക്കുന്നില്ല

എന്ന് അറിയിക്കുകയുമുണ്ടായി. 2018-19 സാമ്പത്തിക വർഷം നികുതി ഒടുക്കാത്തതിനാൽ നികുതി ഈടാക്കുന്നതിനായി ആറ്റിങ്ങൽ കോടതിയിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നതായി ടിയാനെ അറിയിച്ചു. തുടർന്ന് നിയമാനുസരണമുള്ള തുക ഒടുക്കുന്നതിന് തയ്യാറാണെന്നും തുടർനടപടികൾ ഒഴിവാക്കണമെന്നും രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും നിയമാനുസരണമുള്ള തുക ഈടാക്കുകയും തുടർ നടപടികൾ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്."

17-11-2022-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ വിവരം 21-2-2023-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ് & റവന്യൂ വകുപ്പ്**

**(35) പഞ്ചായത്ത് വഴി പുനരുദ്ധരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. ബാലചന്ദ്രൻ നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 19428/ഹർജി സി1/2012/നി. സെ.)

തിരുവനന്തപുരം നഗരസഭയുടെ ശ്രീകാര്യം സോണൽ ഓഫീസ് പരിധിയിൽ വരുന്ന ഉളിയാഴ്ത്തുറ വില്ലേജിൽ കാഞ്ഞിരംകുഴൽ വാർഡിൽ നാല്പതോളം കുടുംബങ്ങൾ ഉപയോഗിച്ചുവന്നിരുന്ന 4 മീറ്റർ വീതിയിലും 60 മീറ്റർ നീളത്തിലുമുള്ള സർക്കാർ വഴി പ്രസ്തുത വാർഡിൽ കണിയാംപാറ-വടശ്ശേരിക്കോണം-കാഞ്ഞിരംകുഴൽ-പൗഡിക്കോണം റോഡ് വെട്ടിയപ്പോൾ ഇടിച്ച് താഴ്ത്തി ഉപയോഗശൂന്യമാക്കിയെന്നും അതിനെതിരെ പരാതി നൽകിയിട്ടും പരിഹാരമായില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പരിഹാരം കാണണമെന്ന് 24-9-2012 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-10-2012-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 26-4-2013 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. ജി. ബാലചന്ദ്രൻ നായരുടെ ഹർജിയിൽ പരാമർശിക്കുന്ന വഴി തിരുവനന്തപുരം നഗരസഭയിൽ പൗഡിക്കോണം ഡിവിഷനിൽ കണിയാംപാറ റോഡിന് വലതുഭാഗത്തായി സ്ഥിതിചെയ്യുന്നു. 30 വർഷത്തോളം പഴക്കമുള്ള ടി വഴി

നിലവിൽ അധികമാരുംതന്നെ ഉപയോഗിക്കാതെ കാട് കയറിക്കിടക്കുന്ന അവസ്ഥയിലാണ്. വഴിയിലേയ്ക്ക് നിലവിലുള്ള അഞ്ചോളം പടികൾ കയറി കാൽനട ഗതാഗതം സാധ്യമാണ്. ആയത് വാഹന ഗതാഗതത്തിന് യോഗ്യമാക്കണമെങ്കിൽ ഏകദേശം 20 മീറ്റർ നീളത്തിലും നാല് മീറ്റർ വീതിയിലും രണ്ട് മീറ്റർ താഴ്ചയിലും മണ്ണ് നീക്കം ചെയ്യേണ്ടിവരും. മണ്ണ് നീക്കം ചെയ്യണമെങ്കിൽ അയൽവാസിയുടെ സമ്മതവും ആവശ്യമാണ്. വഴിയുടെ വലതുഭാഗത്ത് 20 അടിയോളം താഴ്ചയിൽ മണ്ണെടുത്ത് മാറ്റിയിട്ടുള്ളതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് അപകട സാധ്യത ഇല്ലാതാക്കിക്കൊണ്ട് മാത്രമെ വഴി ഗതാഗതയോഗ്യമാക്കാൻ കഴിയൂ. അതിന് ഭീമമായ തുക ചെലവ് വരുന്നതാണ് എന്ന വിവരം ധനകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ഹർജിയിന്മേൽ റവന്യൂ (എഫ്) വകുപ്പ് 28-9-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഉളിയാഴ്ത്തുറ വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ 40/2-ൽപ്പെട്ട സർക്കാർ വഴിയിൽ ഒരു ചരിവ് രൂപപ്പെടുത്തി മറ്റ് രണ്ട് റോഡുകളുമായി ബന്ധം പുനഃസ്ഥാപിക്കേണ്ടതുണ്ടെന്നും ആയതിന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണെന്നും ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സമീപിക്കാൻ ശ്രീ. ജി ബാലചന്ദ്രൻ നായർ ഉൾപ്പെടെയുള്ള ടി കേസിലെ എതിർകക്ഷികൾക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. അനിൽ കുമാർ എന്ന കക്ഷി തിരുവനന്തപുരം അഡീഷണൽ മുൻസിഫ് കോടതിയിൽ ശ്രീ. ബാലചന്ദ്രൻ നായർ, പ്രേമസുധ എന്നിവർ എതിർകക്ഷികളായി ഒ.എസ്. 2047/2011 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും 3-10-2017-ന് പ്രസ്തുത കേസ് അടുത്ത വിചാരണയ്ക്ക് വച്ചിട്ടുള്ളതുമാണെന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു."

ഹർജി വിഷയം 27-9-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും വഴിക്കായി ഹർജിക്കാരൻ വാങ്ങിയ വസ്തുവിലെ കരകളും പഞ്ചായത്തിന് കീഴിൽ വരുന്ന 30 മീറ്റർ ഭൂമി കൂടി ഡെവലപ്പ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ടെന്നും അങ്ങനെ ചെയ്താൽ മുഴുവൻ കുടുംബങ്ങൾക്കും പ്രസ്തുത വഴി ഉപയോഗിക്കാമെന്നും അതോടെ പരാതി വിഷയം പരിഹരിക്കപ്പെടുമെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പരാതി വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുകയും സമിതി തീരുമാനം 28-11-2017-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിനെ അറിയിക്കുകയും ചെയ്തു.

എന്നാൽ റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ 3-2-2021-ലെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിച്ച വേളയിൽ പരാതിക്കാസ്പദമായ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ അത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് ടി വകുപ്പിനോട് സമിതി നിർദേശിക്കുകയും ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 8-7-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം നഗരസഭാ പരിധിയിൽ പൗഡിക്കോണം വാർഡിലെ കണിയാംപാറ റോഡ് കോൺക്രീറ്റ് ചെയ്ത് പുനരുദ്ധരിക്കുന്നതിന് ശ്രീ. ബാലചന്ദ്രൻ നായർ നഗരസഭയിൽ നൽകിയ അപേക്ഷയിന്മേൽ 1-6-2019-ൽ നഗരസഭയുടെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 22-10-2019-ൽ പ്രവൃത്തി ആരംഭിച്ച് വർക്ക് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്കായി 2,68,481 രൂപ ചെലവഴിച്ചിട്ടുണ്ട്. 80 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. നിലവിൽ ഈ റോഡ് ഗതാഗതയോഗ്യമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചു കൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 1-8-2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(36) നദീതീരത്തുള്ള വസ്തുവിന് സംരക്ഷണ ഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഗീതാ പ്രവീൺ, കൊല്ലം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 25239/ഹർജി സി1/2018/നി. സെ.)

കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് പഞ്ചായത്തിൽ കല്ലടയാറിന്റെ തീരത്ത് താമസിക്കുന്ന ഹർജിക്കാരിയുടെ 38 സെന്റ് വസ്തു വ്യാപകമായ മണൽ വാരലും പ്രളയവും കാരണം ഇടിഞ്ഞ് പുഴയിലേക്ക് വീണതുമൂലം അത് ഏകദേശം 16 സെന്റായി കുറഞ്ഞുവെന്നും ടി വസ്തു സംരക്ഷിക്കുന്നതിനായി സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1994 മുതൽ പരാതി നൽകി വരികയാണെന്നും ബഹു: മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ പരാതി നൽകിയത് പരിഗണിച്ച് പരിഹാര നടപടി

തീരുമാനിച്ചെങ്കിലും ടി പ്രവൃത്തി നടപ്പായില്ലെന്നും സംസ്ഥാനതല റിവർ മാനേജ്മെന്റ് കമ്മിറ്റി ഭരണാനുമതി നൽകിയിട്ടും അപേക്ഷയ്ക്ക് പരിഹാരമുണ്ടായില്ലെന്നും 3.46 ലക്ഷം രൂപ ടി പ്രവൃത്തി ചെയ്യാൻ പര്യാപ്തമല്ലെന്ന് കണ്ട് 23.30 ലക്ഷം രൂപയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി 4-10-2018 -ൽ ചേർന്ന സംസ്ഥാനതല സമിതി യോഗത്തിന്റെ പരിഗണനയ്ക്ക് വന്നെങ്കിലും കല്ലടയാറിന്റെ പ്രളയ സാധ്യത സംബന്ധിച്ച് തുടർ പഠനം നടത്തിയതിനു ശേഷം പൊതുപരിഹാര മാർഗ്ഗങ്ങൾ തേടിയാൽ മതിയെന്ന് തീരുമാനമെടുത്ത് ടി കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റ് ഫലത്തിൽ നിരസിച്ചുവെന്നും എന്നാൽ അടുത്ത കാലത്ത് മാത്രം അപേക്ഷ നൽകിയ കല്ലടയാറിന്റെ തീരത്തുള്ള പടിഞ്ഞാറേ കല്ലട ഉൾപ്പെടെയുള്ള സമീപ പഞ്ചായത്തുകളിലെ മറ്റ് പ്രവൃത്തികളും മൺട്രോതുരുത്തിലെ തന്നെ കല്ലടയാറിന്റെ ശാഖയായ പുത്തനാറിന്റെ കരയിലെ പ്രവൃത്തികൾക്കും പ്രസ്തുത യോഗത്തിൽ തന്നെ അംഗീകാരം ലഭിച്ചുവെന്നും ആയതിനാൽ സമിതി ഇടപെട്ട് ഒരിക്കൽ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി ലഭിച്ച ടി സ്ഥലത്ത് ആയത് നിർമ്മിക്കുന്നതിനുള്ള നിർദേശം നൽകണമെന്ന് 7-11-2018-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 15-11-2018-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലേക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (പി) വകുപ്പ് 7-3-2019-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കൊല്ലം ജില്ലയിൽ മൺറോതുരുത്ത് പഞ്ചായത്തിൽ കല്ലടയാറിന്റെ തീരത്തുള്ള കൺട്രാംകാണി പരുപ്പേലിമാട്ടയിൽ പുരയിടത്തിൽ നിർമ്മിച്ച വീടും പുരയിടവും വ്യാപകമായ മണൽവാരലും പ്രളയവും കാരണം കാലാകാലങ്ങളിൽ ഇടിഞ്ഞുമാറിയതായും ടി സ്ഥലത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി സംസ്ഥാന ഉന്നതതല സമിതി മുമ്പാകെ നൽകിയ അപേക്ഷ പരിഗണിച്ച് നദീതീര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ച് നൽകണമെന്നുമാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നത്.

കൊല്ലം ജില്ലയിലെ കല്ലട നദിയിലെ മൺറോതുരുത്ത് പഞ്ചായത്തിലെ പരപ്പെല്ലുമറ്റേൽ ഭാഗത്തെ കല്ലടയാറിന്റെ കരയിടിച്ചിൽ അനുഭവപ്പെടുന്ന ഇടത് കരയിൽ 66 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്ന പ്രവൃത്തിക്കായി 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. ഈ പ്രവൃത്തി 22-6-2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി പരിശോധിക്കുകയും സംസ്ഥാന ഉന്നതതല സമിതി അംഗമായ പരിസ്ഥിതി ശാസ്ത്രജ്ഞൻ, ഡെപ്യൂട്ടി കളക്ടർ (ഡി. എം.), ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ നിയോഗിച്ച് പ്രസ്തുത സ്ഥലം പരിശോധിപ്പിക്കുകയും ചെയ്തു. സബ് കമ്മിറ്റി സമർപ്പിച്ച

റിപ്പോർട്ട് പരിശോധിച്ച ശേഷം മൺറോതുരുത്തിന്റെ പല ഭാഗങ്ങളും മുങ്ങിക്കൊണ്ടിരിക്കുകയാണെന്നും ഈ പ്രവൃത്തി ചെയ്യതുകൊണ്ട് മാത്രം പ്രസ്തുത സ്ഥലത്തെ പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നും ആയതിനാൽ മൺറോതുരുത്തിന്റെ പ്രളയ സാധ്യത സംബന്ധിച്ച് തുടർ പഠനം നടത്തിയ ശേഷം തീരുമാനമെടുക്കാമെന്നും തീരുമാനിച്ചു. ആയതിനാൽ 24 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള മൺറോതുരുത്ത് പഞ്ചായത്തിലെ പരപ്പെലുമറ്റേൽ ഭാഗത്തെ കല്ലടയാറിന്റെ കരയിടിച്ചിൽ അനുഭവപ്പെടുന്ന ഇടത് കരയിൽ 66 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്ന പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് തത്കാലം നടത്താൻ കഴിയില്ലായെന്ന വിവരം സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നു."

പ്രസ്തുത റിപ്പോർട്ട് 11-5-2022 -ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ് 27-7-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്തിൽ കൺട്രാംകാണി, പരിപ്പുമാട്ടേൽ ഭാഗത്ത് ശ്രീമതി ഗീതാ പ്രവീണിന്റെ പുരയിടം കല്ലടയാറ്റിലെ അനധികൃതമായ മണൽ വാരലും പ്രളയവും മൂലം ഇടിഞ്ഞു മാറിയതിനാൽ ടി ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി നൽകണമെന്ന പരാതിക്കാരിയുടെ ആവശ്യത്തിന്മേൽ ടി സ്ഥലത്ത് പരിശോധന നടത്തിയതിൽ നിന്നും 22-5-2019 തീയതിയിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന സംരക്ഷണ ഭിത്തി കെട്ടി നൽകി പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 1-9-2022 -ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 19-10-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**(37) പൊതുവഴി കൈയേറി ഗതാഗതം തടസ്സപ്പെടുത്തിയതിനെതിരെ കോഴിക്കോട് ചാത്തനാറമ്പ് നിവാസികൾ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 18346/ഹർജി സി 1/2020/നി. സെ.)

മടവൂർ വില്ലേജിൽ മുട്ടാഞ്ചേരി ദേശത്ത് ചാത്തനാറമ്പ് എന്ന സ്ഥലത്ത് ചാത്തനാറമ്പ് എൽ. പി. സ്കൂളിന്റെ എതിർവശത്ത് നിന്നും എടക്കാട്ടിൽ പറമ്പിനോട് ചേർന്ന് തെക്ക് വടക്കായി പോകുന്നതും അഞ്ചോളം പട്ടികജാതി കുടുംബങ്ങളും

നാട്ടുകാരും വർഷങ്ങളായി ഉപയോഗിച്ച വരുന്നതുമായ ചാത്തനാറമ്പ് എടക്കാട്ടിൽ താഴം റോഡ് തിലകൻ, സതീശൻ എന്നീ വ്യക്തികൾ കൈയേറി കരിങ്കല്ല് കെട്ടിയടച്ച് ഗതാഗതം തടസ്സപ്പെടുത്തിയിരിക്കുന്നുവെന്നും എൽ.പി. സ്കൂളിലേയ്ക്ക് വരുന്ന വിദ്യാർഥികളും നാട്ടുകാരും ഉപയോഗിച്ചിരുന്ന വഴിയാണ് തടസ്സപ്പെടുത്തിയതെന്നും കൈവശ പ്രമാണ ങ്ങളില്ലാതെയും ഭൂനികുതി അടയ്ക്കാതെയുമാണ് എതിർകക്ഷികൾ ടി റോഡിന് അവകാശം ഉന്നയിക്കുന്നതെന്നും ആയതിനാൽ സമിതി ഇടപെട്ട് പ്രദേശവാസികൾ വർഷങ്ങളായി ഉപയോഗിച്ചുവരുന്ന പ്രസ്തുത റോഡ് പുനഃസ്ഥാപിക്കണമെന്ന് 2-7-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 10-8-2020-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്കയച്ചു.

ഹർജിയിന്മേൽ റവന്യൂ (ജി) വകുപ്പ് 22-6-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിന്മേൽ കോഴിക്കോട് ജില്ലാ കളക്ടർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു. പരാതിയ്ക്ക് അടിസ്ഥാനമായ സ്ഥലം മടവൂർ പഞ്ചായത്തിലെ ചിറയ്ക്കൽ പുതുക്കോട്ട് ഭഗവതി ക്ഷേത്രം വകയാണെന്നും ഇവിടം മുൻകാലത്ത് നടവഴിയായി ഉപയോഗിച്ചിരുന്നുവെന്നും പ്രസ്തുത തർക്ക സ്ഥലം കഴിഞ്ഞ് ബാക്കിയുള്ള ഇടവഴി ഈ അടുത്തകാലത്ത് നിലവിൽ 2 മീറ്ററിൽ കൂടുതൽ വീതി കൂട്ടി റോഡായി രൂപമാറ്റം വന്നതായി ബോധ്യപ്പെട്ടതായും ഹർജിക്കാർ വഴി തടസ്സം സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പോലീസ് തർക്കസ്ഥലത്ത് എത്തിച്ചേർന്ന് വഴി നടക്കാൻ സൗകര്യം ചെയ്ത് നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന് ശേഷം മടവൂർ വില്ലേജ് ഓഫീസറുടെ നിർദേശ പ്രകാരം എതിർകക്ഷികൾ തർക്ക സ്ഥലത്തെ 4 അടി വീതിയിലുള്ള വഴിസ്ഥലം ഹർജിക്കാർക്ക് നടന്ന് പോകുന്നതിന് നിലനിർത്തി അതിര് കെട്ടിയതായും ഹർജിക്കാർ നിലവിലുള്ള വഴി കഴിച്ച് ബാക്കി റോഡ് സൗകര്യത്തിന് പണം കൊടുത്ത് സ്ഥലം വാങ്ങി റോഡ് നിർമ്മാണത്തിന് സൗകര്യം ഒരുക്കിയതായും കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 26-7-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 13-8-2021 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജി റിപ്പോർട്ടിനായി 6-9-2021-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, റവന്യൂ (ജി) എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

പ്രതികരണ ഹർജിയിന്മേൽ റവന്യൂ(ജി) വകുപ്പ് 15-2-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കോഴിക്കോട് താലൂക്ക് മടവൂർ വില്ലേജിൽ റീസർവ്വേ 34/4-ൽപ്പെട്ട പൊതുസ്ഥലം തിലകൻ, ഷിനോജ് കുമാർ എന്നീ കക്ഷികൾ കൈയേറിയെന്നാണ് പ്രസ്തുത പ്രതികരണ ഹർജിയിലെ പരാതി. ടി പരാതി പരിശോധിച്ചതിൽ പരാതിയ്ക്ക് അടിസ്ഥാനമായ സ്ഥലം ചിറക്കൽ പുതുക്കോട്ട് ഭഗവതി ക്ഷേത്രം വകയാണ് എന്നും ടി സ്ഥലം മുൻകാലത്ത് നടവഴിയായി ഉപയോഗിച്ചിരുന്നുവെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുന്നു. പരാതിയിലെ എതിർകക്ഷികൾ തർക്കസ്ഥലത്തെ 4 അടി വീതിയുള്ള വഴി സ്ഥലം പരാതിക്കാർക്ക് നടന്ന് പോകുന്നതിന് നിലനിർത്തി അതിര് കെട്ടിയിട്ടുണ്ട്. പരാതിക്കാർ നിലവിലുള്ള വഴി കഴിച്ചുള്ള സ്ഥലം പണം കൊടുത്ത് വാങ്ങി റോഡ് നിർമ്മിക്കുന്നതിന് സൗകര്യം ഒരുക്കിയതായും മേൽ ഭൂമിയിൽ സർക്കാർ പുറമ്പോക്ക് ഭൂമി ഒന്നും ഉൾപ്പെട്ടിട്ടില്ല എന്നും മേൽ പരാതിയിൽ ഉൾപ്പെട്ട സ്ഥലം സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട് വരുന്നില്ല എന്നും ആയതിനാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ് എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ് 7-5-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 17-ലെ എ. എൽ. പി. സ്കൂളിന്റെ വടക്കും പടിഞ്ഞാറും വ്യാപിച്ച് കിടക്കുന്ന ഭൂമിയാണ് തർക്കത്തിനാധാരമായ സ്ഥലമെന്നും, പ്രസ്തുത സ്ഥലം ക്ഷേത്രം വകയാണെന്നും ആയതിന്റെ 1891 വർഷത്തിലെ രേഖകളുണ്ടെന്നും, അക്കാലത്ത് ടി വസ്തു ആകെ ഒരേക്കർ പത്ത് സെന്റ് ഭൂമിയുണ്ടായിരുന്നുവെന്നും, ഏതാനും വർഷങ്ങൾക്ക് മുൻപ് വരെ സ്കൂളിന്റെ മാനേജരായിരുന്ന ചാത്തുക്കുട്ടി നമ്പ്യാരുടെ പൂർവ്വികർക്ക് പള്ളിക്കൂടം സ്ഥാപിക്കാൻ 14 സെന്റ് സ്ഥലം ചാർത്തി കൊടുത്തതിന്റെ രേഖകളുണ്ടെന്നുമാണ് ചിറക്കൽ പുതുക്കോട് ഭഗവതി ക്ഷേത്രം കമ്മിറ്റി ഭാരവാഹികൾ അവകാശപ്പെടുന്നത്. പിന്നീട് വർഷങ്ങൾക്ക് ശേഷം പട്ടിക ജാതിക്കാർക്ക് വീട് വയ്ക്കാനായി 20 സെന്റ് സ്ഥലവും നല്കി. ഇവിടെ ശ്രീ. വേലായുധൻ, കല്യാണി, ദാസൻ എന്നിവരുടെ വീടുകളുണ്ടായിരുന്നു. അതിൽശ്രീ. ദാസൻ എന്നവരുടെ ഓഹരി പിന്നീട് പ്രഭാകരൻ എന്നയാൾ വിലയ്ക്ക് വാങ്ങി. ശ്രീ. പ്രഭാകരന്റെ ഭാര്യ ശ്രീമതി രേണുകയുടെ കൈവശമാണ് ഈ സ്ഥലം ഇപ്പോഴുള്ളത്. ഈ വ്യക്തികളൊക്കെ മടവൂർ വില്ലേജിൽ നികുതി അടയ്ക്കുന്നു എന്നാണറിയാൻ കഴിഞ്ഞത്. കൂടാതെ തെക്ക് ഭാഗത്തുള്ള താമസക്കാർക്കായി നാലടി വീതിയുള്ള വഴി വിട്ടുകൊടുത്ത് ഉദാരമായ സമീപനം അടുത്ത കാലത്തായി സ്വീകരിച്ചു എന്നും ചിറക്കൽ പുതുക്കോട്ട ഭഗവതി ക്ഷേത്രക്കമ്മിറ്റി ഭാരവാഹികൾ പറയുന്നു. എ. എൽ. പി. സ്കൂൾ മട്ടാഞ്ചേരി (ചാത്തനാറമ്പത്ത് സ്കൂൾ) പിന്നീട് മടവൂർ സി. എം. മഖാം ഓർഫനേജ് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഏറ്റെടുത്തു.

എന്നാൽ ക്ഷേത്രം കമ്മിറ്റി ഭാരവാഹികൾ അവകാശപ്പെടുന്നത് പോലെ ഭൂമി സംബന്ധമായ യാതൊരു രേഖകളും അവരുടെ കൈവശമില്ലെന്നും ഇത് പൊതുഭൂമിയാണെന്നും, ആയത് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് പരാതികക്ഷിയായ ശ്രീ. മോഹനൻ കെ.കെ. വാദിക്കുന്നത്. ഈ പറമ്പിന് കഴിഞ്ഞ 30 വർഷമായി ഭൂനികുതി അടയ്ക്കുന്നില്ലെന്നും ഇവിടെ സ്കൂളിന്റെ തൊട്ടുപിറകിൽ തെക്ക് പടിഞ്ഞാറ് ഭാഗത്തായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 1985-ൽ കുഴിച്ച പൊതുകിണർ ഉണ്ടെന്നുള്ളത് ഭൂമി, ക്ഷേത്രം വകയല്ലെന്നതിന് തെളിവാണെന്നും ടിയാൻ പറയുന്നു. ഈ ഭൂമി പുതുക്കോട് കുട്ടാമൻ എന്നയാൾ പഞ്ചായത്തിന് വിളക്കുമാടം സ്ഥാപിക്കുന്നതിനും മറ്റ് പൊതുആവശ്യങ്ങൾക്കും വിട്ടുകൊടുത്തതാണെന്നും വർഷങ്ങളായി ആരും ഈ ഭൂമിക്ക് നികുതി ഒടുക്കിയിട്ടില്ലായെന്നും, മുൻകാലത്ത് ഇവിടം നടവഴിയായി ഉപയോഗിച്ചിരുന്നുവെന്നും എന്നാൽ അടുത്ത കാലത്ത് ക്ഷേത്രം ഭാരവാഹികൾ ബോളർ ഇറക്കി വഴിയിൽ തടസ്സം സൃഷ്ടിച്ചതിനെ തുടർന്ന് പോലീസിൽ പരാതി നൽകുകയും, പോലീസ് തർക്കസ്ഥലത്ത് എത്തിച്ചേർന്ന് വഴി നടക്കാൻ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തുവെന്നും, ആയതിന് ശേഷം മടവൂർ വില്ലേജ് ഓഫീസറുടെ നിർദേശപ്രകാരം ക്ഷേത്രം കമ്മിറ്റി തർക്കസ്ഥലത്തെ 4 അടി വീതിയുള്ള വഴിസ്ഥലം ഹർജിക്കാർക്ക് നടന്നുപോവുന്നതിന് നിലനിർത്തി അതിർ കെട്ടുകയും ചെയ്തു.

എന്നാൽ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ പരാതിയിൽ സൂചിപ്പിച്ച വിഷയം ആ കാലയളവിലെ വാർഡ് മെമ്പർ മുൻകൈയെടുത്ത് പരാതിക്കാധാരമായ സ്ഥലത്തിന്റെ തെക്കുഭാഗത്തെ താമസക്കാർക്കായി റോഡ് സൗകര്യം ഏർപ്പെടുത്തി രമ്യമായി പരിഹരിച്ചതാണെന്നും പഞ്ചായത്ത്, വില്ലേജ് രേഖകളിൽ പരാതിയിൽ പറയുന്ന പ്രകാരം പൊതുഭൂമിയോ പുറമ്പോക്ക് ഭൂമിയോ ഇല്ല എന്നാണ് അറിയാൻ കഴിഞ്ഞതെന്നും ബോധിപ്പിച്ചിരുന്നു. മേൽ വിവരങ്ങൾ റവന്യൂ വകുപ്പ് നടത്തിയ അന്വേഷണത്തിലും ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന വിവരവും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.”

പ്രസ്തുത റിപ്പോർട്ടുകൾ 19-10-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ടി റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം 2-2-2023-ലെ കത്ത് മുഖേന പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരെ അറിയിച്ചു.

**(38) വഴി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. കെ. തോമസ്, ചോറ്റാനിക്കര, എറണാകുളം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 19417/ഹർജി സി2/2021/ലെജി.)

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ ഉണ്ണി എന്നറിയപ്പെടുന്ന മത്തായി, കല്ലറയ്ക്കൽ (H), ശ്രീ. ജോണി, അറുകാക്കൽ (H) എന്നിവർ സഹകരിച്ച്, ഹർജിക്കാരന് പൂർണ്ണമായി ഉപയോഗിക്കുന്നതിന് അനുവാദം നല്കിക്കൊണ്ട്, ഉണ്ടാക്കിയ വഴി ചേർത്ത് മത്തായിയുടെ സഹോദരൻ ശ്രീ. ജോയി, കല്ലറയ്ക്കൽ (H) ടിയാന്റെ സ്ഥലം വിറ്റെന്നും സ്ഥലം വാങ്ങിയവർ മതിൽ കെട്ടുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച് വരുന്നതായും മതിൽ നിർമ്മിച്ചാൽ ഹർജിക്കാരന്റെയും കുടുംബത്തിന്റെയും യാത്രാസൗകര്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുമെന്നും അതിനാൽ അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് 22-11-2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 13-12-2021 തീയതിയിലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചിരുന്നു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് 20-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീ. വി. കെ. തോമസ്, ചോറ്റാനിക്കര സമർപ്പിച്ച നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു. പരാതിക്കാരന്റെ ഹർജിയിൽ പരാമർശിക്കുന്ന വഴി സ്വകാര്യ വ്യക്തികളുടേതാണെന്നും, പ്രശ്നപരിഹാരത്തിനായി പരാതിക്കാരേയും എതിർകക്ഷികളേയും നേരിൽ കേട്ടെങ്കിലും പരിഹാരമാകാത്തതിനാൽ വഴി അളന്ന് തിരിക്കുന്നതിന് റീസർവ്വേ വകുപ്പിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതാണെന്നുമുള്ള വിവരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത വിഷയത്തിന്റെ കാലിക പ്രസക്തി പരിഗണിച്ച് സർവ്വേ നടപടിക്രമം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്."

ഹർജിയിന്മേൽ റവന്യൂ (എഫ്) വകുപ്പ് ലഭ്യമാക്കിയ, 7-10-2022 തീയതിയിലെ കത്ത് മുഖേനയുള്ള, റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിന്മേൽ എറണാകുളം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. കണയന്നൂർ വില്ലേജ് ബ്ലോക്ക് നമ്പർ 12-ൽ റീസർവ്വേ നമ്പർ 149/2-3 ൽ 02.02 ആർ-ൽപ്പെട്ട ചോറ്റാനിക്കര, പാലസ് സ്ക്വയർ, ചക്രവേലിൽ ഹൗസിൽ ശ്രീ. വി. കെ. തോമസിന്റെ വസ്തുവിന്റെ വടക്ക് അതിരിൽ നിലവിൽ ഒരു ഇടവഴി ഉള്ളതായി കാണുന്നതായും ടി വഴിയുടെ വടക്ക് അതിരിൽ റീസർവ്വേ 142/18-ൽ വരുന്നിടം ശ്രീ. ജോയി കല്ലറയ്ക്കൽ വീട് എന്നയാളിൽ നിന്നും ശ്രീമതി ബിന്ദു എന്നയാൾ വാങ്ങിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ ഇടവഴിയിൽ വഴി തടസ്സം ഉണ്ടാക്കാത്തവിധം ടിയാളുടെ കൈവശഭൂമിയുടെ അതിരിൽ മതിൽ പണിതിട്ടുള്ളതായി കാണുന്നുവെന്നുമുള്ള വിവരം കണയന്നൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസറുടെ സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടെന്ന വിവരം സവിനയം സമിതിയെ അറിയിക്കുന്നു."

19-10-2022-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ടുകൾ പരിഗണിയ്ക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം 16-2-2023-ലെ കത്ത് മുഖേന റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

## തദ്ദേശസ്വയംഭരണ വകുപ്പ് & പൊതുമരാമത്ത് വകുപ്പ്

### (39) പുറമ്പോക്ക് കൈയേറി നിർമ്മിച്ച കെട്ടിടം പൊളിച്ച് നീക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എബെയ്സൺ പി. ജോൺ, കോട്ടയം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 20858/ഹർജി സി2/2020/ലെജി.)

ഹർജിക്കാരൻ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ സർവ്വേ നമ്പർ 285/13-ലെ താമസക്കാരനാണെന്നും കുറിച്ചി വില്ലേജിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം സർവ്വേ നമ്പർ 286-ൽ ഉൾപ്പെട്ട സ്ഥലം റോഡ് പുറമ്പോക്ക് ഭൂമി ആണെന്നും ടി പുറമ്പോക്ക് ഭൂമിയിൽ കെട്ടിട നമ്പർ 589, 590 എന്നിവയിൽ ഒരു കുടുംബം താമസിച്ച് വരികയായിരുന്നുവെന്നും എന്നാൽ ആറ് വർഷത്തോളമായി ടി

കുടുംബം ടി പഞ്ചായത്തിലെ സർവ്വേ നമ്പർ 412/15-ൽ താമസിക്കുകയാണെന്നും സർവ്വേ നമ്പർ 286-ൽ ഉൾപ്പെട്ട മേല്പറഞ്ഞ നമ്പർ കെട്ടിടങ്ങൾ 2019 ഏപ്രിൽ മാസത്തിൽ നവീകരണം നടത്തിയെന്നും അവ ഇപ്പോഴും വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നും 27-4-2019 തീയതിയായി കുറിച്ചി ഗ്രാമപഞ്ചായത്തിൽ നിന്നും DND ലൈസൻസ് അനുവദിച്ചെന്നും, ടി ലൈസൻസ് നൽകിയത് നിയമപ്രകാരമല്ലെന്നും, അതിനെതിരെ കളക്ടർക്കും ആർ.ഡി.ഒ.-യ്ക്കും പരാതി നൽകിയെങ്കിലും പ്രശ്നപരിഹാര മുണ്ടായില്ലെന്നും അതിനാൽ പുറമ്പോക്കിൽ അനധികൃതമായി നിർമ്മിച്ച പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കുന്നതിനും പഞ്ചായത്തിൽ നിന്നും ടി കെട്ടിടത്തിന് നൽകിയ DND ലൈസൻസ് റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് 27-10-2020-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10-11-2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് 11-9-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റോഡ് പുറമ്പോക്ക് ഭൂമി കൈയേറി നിർമ്മിച്ച കെട്ടിടം പൊളിച്ച് നീക്കുന്നതിനും, ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും നൽകിയ ലൈസൻസ് റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എബൈയ്സൺ. പി. ജോൺ, കോട്ടയം സമർപ്പിച്ച ഹർജിയിന്മേൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു.

കുറിച്ചി ഗ്രാമപഞ്ചായത്തിലെ വാർഡ് 3-ൽ ചങ്ങനാശ്ശേരി - കോട്ടയം ദേശീയ പാതയിൽ മന്ദിരം കവല സി.എച്ച്.സി.-ക്ക് സമീപമാണ് പരാതിയിൽ പറയുന്ന സ്ഥലം (സർവ്വേ നമ്പർ 285/13) സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം പരാതിയിൽ പറയുന്ന 3/590 നമ്പർ കെട്ടിടം 1993-ൽ അസസ്സ് ചെയ്തിട്ടുള്ളതാണ്. ടി കാലയളവിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിലുണ്ടായിരുന്നില്ല. ദേശീയപാത അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്താണ് പരാതിയിൽ പറയുന്ന 3/590 നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നത്. ദേശീയപാത അതോറിറ്റിയുടെ ടി സ്ഥലം എൻ.എച്ച്. ബൈപ്പാസ് കൊല്ലം സബ് ഡിവിഷന്

കൈമാറിയിട്ടുണ്ട്. ടി സ്ഥലം ഒഴിപ്പിക്കുവാനുള്ള പ്രവൃത്തി നിർവ്വഹിക്കേണ്ടത് ദേശീയ പാത അതോറിറ്റിയുടെ എൻ.എച്ച്. ബൈപ്പാസ് സബ് ഡിവിഷനാണെന്ന് കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3/590 നമ്പർ കെട്ടിടത്തിൽ തേവലക്കര ബാറ്ററീസ് എന്ന സ്ഥാപനത്തിന് 2019-20 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിരുന്നു. എന്നാൽ പരാതി നിലവിലുള്ളതിനാൽ 2020-21, 2021-22 വർഷങ്ങളിൽ ലൈസൻസ് അനുവദിച്ചിട്ടില്ല. അനധികൃത കച്ചവടം അവസാനിപ്പിക്കുന്നതിന് ടി സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടിസ് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടി സ്ഥലം ഒഴിപ്പിക്കുവാനുള്ള പ്രവൃത്തി നിർവ്വഹിക്കേണ്ടത് ദേശീയപാത അതോറിറ്റിയുടെ എൻ.എച്ച്. ബൈപ്പാസ് സബ് ഡിവിഷനാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ ടി പരാതിയിൽ തുടർനടപടികൾ സ്വീകരിച്ച് അതുസംബന്ധിച്ച നടപടി റിപ്പോർട്ട് ബഹു. സമിതി മുമ്പാകെ നേരിട്ട് സമർപ്പിക്കുന്നതിനായി പരാതിയുടെ പകർപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്."

ഹർജി വിഷയം സംബന്ധിച്ച് പൊതുമരാമത്ത്(ഡി) വകുപ്പ് 8-4-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റോഡ് പുറമ്പോക്ക് കൈയേറി നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ദേശീയപാത കൊല്ലം ബൈപാസ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നോട്ടീസ് നൽകി ചങ്ങനാശ്ശേരി കോട്ടയം ദേശീയപാതയിൽ കുറിച്ചി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 3/590 നമ്പർ കെട്ടിടം ഒഴിപ്പിച്ച് പൊളിച്ച് നീക്കിയിട്ടുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ടുകൾ 11-5-2022-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും അതിൻപ്രകാരം 15-10-2022-ലെ കത്ത് മുഖേന പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണം & ദുരന്തനിവാരണ വകുപ്പ്**

**(40) പ്രളയത്തിൽ നഷ്ടമായ ഭൂമിക്ക് പകരം ഭൂമിയും വീടും സർക്കാർ പദ്ധതി പ്രകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. വർഗ്ഗീസ് കെ. വി., പത്തനംതിട്ട സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 16158/ഹർജി സി1/2020/ലെജി.)

ഹർജിക്കാരന് വീട് വയ്ക്കുന്നതിനായി സീറോ ലാൻഡ് ലെസ് പദ്ധതി പ്രകാരം റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിൽ വെച്ചൂച്ചിറ പഞ്ചായത്ത് 9-ാം വാർഡിൽ കുരുമ്പൻമൂഴി എന്ന സ്ഥലത്ത് LA30/2015/2LLKP/KLMA നമ്പരിൽ 3 സെന്റ് ഭൂമിക്ക് 30-9-2015-ൽ പട്ടയം ലഭിച്ചുവെന്നും ടി ഭൂമി 2018-ലെ പ്രളയത്തിൽ ഒലിച്ചുപോയെന്നും അതിനാൽ സർക്കാർ, നിയമപ്രകാരമുള്ള ഭൂമിവാങ്ങാനുള്ള 6 ലക്ഷം രൂപയുടെയും വീട് വയ്ക്കാൻ 4 ലക്ഷം രൂപയുടെയും പദ്ധതിയിൽപ്പെടുത്തി ഹർജിക്കാരനും കുടുംബത്തിനും ഭൂമിയും വാസയോഗ്യമായ വീടും അനുവദിച്ച് നൽകണമെന്ന് 29-2-2020-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 13-3-2020-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിക്കാരന്റെ ഭാര്യ ശ്രീമതി അമല വർഗ്ഗീസ് 4-9-2020-ൽ സമർപ്പിച്ച ഹർജിയും 30-9-2020-ലെ കത്ത് മുഖേന റിപ്പോർട്ടിനായി മേല്പറഞ്ഞ വകുപ്പുകളിലേക്ക് അയച്ചിരുന്നു.

8-10-2020-ലെ സമിതി യോഗം ഹർജി വിഷയം പരിഗണിക്കുകയും പരാതിക്കാരനെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി. ബി.) വകുപ്പ് 15-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ഹർജിക്കാരനായ ശ്രീ. കെ. വി. വർഗ്ഗീസ് എന്നയാൾക്ക് ടിയാന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു സ്ഥലത്ത് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും ഹർജിക്കാരൻ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ഹർജിയിന്മേൽ ദുരന്തനിവാരണ (എ) വകുപ്പ് 27-10-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" 2018-ലെ പ്രളയത്തിൽ നഷ്ടമായ ഭൂമിയ്ക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. വി. വർഗ്ഗീസ്, പത്തനംതിട്ട എന്നയാൾ സമർപ്പിച്ച ഹർജി പരിശോധിച്ചതിൽ ശ്രീ. കെ. വി. വർഗ്ഗീസ് എന്നയാൾക്ക് ലഭിച്ച സർക്കാർ ഭൂമി 2018-ലെ പ്രളയത്തിൽ ഒലിച്ചുപോയതിനാൽ നിലവിൽ ഭവനനിർമ്മാണത്തിന് ഉതകുന്ന ഭൂമിയല്ലായെന്നും ലഭിച്ച പട്ടയം റദ്ദായിട്ടുള്ളതായും പ്രസ്തുത ഭൂമിയിൽ വീടില്ലാത്തത് കാരണം ഭവന നാശം വന്നവരുടെ

ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ലായെന്നും നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം വീടിന് നാശനഷ്ടം വന്നവർക്കുള്ള ദുരിതാശ്വാസത്തിന് അർഹതയുള്ളതായി കാണുന്നില്ലായെന്നും എന്നാൽ ലഭിച്ച ഭൂമി പ്രളയത്തിൽ ഒലിച്ചുപോയതിനാലും വേറെ വസ്തു ഇല്ലാത്തതിനാലും പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് അനുവദിക്കുന്ന ധനസഹായത്തിന് അർഹതയുണ്ടെന്നും ആയതിനാൽ ഭൂമി വാങ്ങുന്നതിന് നൽകുന്ന 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. വി. വർഗ്ഗീസ് എന്നയാൾക്ക് ഭൂമി വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപ അനുവദിക്കുന്നതിന് 9-2-2021- ലെ സ. ഉ. (സാധാ) നമ്പർ 107/2021/ഡി. എം. ഡി. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്."

17-11-2022-ലെ സമിതി യോഗം മേല്പപ്പറഞ്ഞ റിപ്പോർട്ടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ നിർദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം ടി റിപ്പോർട്ടുകളിലെ വിവരം 8-3-2023-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണം & ആഭ്യന്തര വകുപ്പ്**

**(41) പൊളിഞ്ഞ് വീഴാറായ മതിൽ പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. തങ്കയ്യൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 23351/ഹർജി സി3/2017/ലെജി.)

ഹർജിക്കാരന്റെ അയൽവാസിയായ ലതികയുടെ മകൾ കലയുടെ പുരയിടത്തിൽ നിൽക്കുന്ന മരങ്ങളുടെ വേരുകൾ കാരണം ഹർജിക്കാരന്റെ ഏകദേശം പത്ത് അടി പൊക്കമുള്ള കരിങ്കല്ലും ഇഷ്ടികയും കൊണ്ട് നിർമ്മിച്ച മതിൽ ഏകദേശം 20 അടിയോളം ദൂരം പൊട്ടിപ്പിളർന്ന് ഏത് നിമിഷവും പൊളിഞ്ഞ് വീഴാൻ സാധ്യതയുള്ള നിലയിൽ നിൽക്കുകയാണെന്നും അഞ്ച് മീറ്റർ ദൂരം പൊളിഞ്ഞ് കിടക്കുകയുമാണെന്നും പൊളിഞ്ഞ് തുടങ്ങിയ മതിൽ പുനർനിർമ്മിക്കുന്നതിന് പകരം ഹർജിക്കാരനാണ് മതിൽ പൊളിച്ചതെന്ന് പറഞ്ഞ് എതിർകക്ഷി ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്യുന്നതായും ഹർജിക്കാരനെതിരെ പഞ്ചായത്ത് അധികൃതർക്കും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും കള്ളപ്പരാതികൾ നൽകി ഹർജിക്കാരനെ മാനസികമായി പീഡിപ്പിക്കുന്നുവെന്നും ആയതിനാൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനും മതിൽ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് 21-9-2017 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-10-2017-ലെ കത്ത് മുഖേന ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (എം) വകുപ്പ് 26-2-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതി സംഗതിയെക്കുറിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി മുഖേന നടത്തിയ അന്വേഷണത്തിൽ പരാതിക്കാരന്റെ 12 സെന്റ് വീടും പുരയിടവും വർഷങ്ങൾക്ക് മുൻപ് ഇദ്ദേഹത്തിന്റെ ചെറുമകനായ ബിപിൻചന്ദ്രന് വിലയാധാരമായി നൽകിയെന്നും ഈ പുരയിടത്തെക്കാൾ ഉയർന്ന സ്ഥലത്താണ് എതിർകക്ഷിയായ കലയുടെ പുരയിടം സ്ഥിതി ചെയ്യുന്നതെന്നും ഇവരുടെ വസ്തുവിൽ നിൽക്കുന്ന മരങ്ങളുടെ വേരുകൾ മൂലം പരാതിക്കാരന്റെ മതിലിന്റെ കുറച്ചുഭാഗം കുറച്ചുകാലം മുൻപേ പൊളിഞ്ഞുകിടക്കുകയാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മതിൽ പുനർനിർമ്മിക്കുന്നതിന് വേണ്ടി എതിർകക്ഷിക്ക് നിർദേശം നൽകിയപ്പോൾ പരാതിക്കാരൻ ഇത് സംബന്ധിച്ച് അധികാരികൾക്ക് കൊടുത്ത പരാതിയിന്മേലുള്ള തീരുമാനമനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നും പരാതിക്കാരനുമായി യാതൊരു വാക്കുതർക്കത്തിലും ഏർപ്പെടില്ല എന്നും ഇവർ അറിയിച്ചതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. മതിൽ അപകടരഹിതമായ രീതിയിൽ പുനർനിർമ്മിക്കുന്നതിന് എതിർകക്ഷിക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും വസ്തു സംബന്ധമായ മറ്റു പരാതികൾ കോടതി/ റവന്യൂ അധികാരികൾ എന്നിവർ മുഖാന്തിരം പരിഹരിക്കുന്നതിന് നിർദേശം കൊടുത്തിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

13-9-2018-ലെ സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഹർജി വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ നിർദേശിക്കുകയും ചെയ്തു.

സമിതി നിർദേശ പ്രകാരമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആഭ്യന്തര (എം) വകുപ്പിനോട് ആവശ്യപ്പെട്ടതിൻ പ്രകാരം ആഭ്യന്തര (എം) വകുപ്പ് 24-1-2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. തങ്കയ്യൻ എന്നയാൾ 2017-ൽ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിലും സ്റ്റേഷൻ റിക്കോർഡുകൾ പരിശോധിച്ചതിലും പരാതികക്ഷിയും എതിർകക്ഷിയും തമ്മിൽ നിരവധി പരാതികൾ മതിലുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നതും

പലതവണ നിർദേശിച്ചിട്ടും മതിൽ പുനർനിർമ്മിക്കാൻ ഇരുകക്ഷികളും തയ്യാറായിട്ടില്ലാത്തതായും നിലവിൽ ഇരുകക്ഷികളും തമ്മിൽ യാതൊരുവിധ തർക്കങ്ങളോ പരാതികളോ ഇല്ലാത്തതുമാണ്. സ്ഥലം പരിശോധിച്ചതിൽ പരാതികക്ഷിയുടെ വീട്ടിൽ നിന്നും രണ്ട് മീറ്റർ മാറി പരാതി കക്ഷിയുടെ വസ്തുവിൽ നിന്നും രണ്ടര അടി ഉയരത്തിലുള്ള വസ്തുവിന്റെ അതിരുകല്ല് വിട്ടുള്ള ഭാഗത്തായി ആണ് എതിർകക്ഷി മതിൽ നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത മതിലിന് ഉദ്ദേശം അഞ്ച് അടി ഉയരം ഉള്ളതായും മതിലിനോട് ചേർന്ന് എതിർകക്ഷിയുടെ വക പതിനഞ്ചോളം മഹാഗണി മരങ്ങൾ നിൽക്കുന്നതായും അവയുടെ വേര് ഇറങ്ങി കുറച്ച് ഭാഗം മതിൽ ഇടിഞ്ഞ് ഇരിക്കുന്നതായും ബാക്കി ഭാഗം കാലപ്പഴക്കം കൊണ്ടും മരങ്ങളുടെ വേര് ഇറങ്ങിയും ഇടിയാറായ അവസ്ഥയിലാണെന്ന് കാണുന്നു.

മതിൽ പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇരുകൂട്ടരും നിരവധി പരാതികൾ നൽകിയിരുന്നുവെങ്കിലും നിലവിൽ ഇരുകക്ഷികളും തമ്മിൽ യാതൊരുവിധ പരാതികളോ, തർക്കങ്ങളോ ഇല്ലാത്തതുമാണ്.”

പ്രസ്തുത റിപ്പോർട്ട് 24-9-2020-ലെ സമിതി യോഗം പരിഗണിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ് 20-3-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന അയൽവാസിയുടെ പുരയിടത്തിലെ മരത്തിലെ വേരുകൾ ചേർന്ന് പൊളിഞ്ഞുപോയ മതിൽ എതിർകക്ഷികളായ ശ്രീമതി ലതികയും മകൾ കലയും പരാതികക്ഷിയായ ശ്രീ. തങ്കയ്യനും ചേർന്ന് പുനർനിർമ്മിച്ചതായി 13-1-2021-ലെ എ 4/274/2021 കത്ത് പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും നിലവിൽ പരാതി നിലനിൽക്കുന്നില്ല എന്നുമുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.”

പ്രസ്തുത റിപ്പോർട്ടിലെ വിവരം 23-4-2021 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

17-11-2022-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ദുരന്തനിവാരണ വകുപ്പ് & കൃഷി (മൃഗ) സംരക്ഷണ വകുപ്പ്**

**(42) പ്രളയത്തിൽ തകർന്ന വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി അമ്പിളി വി. എസ്., വയനാട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 21412/ഹർജി സി 1/2019/നി. സെ.)

2018-ലെ മഹാപ്രളയത്തിൽ വീട് പൂർണ്ണമായി വെള്ളത്തിൽ മുങ്ങി വീട്ടു സാധനങ്ങളും കൃഷിയും പൂർണ്ണമായി നശിച്ചെന്നും രണ്ട് കറവ പശുക്കളും മൂന്ന് കിടാങ്ങളും ചത്തുപോയെന്നും അതിനുള്ള ധനസഹായമായി ആകെ ലഭിച്ചത് 10,000 രൂപ മാത്രമാണെന്നും വീടിന്റെ അടുക്കളയുടെ ഭിത്തി വിണ്ടുകീറി ഇടിഞ്ഞുവീണെന്നും നിലവിലുള്ള വീട് പുതുക്കി പണിയുന്നതിന് ധനസഹായത്തിനായി അപേക്ഷ നൽകിയെങ്കിലും പരിഗണിച്ചില്ലെന്നും അത് ചൂണ്ടിക്കാട്ടി ജില്ലാ കളക്ടർക്ക് പരാതി നൽകിയെങ്കിലും നടപടി ഒന്നുമുണ്ടായില്ലെന്നും ബാങ്ക് ലോണുകൾ എല്ലാം തവണകൾ മുടങ്ങി കിടക്കുകയാണെന്നും അതിനാൽ പാതിവഴിയിലായ വീടുപണി പൂർത്തീകരിക്കുന്നതിനാവശ്യമായ ആനുകൂല്യങ്ങൾ നൽകണമെന്ന് 16-8-2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 7-9-2019 തീയതിയിലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് ദുരന്തനിവാരണ (എ) വകുപ്പ് 10-11-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പ്രളയത്തിൽ തകർന്ന വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം നൽകണമെന്ന് ശ്രീമതി അമ്പിളി വി. എസ്. എന്നവർ സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ ടിയാളുടെ വീടിന് 16-29% നഷ്ടം കണക്കാക്കിയിട്ടുള്ളതായും അതുപ്രകാരമുള്ള 60,000 രൂപ കക്ഷിയുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി പൂർണ്ണമായി നഷ്ടപ്പെട്ടതിന് കൃഷി വകുപ്പിൽ നിന്നും 2 കറവ പശുക്കളും, 3 കിടാങ്ങളും നഷ്ടപ്പെട്ടതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നുമാണ് തുടർനടപടി സ്വീകരിക്കേണ്ടതെന്ന വിവരവും സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു.''

ഹർജിയിന്മേൽ മൃഗസംരക്ഷണ (ജി) വകുപ്പ് 12-4-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ശ്രുതി നിവാസിൽ ശ്രീ. രാജുവിന്റെ ഭാര്യ ശ്രീമതി അമ്പിളി വി. എസ്. സമർപ്പിച്ച നിവേദനത്തിന്മേൽ

വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അന്വേഷണം നടത്തി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം, 2018-ലെ പ്രളയത്തിൽ പരാതിക്കാരിയായ ശ്രീമതി അമ്പിളി വി. എസ്.-ന്റെ പശു മരണപ്പെട്ടതിന് 24-12-2018-ൽ 30,000 രൂപയും (മുപ്പതിനായിരം രൂപ മാത്രം), കാലിത്തൊഴുത്ത് നഷ്ടപ്പെട്ടതിന് 27-12-2018-ൽ 2,100 രൂപയും (രണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം) ടിയാൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടുകൾ 17-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## ആഭ്യന്തര വകുപ്പ്

### (43) മകനെ പോലീസ് പീഡിപ്പിച്ചത് സംബന്ധിച്ച് ശ്രീമതി. എൽ. രാധ, മലയിൻകീഴ് സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 13703/ഹർജി ബി4/2010/നി. സെ.)

ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച 3-5-2010 തീയതിയിലെ ഹർജിയിൽ 26-12-2009 ന് വൈകിട്ട് ജോലി കഴിഞ്ഞ് വീട്ടിൽ വന്ന ഹർജിക്കാരിയുടെ മകൻ ശ്രീ. എസ്. ആർ. സുനീഷ് കുമാറിനെ മലയിൻകീഴ് സബ് ഇൻസ്പെക്ടർ ശ്രീ. അനിൽകുമാറും ജീപ്പ് ഡ്രൈവർ ജയരാജും മറ്റ് പോലീസുകാരും ചേർന്ന് വീട്ടിൽ നിന്ന് വിളിച്ചിറക്കി പൊതുവഴിയിൽ വച്ചും പോലീസ് സ്റ്റേഷനിൽ വച്ചും അതിക്രൂരമായി മർദ്ദിക്കുകയുണ്ടായി എന്നും 23-8-2001 ൽ അന്നത്തെ കാട്ടാക്കട സർക്കിൾ ഇൻസ്പെക്ടറും മലയിൻകീഴ് സബ് ഇൻസ്പെക്ടറും മറ്റ് പോലീസുകാരും ചേർന്ന് ഒരു രാഷ്ട്രീയ വിഷയവുമായി ബന്ധപ്പെടുത്തി ടിയാനെ ക്രൂരമായി മർദ്ദിച്ച് ഒരു കണ്ണിന്റെ കാഴ്ച ഭാഗികമായി നഷ്ടപ്പെടുത്തുകയും ശാരീരിക അവശതകൾ ഉണ്ടാക്കുകയും ചെയ്തതിന് അവർക്കെതിരെ ബഹുമാനപ്പെട്ട കാട്ടാക്കട മജിസ്ട്രേറ്റ് കോടതി മുമ്പാകെ സ്വകാര്യ അന്യായം ഫയൽ ചെയ്തതിന്റെ വിരോധത്താലാണ് അപ്രകാരം ക്രൂരമായി മർദ്ദിച്ചതെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു. വിവരം അറിയിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ ഉയർന്ന പോലീസുദ്യോഗസ്ഥർ ശ്രീ. സുനീഷ് കുമാറിനെ അന്യായമായി ഉപദ്രവിച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണ വിധേയമായി നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകുകയും രാത്രി തന്നെ ടിയാനെ ആശുപത്രിയിൽ കൊണ്ട് പോകുന്നതിന് നിർദേശിക്കുകയും ചെയ്തുവെന്നും അവിടെ നിന്ന് അന്നുതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും തുടർന്ന് തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിൽ 73 ദിവസം കിടത്തി ചികിത്സ നടത്തുകയും ചെയ്തുവെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

സുനീഷ് കുമാറിന്റെ കൈവശമുണ്ടായിരുന്ന 10,153 രൂപ വിലയുള്ള പുതിയ മൊബൈൽ ഫോൺ സ്റ്റേഷനിൽ വച്ച് ജീപ്പ് ഡ്രൈവർ ജയരാജ് എടുത്തതായും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. ആഭ്യന്തര മന്ത്രിയ്ക്കും ഡി.ജി.പി.-യ്ക്കും നൽകിയ പരാതികൾ നെടുമങ്ങാട് ഡി.വൈ.എസ്.പി. അന്വേഷിക്കാൻ ഉത്തരവായെങ്കിലും നാളിതുവരെ യാതൊരു അന്വേഷണവും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ മേൽ വിഷയം സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടത്തി കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

ഹർജി വിഷയത്തിന്മേൽ 27-11-2012-ൽ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുത്തിരുന്നു.

പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ 26-12-2009-ന് മണലൂറ്റുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം നടത്താൻ എത്തിയപ്പോൾ തെളിവ് നൽകാൻ സുനീഷ് കുമാർ വിസമ്മതിച്ചത് മൂലമുള്ള പ്രശ്നമാണ് ഇതെന്ന് ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചപ്പോൾ ആ പ്രദേശത്ത് പുഴകളോ, നദികളോ യാതൊരുവിധ മണൽ ഖനനമോ മണലൂറ്റുമായി ബന്ധപ്പെട്ട യാതൊരുവിധ കേസോ ഇല്ലാത്തതാണെന്നും പഞ്ചായത്ത്, വില്ലേജ് ആഫീസ്, പോലീസ് സ്റ്റേഷൻ എന്നിവയിൽ നിന്ന് വിവരാവകാശ ആക്ട് പ്രകാരം വാങ്ങിയ രേഖകൾ പ്രകാരം ഹർജിക്കാരൻ അറിയിച്ചു.

2001-ൽ മലയിൻകീഴ് എസ്. ഐ. സഞ്ചരിച്ച ജീപ്പ് ഇടിച്ച് ഗുരുതരമായി പരിക്കേറ്റ രണ്ടുപേരെ ആശുപത്രിയിൽ എത്തിക്കുന്നതിന് ഹർജിക്കാരൻ മുൻകൈയെടുത്ത് നാട്ടുകാരോടൊപ്പം ആവശ്യപ്പെട്ടെന്നും അത് കഴിഞ്ഞ് അഞ്ചാം ദിവസം ഹർജിക്കാരൻ നടത്തുന്ന ഫർണിച്ചർ കടയുടെ മുൻപിൽ രണ്ടുപേർ തമ്മിലുണ്ടായ വഴക്കിനെത്തുടർന്ന് കടയ്ക്കകത്ത് നിൽക്കുകയായിരുന്ന ഹർജിക്കാരനെ ബലമായി പോലീസ് ജീപ്പിൽ കയറ്റുന്നതിനിടെ സംഘർഷം ഉണ്ടായെന്നും, പോലീസ് മർദ്ദിച്ചത് മൂലം ഹർജിക്കാരന്റെ കണ്ണിന് പരിക്കേറ്റെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. കണ്ണിന് പരിക്കേൽപ്പിച്ച പോലീസ് ഓഫീസർക്കെതിരെ കേസ് കൊടുത്തപ്പോൾ അത് പിൻവലിക്കാൻ സമ്മർദ്ദമുണ്ടായെന്നും ഹർജിക്കാരൻ അറിയിച്ചു.

മണലൂറ്റ് നടത്തിയ ആളെക്കുറിച്ച് അന്വേഷിക്കാതെ, അതാരാണെന്ന് പറഞ്ഞുതരാത്ത ആളിനെ ഉപദ്രവിക്കുന്നതിലൂടെയും, പോലീസിന്റെ ഭാഗത്ത് നിന്ന് തുടർച്ചയായി ഉണ്ടാകുന്ന സംഭവങ്ങളിലൂടെയും, പോലീസിന്റെ വൈരാഗ്യബുദ്ധിയോടെയുള്ള സമീപനമാണ് ഉണ്ടായതെന്ന് അഭിപ്രായപ്പെട്ട സമിതി പ്രോസിക്യൂഷന് അനുമതി ലഭിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയെക്കുറിച്ച് ആരാഞ്ഞപ്പോൾ

എസ്.ഐ. ക്കെതിരെ വകുപ്പുതല നടപടിയില്ലെന്നും എസ്.ഐ. ഹാജരായിട്ടില്ലെന്നും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പോലീസ് സന്ദർഭോചിതമായി സംസാരിച്ച് പരാതി നീട്ടിക്കൊണ്ടുപോകുന്നുവെന്നും പരാതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും മനസ്സിലാക്കിവേണമായിരുന്നു സമിതിക്ക് മുൻപാകെ ഹാജരാകേണ്ടിയിരുന്നത് എന്നും സമിതി കുറ്റപ്പെടുത്തി. സർക്കാർ തലത്തിൽ ഹർജിക്കാരനെയും, എസ്.ഐ.-യെയും വിളിച്ചുവരുത്തി വിശദമായ അന്വേഷണം നടത്തി സമിതിയെ അറിയിക്കാമെന്ന് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

തുടർന്ന് ആഭ്യന്തര (ഡി) വകുപ്പിൽനിന്നും 22-1-2013 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജികൾ സംബന്ധിച്ച സമിതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എൻ. പുഷ്കരൻ, ശ്രീ. സുനീഷ് കുമാറിനെയും മുൻ മലയിൻകീഴ് എസ്.ഐ. ശ്രീ.അനിൽ കുമാറിനെയും 29-12-2012-ന് നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. സുനീഷ് കുമാറിനെ 23-8-2001-ൽ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ടിയാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്നത്തെ മലയിൻകീഴ് എസ്. ഐ. ശ്രീ. ബി. വിനോദ്, കാട്ടാക്കട സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.എസ്.ശ്രീകുമാർ, പോലീസ് കോൺസ്റ്റബിൾമാരായ ശ്രീ. ശശി, ശ്രീ.പത്മകുമാർ എന്നിവർക്കെതിരെ 197 Cr. PC പ്രകാരം പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി നൽകി 6-1-2009-ലെ സ. ഉ. (സാധാ) 68/09/ആഭ്യ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനാസ്പദമായ സംഭവത്തിന്മേൽ പരാതി നൽകിയതിനാലാണ് 26-12-2009-ൽ ശ്രീ. സുനീഷ് കുമാറിനെ മർദ്ദിച്ചതെന്നാണ് ശ്രീമതി രാധയുടെ ഹർജിയിൽ പരാമർശിച്ചിട്ടുള്ളത്.

നിലവിലെ ഹർജിയിൽ പരാമർശിക്കുന്ന വിഷയത്തിൽ, ഹർജിക്കാരിയുടെ മകൻ ശ്രീ. സുനീഷ് കുമാർ, ബഹു. ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ അകാരണമായി കസ്റ്റഡിയിലെടുത്ത് പീഡിപ്പിച്ച സംഭവത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി പരിശോധിക്കുന്നതിനായി പ്രസ്തുത പരാതി തിരുവനന്തപുരം ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയ്ക്ക് 21-2-2011-ന് അയച്ചുകൊടുത്തിട്ടുള്ളതാണ്. ആയതിന്മേൽ സ്വീകരിച്ച നടപടിയെക്കുറിച്ച് അറിയിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി സെക്രട്ടറിയോട് അവശ്യപ്പെട്ടിട്ടുള്ളതാണ്."

തുടർന്ന് ആഭ്യന്തര വകുപ്പ് വീണ്ടും ലഭ്യമാക്കിയ 17-8-2013-ലെ റിപ്പോർട്ട് പ്രകാരം പോലീസ് കംപ്ലെയിന്റ് അതോറിറ്റി നൽകിയ മറുപടിയിൽ പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് 11-7-2012-ൽ പരാതികക്ഷിയെ നേരിട്ട് കേൾക്കുവാൻ ഉത്തരവായെന്നും

എന്നാൽ ചില ആകസ്മിക കാരണങ്ങളാൽ അതോറിറ്റി സിറ്റിംഗ് മാറ്റിവച്ചെന്നും അതിനുശേഷം അതോറിറ്റി ചെയർമാന്റെ ഔദ്യോഗിക കാലാവധി കഴിഞ്ഞതിനാൽ വിചാരണ നടപടി പൂർത്തീകരിച്ചിട്ടില്ലെന്നും നിയുക്ത ചെയർമാൻ ഹിയറിംഗ് നിശ്ചയിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ ടി കേസ് അതോറിറ്റിയുടെ പരിഗണനയിൽ ഇരിക്കുന്നതു മാണെന്നും അറിയിച്ചിരുന്നു.

ഹർജിക്കാരൻ 12-8-2014-ൽ തുടർ ഹർജി സമർപ്പിക്കുകയും അതിന്മേൽ റിപ്പോർട്ട് ആവശ്യപ്പെടാൻ 17-9-2014- ലെ സമിതി യോഗം തീരുമാനിക്കുകയും ചെയ്തിരുന്നു.

ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 11-2-2015-ലെ സമിതിയുടെ തെളിവെടുപ്പ് യോഗം ടി ഹർജി വിഷയം പരിഗണിക്കുകയും ഹർജിക്കാരൻ ഹോസ്പിറ്റലിൽ കിടക്കുന്ന സമയത്ത് ടിയാനെതിരെ കേസ് ചാർജ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ഡി.ജി.പി.- യുടെ ശിപാർശ പ്രൊസീഡ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് രേഖകൾ പരിശോധിക്കാനും ശ്രീ. സുനീഷ് കുമാറിന് പേഴ്സണൽ ഹിയറിംഗിനായി സമയം അനുവദിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി തന്നെ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു. ആയത് ചെയ്യാം എന്ന് തദവസരത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

തുടർന്ന് ആഭ്യന്തര (എച്ച്) വകുപ്പ് 27-11-2015 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സുനീഷ് കുമാർ 19-4-2014-ൽ സർക്കാരിന് സമർപ്പിച്ച പരാതിയിന്മേൽ സർക്കാർ സംസ്ഥാന പോലീസ് മേധാവിയോട് വിശദീകരണം ആവശ്യപ്പെടുകയും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ വിശദവിവരങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16-3-2015-ലെ സ. ഉ. (സാധാ) നമ്പർ 658/2015/ആഭ്യ. ഉത്തരവ് പ്രകാരം ശ്രീ. പി. അനിൽ കുമാർ, പോലീസ് ഇൻസ്പെക്ടർ, ശ്രീ.കമലാസനൻ, സി.പി.ഒ. 8878, ശ്രീ. ജയരാജ്, ഡ്രൈവർ എച്ച്. സി. എന്നിവർക്കെതിരെ ഒരു വകുപ്പുതല അച്ചടക്കനടപടി (വാച്യാന്വേഷണം) നടത്താൻ ഉത്തരവാകുകയും, 8-6-2015-ലെ സ.ഉ (സാധാ) നമ്പർ 1421/2015/ആഭ്യ. പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി സൂപ്രണ്ട് ഓഫ് പോലീസ്, AW, CBCID Headquarters-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ശ്രീ.സുനീഷ് കുമാറിനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായി ആരോപിക്കപ്പെട്ട പോലീസുദ്യോഗസ്ഥർ ക്കെതിരെ, മേജർ പെനാൽറ്റിക്കുള്ള വകുപ്പുതല നടപടി സ്വീകരിച്ചുവരികയാണ്. അച്ചടക്കനടപടി കഴിയുന്നതും വേഗം പൂർത്തിയാക്കി നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്."

പ്രസ്തുത റിപ്പോർട്ട് 7-12-2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് ആഭ്യന്തര (എച്ച്) വകുപ്പ് 6-2-2017 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കരട് കുറ്റാരോപണ മെമ്മോ അംഗീകരിച്ച് ആയത് കുറ്റാരോപിതർക്ക് നൽകുന്നതിനായി സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കുറ്റാരോപിതരിൽ ഒരാളായ ശ്രീ. കമലാസനൻ, സി.പി.ഒ. 8878 ടി സമയം സർവീസിൽ നിന്ന് വിരമിച്ചതിനാൽ കുറ്റാരോപണ മെമ്മോ കൈപ്പറ്റാൻ വിസമ്മതിച്ചെന്നും, ആയതിനാൽ വാച്യാന്വേഷണം തുടരാൻ സാധിച്ചില്ലെന്നും സംസ്ഥാന പോലീസ് മേധാവി സർക്കാരിനെ അറിയിക്കുകയുണ്ടായി. സർക്കാർ ആവശ്യപ്പെട്ട പ്രകാരം കരട് കുറ്റാരോപണ മെമ്മോ ലഭ്യമാക്കാൻ താമസിച്ചതിന്റെ വിശദീകരണം സംസ്ഥാന പോലീസ് മേധാവിയോട് തേടുകയും, ടി വിഷയത്തിൽ മനഃപൂർവമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും, കരട് കുറ്റാരോപണ മെമ്മോ തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ കോടതിയുടെ പരിഗണനയിലായിരുന്നതിനാലാണ് ആയത് ലഭ്യമാക്കുവാൻ താമസം നേരിട്ടതെന്നും, ശ്രീ.കമലാസനൻ കുറ്റാരോപണ മെമ്മോ കൈപ്പറ്റാൻ വിസമ്മതിച്ചതിനാലാണ് വാച്യാന്വേഷണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നതെന്നും സംസ്ഥാന പോലീസ് മേധാവി സർക്കാരിനെ അറിയിച്ചു.

ഈ സാഹചര്യത്തിൽ നിലവിൽ സർവീസിലുള്ള കുറ്റാരോപിതരായ ശ്രീ.അനിൽ കുമാർ (ഇൻസ്പെക്ടർ ഓഫ് പോലീസ്), ശ്രീ.ജയരാജ് (ഡ്രൈവർ, സി. പി. ഒ.) എന്നിവർക്കെതിരെ വാച്യാന്വേഷണം തുടരുന്നതിനും, സർവീസിൽ നിന്നും വിരമിച്ച ശ്രീ.കമലാസനനെതിരെ ചട്ടപ്രകാരം സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്ന വിവരവും, ടി വാച്യാന്വേഷണം പൂർത്തിയാക്കിയതിന് ശേഷം സ്വീകരിക്കുന്ന ശിക്ഷാ നടപടികളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നുള്ള വിവരവും അറിയിച്ചിരിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 7-2-2017 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരിയുടെ മകൻ എന്നിവരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ഹർജി വിഷയം സംബന്ധിച്ച കേസിന്റെ അന്വേഷണ ചുമതല ഐ. ജി.-ക്ക് കൈമാറാൻ സമിതി

നിർദേശിച്ചിരുന്നതാണെന്നും, എന്നാൽ കേസിന്റെ സി. ഡി. ഫയൽ ബഹു. ഹൈക്കോടതിയിലാണെന്നും, സി. ഡി. ഫയൽ ലഭിക്കാത്തതിനാൽ തുടരന്വേഷണം നടത്താൻ കഴിഞ്ഞില്ലെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി യോഗത്തിൽ വിശദീകരണം നൽകിയിരുന്നു.

സി. ഡി. ഫയൽ പോലീസിന് തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരന് കോടതിയിൽ അപേക്ഷ നൽകാവുന്നതാണെന്നും ആഭ്യന്തര വകുപ്പ് അതിനെ എതിർക്കില്ലെന്നും ഡി.ജി.പി.യും ടി യോഗത്തിൽ വ്യക്തമാക്കിയിരുന്നു.

തുടർന്ന് ടി കേസിന്റെ സി.ഡി. ഫയൽ പോലീസിന് തിരികെ ലഭിയ്ക്കുന്നതിനുവേണ്ടി, വക്കീൽ മുഖേന, കോടതിയിൽ അപേക്ഷ നൽകണമെന്ന് ഹർജിക്കാരിയുടെ മകന് സമിതി നിർദേശം നൽകുകയുണ്ടായി. കേസിന്മേൽ തുടരന്വേഷണം നടത്തുന്നതിന് കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാമെന്ന് ഡി.ജി.പി. സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു.

7-2-2017-ലെ സമിതിയോഗ നിർദേശ പ്രകാരം കേസിന്റെ സി.ഡി. ഫയൽ പോലീസിന് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, വക്കീൽ മുഖേന, കോടതിയിൽ അപേക്ഷ നൽകണമെന്ന് 4-5-2017-ലെ കത്തു മുഖേന ഹർജിക്കാരിയോട് ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് ടിയാൾ 25-5-2017-ൽ പ്രതികരണ ഹർജി സമർപ്പിക്കുകയുണ്ടായി. 7-2-2017-ലെ സമിതിയോഗം നിർദേശിച്ചിരുന്ന പ്രകാരം സി.ഡി. ഫയൽ പോലീസിന് ലഭ്യമാക്കുന്നതിന് വക്കീൽ മുഖേന, ഹർജിക്കാരി കോടതിയെ സമീപിച്ചുവെങ്കിലും, സി.ഡി. ഫയൽ വളരെ മുൻപ് തന്നെ മലയിൻകീഴ് പോലീസ് സ്റ്റേഷനിലേയ്ക്ക് വാങ്ങിക്കൊണ്ട് പോയതായാണ് അറിയാൻ കഴിഞ്ഞതെന്ന് പ്രതികരണ ഹർജിയിൽ ബോധിപ്പിച്ചിരുന്നു. ഹർജിക്കാരിയുടെ മകൻ കോടതിയിൽ അപേക്ഷ നൽകി വാങ്ങിയ സി.ഡി. ഫയലിന്റെ പകർപ്പും പ്രതികരണ ഹർജിയോടൊപ്പം സമർപ്പിച്ചിരുന്നു.

20-9-2017-ലെ സമിതിയോഗം ഹർജിക്കാരി 25-5-2017 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജി പരിഗണിക്കുകയും, ഹർജി വിഷയത്തിന്മേൽ 7-2-2017-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഡി.ജി.പി. ഉറപ്പുനൽകിയ പ്രകാരം കേസിന്റെ തുടരന്വേഷണത്തിനായി സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് 12-10-2017-ൽ ഹർജിക്കാരി തുടർ ഹർജി സമർപ്പിക്കുകയുണ്ടായി. ടി കേസിലെ പ്രതിയായ മുൻ മലയിൻകീഴ് സബ് ഇൻസ്പെക്ടർ ശ്രീ. പി. അനിൽ കുമാർ

ഹർജിക്കാരിയുടെ മകനെതിരെ 3-8-2017-ൽ ബഹു. കേരള മുഖ്യമന്ത്രിക്ക് പരാതി നൽകിയെന്നും ആയത് മകൻ ജോലിചെയ്യുന്ന സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർക്ക് റിപ്പോർട്ടിനായി അയച്ച് മകനോട് വിശദീകരണം ചോദിച്ചുവെന്നും, നിയമസഭാ പെറ്റീഷൻ കമ്മിറ്റിയേയും ചെയർമാനെയും തെറ്റിദ്ധരിപ്പിച്ചും സ്വാധീനിച്ചുമാണ് ശ്രീ. അനിൽ കുമാറിനെതിരെ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കാനിടയായതെന്ന് ടി പരാതിയിൽ പറഞ്ഞിരിക്കുന്നുവെന്നും കളവായ കാര്യങ്ങളാണ് പരാതിയിലുള്ളതെന്നും ആയതിനാൽ നീതി ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും തുടർ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

കൂടാതെ കേസിന്റെ സി.ഡി. ഫയൽ മലയിൻകീഴ് പോലീസ് 2014 വർഷത്തിൽ തന്നെ കോടതിയിൽ നിന്നും വാങ്ങിയിട്ടുണ്ടെന്ന് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞുവെന്നും എന്നിട്ടും കേസിന്റെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്ന് ബോധിപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത തുടർഹർജിയിന്മേലുള്ള റിപ്പോർട്ടും, കേസിന്റെ തുടരന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ വച്ചുള്ള അന്വേഷണ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കാൻ 21-10-2017-ലെ കത്ത് മുഖേന ആഭ്യന്തര (എച്ച്) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

ഹർജിക്കാരിയുടെ മകൻ ശ്രീ. സുനീഷ് കുമാറിനെ മർദ്ദിച്ചതായി ആരോപിക്കപ്പെട്ട പോലീസുദ്യോഗസ്ഥരിൽ ഒരാളും മുൻ മലയിൻകീഴ് സബ് ഇൻസ്പെക്ടറുമായ ശ്രീ. അനിൽകുമാറിന്റെ ഭാര്യ ശ്രീമതി ആശ റ്റി. ഐ. 23-112017 തീയതിയായി സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ശ്രീ. അനിൽകുമാറിനെതിരെ കള്ളപ്പരാതികൾ അയയ്ക്കുന്നതുവഴി സത്യസന്ധമായി ജോലി ചെയ്തിരുന്ന ടിയാൻ മാനസികമായും സാമ്പത്തികമായും തളർന്ന് പോയെന്നും ജോലിയിൽ ശ്രദ്ധിക്കാനോ അവശയായ മാതാവിനെ ശ്രദ്ധിക്കാനോ ടിയാന് കഴിയുന്നില്ലെന്നും ടിയാന്റെ ഭാഗത്ത് നിന്ന് തെറ്റ് ഉണ്ടായിട്ടില്ലാത്തതിനാൽ നീതി ലഭ്യമാക്കണമെന്നും ടി ഹർജിയിൽ അപേക്ഷിച്ചിരുന്നു.

29-11-2017-ലെ സമിതി യോഗത്തിൽ ഹർജി വിഷയം പരിഗണിച്ച സമിതി, പ്രസ്തുത ഹർജിയിന്മേലുള്ള നടപടി താല്ക്കാലികമായി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഡി.ജി.പി.-യ്ക്ക് കത്തയയ്ക്കുവാൻ തീരുമാനിച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (എച്ച്) വകുപ്പ് 4-12-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട്, ഹർജിക്കാരൻ സമർപ്പിച്ച 17-7-2018-ലെ തുടർ ഹർജി എന്നിവ സമിതിയുടെ 18-7-2018-ലെ യോഗത്തിൽ പരിഗണിച്ച സമിതി പ്രസ്തുത വകുപ്പിൽ നിന്നും അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയുണ്ടായി.

ഹർജി വിഷയത്തിന്മേൽ ആഭ്യന്തര (എച്ച്) വകുപ്പ് 7-10-2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സുനീഷ് കുമാറിന്റെ പരാതിയിൽ കുറ്റാരോപിതനായ ശ്രീ. അനിൽ കുമാർ, എസ്.ഐ., കമലാസനൻ (എസ്.സി.പി.ഒ.), ജയരാജ് (ഡ്രൈവർ എച്ച്.സി.) എന്നിവർക്കെതിരെ ജോയിന്റ് ഓറൽ എൻക്വയറി ഉത്തരവായിരുന്നതും വാച്യാന്വേഷണാനന്തരം സമർപ്പിച്ച പി.ആർ. മിനിട്സും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പോലീസ് കസ്റ്റഡിയിൽ എടുത്ത് പരാതിക്കാരനായ ശ്രീ. സുനീഷ് കുമാറിനെ ക്രൂരമായി മർദ്ദിക്കുന്നതിന് നേതൃത്വം നൽകിയ മലയിൻകീഴ് മുൻ എസ്.എച്ച്.ഒ.- യും VACB യിൽ സി.ഐ.-യുമായി ജോലി നോക്കിയ ശ്രീ. അനിൽ കുമാറിനെ 1958-ലെ കെ.പി.ഡി.ഐ.പി. & എ. റൂൾ-ലെ 15(j) പ്രകാരം എസ്.ഐ. തസ്തികയിലേക്ക് ജൂനിയർ മോസ്റ്റായി തരം താഴ്ത്തിക്കൊണ്ട് താൽക്കാലിക തീരുമാനം കൈക്കൊണ്ടും, ടി കേസിലെ മറ്റൊരു കുറ്റാരോപിതനായ ഡ്രൈവർ എച്ച്.സി. ജയരാജിന്റെ അടുത്ത മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് താൽക്കാലിക തീരുമാനം കൈക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും അതിന് ശേഷം കുറ്റാരോപിതരെ സർക്കാർ പ്രതിനിധി നേരിൽ കേൾക്കുകയുണ്ടായി. അതിനെ തുടർന്ന് താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ടി ഉദ്യോഗസ്ഥർ നിലവിൽ സർവീസിൽ തുടരുന്നുണ്ടോ ഉണ്ടെങ്കിൽ ഏത് തസ്തിക എന്നത് സംബന്ധിച്ചുള്ള വിവരം സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന പോലീസ് മേധാവിയോട് ആരാഞ്ഞിട്ടുള്ളതാണ്.

സഹകുറ്റാരോപിതനായ ശ്രീ. കമലാസനൻ 30-11-2013-ൽ സർവീസിൽ നിന്നും വിരമിക്കുകയും പിന്നീട് ടിയാന് കുറ്റാരോപണ മെമ്മോ നൽകാൻ സാധിച്ചിരുന്നില്ല എന്ന് കണ്ടതിനാൽ ടിയാന്റെ പെൻഷനിൽ നിന്ന് 300 രൂപ സ്ഥിരമായി കുറവ് ചെയ്യാൻ കാരണം കാണിക്കൽ നോട്ടീസ് നൽകി കേരള പബ്ളിക് സർവീസ് കമ്മീഷന്റെ ഉപദേശം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കമലാസനൻ റിട്ടയേർഡ് എസ്. സി. പി. ഒ.-യുടെ പ്രതിമാസ പെൻഷനിൽ നിന്നും 300 രൂപ വീതം സ്ഥിരമായി കുറവ് ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കി 23-7-2020 തീയതിയായി സ. ഉ. (സാധാ) നമ്പർ 1667/2020/ആഭ്യ. പ്രകാരം ഉത്തരവായിട്ടുള്ളതുമാണ് എന്ന വിവരം അറിയിച്ചിരിക്കുന്നു."

ഹർജി വിഷയത്തിന്മേൽ ആഭ്യന്തര (എച്ച്) വകുപ്പ് 7-10-2020 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 14-10-2020-ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിച്ച സമിതി, പ്രസ്തുത വിഷയത്തിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയുണ്ടായി.

സമിതിയുടെ 8-9-2021-ലെ യോഗത്തിൽ ഹർജി വിഷയം പരിഗണിക്കവെ ആഭ്യന്തര (എച്ച്) വകുപ്പ് 8-9-2021 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടും പരിഗണിക്കുകയും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി ഫയൽ പി.എസ്.സി.യിൽ പെൻഡിംഗിലാണെന്ന് എ.ഡി.ജി.പി. സമിതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് പി.എസ്.സി.യുടെ തീരുമാനം അടിയന്തരമായി ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുകയും ചെയ്തു.

തുടർന്ന് ആഭ്യന്തര (എച്ച്) വകുപ്പ് 17-12-2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മുൻ മലയിൻകീഴ് എസ്.ഐ. ശ്രീ.അനിൽകുമാറിനെ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് തരംതാഴ്ത്തിയും ഡ്രൈവർ ശ്രീ. ജയരാജിന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞും 22-11-2021 തീയതിയിലെ സ.ഉ. (സാധാ) നമ്പർ.3234/ 2021/ആഭ്യന്തരം പ്രകാരം ഉത്തരവായി നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണെന്ന വിവരം അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 27-9-2022 തീയതിയിലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് വിവരം ഹർജിക്കാരിയുടെ മകനെ അറിയിക്കാൻ തീരുമാനിച്ചു.

ഹർജികൾ സംബന്ധിച്ച സമിതിയെടുത്ത നിലപാടിന്റെ അടിസ്ഥാനത്തിലാണ് തെറ്റായ ഒരു കീഴ്‌വഴക്കത്തിന്മേൽ ശക്തമായ നടപടിയുണ്ടായതെന്നും സമിതിയുടെ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ് പ്രസ്തുത ശിക്ഷ എന്നും സമിതി അഭിപ്രായപ്പെട്ടു.

## ആഭ്യന്തരവകുപ്പ്, പരിസ്ഥിതി വകുപ്പ് & തദ്ദേശസ്വയംഭരണ വകുപ്പ്

### (44) എസ്. ആർ. ഹോളോബ്രിക്സ് എന്ന സ്ഥാപനം ഉണ്ടാക്കുന്ന പരിസര മലിനീകരണം സംബന്ധിച്ച് ശ്രീ. വാസുദേവൻ, ശ്രീമതി ചന്ദ്രിക എന്നിവർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 16675/ഹർജി സി 1/2015/ലെജി.)

തഴവ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ പ്രവർത്തിക്കുന്ന എസ്. ആർ. ഹോളോബ്രിക്സ് എന്ന സ്ഥാപനത്തിൽ നിന്നുണ്ടാകുന്ന പൊടിപടലങ്ങളും സിമന്റ് കലർന്ന മലിനജലവും പരിസരവാസികൾക്ക് വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും പ്രസ്തുത സ്ഥാപനം നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകൾ മൂലം സമീപവാസികളുടെ കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോവുകയും കുടിവെള്ളക്ഷാമം

ഉണ്ടാവുകയും ചെയ്യുന്നുവെന്നും പ്രസ്തുത സ്ഥലത്ത് ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ഇടുങ്ങിയ റോഡിലൂടെ ടി സ്ഥാപനത്തിലേയ്ക്ക് വരുന്ന ടോറസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ ഗതാഗത തടസ്സം ഉണ്ടാക്കുന്നുവെന്നും അതിനെതിരെ ബന്ധപ്പെട്ട അധികാരികൾക്ക് പരാതികൊടുത്തെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പ്രശ്നപരിഹാരമുണ്ടാക്കണമെന്ന് 13-4-2015-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 8-5-2015-ൽ തദ്ദേശസ്വയംഭരണം പരിസ്ഥിതി, ആഭ്യന്തരം എന്നീ വകുപ്പുകളിലേയ്ക്കയച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (ഡി) വകുപ്പ് 18-1-2016-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജികക്ഷിയുടെ വീടിന് സമീപം എതിർകക്ഷിയുടെ വീട്ടുപുരയിടത്തിൽ 2010-ൽ എസ്.ആർ. ഹോളോബ്രിക്സ് എന്ന സ്ഥാപനം 2-ാം ഹർജികക്ഷി ഉൾപ്പെടെ 100 മീറ്റർ ചുറ്റളവിലുള്ള താമസക്കാരുടെ അനുവാദം വാങ്ങിയ ശേഷമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും നാളിതുവരെ പരാതികൾക്ക് ഇടയായിട്ടില്ലായെന്നും എന്നാൽ മൂന്ന് മാസങ്ങൾക്ക് മുമ്പ് ഹർജികക്ഷി ബൈക്കിൽ വീട്ടിലേക്ക് വരവേ ലോഡുമായി വന്ന എതിർകക്ഷിയുടെ ലോറി സൈഡ് നൽകുന്നത് സംബന്ധിച്ച് ഇരുകൂട്ടരും തമ്മിൽ തർക്കമുണ്ടായതിനെ തുടർന്നാണ് 2-ാം ഹർജികക്ഷിയുടെ സഹായത്തോടെ ഇത്തരത്തിൽ പരാതി നൽകിയിട്ടുള്ളതെന്ന് ബോധ്യമായതായും അറിയിച്ചിട്ടുണ്ട്.

കൂടാതെ ഇരുകക്ഷികളേയും വിളിച്ചുവരുത്തി സംസാരിച്ചതിൽ പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഫാക്ടറി പ്രവർത്തിപ്പിക്കില്ലായെന്ന് എതിർകക്ഷി ഉറപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിൽ പരാതികളിന്മേൽ മറ്റു നടപടികൾ ആവശ്യമില്ലായെന്നും കരുനാഗപ്പള്ളി അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് മുഖേന നടത്തിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് എന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു. "

ഹർജിയിന്മേൽ പരിസ്ഥിതി (എ) വകുപ്പ് 1-1-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതിയുടെ അടിസ്ഥാനത്തിൽ 30-10-2019 തീയതിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസ് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയുണ്ടായി. പരാതിക്കാരെ ബന്ധപ്പെട്ടപ്പോൾ പരാതി 2015-ൽ ഉള്ളതായിരുന്നു എന്നും നിലവിൽ പരാതി ഇല്ലായെന്നും അവർ അറിയിക്കുകയുണ്ടായി. തുടർന്ന് യൂണിറ്റിൽ പരിശോധന നടത്തുകയും സ്ഥാപനത്തിൽ മതിയായ മലിനീകരണ

നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തിയതിനാൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ന്യൂനതകൾ പരിഹരിക്കുന്നതിനായുള്ള നിർദേശം സ്ഥാപന ഉടമയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്."

ഹർജിയിന്മേൽ തദ്ദേശ സ്വയംഭരണ (ആർ. സി.) വകുപ്പ് 28-11-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തഴവ ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്ന എസ്. ആർ. ഹോളോ ബ്രിക്സ് എന്ന സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ആഫീസിൽ നിന്നും Integrated consent to operate renewal നിബന്ധനകളോടെ അനുവാദം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് തഴവ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. പരാതി ലഭ്യമായതിൻ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിൽ നിന്ന് 7-10-2015 തീയതിയിൽ ഈ സ്ഥാപനത്തിൽ പരിശോധന നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിന് സ്ഥാപന ഉടമയ്ക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. പരാതിക്കാരിയുടെ വീടിന് അഭിമുഖമായി വരുന്ന ഷെഡ്ഡിലെ ഭാഗവും മിക്സർ മെഷീന്റെ വശങ്ങളും പൂർണ്ണമായി ഭിത്തി കെട്ടി അടയ്ക്കുന്നതിനും, മലിനജലം സെറ്റിംഗ് ടാങ്കിൽ ശേഖരിച്ചശേഷം പുനരുപയോഗം ചെയ്യുന്നതിനും, അസംസ്കൃതവസ്തുക്കൾ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുകയോ, വെള്ളം ഉപയോഗിച്ച് നനയ്ക്കുകയോ ചെയ്യുന്നതിനും ചുറ്റും മതിൽ കെട്ടുന്നതിനും നിർദേശം നൽകിയിരുന്നു. തുടർന്ന് ആയവ പൂർണ്ണമായും പാലിക്കാത്തതിനാൽ വീണ്ടും ന്യൂനത പരിഹരിക്കാൻ നിർദേശം നൽകി. എന്നാൽ അസംസ്കൃത വസ്തുക്കൾ പൊടി വ്യാപിക്കാത്ത വിധം പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് മറച്ചതായും, സ്ഥാപനത്തിൽ മലിനജലം ഇല്ലെന്നും സ്ഥാപനമുടമ രേഖാമൂലം അറിയിച്ചിരുന്നു.

സ്ഥാപനം ഗ്രീൻ കാറ്റഗറി യൂണിറ്റ് ആയതിനാൽ അപേക്ഷകൻ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ അനുമതി അപേക്ഷകൾ ഓഫീസിൽ നിന്ന് പരിശോധന കൂടാതെ പുതുക്കി നൽകുന്നതിന് ബോർഡ് തീരുമാനം ഉള്ളതാണ്. ഇപ്രകാരം 31-12-2024 വരെ സ്ഥാപനത്തിന് ബോർഡിൽനിന്ന് നിബന്ധനകൾക്ക് വിധേയമായി പ്രവർത്തനാനുമതി പുതുക്കി നൽകിയിരുന്നു. 5-9-2020 തീയതിയിൽ നടത്തിയ പരിശോധനയിൽ ബോർഡിൽനിന്ന് നൽകിയ നിർദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ലാത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ആയത് പ്രകാരം യൂണിറ്റ് തുടർനടപടി സ്വീകരിച്ചില്ല എങ്കിൽ യൂണിറ്റിന് എതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ് എന്നും മലിനീകരണ നിയന്ത്രണ ബോർഡ് സെക്രട്ടറി അറിയിച്ചു. കൂടാതെ പരാതിക്കാരുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ സ്ഥാപനത്തിനെതിരെ പരാതി ഇല്ല എന്ന അറിയിപ്പും ലഭ്യമായിട്ടുള്ളതായി മെമ്പർ സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടുകൾ 9-2-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം 25-7-2022-ലെ കത്ത് മുഖേന ഹർജിക്കാരെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിച്ചു.

**തദ്ദേശസ്വയംഭരണം, പരിസ്ഥിതി, റവന്യൂ, ആരോഗ്യകുടുംബക്ഷേമം & ആഭ്യന്തര വകുപ്പ്**

**(45) ആശുപത്രി പരിസരത്തെ മാലിന്യപ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുബാല മുതൽപേർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 19379/ഹർജി സി1/2019/ലെജി.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പഞ്ചായത്തിലെ മേൽ തോന്നയ്ക്കലിൽ പൊയ്കയിൽ 16-ാം മൈൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 'അൽ നിയാദി ട്രസ്റ്റ് ആശുപത്രിയുടെ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത് ചുറ്റുമുള്ള മതിലുമായി പാലിക്കേണ്ട ദൂരവും മറ്റ് മാനദണ്ഡങ്ങളും പാലിക്കാതെയാണെന്നും ടെറസ്സിലെ മഴവെള്ളവും ആശുപത്രിയിലെ മലിനജലവും സമീപത്തെ പുരയിടങ്ങളിലേയ്ക്ക് ഒഴുക്കി വിടുകയാണെന്നും അത് കാരണം കിണറുകളിലെ ജലം മലിനപ്പെട്ട് ഉപയോഗശൂന്യമായിരിക്കുകയാണെന്നും മാലിന്യം സംസ്കരിക്കുന്നതിന് പകരം തുറസ്സായ സ്ഥലത്ത് കത്തിച്ച് പുകയും ദുർഗന്ധവും ഉണ്ടാക്കുകയാണെന്നും അപ്രകാരം കത്തിക്കുന്നതിനിടെ 7-6-2019-ൽ തീപ്പിടിത്തമുണ്ടായി സമീപ പ്രദേശങ്ങളിലെ വീടുകളിലേയ്ക്കും, മരങ്ങളിലേയ്ക്കും, തീപടർന്നെന്നും ഫയർഫോഴ്സ് എത്തി തീ അണച്ചെങ്കിലും നിയമലംഘനത്തിനെതിരെ യാതൊരുവിധ നടപടിയും അധികൃതർ സ്വീകരിച്ചില്ലെന്നും പോലീസിലും, പഞ്ചായത്തിലും, വില്ലേജിലും പരാതി നൽകിയെങ്കിലും യാതൊരുവിധ നടപടിയും സ്വീകരിച്ചില്ലെന്നും, സമിതി ഇടപെട്ട് പ്രസ്തുത നിയമലംഘന ത്തിനെതിരെ നടപടി സ്വീകരിക്കണമെന്നും മാലിന്യപ്രശ്നം പരിഹരിക്കണമെന്നും ആശുപത്രിയുടെ അനധികൃത പുനർനിർമ്മാണം തടയണമെന്നും 18-6-2019-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 18-7-2019-ലെ കത്ത് മുഖേന പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ആഭ്യന്തരം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (എം) വകുപ്പ് 24-1-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതി വിഷയം സംബന്ധിച്ച് ആറ്റിങ്ങൽ ഡെപ്യൂട്ടി സൂപ്രണ്ട് മുഖേന അന്വേഷണം നടത്തി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

മംഗലപുരം പഞ്ചായത്തിലെ മേൽ തോന്നയ്ക്കൽ വില്ലേജിൽ പൊയ്കയിൽ വാർഡിൽ 16-ാം മൈൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 'അൽ നിയാദി ട്രസ്റ്റ് ' എന്ന ഹോസ്പിറ്റൽ നിയമവിധേയമായാണ് പ്രവർത്തിക്കുന്നത്. ചുറ്റുമതിലിനോട് ചേർന്ന് ആശുപത്രി കെട്ടിടത്തിൽ നിന്നും തകര ഷീറ്റ് ഇട്ടിട്ടുള്ളത് ഓവ് വച്ച് വെള്ളം ആശുപത്രി കോമ്പൗണ്ടിലേക്ക് തന്നെ ഒഴുക്കിവിടുന്നതിന് സൗകര്യം ചെയ്തിട്ടുള്ളതാണ്. പെരുമഴക്കാലത്ത് ഷീറ്റിൽ വീഴുന്ന വെള്ളം പരാതികക്ഷികളുടെ കോമ്പൗണ്ടിലേക്ക് തെറിച്ചുവീഴുന്നുണ്ടാകാമെന്നും, എന്നാൽ മലിന ജലം ഒഴുക്കിവിടുന്നതായി ബോധ്യപ്പെട്ടിട്ടില്ലാത്തതും പരാതികക്ഷികളുടെ പുരയിടത്തിലേക്ക് ഒഴുകുന്ന മഴവെള്ളം ക്രമീകരിക്കുന്നതിനുള്ള നടപടികളും, കിണർ മലിനപ്പെടുന്നുവെങ്കിൽ, ആയതിനുള്ള പരിഹാരവും സ്വീകരിക്കുന്നതാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുള്ളതിനാലും, നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച ആരോപണങ്ങൾ ബന്ധപ്പെട്ട വില്ലേജ്, പഞ്ചായത്ത് ഓഫീസുകൾ മുഖാന്തിരം പരിഹരിക്കേണ്ടതാണെന്ന് പരാതികക്ഷികളെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "

18-11-2021-ലെ സമിതിയോഗം ഹർജി വിഷയം പരിഗണിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിക്കാനും തദ്ദേശസ്വയംഭരണ (ആർ.എ.), (ഡി.സി.), പരിസ്ഥിതി (ബി), ആരോഗ്യകുടുംബക്ഷേമ (പി.എസ്.) എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

ഹർജിയിന്മേൽ പരിസ്ഥിതി (ബി) വകുപ്പ് 8-12-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പഞ്ചായത്ത് അതിർത്തിയിൽ തോന്നയ്ക്കൽ പൊയ്കയിൽ വാർഡിൽ 16-ാം മൈൽ എന്ന സ്ഥലത്ത് 'അൽ നിയാദി ട്രസ്റ്റ് ' എന്ന പേരിൽ നടത്തുന്ന ആശുപത്രി പരിസരത്തെ മാലിന്യ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുബാല മുതൽപേർ ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തുകയും, പരാതിക്കാരിയായ ശ്രീമതി സുബാലയെ നേരിൽ കാണുകയും ചെയ്യുകയുണ്ടായി. 27 ബെഡുകൾ ഉള്ള ആശുപത്രിയിലെ മലിനജലം പുറത്തേയ്ക്ക് ഒഴുക്കി വിടുന്നതായി കാണാൻ കഴിഞ്ഞില്ല എന്നും Bio-Medical Waste പൊതു സംവിധാനമായ IMAGE വഴി നിർമ്മാർജനം ചെയ്യുന്നുവെന്നും ഭക്ഷ്യാവശിഷ്ടങ്ങൾ ടി ആശുപത്രിയുടെ സഹോദര സ്ഥാപനമായ മെഡിസിറ്റിയിലെ സംവിധാനത്തിൽ നിലവിൽ dispose ചെയ്യുന്നതായും ആശുപത്രി അധികൃതർ അറിയിച്ചു. ആയതിനായി biogas plant/biobin സ്ഥാപിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ അനുമതി

നേടാതെയാണ് ടി ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുകയും പരിശോധനയിൽ കണ്ട ന്യൂനതകൾ പരിഹരിക്കുന്നതിന് ആശുപത്രി അധികൃതർക്ക് നിർദേശം നൽകുകയും ബോർഡിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുവാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ടെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്."

റവന്യൂ (ജി) വകുപ്പ് 2-2-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ആശുപത്രി പരിസരത്തെ മാലിന്യ പ്രശ്നം പരിഹരിക്കണം എന്നാവശ്യപ്പെട്ട് ശ്രീമതി സുബാല മുതൽപേർ, തിരുവനന്തപുരം സമർപ്പിച്ച ഹർജിയിന്മേൽ അന്വേഷണം നടത്തി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിലെ പൊയ്കയിൽ വാർഡിൽ പ്രവർത്തിച്ചുവരുന്ന 'അൽ നിയാദി' എന്ന ആശുപത്രിക്കെതിരെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം നടത്തുന്നു, ആശുപത്രിമാലിന്യങ്ങൾ തുറസ്സായ സ്ഥലത്തിട്ട് കത്തിക്കുന്നു, മലിനജലം ഒഴുക്കി പരിസരത്തെ കുടിവെള്ള കിണറുകൾ മലിനമാക്കുന്നു തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ച് ശ്രീമതി സുബാല മുതൽപേർ 2019-ൽ മംഗലപുരം പഞ്ചായത്തിൽ പരാതി നൽകിയിരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പരാതികക്ഷികളായ ശ്രീമതി സുബാല, ശ്രീ.സതീഷ്, ശ്രീമതി അജിത, ശ്രീ. തങ്കയ്യൻ നാടാർ എന്നിവർ ആശുപത്രിയുടെ സമീപഭാഗത്തെ താമസക്കാരാണെന്നും പഞ്ചായത്ത് അധികൃതർ നടത്തിയ സ്ഥലപരിശോധനയിൽ ആശുപത്രിയുടെ സെപ്റ്റിക് ടാങ്കിൽ നിന്നും 10 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീ. തങ്കയ്യൻ നാടാരുടെ വസ്തുവിൽ സ്ഥിതി ചെയ്യുന്ന കിണർ ഉപയോഗിക്കാതെ മൂടിവച്ച നിലയിലാണ് കാണപ്പെട്ടതെന്നും കുടിവെള്ളത്തിനായി മറ്റ് മാർഗ്ഗങ്ങളെയാണ് ടിയാൻ ആശ്രയിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

പരാതിക്കാരായ ശ്രീമതി സുബാല, ശ്രീ. സതീഷ്, ശ്രീമതി അജിത തുടങ്ങിയവരുടെ വസ്തുവിനും ആശുപത്രി കെട്ടിടത്തിനും ഇടയിൽ നിർമ്മിച്ചിട്ടുള്ള മതിൽ നിർമ്മിച്ചത് തങ്ങളാണെന്ന് പരാതികക്ഷികളും എതിർകക്ഷിയും അവകാശവാദം ഉന്നയിക്കുന്നുണ്ടെന്നും പറഞ്ഞിരിക്കുന്നു.

ആശുപത്രി കെട്ടിടത്തിന്റെ ഇടത് ഭാഗത്ത് മതിയായ തുറസ്സായ സ്ഥലം ഒഴിച്ചിട്ടുണ്ടെന്നും, പുറക് വശത്ത് മതിയായ ഒഴിച്ചിടേണ്ട 6 മീറ്ററോളം ഭാഗത്ത് താൽക്കാലികമായി ജി.ഐ. ഷീറ്റ് കൊണ്ട് കെട്ടി അടച്ചിട്ടുള്ളതാണെന്നും, കെട്ടിടത്തിന്റെ വലത് ഭാഗത്ത് പരാതിക്കാരനായ ശ്രീ.സതീഷ് എന്നയാളിന്റെ അതിർത്തി പങ്കിടുന്ന ഭാഗത്ത് മതിലിനോട് ചേർന്ന് ജി.ഐ. ഷീറ്റ് കൊണ്ട് 13 മീറ്ററോളം മേൽക്കൂര പണിതിട്ടുണ്ടെന്നും ആയത് വഴി പരാതിക്കാരന്റെ പുരയിടത്തിലേയ്ക്ക് മഴക്കാലത്ത് വെള്ളം ഒഴുകുന്നുവെന്നും പരാതിപ്പെട്ടിട്ടുണ്ട്. പരാതിക്കാരിയായ

ശ്രീമതി അജിത എന്നയാളിന്റെ വസ്തുവിന്റെ അതിർത്തി പങ്കിടുന്ന ഭാഗത്ത് 25 മീറ്ററോളം ദൂരത്തിൽ ജി.ഐ. ഷീറ്റ് കൊണ്ട് മേൽക്കൂര പണിതിട്ടുണ്ടെന്നും വലതുഭാഗത്ത് ഒഴിച്ചിടേണ്ട ഒരു ഭാഗം മതിൽ ചേർത്ത് ഷീറ്റ് കൊണ്ട് മുറിയായി കെട്ടി അടച്ചിരിക്കുന്നു എന്നും കെട്ടിടത്തിന്റെ മുൻ ഭാഗത്ത് ഒഴിച്ചിടേണ്ട മതിയായ ഭാഗവും നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ കെട്ടി അടച്ചിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ കഴിഞ്ഞ വർഷം ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം നിലയിലെ ഒരു ഭാഗം തീ കത്തി നശിച്ചിട്ടുള്ളതാണെന്നും എന്നാൽ ആളപായമോ പരിസരവാസികൾക്ക് നാശനഷ്ടങ്ങളോ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

ടി പരാതി സംബന്ധിച്ച് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ കേസ് നിലവിലുണ്ടെന്നും കേസിൽ അന്തിമ വിധി പുറപ്പെടുവിക്കാത്തതിനാലാണ് പരാതിയിൽ തുടർ നടപടി സ്വീകരിക്കാത്തതെന്നും നിലവിൽ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നും മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

തദ്ദേശസ്വയംഭരണ (ആർ. എ.) വകുപ്പ് 21-4-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ഹർജി വിഷയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ പരിഗണനയിലായിരുന്നുവെന്നും 17-3-2022-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് 'അൽനിയാദി ഹോസ്പിറ്റൽ' മാനേജ്മെന്റ് സമീപകാലത്ത് നിർമ്മാണം നടത്തി കൂട്ടി ചേർത്തിട്ടുള്ള നിർമ്മാണം (അലൂമിനിയം ഫാബ്രിക്കേഷൻ) പൊളിച്ചുനീക്കുവാനും അൽനിയാദി ഹോസ്പിറ്റൽ കോമ്പൗണ്ടിലെ മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമൊരുക്കുവാനും ഹോസ്പിറ്റൽ മാനേജ്മെന്റിന് നിർദേശം നൽകുകയും അതിനായി രണ്ടുമാസക്കാലയളവ് അനുവദിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

തദ്ദേശസ്വയംഭരണ (ഡി. സി.) വകുപ്പ് 6-7-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മംഗലപുരം ഗ്രാമപഞ്ചായത്തിലെ 16-ാം മൈൽ എന്ന് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 'അൽ നിയാദി ട്രസ്റ്റ് ആശുപത്രി, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നുവെന്നും മതിയായ മലിനജല സംവിധാനം ഒരുക്കിയിട്ടില്ലായെന്നും കുടിവെള്ള

കിണറുകൾ മലിനമാകുന്നുവെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് പരിസരവാസികളായ ശ്രീ. സതീഷ്, തങ്കയ്യൻ നാടാർ, അജിത എന്നിവർ സമർപ്പിച്ച പരാതിയിന്മേൽ ബഹു.ഓംബുഡ്സ്മാൻ 17-3-2022-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നിർദേശങ്ങൾ നടപ്പാക്കുന്നതിന് വേണ്ടി മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിന്നും ആശുപത്രി അധികൃതർക്ക് കത്ത് നൽകുകയും ആയത് പ്രകാരം മലിനജല സംവിധാനം ഏർപ്പെടുത്തുകയും, ടി കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഫാബ്രിക്കേഷൻ വർക്കുകൾ പൊളിച്ച് മാറ്റുകയും ചെയ്തിട്ടുള്ളതായും നിലവിൽ പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതും മറ്റ് പരാതികൾക്കാസ്പദമായ സാഹചര്യം നിലവിലില്ലാത്തതുമാണ് എന്നും മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് ."

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് 10-8-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മംഗലപുരം ഗ്രാമപഞ്ചായത്തിലെ 16-ാം മൈൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന 'അൽനിയാദി ട്രസ്റ്റ് ' ആശുപത്രി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണങ്ങൾ നടത്തിയതായി 18-6-2019-ൽ ലഭിച്ച പരാതിയെ തുടർന്ന് പ്രസ്തുത കാലയളവിൽ മംഗലപുരം മെഡിക്കൽ ഓഫീസർ ഇൻചാർജ് സന്ദർശിക്കുകയും പരാതിയിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള വെള്ളം ഒഴുകുന്ന ഓവ് മാറ്റി സ്ഥാപിക്കുന്നതിന് നിർദേശം നൽകുകയും ആശുപത്രി അധികൃതർ പരാതിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഓവ് മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1-6-2022-ന് മെഡിക്കൽ ഓഫീസർ വീണ്ടും സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തെങ്കിലും പരാതിയിൽ പറഞ്ഞതുപോലുള്ള കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല.

അൽനിയാദി ട്രസ്റ്റ് ആശുപത്രി ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് IMAGE മായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റ് മാലിന്യങ്ങൾ ആശുപത്രി ഉടമയുടെ വീട്ടിൽ സംസ്കരിക്കുന്നു. പരാതിക്കാരനായ ശ്രീ. സതീഷ് എന്നയാളുടെ അതിർത്തി പങ്കിടുന്ന ഭാഗത്ത് മതിലിനോട് ചേർന്ന് 13 മീറ്റർ ജി.ഐ. ഷീറ്റ് കൊണ്ട് പണിതിരുന്ന താൽക്കാലിക മേൽക്കൂര പൊളിച്ചുമാറ്റിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ വലത് ഭാഗത്ത് പരാതിക്കാരിയായ അജിത, നാദിയ കോട്ടേജ് എന്നയാളുടെ കെട്ടിടവുമായി അതിർത്തി പങ്കിടുന്ന ഭാഗത്ത്, ടി കെട്ടിടവുമായി ചേർത്ത് നിർമ്മിച്ചിരുന്ന താൽക്കാലികമായ നിർമ്മാണം 60 സെ.മീ. അകലത്തിൽ പൊളിച്ചുമാറ്റിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. മലിനജല സംസ്കരണത്തിന് ഭൂമിക്കടിയിൽ കോൺക്രീറ്റിൽ നിർമ്മിച്ച മൂന്ന് ചേമ്പറുകളുള്ള ഒരു സെപ്റ്റിക് ടാങ്ക് 4 മീറ്റർ നീളത്തിലും 2.35 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും നിർമ്മിച്ചിരിക്കുന്നതായി കാണപ്പെട്ടു. മേൽ പരാതി വിഷയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ പരിഗണനയ്ക്ക് വന്നിട്ടുള്ളതും അവിടെ നിന്ന് പരാതി പരിഹരിച്ച് പോയിട്ടുള്ളതുമാണ്."

പ്രസ്തുത റിപ്പോർട്ടുകൾ 17-11-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും സമിതി തീരുമാനപ്രകാരം റിപ്പോർട്ടുകളിലെ വിവരം 4-3-2023 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

## വനം വന്യജീവി വകുപ്പ്

### (46) വനം വകുപ്പിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സലീമ, തൃശ്ശൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 16310/ഹർജി സി 1/2016/നി. സെ.)

ഹർജിക്കാരിയുടെ ഭർത്താവ് 30 വർഷത്തോളം വനംവകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള വെള്ളരിക്കുളങ്ങര റേഞ്ചിൽ വാച്ചറായി ജോലി ചെയ്തു വരവെ 30-9-2013-ൽ മരണപ്പെട്ടുവെന്നും ഭർത്താവ് മരിച്ചതോടെ യാതൊരുവിധ വരുമാനവുമില്ലാതെ ദാരിദ്ര്യത്തിലാണ് കഴിയുന്നതെന്നും മക്കളില്ലാത്ത ഹർജിക്കാരിയെ നോക്കാൻ ആരുമില്ലെന്നും ആയതിനാൽ ടിയാളെ വനംവകുപ്പിൽ വാച്ചറായോ പാർട്ട്ടൈം സ്വീപ്പറായോ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന്റെ നടപടി പ്രകാരം ലഭ്യമായ കത്തിൽ ചാലക്കുടി വനം ഡിവിഷനിൽ പാർട്ട്ടൈം സ്വീപ്പറുടെ ഒഴിവില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ആയതിനാൽ സമിതി ഇടപെട്ട് ചാലക്കുടി വനം ഡിവിഷനിലോ പാർട്ട്ടൈം വാച്ചറുടെയോ, സ്വീപ്പറുടെയോ ഒഴിവുള്ള മറ്റേതെങ്കിലും വനം ഡിവിഷനിലോ, മേഖലയിലോ നിയമനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 23-5-2016 തീയതിയിൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 25-11-2016-ലെ കത്ത് മുഖേന വനം വന്യജീവി വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ വനം വന്യജീവി (എഫ്) വകുപ്പ് 28-2-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ വനമേഖലയിൽ താൽക്കാലിക വാച്ചറുടെ ജോലിക്ക് സ്ത്രീയെന്ന നിലയിൽ ടിയാളെ നിയോഗിക്കുവാൻ കഴിയുകയില്ല. കൂടാതെ പാർട്ട്ടൈം സ്വീപ്പറുടെ നിയമനം നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമെ നടത്തുവാൻ സാധിക്കുകയുള്ളൂ. അതിനാൽ അപേക്ഷകയെ വകുപ്പിൽ മേൽ രണ്ട് തസ്തികകളിൽ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല. എന്നിരുന്നാലും ശ്രീമതി സലീമയുടെ അവസ്ഥ കണക്കിലെടുത്തുകൊണ്ട് ചാലക്കുടി ഡിവിഷനുകീഴിലെ വെള്ളരിക്കുളങ്ങര റെയിഞ്ചിലെ ഡമ്പിംഗ് ഡിപ്പോയിൽ ദിവസക്കൂലി വാച്ചറായി താൽക്കാലികമായി ജോലി നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 10-5-2018-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചതിനെത്തുടർന്ന് ടിയാൾ 11-6-2018 തീയതിയായുള്ള പ്രതികരണഹർജി സമർപ്പിക്കുകയുണ്ടായി.

വനം വകുപ്പിലെ ട്രൈബൽ വാച്ചർ തസ്തിക മുതൽ IFS റാങ്ക് വരെയുള്ള തസ്തികകളിൽ സ്ത്രീകൾ വനമേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും താൽക്കാലിക വാച്ചറുടെ തസ്തികയിൽ സ്ത്രീയെന്ന നിലയിൽ ടിയാളെ നിയോഗിക്കാൻ കഴിയില്ല എന്ന വാദഗതി വാസ്തവവിരുദ്ധമാണെന്നും ചാലക്കുടി ഡിവിഷന് കീഴിലുള്ള ഡമ്പിംഗ് ഡിപ്പോയിൽ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന തടികളും മറ്റും ലേലം ചെയ്തുപോയാൽ ടി താൽക്കാലിക ഡമ്പിംഗ് ഡിപ്പോ ഇല്ലാതാവുകയും ടിയാൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുമെന്നും ടിയാളുടെ ഭർത്താവിനൊപ്പം ജോലി ചെയ്തിരുന്ന താൽക്കാലിക വാച്ചർമാരെ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ സ്ഥിരിപ്പെടുത്തിയെന്നും മറ്റ് വരുമാന മാർഗ്ഗങ്ങളോ ജീവനോപാധിയോ ഒന്നും ഇല്ലാത്തതിനാൽ ടിയാളുടെ ഹർജി അനുഭാവപൂർവ്വം പരിഗണിച്ച് വാച്ചറായോ പാർട്ട്ടൈം സ്വീപ്പറായോ നിയമനം നൽകണമെന്ന് പ്രസ്തുത പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത പ്രതികരണ ഹർജിയും വനം വകുപ്പ് ലഭ്യമാക്കിയ മേല്പറഞ്ഞ റിപ്പോർട്ടും 7-8-2019-ലെ സമിതിയോഗം പരിഗണിക്കുകയും വനംവകുപ്പിന്റെ ഡമ്പിംഗ് ഡിപ്പോ ഇല്ലാതായാൽ ഹർജിക്കാരിക്ക് ജോലി നഷ്ടപ്പെടുമെന്നതിനാൽ മാനുഷിക പരിഗണന നൽകി മറ്റെവിടെയെങ്കിലും താൽക്കാലിക വാച്ചർ തസ്തികയിൽ ഹർജിക്കാരിക്ക് ജോലി നൽകണമെന്ന് വനം വകുപ്പിനോട് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശ തുടർ നടപടികൾക്കായി 13-12-2019-ലെ കത്ത് മുഖേന വനം വന്യജീവി (എഫ്) വകുപ്പിനെ അറിയിച്ചിരുന്നു.

സമിതിയുടെ മേല്പറഞ്ഞ ശിപാർശയിന്മേൽ വനം വന്യജീവി (എഫ്) വകുപ്പ് ലഭ്യമാക്കിയ 4-11-2020-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി സലീമയ്ക്ക് ചാലക്കുടി ഡിവിഷനിലെ വെള്ളരിക്കുളങ്ങര റെയ്ഞ്ചിൽ എൻ.എം.ആർ. വാച്ചറായി താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. ടിയാരി നിലവിൽ ടി ഓഫീസിൽ ജോലി ചെയ്തുവരുന്നുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-5-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

31-8-2022-ലെ കത്ത് മുഖേന പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിച്ചു.

**(47) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കി വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലോ അല്ലെങ്കിൽ പഠിച്ച കോഴ്സിന് അനുയോജ്യമായ ഉയർന്ന തസ്തികയിലോ നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. അരുൺ കെ.ആർ., ഇടുക്കി സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 19410/ഹർജി സി 2/2020/നി. സെ.)

ആദിവാസി ഗോത്ര വിഭാഗത്തിൽ ഉൾപ്പെട്ട ഹർജിക്കാരൻ ഉൾപ്പെടെയുള്ള 30 പേർ കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും 'അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് ' കോഴ്സ് പഠിച്ചിറങ്ങിയ ഉദ്യോഗാർഥികളാണെന്നും പഠനം കഴിഞ്ഞാലുടൻ വനം വകുപ്പിൽ ജോലി ലഭ്യമാക്കുമെന്നതരത്തിൽ പലവിധ ഉറപ്പുകൾ ലഭ്യമാക്കിയിരുന്നുവെന്നും എന്നാൽ പഠനം പൂർത്തിയാക്കി മൂന്ന് വർഷത്തിലധികമായിട്ടും തൊഴിൽ രഹിതരായി തുടരുന്നുവെന്നും 2019 നവംബർ മാസത്തിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തി ഉചിതമായ നിയമനം നടത്തുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും, എന്നാൽ അതിനെക്കുറിച്ച് യാതൊന്നും അറിയില്ല എന്ന മറുപടിയാണ് ബന്ധപ്പെട്ട ഓഫീസിൽ നിന്നും പിന്നീട് ഹർജിക്കാർക്ക് ലഭിച്ചതെന്നും, തുടർന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുകയുണ്ടായെന്നും 2019 നവംബർ 14-ാം തീയതി മനുഷ്യാവകാശ കമ്മീഷൻ ഹർജിക്കാർക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചുവെന്നും എന്നാൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നോ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നോ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നോ നാളിതുവരെ അത് സംബന്ധിച്ച് യാതൊരുവിധ വിവരങ്ങളോ നിർദേശങ്ങളോ ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കി വനം വകുപ്പിൽ ഫീൽഡ് ഓഫീസർ തസ്തികയിലോ ഉയർന്ന തസ്തികയിലോ നിയമനം നൽകണമെന്ന് 8-9-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 29-9-2020-ലെ കത്ത് മുഖേന വനം വന്യജീവി വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് വനം വന്യജീവി (എഫ്) വകുപ്പ് 31-3-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

" 12-2-2021 തീയതിയിലെ സ.ഉ. (എം.എസ്.) 3/2021/വനം നമ്പർ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി വിഭാഗത്തിൽ നിന്നും പുതിയ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി,

500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുമ്പോൾ, പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി നടത്തിയ അനിമൽ ഹാൻഡലിംഗ് ഇൻ സൂ & ഫോറസ്റ്റ് എന്ന കോഴ്സ് പാസ്സായിട്ടുള്ളവർക്ക് ടി കോഴ്സ് പൂർത്തിയാക്കിയത് ഒരു അധികയോഗ്യതയായി പരിഗണിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിൽ മുൻഗണന നൽകുവാൻ സർക്കാർ തീരുമാനിക്കുകയും 12-2-2021 തീയതിയിലെ സ.ഉ. (എം.എസ്) 3/2021/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനശ്രീ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് നിയമനം നൽകുമ്പോൾ, പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി നടത്തിയ അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് എന്ന കോഴ്സ് പൂർത്തിയാക്കിയവർക്ക് മുൻഗണന നൽകുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.''

റിപ്പോർട്ടിലെ വിവരം 2-6-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 9-2-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചിട്ടും പ്രതികരണമില്ലാത്തതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**(48) കാട്ടാനകളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി ധനകുമാരി, കല്ലേപ്പുള്ളി, പാലക്കാട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 15027/ഹർജി സി 3/2014/നി. സെ.)

20-8-2011-ൽ കാട്ടാനകളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചുവെന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിരുന്നുവെങ്കിലും നഷ്ടപരിഹാരം ലഭിച്ചില്ലെന്നും തുടർന്ന് വിവരാവകാശ ആക്ട് പ്രകാരം അതിനെക്കുറിച്ചുള്ള വിവരം ആരാഞ്ഞപ്പോൾ വാളയാർ റെയിഞ്ച് ഓഫീസർ നൽകിയ മറുപടിയിൽ നഷ്ടപരിഹാരത്തിനായി നൽകിയ അപേക്ഷ ഫോറസ്റ്റ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടുവെന്നും പുതിയ അപേക്ഷ നൽകിയാൽ കൃഷി നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും മറുപടി ലഭിച്ചതായും പുതിയ അപേക്ഷ നൽകിയപ്പോൾ 2011-ലെ കരം അടച്ച രസീത് ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ നഷ്ടപ്പെട്ട അപേക്ഷയോടൊപ്പം കരം അടച്ച രസീതും നഷ്ടപ്പെട്ടുവെന്നും ആയതിനാൽ നഷ്ടപരിഹാരം ലഭിച്ചില്ലെന്നും ബാങ്കിൽ നിന്നും ജപ്തി ഭീഷണി നേരിടുന്ന ഹർജിക്കാരിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 18-4-2014-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 30-4-2014-ലെ കത്ത് മുഖേന വനം വന്യജീവി വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭിക്കാത്തതിനെ തുടർന്ന് ടി ഹർജി വിഷയം 10-4-2018-ൽ പാലക്കാട് കളക്ടറേറ്റിൽ വച്ച് നടന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി. ഹർജിക്കാരിയുടെ അപേക്ഷ സംബന്ധിച്ച് ഫയലിൽ യാതൊരു രേഖകളുമില്ലെന്നും നഷ്ടപരിഹാരം ലഭിക്കുവാൻ ടിയാൾക്ക് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ അയച്ച് കൊടുത്തെങ്കിലും ഇതുവരെ അപേക്ഷ പൂരിപ്പിച്ച് നൽകിയിട്ടില്ലെന്നും നിർദ്ദിഷ്ട ഫോറത്തിൽ പുതിയ അപേക്ഷ സമർപ്പിച്ചാൽ നഷ്ടപരിഹാരം നൽകാൻ തയ്യാറാണെന്നും മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടി യോഗത്തിൽ സമിതിയെ അറിയിച്ചു. പുതുതായി ഒരു അപേക്ഷ കൂടി സമർപ്പിക്കണമെന്ന് ഹർജിക്കാരിയോട് സമിതി നിർദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് ഹർജിക്കാരി സമിതിയെ അറിയിക്കുകയും ചെയ്തു. പരാതി പരിഹരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് വനം വന്യജീവി വകുപ്പിനോട് ആവശ്യപ്പെടാൻ ടി സമിതി യോഗം തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാനം 25-6-2018-ലെ കത്ത് മുഖേന വനം-വന്യജീവി (ഡി) വകുപ്പിനെ അറിയിച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് വനം-വന്യജീവി (ഡി) വകുപ്പ് 16-9-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-2021) മുമ്പാകെ കാട്ടാനയുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചതിന് മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വനം വകുപ്പ് റേഞ്ച് ഓഫീസിൽ നൽകിയ പരാതിയിൽ നടപടി സ്വീകരിച്ചില്ലെന്നാരോപിച്ചായിരുന്നു പാലക്കാട് സ്വദേശിനി ശ്രീമതി ധനകുമാരി ഹർജി സമർപ്പിച്ചിരുന്നത്. ഇത് സംബന്ധിച്ച് നിയമസഭാ സമിതിയുടെ 10-4-2018-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയും, 20-8-2011-ൽ നടന്ന കാട്ടാന ആക്രമണം സംബന്ധിച്ച് ഹർജിക്കാരി വനം വകുപ്പിൽ നേരത്തെ നൽകിയ അപേക്ഷ നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ, പുതിയ അപേക്ഷ സമർപ്പിക്കുവാൻ ഹർജിക്കാരിയോട് ആവശ്യപ്പെടുകയും, പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് സമിതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകയുടെ മലമ്പുഴ II വില്ലേജിൽ സർവേ നമ്പർ 60/06, 66/4, 66/5, 65/11, 65/12 എന്നിവയിലുള്ള 0.4977 ഹെക്ടർ സ്ഥലത്തിലെ നെൽക്കൃഷിയാണ് കാട്ടാനകൾ നശിപ്പിച്ചിട്ടുള്ളതെന്ന്

ബോധ്യമാവുകയും, നിലവിൽ ഹെക്ടറിന് നൽകി വരുന്നത് 11,000 രൂപയാണെങ്കിലും കൃഷിനാശം സംഭവിച്ച കാലയളവിൽ ഹെക്ടറിന് നൽകിയിരുന്ന നിരക്ക് 4,000 രൂപ ആയതിനാൽ ടിയാൾക്ക് 1,990 രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 7-10-2021-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

9-2-2022-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ഗതാഗത വകുപ്പ്**

**(49) പോസ്റ്റോഫീസിന്റെ അതിർത്തി നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാജി വി. പി, മലപ്പുറം സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 25887/ഹർജി സി1/2019/ലെജി.)

മലപ്പുറം ജില്ലയിലെ കുറവ ഗ്രാമപഞ്ചായത്തിലെ 17, 18 വാർഡുകളിലായി മൂന്ന് പോസ്റ്റോഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ടി പോസ്റ്റോഫീസുകളുടെ അതിർത്തി നിർണ്ണയത്തിലെ അശാസ്ത്രീയത കാരണം തപാലും വിലപ്പെട്ട പല സാധനങ്ങളും ഉണഭോക്താക്കൾക്ക് ലഭിക്കാതെ മടങ്ങി പോകുന്ന സ്ഥിതി നിലനിൽക്കുന്നുവെന്നും അതിനെതിരെ പല തവണ പരാതിപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും അതിനാൽ സമിതി ഇടപെട്ട് ടി പോസ്റ്റോഫീസുകളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 18-12-2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 23-1-2020-ലെ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പിലേയ്ക്കയച്ചു. ടി വകുപ്പ് ആയത് തുടർ നടപടിയ്ക്കായി ഗതാഗത (ഡി) വകുപ്പിലേയ്ക്കയച്ചു.

ഹർജിയിന്മേൽ ഗതാഗത (ഡി) വകുപ്പ് 8-1-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീ. ഷാജി വി. പി., മലപ്പുറം ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഈ വിഷയത്തിൽ പരാമർശിച്ചിട്ടുള്ള ബ്രാഞ്ച് പോസ്റ്റോഫീസുകൾ തമ്മിലുള്ള അതിർത്തിത്തർക്കത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയതിൽ ടി പോസ്റ്റോഫീസുകളുടെ പടിഞ്ഞാറ് അതിർത്തി തെങ്ങ്, റബ്ബർ തുടങ്ങിയ വിളകൾ കൃഷി ചെയ്തുപോന്നിരുന്ന പൂർണ്ണമായും കാർഷിക ആവശ്യങ്ങളിലേയ്ക്കായി ഉപയോഗിച്ചിരുന്ന ഒരു മലയോര

പ്രദേശമാണെന്ന് ബോധ്യപ്പെട്ടു. ഈ പ്രദേശത്ത് അടുത്തിടെ 6 പുതിയ വീടുകൾ നിർമ്മിക്കുകയും അവിടങ്ങളിലെ താമസക്കാർ മുമ്പ് മറ്റ് പോസ്റ്റൽ സർക്കിളുകളിൽ താമസിച്ചിരുന്നവരുമാണ്. ആകയാൽ പുതിയ സ്ഥലത്ത് താമസമാക്കിയതിന് ശേഷം ഒരു പോസ്റ്റോഫീസിൽ നിന്നും അവർക്ക് യാതൊരുവിധ സേവനങ്ങളും ലഭിച്ചിട്ടില്ലാത്തതുമാണ്. ടി പരാതിയിൽ പരാമർശിച്ചിട്ടുള്ള പ്രദേശത്തിന്റെ വടക്ക് ഭാഗം ചട്ടിപ്പറമ്പ് ബി.ഒ.യുടെയും തെക്ക് ഭാഗം പാങ്ങ് ബി.ഒ.യുടെയും അതിർത്തികൾ അവസാനിക്കുന്ന സ്ഥലത്താണ്. കൂടാതെ ടി അതിർത്തികളുടെ മധ്യഭാഗത്തായി ഒരു തോടും അതിനോട് ചേർന്ന് കെ.എസ്.ഇ.ബി.യുടെ സി/സി.പി./18-22 നമ്പർ ഇലക്ട്രിക് പോസ്റ്റും സ്ഥിതി ചെയ്യുന്നുണ്ട്. ഈ ജലപ്രവാഹത്തെ സ്വാഭാവിക അതിർത്തിയായി കണക്കാക്കി ടി പ്രദേശത്തിന്റെ വടക്ക് ഭാഗം ചട്ടിപ്പറമ്പ് ബി. ഒ.-യുടെയും തെക്ക് ഭാഗം പാങ്ങ് ബി. ഒ.-യുടെയും പരിധിയിൽ വരുന്ന രീതിയിൽ അതിർത്തികൾ പുനർനിർണ്ണയിക്കാനും തീരുമാനിച്ചു. ടി സാഹചര്യത്തിൽ മേൽ പരാമർശിച്ചിട്ടുള്ള 6 വീടുകൾക്ക് പാങ്ങ് ബി.ഒ.യിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതും, ഈ പ്രദേശത്ത് ഭാവിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരിധി നിർണ്ണയ വ്യവസ്ഥ പ്രകാരം ബന്ധപ്പെട്ട ബി.ഒ.കളിൽ നിന്നും പോസ്റ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതുമാണ്. ഈ വിഷയം ഇപ്രകാരം സൗഹാർദ്ദപരമായി തീർപ്പാക്കിയിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു".

പ്രസ്തുത റിപ്പോർട്ടിലെ വിവരം 20-2-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

മേല്പറഞ്ഞ റിപ്പോർട്ട് 29-7-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## വ്യവസായ വകുപ്പ്

### (50) കെൽട്രോണിലെ വിവിധ തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനത്തിൽ ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി) കൂടി യോഗ്യതയായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. അജ്മൽ റഹ്മാൻ പി. വയനാട് മുതൽപ്പേർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 21977/ഹർജി എ 1/2020/നി. സെ.)

ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി) പാസ്സായ ഉദ്യോഗാർത്ഥികളാണ് ഹർജി സമർപ്പിച്ചിരുന്നത്. കെൽട്രോണിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 4-11-2020-ൽ പുറത്തിറക്കിയ വിജ്ഞാപനത്തിൽ ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി) ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയത് ഉദ്യോഗാർത്ഥികളോടുള്ള വ്യക്തമായ വിവേചനവും അവസരം നിഷേധിക്കലുമാണെന്നും ആയതിനാൽ 25-11-2020-ന് അവസാന തീയതിയായുള്ള പ്രസ്തുത തസ്തികയിലേയ്ക്കുള്ള വിജ്ഞാപനത്തിൽ ബിടെക് (ഇൻഫർമേഷൻ ടെക്നോളജി) കൂടി ഉൾപ്പെടുത്താൻ സമിതി അടിയന്തരമായി ഇടപെടണമെന്ന് ടി ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 19-11-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഹർജിയിൽ പരാമർശിച്ചിരിക്കുന്ന തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25-11-2020 ആയതിനാൽ ഇക്കാര്യത്തിൽ സമിതിയുടെ അടിയന്തര ഇടപെടൽ ആവശ്യമാണെന്ന് കാണുകയും ബിടെക് (കമ്പ്യൂട്ടർ സയൻസ്)നോടൊപ്പം ബിടെക് (ഇൻഫർമേഷൻ ടെക്നോളജി) പാസായവർക്കും വിജ്ഞാപനത്തിലെ ക്രമ നമ്പർ 12, 13, 14, 15, 16 എന്നീ തസ്തികകളിൽ അവസരം നൽകുന്ന തരത്തിൽ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പ്രസിദ്ധീകരിച്ചശേഷം അത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ വ്യവസായ വകുപ്പിനും കെൽട്രോൺ എം.ഡി.-ക്കും നിർദേശം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത ഹർജിയിന്മേൽ വ്യവസായ (ഡി) വകുപ്പിൽ നിന്നും 25-11-2020 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കെൽട്രോണിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 4-11-2020-ലെ KELTRON/R/01/REC/20 നമ്പർ വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ക്രമ നമ്പർ 12, 13, 14, 15, 16 എന്നീ തസ്തികകളിൽ ബി. ടെക്ക്. (കമ്പ്യൂട്ടർ സയൻസ്) യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ബി. ടെക്ക് (ഇൻഫർമേഷൻ ടെക്നോളജി) യോഗ്യതയായി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ബി.എസ്.സി. (ഫിസിക്സ്, മാത്തമാറ്റിക്സ്, ഇലക്ട്രോണിക്സ്) എന്നിവ യോഗ്യതയായി കണക്കാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ വിജ്ഞാപനത്തിലെ ക്രമ നമ്പർ 12, 13, 14, 15, 16 എന്നീ തസ്തികകളിൽ ബി.ടെക്ക് (ഇൻഫർമേഷൻ ടെക്നോളജി) പാസ്സായവർക്കും അവസരം നൽകുന്ന തരത്തിൽ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പ്രസിദ്ധീകരിച്ചശേഷം അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദേശിച്ചിരുന്നു.

സമിതിയുടെ നിർദേശപ്രകാരം 04/11/2020-ലെ KELTRON/R/01/ RTEC/20 നമ്പർ വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ക്രമ നമ്പർ 12, 13, 14, 15, 16 എന്നീ തസ്തികകളിൽ ബി.ടെക്ക് (ഇൻഫർമേഷൻ ടെക്നോളജി) കൂടി യോഗ്യതയായി പരിഗണിച്ച് പ്രസ്തുത വിജ്ഞാപനം പുനഃപ്രസിദ്ധീകരിച്ച വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു." (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. അനുബന്ധം V)

9-11-2022-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

റിപ്പോർട്ട് വിവരം അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ സമിതിക്ക് നന്ദി അറിയിച്ചുകൊണ്ട് സമർപ്പിച്ച പ്രതികരണം ചുവടെ ചേർക്കുന്നു.

"കെൽട്രോണിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി 4-11-2020-ലെ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ബി.ടെക്ക് (ഇൻഫർമേഷൻ ടെക്നോളജി) പഠിച്ച ഉദ്യോഗാർഥികൾക്കുകൂടി അപേക്ഷിക്കാൻ കഴിയുന്ന വിധത്തിൽ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പുനഃപ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ സമിതി ഇടപെട്ട് നിർദേശം നൽകിയതിലുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

സമിതിയുടെ അടിയന്തരമായ ഇടപെടൽ മൂലം എനിക്കും എന്നെപ്പോലെയുള്ള നിരവധി പേർക്കും പുനഃപ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനും അതിൽ ചിലർക്കെങ്കിലും നിയമനം ലഭിക്കുന്നതിനും സാധിച്ചുവെന്നകാര്യം വളരെ നന്ദിപൂർവ്വം അറിയിക്കുകയാണ്. ഇത്തരത്തിലുള്ള ചടുലമായ ഇടപെടലുകളാണ് സമിതിയുടെ പ്രവർത്തനങ്ങളെ സാർത്ഥകമാക്കുന്നത് എന്നകാര്യം അറിയിക്കുന്നതോടൊപ്പം തുടർന്നും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലേർപ്പെടാൻ സമിതിക്കും ചെയർമാനും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു."

**(51) കരകൗശലവികസന കോർപ്പറേഷനിൽ നിന്നും 2013 മുതൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകാത്തത് സംബന്ധിച്ച് ശ്രീ. എസ്. വിജയൻ നായർ, കൺവീനർ, എച്ച്.ഡി.സി.കെ. റിട്ടയേർഡ് എംപ്ലോയീസ് ഫോറം, തിരുവനന്തപുരം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 19855/ഹർജി എ 4/2017/നി.സെ.)

കേരള കരകൗശല വികസന കോർപ്പറേഷനിൽനിന്നും 2013 മുതൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് നാളിതുവരെ ഗ്രാറ്റുവിറ്റി ലഭ്യമായിട്ടില്ലെന്നും പ്രസ്തുത വിഷയത്തിൽ കരകൗശല വികസന കോർപ്പറേഷൻ അധികൃതർ വളരെ പ്രതികൂലവും നിരുത്തരവാദ പരവുമായ സമീപനമാണ് സ്വീകരിക്കുന്നതെന്നും ആയതിനാൽ ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 8-5-2017 തീയതിയായി സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-7-2017-ൽ വ്യവസായ വകുപ്പിലേയ്ക്ക് അയച്ചിരുന്നു.

ഹർജിയിന്മേൽ വ്യവസായ (കെ) വകുപ്പ് 16-1-2018 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കരകൗശല വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച ശ്രീ. എസ്. വിജയൻ നായർ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ കരകൗശല വികസന കോർപറേഷനിൽ നിന്നും റിട്ടയർ ചെയ്തവർക്കുള്ള ഗ്രാറ്റുവിറ്റിയും മറ്റും നൽകുവാൻ ബഹു.കമ്മീഷൻ 6-4-2016-ൽ ഉത്തരവായിരുന്നു. ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരകൗശല വികസന കോർപ്പറേഷനിൽ നിന്നും വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിക്കാനുള്ളവരിൽ മരണപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ലഭ്യമായ ഫണ്ടിൽ നിന്നും അടിയന്തരമായി നൽകുവാനും ഓരോ മാസവും ഒരാളിന്റെ മാത്രം ഗ്രാറ്റുവിറ്റി റിലീസ് ചെയ്യുന്നകാര്യം പരിഗണിക്കുവാനും കരകൗശല വികസന കോർപ്പറേഷന് 22-7-2016-ലെ 26409 കെ.3/2015/വ്യവ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് സെറ്റിൽ ചെയ്യുന്നതിനുൾപ്പെടെ പ്രവർത്തന മൂലധന സഹായമായി 114 ലക്ഷം രൂപ 9-9-2016-ലെ ജി.ഒ (ആർ.ടി)നം. 918/2016/വ്യവ. നം. ഉത്തരവ് പ്രകാരം കരകൗശല വികസന കോർപ്പറേഷന് സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ അനുവദിച്ച പ്രവർത്തന മൂലധന സഹായത്തിൽ നിന്നും 37.6622 ലക്ഷം രൂപ കോർപ്പറേഷൻ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് സെറ്റിൽ ചെയ്യുവാൻ വിനിയോഗിച്ചിട്ടുള്ളതാണ്. ആയതിൽ 10 ലക്ഷം രൂപ ഗ്രാറ്റുവിറ്റിക്കായും 21.76914 ലക്ഷം രൂപ ഇ.പി. എഫിനായും 5.89408 ലക്ഷം രൂപ സർവീസ് ടാക്സിനായും കോർപ്പറേഷൻ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നത് എൽ.ഐ.സി.-യുടെ ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം പ്രകാരമാണെന്നും ഇപ്പോൾ അടച്ച തുകയ്ക്ക് ആനുപാതികമായി വിരമിച്ച ജീവനക്കാരുടെ മുൻഗണന പ്രകാരം ഗ്രാറ്റുവിറ്റി വിതരണം ചെയ്യുവാനാകുമെന്നും കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

തുടർന്നും ഗ്രാറ്റുവിറ്റി ലഭിക്കാത്തതിനാൽ ശ്രീ. എസ്. വിജയൻ നായർ ബഹു.മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയും ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെയും പരാതികൾ സമർപ്പിച്ചിരുന്നു. കരകൗശല വികസന കോർപ്പറേഷൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നും കോർപ്പറേഷൻ കഴിഞ്ഞ കുറേകാലമായി ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്റ്റാറ്റ്യൂട്ടറി പേമെന്റുകൾ അടക്കം ഏകദേശം 10 കോടി രൂപയുടെ ബാധ്യത കോർപ്പറേഷനുണ്ടെന്നും ശ്രീ. എസ്. വിജയൻ നായരുടെ ഗ്രാറ്റുവിറ്റിയും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് സാവകാശം ആവശ്യമാണെന്നും കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പളം പോലും കൃത്യമായി നൽകാൻ കഴിയാത്ത അവസ്ഥയിലാണെന്നും സാമ്പത്തിക പ്രശ്നം കാരണമാണ് ഗ്രാറ്റുവിറ്റി നൽകുന്നതിൽ കാലതാമസമുണ്ടാകുന്നതെന്നും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മുൻഗണനാക്രമം പാലിച്ച് ശ്രീ.എസ്.വിജയൻ നായരുടെ അപേക്ഷ പരിഗണിച്ച് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതാണെന്ന് കോർപ്പറേഷൻ അറിയിച്ചിരുന്നു.

കടുത്ത നടപടികളിലേക്ക് ഹർജിക്കാരെ നിർബന്ധിക്കാതെ വിരമിച്ച ജീവനക്കാർക്ക് ലഭിക്കുവാനുള്ള ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യണമെന്ന് ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 13-10-2017-ൽ ഉത്തരവിട്ടിരുന്നു. ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിലെ നിർദേശങ്ങൾ അടിയന്തരമായി പാലിച്ച് നടപടി റിപ്പോർട്ട് സമർപ്പിക്കുവാൻ കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് 7-12-2017-ലെ IND- K3/266/2017-IND നം. കത്ത് പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു.

കരകൗശല വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച 31 പേർക്ക് കോർപ്പറേഷൻ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനുണ്ടെന്നും ഹർജിക്കാരനായ ശ്രീ. എസ്. വിജയൻ നായർ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുവാനുള്ളവരുടെ മുൻഗണനാ പട്ടികയിൽ 15- ാം സ്ഥാനത്താണെന്നും കോർപ്പറേഷനിൽ കടുത്ത സാമ്പത്തിക പരാധീനതകൾ നിലനിൽക്കുന്നുണ്ടെങ്കിലും ഓരോ മാസവും ഓരോ വിരമിച്ച ജീവനക്കാർക്ക് സാമ്പത്തിക ലഭ്യത അനുസരിച്ച് ഗ്രാറ്റുവിറ്റി നൽകുവാൻ തീരുമാനം എടുത്തിട്ടുള്ളതായും ഇതിന്റെ ഭാഗമായി ഒരു വിരമിച്ച ജീവനക്കാരന് മുഴുവൻ തുകയും രണ്ട് പേർക്ക് 50% വീതവും ഗ്രാറ്റുവിറ്റി തുക കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ നൽകിയിട്ടുള്ളതും ആയതിനാൽ ഹർജിക്കാരന് ഗ്രാറ്റുവിറ്റി മുൻഗണനാക്രമം പാലിച്ച് സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് നൽകുന്നതാണെന്നും കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.”

17-1-2018-ൽ ചേർന്ന സമിതി മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി/പി.എഫ്. കുടിശ്ശിക കൊടുത്ത് തീർക്കുന്നതിലേയ്ക്ക് മൂന്ന് കോടി രൂപ അനുവദിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തു.

സമിതിയുടെ പ്രസ്തുത ശിപാർശയിന്മേൽ വ്യവസായ (കെ) വകുപ്പ് 26-10-2018 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ ഹർജികൾ സംബന്ധിച്ച സമിതി കരകൗശല വികസനകോർപ്പറേഷനിലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി/പി.എഫ്. കുടിശ്ശിക എന്നിവ കൊടുത്തുതീർക്കുന്നതിനായി മൂന്ന് കോടി രൂപ കോർപ്പറേഷന് അനുവദിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

സമിതി ശിപാർശ പ്രകാരം ഇക്കാര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ റിപ്പോർട്ട് തേടിയതിൽ 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ 3 കോടി രൂപയുടെ നീക്കിയിരിപ്പില്ലായിരുന്നുവെന്നും 2018-19 സാമ്പത്തിക വർഷത്തിൽ

കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള സഹായമിനത്തിൽ 75 ലക്ഷം രൂപ മാത്രമാണ് കരകൗശല വികസന കോർപ്പറേഷന് വകയിരുത്തിയിട്ടുള്ളതെന്നും വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിരുന്നു.

കരകൗശല വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തുക കോർപ്പറേഷന്റെ തനതുഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടതെന്നും വിഭവ ലഭ്യതയുടെ പരിമിതിമൂലം ഇത്തരത്തിലുള്ള പ്രൊപ്പോസലുകൾക്കായി നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലെന്നും ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം സെറ്റിൽ ചെയ്യുവാൻ കോർപ്പറേഷന്റെ തനത് ഫണ്ടിൽ ആവശ്യമായ പ്രൊവിഷനിടുവാൻ കരകൗശല വികസന കോർപ്പറേഷന് സർക്കാർ നിർദേശം നൽകിയിട്ടുണ്ടെന്നും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24-12-2018-ലെ സമിതിയോഗം സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

വ്യവസായ (കെ) വകുപ്പിൽ നിന്നും 27-10-2021 തീയതിയിലെ കത്ത് മുഖേന സമർപ്പിച്ച റിപ്പോർട്ടിൽ കേരള കരകൗശല വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിലേക്ക് 3.5 കോടി രൂപ 22-1-2021-ലെ G.O. (Rt) No. 83/2021/ID നമ്പർ ഉത്തരവ് മുഖേന സർക്കാർ കോർപ്പേറേഷന് അനുവദിക്കുകയുണ്ടായെന്നും ഹർജിക്കാരൻ ഉൾപ്പെടെ 2020 മെയ് മാസം റിട്ടയർ ചെയ്ത മുഴുവൻ ജീവനക്കാരും ഗ്രാറ്റുവിറ്റി തുക കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു.

ടി റിപ്പോർട്ടിലെ വിവരം 9-11-2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചിരുന്നു.

ഹർജിക്കാരൻ 12-11-2021-ൽ സമർപ്പിച്ച തുടർ ഹർജിയിൽ ഗ്രാറ്റുവിറ്റി തുക സമിതി ഇടപെട്ട് ലഭ്യമാക്കിയതിൽ നന്ദി രേഖപ്പെടുത്തുകയും എന്നാൽ 7 വർഷത്തിലേറെ സമയം കഴിഞ്ഞ് ലഭ്യമായ ഗ്രാറ്റുവിറ്റി തുകയ്ക്ക് 10% പലിശകൂടി ലഭ്യമാക്കി നല്കണം എന്നും അഭ്യർത്ഥിച്ചിരുന്നു.

തുടർ ഹർജി പരിഗണിച്ച 2-2-2022-ലെ സമിതിയോഗം, നാളിതുവരെ ലഭിക്കാതിരുന്ന ഗ്രാറ്റുവിറ്റി തുക സമിതിയുടെ ഇടപെടൽമൂലം ലഭിച്ചതിൽ നന്ദി അറിയിച്ച ഹർജിക്കാരനെ അഭിനന്ദിക്കുകയും ടിയാൻ സമർപ്പിച്ച തുടർ ഹർജിയിന്മേൽ നടപടിയെടുക്കുന്നതിന് സമിതിക്ക് പരിമിതിയുള്ളതിനാൽ ആയതിനായി വേണ്ട നിയമ വഴികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ഹർജിക്കാരനെ അറിയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

### (52) കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് സ്കൂൾ ഗ്രൗണ്ട് നൽകണമെന്നും ഹെഡ്മിസ്ട്രസിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പന്മന മഞ്ചേഷ് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 13307/ഹർജി എ 3/2015/നി. സെ.)

ചവറ മണ്ഡലത്തിലെ പന്മന പഞ്ചായത്തിന് സ്വന്തമായി കളിസ്ഥലം ഇല്ലാത്തതിനാൽ പന്മന മനയിൽ ഫുട്ബോൾ അസോസിയേഷൻ 25 വർഷമായി എസ്.ബി.വി.എസ്.ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിലാണ് പരിശീലനം നടത്തി വരുന്നതെന്നും, പ്രദേശവാസികൾ പ്രഭാത സവാരിക്കും പി.എസ്.സി.യുടെ കായിക ക്ഷമതാ പരിശീലനത്തിനും ടി ഗ്രൗണ്ടാണ് ഉപയോഗിക്കുന്നതെന്നും, ടി സ്കൂളിലാണ് ചട്ടമ്പിസ്വാമി സമാധി മണ്ഡപം സ്ഥിതി ചെയ്യുന്നതെന്നും ടി മന്ദിരത്തോട് സ്കൂൾ അധികൃതർ കടുത്ത അനാസ്ഥയാണ് കാട്ടുന്നതെന്നും, സ്കൂളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് രാത്രികാല ഡ്യൂട്ടി നൽകി സ്കൂളിന്റെ സംരക്ഷണം ഉറപ്പ് വരുത്തണമെന്നും, താരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് നൽകിയിരുന്ന അനുവാദം സ്കൂൾ ഹെഡ്മിസ്ട്രസ് നിഷേധിച്ചിരിക്കുകയാണെന്നും, ആയത് പുനഃസ്ഥാപിച്ച് നൽകണമെന്നും, സ്കൂൾ ഗ്രൗണ്ട് കായിക പരിശീലനത്തിന് അനുവദിക്കാത്ത ഹെഡ്മിസ്ട്രസിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് സമിതിയിൽ സമർപ്പിച്ച ഹർജി പരിശോധിച്ചശേഷം, ബന്ധപ്പെട്ട അധികാരികൾക്ക് ഹർജി നൽകിയിട്ടും പരിഹാരം കാണുന്നില്ലെങ്കിൽ സമിതിയെ സമീപിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. തുടർന്ന് സമർപ്പിച്ച ഹർജിയിലെ ആവശ്യം സ്കൂൾ കളിസ്ഥലം കായിക പരിശീലനത്തിന് ഉപയോഗിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അനുവാദം നൽകിയെങ്കിലും പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ തയ്യാറാകാത്ത പ്രധാന അധ്യാപികയുടെ നടപടിയിൽ സമിതിയുടെ ശ്രദ്ധ പതിയണമെന്നതായിരുന്നു.

പ്രസ്തുത ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (എം) വകുപ്പ് ലഭ്യമാക്കിയ 16-12-2015- ലെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എസ്.ബി.വി.എസ്.ജി.എച്ച്.എസ്.എസ്. പന്മനയിൽ സ്കൂൾ ഗ്രൗണ്ട് പ്രദേശവാസികളായ കുട്ടികൾക്ക് കായിക പരിശീനത്തിന് നൽകുന്നില്ല എന്ന മനയിൽ ഫുട്ബോൾ അസോസിയേഷൻ (എം.എഫ്.എ.) ഭാരവാഹിയായ ശ്രീ. പന്മന മഞ്ചേഷ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു വിധത്തിലും തടസ്സം വരാത്ത രീതിയിൽ സ്കൂൾ ഗ്രൗണ്ട് അനുവദിക്കുവാൻ എസ്.ബി.വി.ജി.എച്ച്.എസ്.എസ്.

പ്രഥമാധ്യാപികയ്ക്ക് 18-4-2015-ലെ കത്ത് പ്രകാരം കൊല്ലം ഡി.ഡി.ഇ. നിർദേശം നൽകിയിരുന്നു. എന്നാൽ അനുവാദം ദുരുപയോഗം ചെയ്ത് സ്കൂൾ കെട്ടിടങ്ങൾക്കും പൈപ്പുകൾക്കും കേട് വരുത്തിയതിനാൽ സ്കൂൾ സമയത്തിന് മുൻപും ശേഷവും പുറത്ത് നിന്നുള്ളവരുടെ പ്രവേശനം പോലീസ് അധികാരികളുടെ നിർദേശാനുസരണം തടയുകയും ചെയ്തു.

തുടർന്ന് ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡി.പി.ഐ. യുടെ നിർദേശാനുസരണം ജില്ലാ പഞ്ചായത്തംഗം കൂടി ചേർന്ന പി.റ്റി.എ. യോഗത്തിൽ 5 അംഗങ്ങളെ തിരഞ്ഞെടുത്ത് സ്റ്റാഫ് സെക്രട്ടറി മുഖാന്തിരം എം.എഫ്.എ. പ്രസിഡന്റിനെ വാക്കാൽ ചർച്ചയ്ക്ക് ക്ഷണിച്ചുവെങ്കിലും ടിയാൻ പങ്കെടുത്തില്ല. തുടർന്ന് 20-8-2015, 14-9-2015 എന്നീ തീയതികൾ നിശ്ചയിച്ച് ചർച്ചയ്ക്ക് ക്ഷണിച്ചെങ്കിലും ടിയാൻ പങ്കെടുത്തില്ല. യാതൊരു വ്യവസ്ഥകൾക്കും തയ്യാറാകാത്ത എം.എഫ്.എ. ഭാരവാഹികൾ പറയുന്ന പരാതികൾ അടിസ്ഥാനരഹിതമാണെന്നും വ്യവസ്ഥകൾക്ക് വിധേയമായി സ്കൂൾ ഗ്രൗണ്ട് കായിക പരിശീലനത്തിന് നൽകുന്നതിന് സ്കൂൾ പ്രഥമാധ്യാപികയ്ക്കോ, പി.ടി.എ. അംഗങ്ങൾക്കോ യാതൊരു എതിർപ്പുമില്ലെന്നും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതി 30-8-2016-ൽ ചേർന്ന യോഗത്തിൽ പരിഗണിച്ചു. റിപ്പോർട്ടുവിവരം ഹർജിക്കാരനെ അറിയിക്കുവാനും കൂടാതെ സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഗ്രൗണ്ടിന് ചുറ്റും നെറ്റ് സ്ഥാപിക്കുക, സ്കൂളിന് കേടുപാടുകൾ വരുത്തിയാൽ ആയത് തീർക്കുന്നതിനുള്ള ചെലവ് ക്ലബുകാർ വഹിക്കുക, സ്കൂൾ സമയം കഴിഞ്ഞ് സ്കൂൾ ഗ്രൗണ്ട് ഉപയോഗിക്കുകയാണെങ്കിൽ ക്ലബുകാരുടെ ചുമതലയിൽ വാച്ചർമാരെ നിയമിക്കുക എന്നിവ നടപ്പിലാക്കുവാൻ കഴിയുമോ എന്നുള്ള കാര്യം ഹർജിക്കാരനോട് ആരായുവാനും പ്രസ്തുത യോഗത്തിൽ നിർദേശിച്ചിരുന്നു. ആയതുപ്രകാരം 29-9-2016- ന് ടി വിവരങ്ങൾ ഹർജിക്കാരനെ അറിയിച്ചിരുന്നു. തുടർന്ന് ഹർജിക്കാരൻ ലഭ്യമാക്കിയ പ്രതികരണ ഹർജിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന യുവജന കമ്മീഷന്റെ നിർദേശ പ്രകാരം, സ്കൂൾ പ്രഥമാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, ഹർജിക്കാർ എന്നിവരുമായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ വച്ച് സംയുക്ത ഹിയറിംഗ് നടത്തിയെന്നും തുടർന്ന് നിബന്ധനകൾക്ക് വിധേയമായി സ്കൂൾ മൈതാനത്ത് കായിക പരിശീലനം നടത്തുന്നതിന് ഹർജിക്കാർക്ക് അനുവാദം നൽകിയെന്നും പ്രതികരണ ഹർജിയിൽ പറയുന്നു.

സമിതി ചൂണ്ടിക്കാട്ടിയ നിർദേശങ്ങളുടെ മറുപടിയും പ്രതികരണ ഹർജിയിൽ ചേർത്തിട്ടുണ്ട്.

1. സ്കൂൾ സമയം കഴിഞ്ഞ് പരിശീലന സമയമായ വൈകിട്ട് 5:00 മുതൽ 7:00 വരെ സ്കൂൾ കെട്ടിടങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകാതിരിക്കുവാൻ ഞങ്ങൾ കർശനമായ നിരീക്ഷണം നടത്തുന്നുണ്ട്.

2. ഈ സ്കൂളിൽ കഴിഞ്ഞ കാലങ്ങളിൽ രാത്രികാല വാച്ചർമാർ ഉണ്ടായിരുന്നു. കാലക്രമേണ പരീക്ഷാ നാളുകളിൽ മാത്രം ഈ വാച്ചർമാരെ സ്കൂളിൽ രാത്രികാല സുരക്ഷയ്ക്ക് നിയോഗിക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. പകൽ സമയങ്ങളിൽ ഒരു താല്ക്കാലിക വാച്ചറെയും നിർത്തിയിട്ടുണ്ട്.

ആയതിനാൽ ചട്ടമ്പിസ്വാമി സമാധി സ്ഥാനം നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ ഉള്ള രണ്ട് ഫുൾടൈം വാച്ചർമാരെ (പ്യൂൺ) ഓരോ മാസവും റൊട്ടേഷൻ വ്യവസ്ഥയിൽ രാത്രികാല വാച്ചർമാരായി നിയമിക്കുന്നതിന് ഉള്ള നിർദേശം ഡി.പി.ഐ.-യ്ക്ക് നൽകിയാൽ ഇതിന് ഒരു പരിഹാരമാകും. ഞങ്ങളുടെ പരിശീലന സമയമായ വൈകിട്ട് 5.00 മുതൽ 7.00 വരെയുള്ള സമയങ്ങളിലല്ലാതെ മറ്റ് സമയങ്ങളിൽ വാച്ചറെ നിയോഗിക്കുവാനുള്ള സാമ്പത്തിക ഭദ്രത സംഘടനയ്ക്കില്ല. കേവലം നാട്ടിൻപുറത്തെ യുവാക്കളുടെ കൂട്ടായ്മ മാത്രമാണ്.

3. കേരള നിയമസഭ പാസ്സാക്കി പ്രാബല്യത്തിലുള്ള കായിക നിയമത്തിന്റെ അടിസ്ഥാനത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്കൂൾ പ്രഥമാധ്യാപികയ്ക്കെതിരെ വകുപ്പുതല അന്വേഷണത്തിന് ശിപാർശ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രസ്തുത പ്രതികരണ ഹർജി സമിതിയുടെ 30-11-2016-ലെ യോഗത്തിൽ പരിഗണിക്കുകയും, ഹർജിയിന്മേൽ സ്കൂൾ പി.ടി.എ.യുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ നിർദേശിക്കുകയും ചെയ്തിരുന്നു.

സമിതി നിർദേശ പ്രകാരം 20-12-2019-ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ (എം) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കായിക താരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് പന്മന സി.വി. ഹൈസ്കൂൾ ഗ്രൗണ്ട് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പന്മന മഞ്ചേഷ് ബഹു. നിയമസഭാ ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിച്ചിരുന്ന ഹർജിയിന്മേൽ 16-12-2015-ലെ 39093/M1/2015/പൊ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം അന്തിമ നടപടി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് 30-11-2016-ൽ കൂടിയ സമിതി പരിഗണനക്കെടുക്കുകയും പ്രസ്തുത സമിതിയിൽ ഹർജിക്കാരൻ സമർപ്പിച്ചിരുന്ന പ്രതികരണ ഹർജിയിന്മേൽ ടി സ്കൂൾ പി.ടി.എ.-യുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിച്ച് പ്രസ്തുത സമിതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഈ വകുപ്പിനോട് സമിതി ആവശ്യപ്പെടുകയും

ചെയ്തിരുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ടതുപോലെ ടി സ്കൂൾ ഗ്രൗണ്ടിൽ കായിക പരിശീലനം നടത്തി വരുന്നതായും മറ്റ് പ്രശ്നങ്ങൾ ഒന്നുംതന്നെ നിലവിൽ ഇല്ലായെന്നും ടി പ്രതികരണ ഹർജിയിന്മേൽ അന്വേഷണം നടത്തിയതിൽനിന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ സമർപ്പിച്ച പ്രതികരണ ഹർജിയിൽ പന്മന എസ്.ബി.വി. സ്കൂൾ ഗ്രൗണ്ടിൽ പരിശീലനം നടത്തുന്നതിന് നിലവിൽ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ലെന്നും ആയതിനാൽ ഹർജി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിൽ ഹർജിക്കാരന് യാതൊരു എതിർപ്പും ഇല്ലെന്നും രേഖാമൂലം അറിയിച്ചിരുന്നു.

ഹർജി വിഷയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ (എം) വകുപ്പ് 20-12-2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടും, റിപ്പോർട്ടുവിവരം അറിയിച്ചതിനെത്തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച പ്രതികരണ ഹർജിയും 10-8-2022-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**വനിതാ ശിശുവികസന വകുപ്പ്**

**(53) അംഗനവാടിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം നൽകുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ഏലിയാമ്മ കുര്യാക്കോസ്, പാലക്കാട് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 24288/ഹർജി എ 3/2015/നി.സെ.)

ഹർജിക്കാരി പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഐ.സി.ഡി.എസ്. ന കീഴിൽ പേഴുമ്മട്ട എന്ന സ്ഥലത്ത് അംഗൻവാടി വർക്കറായി 1984 മുതൽ ജോലി ചെയ്തിരുന്നതായും ഭർത്താവ് മരണപ്പെട്ട ടിയാൾക്കും 4 മക്കൾക്കും ടി കാലയളവിലെ പ്രാരംഭ ശമ്പളമാണ് വരുമാന മാർഗമായിരുന്നതെന്നും, വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അംഗൻവാടിക്ക് 18-7-1986-ൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 3 സെന്റ് സ്ഥലം സൗജന്യമായി നൽകിയതായും, സൗജന്യമായി സ്ഥലം നൽകുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുമെന്ന് മേലധികാരികളിൽ നിന്നും പഞ്ചായത്ത് ഭരണ സമിതിയിൽ നിന്നും ഉറപ്പ് നൽകിയിരുന്നുവെന്നും 31 വർഷത്തെ സേവനത്തിനുശേഷം ഹർജിക്കാരി 2015 ഏപ്രിൽ 30- ന് സർവീസിൽ നിന്നും വിരമിച്ചതായും, 21-10-2014-ന് ടിയാളുടെ മകൾക്ക് സ്ഥിരനിയമനം

നൽകുന്നതിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും 2010-ന് ശേഷം കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം നൽകിയവരുടെ ആശ്രിതർക്ക് മാത്രമെ നിയമനം ലഭിക്കുകയുള്ളൂ എന്നാണ് അറിയിച്ചിരിക്കുന്നതെന്നും ഹർജിക്കാരിയുടെ മകൾക്ക് ജോലി നൽകുകയോ അല്ലാത്തപക്ഷം അംഗൻവാടിക്ക് വിട്ടുനൽകിയ ഭൂമിക്ക് ഇന്നത്തെ മാർക്കറ്റ് വില നൽകി സഹായിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനോട് ശിപാർശ ചെയ്യണമെന്ന് ഹർജിയിന്മേൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജിയിന്മേൽ സാമൂഹ്യനീതി (ബി) വകുപ്പ് 24-11-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് വിവരം ചുവടെ ചേർക്കുന്നു.

"സാമൂഹ്യനീതി ഡയറക്ടറുടെ 14-11-2016 ലെ സർക്കുലർ നം. ICDS. B4-4376/16 പ്രകാരം നിലവിലുള്ള മുൻഗണനാക്രമമനുസരിച്ച് അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള അംഗൻവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ആശ്രിതയ്ക്കുള്ള നിയമനം മുൻഗണനാക്രമത്തിൽ 9-ാം മതാണ്. അതനുസരിച്ച് തന്റെ മകൾ റെനിമോൾ കുര്യാക്കോസിന് അംഗൻവാടിയിൽ നിയമനം ലഭിക്കണമെന്നുള്ള ശ്രീമതി ഏലിയാമ്മ കുര്യാക്കോസിന്റെ അപേക്ഷ നിലവിലുള്ള മുൻഗണനാ ക്രമമനുസരിച്ച് 9-മതായാണ് പരിഗണിക്കേണ്ടത്. ശ്രീമതി ഏലിയാമ്മ കുര്യാക്കോസ് ജോലി ചെയ്തിരുന്ന കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ 3 ഒഴിവുകൾ മാത്രമാണ് നിലവിൽ ഉള്ളത്. മുൻഗണനാക്രമം 1, 4, 6, 7, 8 എന്നിവ പ്രകാരം നിലവിൽ അപേക്ഷകരില്ല. എന്നാൽ ക്രമനമ്പർ 2,3,5 എന്നിവ പ്രകാരം 3 ഒഴിവുകളിൽ ഹെൽപ്പർ പ്രൊമോഷൻ, ട്രാൻസ്ഫർ, സീനിയോറിറ്റി ലിസ്റ്റിൽ നിന്നുള്ള നിയമനം എന്നിവയിൽ അർഹരായവർ നിലവിലുണ്ട്. നിലവിലുള്ള സാഹചര്യപ്രകാരം 4-ാ മതായേ ടി അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ശ്രീമതി ഏലിയാമ്മ കുര്യാക്കോസിന്റെ ആശ്രിതയായ മകൾക്ക് ഇനി വരുന്ന ഒഴിവുകളിൽ പ്രസ്തുത മുൻഗണനാക്രമം പാലിച്ചുമാത്രമേ നിയമനം നൽകുവാൻ സാധിക്കുകയുള്ളൂ."

പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ 16-12-2017-ന് അറിയിച്ചതിനെ തുടർന്ന് ടിയാൾ ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ ടിയാൾ വിരമിച്ചതിനുശേഷം 6 ഒഴിവുകളിൽ നിയമനം നടത്തിയതായും ഇനി പന്തലിങ്ങൽകുന്ന് അംഗൻവാടിയിൽ ഒരു ഒഴിവുകൂടി വരുന്നുവെന്നും ടി ഒഴിവിലേയ്ക്ക് ടിയാളുടെ മകൾക്ക് നിയമനം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത റിപ്പോർട്ടും, പ്രതികരണ ഹർജിയും സമിതിയുടെ 11-7-2018-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഹർജി വിഷയം പ്രത്യേക കേസായി പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒഴിവുണ്ടെങ്കിൽ പ്രസ്തുത ഒഴിവിലേയ്ക്ക് ഹർജിക്കാരിയുടെ മകൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി തീരുമാനം അറിയിച്ചതിനെ തുടർന്ന് സാമൂഹ്യനീതി (ബി) വകുപ്പിൽ നിന്നും 6-9-2019 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാലക്കാട്, ശ്രീകൃഷ്ണപുരം ICDS ൽ നിന്ന് 30/04/2015ൽ വിരമിച്ച ശ്രീമതി ഏലിയാമ്മ കുര്യാക്കോസ് അംഗൻവാടി നിർമ്മാണത്തിന് സൗജന്യമായി ഭൂമി വിട്ടുനൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം ടിയാളുടെ മകൾക്ക് ആശ്രിത നിയമന പ്രകാരം ജോലി ലഭിക്കുന്നതിനായി ബന്ധപ്പെട്ട CDPO-യ്ക്ക് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ശ്രീകൃഷ്ണപുരം ബ്ലോക്കിൽ നിലവിൽ ഒരു അങ്കണവാടി വർക്കർ ഒഴിവ് മാത്രമെ ഉള്ളൂവെന്നും ആയതിലേക്ക് 2010-ലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 3 പേർ അവശേഷിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട CDPO റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അംഗൻവാടി നിയമനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടുള്ള സ. ഉ. (സാധാ) നമ്പർ 254/2018/സാ.നീ.വ. തീയതി 30/04/2018 പ്രകാരം പ്രോജക്ടിൽ ഉണ്ടാകുന്ന ഓരോ പത്താമത്തെ  ഒഴിവും ഇത്തരത്തിൽ ഭൂമി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ നൽകണമെന്നാണ്. ശ്രീകൃഷ്ണപുരം പ്രോജക്ടിൽ ഭൂമി വിട്ട് നൽകിയവരുടെ ഗണത്തിൽ ശ്രീമതി ഏലിയാമ്മ കുര്യാക്കോസ് മാത്രമെയുള്ളൂ. അപ്രകാരം ഒഴിവുണ്ടാകുന്ന മുറയ്ക്ക് ടിയാൾക്ക് നിയമനം നൽകുന്നതാണ്. ഈ സാഹചര്യം നിലനിൽക്കുന്നതിനാൽ മറ്റ് ഒഴിവുകൾ വരുന്നതുവരെ ശ്രീമതി ഏലിയാമ്മ കുര്യാക്കോസിന്റെ പരാതി പരിഹരിക്കാൻ നിർവാഹമില്ല."

പ്രസ്തുത റിപ്പോർട്ടുവിവരം അറിയിച്ചതിനെതുടർന്ന് ഹർജിക്കാരി 26-11-2019 തീയതിയായി സമർപ്പിച്ച പ്രതികരണ ഹർജിയിൽ ഇപ്പോൾ പന്തലിങ്ങൽകുന്ന് അങ്കണവാടിയിൽ ഒരു ഒഴിവ് ഉണ്ടെന്നും ആയതിനാൽ ഹർജിക്കാരിയുടെ മകൾക്ക് നിയമനം ലഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ പരാമർശിച്ച റിപ്പോർട്ടും, പ്രതികരണ ഹർജിയും പരിഗണിച്ച 9-9-2020-ലെ സമിതിയോഗം അംഗണവാടി വർക്കറുടെ ഒഴിവുണ്ടെങ്കിൽ ഹർജിക്കാരിയുടെ ആശ്രിതയ്ക്ക് എത്രയുംവേഗം നിയമനം നൽകണമെന്നും, അംഗണവാടി വർക്കർ തസ്തികയിലെ നിലവിലെ സീനിയോറിറ്റി ലിസ്റ്റും, പ്രയോറിറ്റി ലിസ്റ്റും ഒരു മാസത്തിനുള്ളിൽ സമിതിയ്ക്ക് ലഭ്യമാക്കണമെന്നും, അല്ലാത്തപക്ഷം സാമൂഹ്യനീതി വകുപ്പ് ഡയറക്ടറിൽനിന്നും തെളിവെടുപ്പ് നടത്തുന്നതാണെന്നും വകുപ്പിനെ അറിയിക്കാൻ നിർദേശിച്ചിരുന്നു.

9-9-2020-ലെ സമിതിയോഗ നിർദേശപ്രകാരം വനിതാ ശിശുവികസന (ബി) വകുപ്പ് 2-4-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീമതി ഏലിയാമ്മ കുര്യാക്കോസിന്റെ ആശ്രിതയായ മകൾ ശ്രീമതി റെനിമോൾ കുര്യാക്കോസിന് അങ്കണവാടി വർക്കർ നിയമനത്തിനായി ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ നിലവിൽ കരിമ്പുഴ പഞ്ചായത്തിലെ സെന്റർ നം. 126 പേഴുമട്ട അങ്കണവാടിയിൽ ഉള്ള ഒഴിവിൽ 23-2-2022 തീയതിയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീകൃഷ്ണപുരം ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിലവിൽ വർക്കർമാരുടെ പ്രയോറിറ്റി ലിസ്റ്റ് ഇല്ലാത്തതും സമാഹൃത സീനിയോറിറ്റി ലിസ്റ്റിൽ ഉണ്ടായിരുന്നവർക്കെല്ലാം തന്നെ നിയമനങ്ങൾ നടത്തിയിട്ടുള്ളതും ആണ്."

പ്രസ്തുത റിപ്പോർട്ടുവിവരം 26-7-2022-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചിരുന്നു.

മേൽപരാമർശിച്ച റിപ്പോർട്ട് 28-12-2022-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും റിപ്പോർട്ടുവിവരം ഹർജിക്കാരിയെ അറിയിച്ചിട്ടും പ്രതികരണ മില്ലാത്തതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**റിപ്പോർട്ട് കാലയളവിൽ നിരവധി ഹർജി വിഷയങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പ്രശ്നപരിഹാരം കാണുന്നതിന് സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ കൃത്യവും കാര്യക്ഷമവുമായ ഇടപെടലുകളിലൂടെ ഒട്ടേറെ ഹർജികൾക്ക് പരിഹാരം കാണുന്നതിനും സർക്കാർ സംവിധാനങ്ങൾ വഴി ആവശ്യമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.**

**നിയമസഭാ സമിതികളുടെ പരിഗണനയിലുള്ള ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പി ക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ മാസങ്ങളായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് 7-6-2022-ലെ**

**തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിനായി മറ്റ് വകുപ്പുകളും അദാലത്തുകൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു.**

**സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയയ്ക്കുമ്പോൾ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമയബന്ധിതമായി സമിതിയെ അറിയിക്കേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുമെന്ന് സമിതി കരുതുന്നു. സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുമെന്നും അതുവഴി പൊതുജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഇടപെട്ട് പരിഹാരം കാണുന്നതിന് സമിതിക്ക് സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു. അതോടൊപ്പം ഈ റിപ്പോർട്ടിലെ അദ്ധ്യായം I-ലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.**

തിരുവനന്തപുരം,
2024 ഒക്ടോബർ 10.

ആന്റണി രാജു,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

<u>അനുബന്ധം - I</u>

## സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾ / നിർദേശങ്ങളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിശദാംശം

### 1.) ഹർജികൾ സംബന്ധിച്ച സമിതി (2009-11)-യുടെ പത്താമത് റിപ്പോർട്ട്

(ഫയൽ നമ്പർ 18245/ഹർജി സി3/2009/ലെജി.)

| | |
|---|---|
